

സ്ഥാപിതം 2001
www.kavimozhi.in
സമ്പുഷ്ടമായ വായനയ്ക്കും
പ്രതികരണത്തിനും
കവിമൊഴി
പുസ്തകം 18
ലക്കം 9
1 ജൂലൈ 2019 ♦ 1194 മിഥുനം ♦ വില ₹ 20
മാസിക
വെള്ളത്തിന്റെ മരണാവസ്ഥ
മലയാളസിനിമയും പോലീസ് വേഷത്തിന്റെ സൗന്ദര്യസംഹിതകളും
വിദ്യാഭ്യാസ ആവാസവ്യവസ്ഥയിൽ വളർച്ച പ്രാപിക്കുന്ന പുതിയ ജ്ഞാനം
പ്രശസ്തരുടെ
കഥകൾ
കവിതകൾ
നോവലുകൾ
ലേഖനങ്ങൾ
സ്ഥിരംപംക്തികൾ

മുല്ലവള്ളിക്കല്ലേ കാമ്പ് മാനത്തുമുട്ടും മുളകളെക്കാളും

# കവിമൊഴി
മാസിക

● പുസ്തകം 18 ● ലക്കം 09 ● 01 ജൂലൈ 2019 ●

212

**മാനേജിംഗ് എഡിറ്റർ**
ബാലചന്ദ്രൻ അമ്പലപ്പാട്ട്
ഫോൺ: 9349557272

**ഓണററി എഡിറ്റർ**
പി.ആർ ശിവപ്രസാദ്
ഫോൺ: 9388602223

**അസോസിയേറ്റ് എഡിറ്റർ**
സ്വാതി ബാലചന്ദ്രൻ
ഫോൺ: 8848831968

**എഡിറ്റോറിയൽ ബോർഡ്**
ആർ.സി.പിള്ള
ഡോ. എം.എൻ ശശിധരൻ
കാരൂർ സോമൻ

**സ്പെഷ്യൽ കറസ്പോണ്ടന്റ്**
ഡോ. രാജേഷ് കടമാൻചിറ

**ലീഗൽ അഡ്വൈസർ**
അഡ്വ. സക്കീർ ഹുസൈൻ

**സർക്കുലേഷൻ**
0481-2572222

**ചിത്രീകരണം**
സാബു മടുക്കാനിൽ
ഗിരീഷ് മൂഴിപ്പാടം

**കോ-ഓർഡിനേറ്റർ**
രഞ്ജിത് കുമാർ

**ലേ-ഔട്ട്**
ജെയെച്ച്

**കവർ ഡിസൈൻ**
സിൽജു

**അന്വേഷണങ്ങൾ**
6282363851

**ലേഖനങ്ങൾ**
ഡോ.അശോക് അലക്സ്ഫിലിപ്പ് 06
സുനിൽ സി.ഇ 10
കാരൂർ സോമൻ 28
ജോർജ്ജ് ജോസഫ് മണ്ണൂശേരി 32
ഹരിദാസ് ബാലകൃഷ്ണൻ 40
ബി.സി.പ്രസന്നപുരി 50
സുധീഷ്. എസ്.എൽ 51
ഡോ.പൗസ് പൗലോസ് 58
ഡോ. നളിനിജനാർദ്ദനൻ 61

**നിരീക്ഷണം**
പി.ആർ.ശിവപ്രസാദ് 23

**കവിതകൾ**
കൊല്ലം തുളസി 09
ശ്യാം ഏനാത്ത് 19
ഡോ.ചേരാവള്ളി ശശി 21
ജിനീഷ് കുഞ്ഞിലിക്കാട്ടിൽ 22
പ്രമോദ്പുനലൂർ 22
പുരുഷോത്തമൻ 27
കെ.എൻ.രഘുനാഥ് 43
ആറന്മുള സത്യവ്രതൻ 45
പൂജ അനീഷ് 63

**കഥകൾ**
രായമംഗലം ജയകൃഷ്ണൻ 16
കൃപാ അനിൽകുമാർ 38
രാജു പാമ്പാടി 49
രഞ്ജി ഐസക്ക് 56
സി.ആർ.സുകുമാരൻനായർ 64

**സാമൂഹ്യപാഠം**
ബാലചന്ദ്രൻ അമ്പലപ്പാട്ട് 71

**നോവൽ**
മാത്യു കെ. മാത്യു 46

**പംക്തികൾ**
യാത്രാവിവരണം 28
അവതാരികകൾ 36
അക്ഷരശ്ലോകക്കളരി 44
വാർത്താമാത്രം 53
ആരോഗ്യവഴികൾ 58
സ്ത്രീപഥം 61
മയിൽപ്പീലി 63
അപരിചിത വിസ്മയം 67
വിളംബരം 69

**വിലാസം**
കവിമൊഴി മാസിക
കേരള കാത്തലിക് ട്രസ്റ്റ് ബിൽഡിംഗ്
കോട്ടയം 686004
kavimozhiktm@gmail.com
www.kavimozhi.in
9349557272,9388602223

**kavimozhi also available at**
**https://www.magzter.com/IN/KAVIMOZHI-MAGAZINE/KAVIMOZHI/Art/**

Kavimozhi A/c No.**67172873120**
State Bank of India, Kanjikuzhy Branch, Kottayam
IFS Code - SBIN0070222

## • മറുമൊഴി •

**ക**വിമൊഴി ജൂൺലക്കത്തിലെ ബാലചന്ദ്രൻ സാറിന്റെ തലക്കുറി,ശവങ്ങളുടെ കണക്കെടുക്കുന്നവർ, പുസ്തകപരിചയം അങ്ങനെ കൂടുതൽ എഴുത്തുകളും ഉന്നതനിലവാരം പുലർത്തുന്നു. കവിമൊഴിയിൽ കൊച്ചു കൊച്ചു കഥകൾ വന്നാൽ വളരെ നന്ന്. കവിമൊഴി മറ്റു മാസികകളേക്കാൾ വേറിട്ട് നിൽക്കുന്നതിന്റെ പ്രധാനകാരണം അറിവിന്റെ ശേഖരം മാത്രമല്ല സമൂഹത്തിലെ പല പൊയ്മുഖങ്ങളെ പൊളിച്ചടുക്കുന്നതുകൊണ്ടാണ്. വിമർശനത്തിന്റെ ഒരർത്ഥം വ്യത്യസ്ത ചിന്തയെന്നാണ്. വിമർശകർ സാഹിത്യകൃതികളെ മാത്രമല്ല സാമൂഹ്യവിപത്തുകളെയും വിമർശിക്കേണ്ടവരാണ് എന്നതിന്റെ തെളിവാണ് ശ്രീ. എം.കെ.ഹരികുമാറും ഡോ. റഷീദുമായുള്ള അഭിമുഖം 'ഒറ്റയാന്റെ കരുത്ത്'. ശ്രീ.പി. ആർ. ശിവപ്രസാദിന്റെ നിരീക്ഷണം.




അഭിമുഖത്തിലെ ആദ്യചോദ്യം സിനിമയാണ്. സാഹിത്യമല്ല. സാഹിത്യത്തെക്കാൾ വലുതാണോ കേരളീയന് കച്ചവട സിനിമകൾ. ബുദ്ധിജീവികളുടെ കൂട്ടത്തിൽ കുറെ നടീനടന്മാർ. അവരെപ്പറ്റി പറയാൻ മറ്റൊരു പംക്തി നല്ലതാണ്. സർഗ്ഗസാഹിത്യത്തെ കാണുന്നത് ജീവിതവുമായി ബന്ധപ്പെട്ടാണ്. സാഹിത്യത്തിന്റെ പൊരുളറിയുന്നവരാണ് വിമർശകർ. ശ്രീ.ഹരികുമാർ പറയുന്ന സത്യങ്ങൾ ആർക്കാണ് തള്ളിക്കളയാൻ സാധിക്കുക. എന്ത് ചവറും പ്രസിദ്ധീകരിക്കുന്ന മാധ്യമങ്ങൾ സാഹിത്യത്തിന്റെ വർണ്ണസൗന്ദര്യങ്ങൾ എഴുതുന്ന സാഹിത്യകാരന്മാരെ അവഗണിക്കുന്നു. അതിന്റെ പ്രധാന കാരണം അധികാരം സമ്പത്ത് എന്ന ഒരേ നാണയമാണ്. സാഹിത്യസാംസ്കാരിക രംഗങ്ങളിലെ സമസ്തമേഖലകളിലും രാഷ്ട്രീയം നുഴഞ്ഞുകയറുന്നു. അവർ പറയുന്നവർക്ക് അവാർഡ് കൊടുക്കുന്നു. പദവികൾ കൊടുക്കുന്നു. പുസ്തകങ്ങൾ പോലും പ്രസിദ്ധീകരിക്കുന്നു. എന്റെ ഏതാനും കൃതികൾ എഗ്രിമെന്റ് സൈൻ ചെയ്തു. ഇതുവരെ പുറത്തുവന്നിട്ടില്ല. ഈ പ്രവണത എത്രയോ കാലങ്ങളായി കേരളത്തിൽ നടക്കുന്നു. അതിൽ ജോലി ചെയ്യുന്ന ഒരാൾ എന്നോട് പറഞ്ഞത് ഒരു നേതാവിനെക്കൊണ്ട് ഒന്ന് പറയിപ്പിക്ക്. അൻപത് പുസ്തകങ്ങൾ എഴുതിയ ഒരു സാഹിത്യകാരന്റെ പ്രസ്താവനയെക്കാൾ അവർ മുൻതൂക്കം കൊടുക്കുന്നത് അഭിനവ നടീനടന്മാർ വോട്ടുചെയ്യുന്നതും,സ്വർണ്ണക്കട തുറക്കുന്നതും അവരുടെ പ്രണയപൈങ്കിളി കഥകൾക്കുമാണ്. ഈ സംസ്കാരിക വിദ്യാഭ്യാസമില്ലാത്തവർ പത്രങ്ങളിൽ മാത്രമല്ല എല്ലാ ചനലുകളിലുമുണ്ട്. എങ്ങും സാംസ്കാരിക ചൂഷണങ്ങൾ. കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ടിൽ പോലും മലയാളം തെറ്റുകൂടാതെ എഴുതാൻ അറിയാത്തവരുണ്ടെന്ന് അവിടെനിന്നു ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. അതും രാഷ്ട്രീയ നോമിനികളാണ്. മലയാളഭാഷ ഈ അധികാരവർഗ്ഗവും മാധ്യമങ്ങളും ചേർന്ന് വിറ്റ് കാശാക്കുന്നു. ഇതവസാനിപ്പിച്ചാൽ നമ്മുടെ ഭാഷ രക്ഷപ്പെടും. ജനങ്ങളുടെ വോട്ടു വാങ്ങി അധികാരത്തിൽ വന്നവർ അവരുടെ പാർട്ടികളിൽ അടിമപ്പണി ചെയ്യുന്നവർക്ക് എഴുത്തുകാരടക്കം വാരിക്കോരി കൊടുക്കുന്ന അടിമക്കച്ചവടം അവസാനിപ്പിക്കണം. ഈ പ്രാവശ്യം തെരഞ്ഞെടുപ്പിൽ കണ്ട മലയാളിയുടെ സാമൂഹ്യ പ്രതിബദ്ധത സാഹിത്യരംഗത്തും കടന്നുവരട്ടെ

*കാരൂർ സോമൻ*

**ക**വിമൊഴി മാസിക ജൂൺലക്കം കിട്ടി. നന്ദി. വരിക്കാരനായതിനുശേഷം കിട്ടിയആദ്യലക്കം ആദ്യന്തംവായിച്ചു മുഖചിത്രത്തിനു മുകളിൽ 'സമ്പുഷ്ടമായ വായനയ്ക്ക്' എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് അക്ഷരാർത്ഥത്തിൽ ശരിയാണെന്ന് വിഭവങ്ങൾ തെളിയിക്കുന്നു. ഇടതുപക്ഷം തിരുത്തൽ ശക്തിയാകണമെന്ന തലക്കുറിയോട് പൂർണ്ണമായും യോജിക്കുന്നു. സാഹിത്യകാരന്മാരെ പരിചയപ്പെടുത്തുന്ന പംക്തി എഡിറ്റിംഗിൽ മികവുറ്റതായിരിക്കുന്നു. പൂജാനിലയം ശശിയെക്കുറിച്ചുള്ള അനുസ്മരണ ലേഖനം, ധർമ്മജ് മിത്രയുടെ ലേഖനം, വാർത്തകൾ, നിരീക്ഷണം, സിനിമ, യാത്ര, എന്നിവയെല്ലാം വേറിട്ട അനുഭവം നൽകി. ഡോ.എം.രാജീവ് കുമാറിന്റെ അവതാരിക, ചികിത്സാസ്മരണകൾ, സ്ത്രീപധം, മയിൽപീലി, എന്തുകൊണ്ട്, മാസവിശേഷങ്ങൾ, അപരിചിത വിസ്മയം, പ്രശസ്തവനിത, മണിമുത്തകൾ, ക്വിസ് എന്നിവയെല്ലാം സമ്പുഷ്ടമായ വായനയ്ക്ക് അനുയോജ്യമായവ തന്നെയാണ്. ഇടയ്ക്കിടയ്ക്ക് ചേർത്തിരിക്കുന്ന കാർട്ടൂണുകളും മറ്റും നല്ലൊരു മാസിക എന്നതിന് തെളിവായി ചൂണ്ടിക്കാണിക്കാം. ബാലചന്ദ്രൻ അമ്പലപ്പാട്ടിനും അണിയറപ്രവർത്തകർക്കും അഭിനന്ദനങ്ങൾ അർപിക്കുന്നു.

*ഡോ.എം.എ.കരീം നേമം*

---

സ്ഥലപരിമിതിമൂലം കത്തുകൾ പൂർണ്ണമായും ചേർക്കാൻ സാധിക്കാത്തതിൽ ഖേദിക്കുന്നു

പത്രാധിപർ •

• തലക്കുറി •

# ചോരമണക്കുന്ന ചുവപ്പുനാട

വിവിധ ആവശ്യങ്ങൾക്കായി സർക്കാരാഫീസുകളെ ആശ്രയിക്കേണ്ടിവരുന്ന പൊതുജനങ്ങൾക്ക് എങ്ങനെ സേവനം നിഷേധിക്കാമെന്നതിലാണ് ചില ഉദ്യോഗസ്ഥർ ഗവേഷണം നടത്തുന്നതെന്ന് ഒട്ടും അതിശയോക്തിപരമല്ലാതെയാണ് മുഖ്യമന്ത്രി കഴിഞ്ഞദിവസം ഒരു പ്രസംഗത്തിൽ പറഞ്ഞത്. എന്നാൽ എന്തുകൊണ്ടോ ഉദ്യോഗസ്ഥരെ നിയന്ത്രിക്കുവാൻ സർക്കാരിനാവുന്നില്ല.

മാറിമാറിവരുന്ന സർക്കാരുകൾക്ക് സർക്കാരുദ്യോഗസ്ഥർ സൃഷ്ടിക്കുന്ന ചുവപ്പുനാട ദുരന്തം അതീവഗുരുതരമാണ്. ചുവപ്പുനാട അഴിയ്ക്കുന്നതിന് സർക്കാരുകൾ നടത്തുന്ന നടപടികളൊന്നും പ്രയോജനപ്പെടാറില്ലെന്നതാണ് സമീപകാലത്ത് ഉദ്യോഗസ്ഥദുഷ്പ്രഭുത്വം മൂലം സംഭവിച്ചുകൊണ്ടിരിക്കുന്ന പൊതുജനങ്ങളുടെ പരാതികളും ആത്മഹത്യകളും കാണിക്കുന്നത്.

സാജനെന്ന പ്രവാസിയുടെ ആത്മഹത്യയ്ക്കു കാരണമായ ആന്തൂർ നഗരസഭയുടെ അദ്ധ്യക്ഷ സർക്കാരിനുണ്ടാക്കിയ ദുഷ്പേര് ചില്ലറയല്ല. എത്ര പേരെയാണ് ഉദ്യോഗസ്ഥർ ഇതുപോലെ കുരുക്കിൽപെടുത്തി കാലപുരിക്കയച്ചുകൊണ്ടിരിക്കുന്നത്. ആദ്യമൊക്കെ സർക്കാരുകൾ ഉദ്യോഗസ്ഥരെ നേരെയാക്കാൻ ശ്രമിക്കുമെങ്കിലും പിന്നീട് സർക്കാരിനെ ഉദ്യോഗസ്ഥർ നിയന്ത്രിക്കുന്നതാണ് കാണുന്നത്. അതുകൊണ്ടുതന്നെയാകാം ആന്തൂരിലെ നഗരസഭാ അദ്ധ്യക്ഷയെ തള്ളിപ്പറയുവാൻ സർക്കാരിന് കഴിയാതെപോകുന്നതും.

പ്രവാസി സാജന്റെ ആത്മഹത്യ സംഭവത്തിൽ കേസെടുത്ത ഹൈക്കോടതിയും ചുവപ്പുനാട സൃഷ്ടിക്കുന്ന അപകടത്തെക്കുറിച്ചു പരാമർശിച്ചു. സർക്കാരുദ്യോഗസ്ഥരുടെ ജനവിരുദ്ധ നടപടിയെക്കുറിച്ചു ചാനലുകളും മാധ്യമങ്ങളും ചർച്ച നടത്തി. എന്നാൽ ഈ ചർച്ചകളും അഭിപ്രായങ്ങളും കോടതിവിധികളും എല്ലാം പതിവുപോലെ ചുവപ്പുനാടയിൽ കുടുങ്ങിപ്പോകുന്നു.

പോലീസുകാരുടെ അഴിമതിയും ദുർനടപടികളും നിയന്ത്രിക്കാനാവാതെ ആഭ്യന്തര വകുപ്പുപോലും നോക്കുകുത്തിയാകുന്നു, സർക്കാർ ജീവനക്കാർ അവരുടെ വഴിയെ സർക്കാരിനെ നയിക്കുന്നു, എല്ലാം രാഷ്ട്രീയ അതിപ്രസരമുള്ള തൊഴിലാളി യൂണിയനുകളെ ഭയപ്പെടുന്നതുകൊണ്ടാണെന്ന സത്യം മറച്ചുപിടിച്ചിട്ടു കാര്യമില്ല. പണ്ടും ഇപ്പോഴും വരുംകാലങ്ങളിലും സർക്കാരുകൾക്ക് ഇത് തുടരാനേ കഴിയൂ എന്നതാണ് സത്യം. ഇവരില്ലെങ്കിൽ സർക്കാരുകളില്ല. അതാണ് ബ്യൂറോക്രസിയുടെ ശക്തി.

● ബാലചന്ദ്രൻ അമ്പലപ്പാട്ട്
മാനേജിംഗ് എഡിറ്റർ

● ലേഖനം ●



ഡോ. അശോക് അലക്സ് ഫിലിപ്പ്

# വിദ്യാഭ്യാസ ആവാസ വ്യവസ്ഥയിൽ വളർച്ച പ്രാപിക്കുന്ന പുതിയ ജ്ഞാനം

ദേശിയ വിദ്യാഭ്യാസ നയത്തിന്റെ രൂപീകരണത്തോടെ ഏകീകൃതവും പുതിയ കാലത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള പ്രതിബദ്ധവും പരിഷ്കൃതവുമായ പരിപാടികളുടെസംവഹനശക്തി വിദ്യാഭ്യാസ ലോകംതിരിച്ചറിയുകയാണ്.

സമൂഹം പുരോഗതി പ്രാപിക്കുന്നതിനു തുല്യമാ യി വിദ്യാഭ്യാസആവശ്യങ്ങൾവർദ്ധി ക്കുമെന്നൊരുനിരീക്ഷണമുണ്ട്. അതുപോലെ വിദ്യാഭ്യാസരംഗത്തെ നവപ്രവണതകൾ സാമൂഹിക പരിഷ്കരണത്തിനായി ഉപയോഗിക്കണമെന്നൊരു പക്ഷവുമുണ്ട്. രാജ്യത്തിന് ഒരു വിദ്യാഭ്യാസനയം രൂപപ്പെടുമ്പോൾ അനുപൂരകമായ വീക്ഷണങ്ങളുടെ സമീകരണമാകും ഏറെ അഭിലഷണീയമായി മാറുന്നത്.



കേന്ദ്ര മാനവശേഷി മന്ത്രാലയത്തിലെ വിദഗ്ദരുടെയും കേന്ദ്രമന്ത്രി രമേശ് പോക്രിയേലിന്റെയും മുന്നിലിരിക്കുന്ന ചലനാത്മകങ്ങളായ ആശയങ്ങൾ ഭാരതത്തെപ്പോലെ അതിവിസ്തൃതവും വൈവിധ്യങ്ങൾ ഉൾക്കൊള്ളുന്നതുമായ രാഷ്ട്രത്തിന് ഏതുവിധത്തിൽ പ്രയോജനപ്പെടുത്താം എന്നു എല്ലാവരും ചേർന്നു ചിന്തിക്കുകയും അതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യേണ്ട സമയമാണ്.

വിദ്യാർത്ഥികളെ നൈപുണ്യവും ജ്ഞാനവും നൽകി സജ്ജമാക്കുവാനും, ശാസ്ത്ര സാങ്കേതിക വിദ്യ, അക്കാദമിക് രംഗം, വ്യവസായം എന്നീ വിഷയങ്ങളിലെ മാനവവിഭവശേഷിയുടെ ന്യൂനത തീർക്കുവാനും കസ്തൂരിരംഗൻ കമ്മിറ്റി സമർപ്പിച്ചിരിക്കുന്ന ദേശിയ വിദ്യാഭ്യാസ നയത്തിന്റെ കരടുറിപ്പോർട്ട് അഞ്ച് അടിസ്ഥാനശിലകളിൽ നിർമ്മിച്ചിരിക്കുന്നു.

1 പുതിയകാല വിദ്യാഭ്യാസത്തിന്റെയും അതിന്റെ വൈവിധ്യമാർന്ന ഇടപെടലുകളുടെയും വെളിച്ചത്തിൽ വിദ്യാഭ്യാസം കൂടുതൽ ആളുകൾക്ക് ലഭ്യമാക്കുവാനുള്ള (Access) പ്രേരണകൾ.




2 തുല്യതയും നീതിയും ഒത്തുചേരുന്ന ഭൂമികയിൽ (Equity) പടുത്തുയർത്തുന്ന വിദ്യാഭ്യാസ ലക്ഷ്യങ്ങളും, മാർഗ്ഗങ്ങളും.

3 ഗുണനിലവാരം ഉറപ്പുവരുത്തുന്ന കോഴ്സുകൾ, സ്ഥാപനങ്ങൾ പ്രതിഫലവും ലാഭവും അല്ലാതെയുള്ള പ്രേരണകൾക്കനുസരിച്ച് പ്രവർത്തിക്കണം. വ്യക്തികൾ, സമൂഹം, സ്ഥാപനകൾ എന്നിവ സമാഹൃതമായി ഗുണനിലവാരം ഉറപ്പുവരുത്തണം.

4 പഠനച്ചെലവ് കുറയ്ക്കുവാനും, 2009 ലെ വിദ്യാഭ്യാസ അവകാശ നിയമമനുസരിച്ച് കൂടുതൽ ആളുകൾക്ക് പുതിയകാല വിദ്യാഭ്യാസം കരഗതമാക്കുവാനും ഉള്ള ശ്രമങ്ങൾ (Affordability)

5 രാഷ്ട്രത്തോടും, ഗുണനിലവാരത്തോടും, അക്കാദമിക് മികവിനോടും വിധേയത്വവും (Accountability) പുലർത്തുന്ന ബോധനരീതികൾ, പ്രക്രിയകൾ, വിദ്യാഭ്യാസ അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് തുടക്കമിടണം.

മേൽപ്രസ്താവിച്ച പഞ്ചതത്വങ്ങൾ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ വിദ്യാഭ്യാസക്രമത്തിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് ഗ്രാമബ്ലോക്ക് ജില്ലാതലങ്ങളിലും നഗരഭരണ സംസ്ഥാന മേഖലാതലങ്ങളിലും സംവാദങ്ങൾ നടത്തിയാണ് കരടുനയം രൂപപ്പെടുത്തിയിരിക്കുന്നത്. പാശ്ചാത്യരാജ്യങ്ങളിലെപ്പോലെ റഫറണ്ടം നടത്തുവാൻ നമ്മുടെ ഭരണസംവിധാനത്തിൽ ഇടമില്ലെങ്കിലും എല്ലാവർക്കും അഭിപ്രായം രേഖപ്പെപ്പെടുത്തുവാനും ആശയങ്ങൾ നൽകുവാനുമുള്ള അവസരമൊരുക്കിയാണ് കരടുനയം പ്രസിദ്ധീകരിച്ചിരിക്കുന്നത്.

വിദ്യാഭ്യാസ ക്രമത്തിൽ സമൂലമായ മാറ്റങ്ങൾ നിർദ്ദേശിക്കുന്ന പുതിയ വിദ്യാഭ്യാസനയത്തിന്റെ സവിശേഷതകൾ ഏറെയാണ്.

1 കേന്ദ്ര മാനവശേഷി മന്ത്രാലയത്തിന്റെ പേര് വിദ്യാഭ്യാസ മന്ത്രാലയം എന്നു മാറ്റുന്നു.

2 ശൈശവഘട്ടങ്ങളുടെ കരുതലും വിദ്യാഭ്യാസവും എന്ന പദ്ധതി (Early Childhood Care and Education) വളരെ പ്രാധാന്യത്തോടെ പാഠ്യക്രമത്തിന്റെ ഭാഗമായി മാറുന്നു.

3 2009 ലെ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ചുവടുപിടിച്ച് 3 മുതൽ 18 വയസ്സുവരെയു ള്ള കുഞ്ഞുങ്ങൾക്ക് പുതിയ ഘടനയനുസരിച്ച് (5+3+3+4 ക്ലാസ്സുകൾ) സൗജന്യ വിദ്യാഭ്യാസം നൽകേണ്ടത് രാജ്യത്തിന്റെ ഉത്തരവാദിത്തമായി ഏറ്റെടുക്കുന്നു. കുഞ്ഞുങ്ങളുടെ ബൗദ്ധിക വൈകാരിക സാമൂഹിക ബന്ധങ്ങളെ ആസ്പദമാക്കിയാണ് പാഠ്യഘടന ക്രമീകരിക്കേണ്ടത്.

4 പുതിയ പാഠ്യക്രമമനുസരിച്ച് അടിസ്ഥാനഘട്ടത്തിൽ 3 മുതൽ 8 വയസ്സുവരെയുള്ള കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസം വിഭാവനം ചെയ്യുന്നു.

പ്രിപ്രൈമറി ഘട്ടം/ ഒന്ന് രണ്ട് ക്ലാസ്സുകൾ

ഒരുക്കഘട്ടം/ മൂന്ന് നാല് അഞ്ച് ക്ലാസ്സുകൾ

മദ്ധ്യഘട്ടം/ ആറ് ഏഴ് എട്ട് ക്ലാസ്സുകൾ

സെക്കന്ററി ഘട്ടം/ ഒൻപത് പത്ത് പതിനൊന്ന് പന്ത്രണ്ട് ക്ലാസ്സുകൾ

ഇപ്പോൾ നിലവിലിരിക്കുന്ന സ്കൂളുകൾ മാറ്റത്തിനു വിധേയമാകണം. സ്കൂളുകൾ 'സ്കൂൾ' ക്ലോംപ്ലക്സുകളായി രൂപപ്പെടണമെന്നതാണ് പ്രധാന നിർദ്ദേശം.

5 എല്ലാതലങ്ങളിലും കുഞ്ഞുങ്ങളുടെ പഠനഭാ രം കുറയ്ക്കുവാനും, അവരെ ജീവിത സമ്മർദ്ദങ്ങളിൽ നിന്നും വിടുതൽ ചെയ്യുവാനും നടപടികൾ ആരംഭിക്കണം.

6 കല, സംഗീതം, യോഗ, സാമൂഹിക സേവനം, കരകൗശലം, സ്പോർട്സ് എന്നിവയെല്ലാം കരിക്കുലർ കോ-കരിക്കുലർ, എക്സ്ട്രാ കരിക്കുലർ വിഭജനങ്ങളില്ലാതെ എല്ലാവരും പഠിക്കണം.

7 സജീവ ബോധനശാസ്ത്രം (Active Pedagogy) രൂപപ്പെടുത്തുവാൻ മുഖ്യശേഷികൾ (Core capacities) ജീവിത നൈപുണികൾ, ഇരുപത്തിയൊന്നാം നൂറ്റാ

ണ്ടിലെ നൈപുണികൾ എന്നിവ പഠന വിഷയമാക്കണം.

8 അദ്ധ്യാപക വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരവും ഘടനയും മാറ്റണം. ബഹുവിഷയ കേന്ദ്രീകൃതമായ സർവ്വകലാശാലകൾ, കോളജുകൾ എന്നിവ ആരംഭിക്കണം.

9 അദ്ധ്യാപക പരിശീലനം (ബി.എഡ്) നാലുവർഷത്തെ ഇന്റഗ്രേറ്റഡ് കോഴ്സായി രൂപകൽപ്പന ചെയ്യണം.

10 രാജ്യത്തെ കലാലയങ്ങൾ മൂന്നു തരത്തിലുള്ള ജ്ഞാനോത്പ്പാദനം ലക്ഷ്യമിടണം.

1 ഉന്നതനിലവാരമുള്ളതും, അന്താരാഷ്ട്ര മാനദണ്ഡങ്ങൾ അനുസരിച്ചു പ്രവർത്തിക്കുന്നതുമായവ.

2 വിവിധ പഠനവിഷയങ്ങളിൽ നവബോധന സങ്കേതങ്ങൾ ഉപയോഗിക്കുകയും ഗവേഷണത്തിന് പ്രാമുഖ്യം നൽകുന്നതുമായവ.

3 എപ്പോൾ വേണമെങ്കിലും തിരഞ്ഞെടുക്കാവുന്നതും, തിരഞ്ഞെടുത്ത വിഷയം ഏതു ഘട്ടത്തിലും മാറ്റിയെടുക്കാവുന്നതുമായ അണ്ടർ ഗ്രാജ്വേറ്റ് ബി എസ്സി ബിഎ ബികോം ബിടെക് കോഴ്സുകൾ നൽകുന്നവ.

11 വിദ്യാഭ്യാസത്തിന്റെ സമാഹൃതമായ ഭാവം കൈവരിക്കുവാനും,സംസ്ഥാന–ദേശിയ തലങ്ങളെ ബന്ധിപ്പിക്കുവാനും, വിദ്യാഭ്യാസപരമായ പുതിയ സംരംഭങ്ങൾക്ക് തുടക്കമിടുവാനും രാഷ്ട്രീയ ശിക്ഷാ ആയോഗ് നിലവിൽ വരുന്നു.

12 പുതിയ വിദ്യാഭ്യാസനയത്തിന്റെ കാതലായ മറ്റൊരു മാറ്റം ഗവേഷണത്തിനായുള്ള ഊന്നലാണ്. ഗവേഷണ സംസ്കാരം സൃഷ്ടിക്കുവാനും, ഗവേഷണപരത വർദ്ധിപ്പിക്കുവാനും ഉതകുന്ന ദേശിയ ഗവേഷണ ഫൗണ്ടേഷൻ രൂപീകരിക്കുന്നു.

13 ദേശിയതലത്തിൽ ഉന്നതവിദ്യഭ്യ ത്തിന്റെ നയങ്ങളും, പരിപാടികളും കരിക്കുന്നതിന് ദേശിയ ഉന്നത വ ഭ്യാസ റഗുലേറ്ററി അതോറിറ്റി രൂ രിക്കുന്നു.

14 ഇപ്പോൾ നിലവിലിരിക്കുന്ന യ സിയുടെ ഘടനയും സ്വഭാവവും ഉന്നത വിദ്യാഭ്യാസ ഗ്രാന്റ്സ് കമ്മീ രൂപീകരിക്കുന്നു.

15 പ്രൊഫഷണൽ വിദ്യാഭ്യാസത്ത ഓരോ ഘട്ടത്തിലും കൂടുതൽ വ്യം യുള്ള അക്രഡിറ്റേഷൻ സമ്പ്രദ കൊണ്ടുവരികയും ഗുണനിലവാര പ്പിക്കുകയും വേണം.

16 ഗവൺമെന്റ് –സ്വകാര്യ സ്ഥാപനം ഉന്നത വിദ്യാഭ്യാസരംഗത്ത് ലാഭേ മായി പ്രവർത്തിക്കുവാൻ തയ്യാറാകണം.

17 അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള മൂല്യവർദ്ധിത കോഴ്സുകൾ രൂപപ്പെടുത്തുവാനും, വിദൂരപഠനം സാദ്ധ്യമാക്കുവാനും നടപടികൾ വേണം. സാങ്കേതിക വിദ്യയുടെ വ്യാപനം എല്ലാ ഘട്ടത്തിലും ഉപയോഗിക്കുവാനും അഡൽറ്റ് എഡ്യുക്കേഷൻ സങ്കേതങ്ങൾ ഒരുക്കുവാനും നടപടികൾ ആവശ്യമാണ്. ഇതുവരെ പ്രാതിനിധ്യമില്ലാത്ത പ്രാദേശിക വിഭാഗങ്ങളെയും ഉൾപ്പെടുത്തണം. ലിംഗം പ്രാദേശികം–സാമൂഹിക വിഭാഗം എന്നിവയെ അധികരിച്ചുള്ള അസന്തുലിതാവസ്ഥയും നികത്തണം.

18 പാലി, പേർഷ്യൻ, പ്രാകൃത് എന്നീ പൗരാണിക സംസ്കാരച്ചേരുവകളെയും ഭാഷകളെയും പരിരക്ഷിക്കുന്നതിനുള്ള ദേശീയ ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കണം

19 ഭാഷാന്തരത്തിനും, വ്യാഖ്യാനത്തിനുമുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കണം

പുതിയ ഭാരതത്തിന്റെ നിർമ്മാണത്തിൽ വിദ്യാഭ്യാസത്തിനും, മാനവശേഷിക്കും എങ്ങനെയൊക്കെ ഇടപെടാമെന്ന അടയാളപ്പെടുത്തലുകളാണ് വിദ്യാഭ്യാസനയത്തിൽ ഉൾപ്പെടുത്തേണ്ടത്. എല്ലാവരേയും ഉൾക്കൊള്ളുന്നതും എല്ലാ പഠനരീതികളെയും മനസ്സിലാക്കുന്നതും, സമൂഹവും ഉന്നതവിദ്യാഭ്യാസവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതുമായ പദ്ധതികൾ ഉണ്ടാകട്ടെ. അദ്ധ്യാപകരിലും വിദ്യാർത്ഥികളിലും പുതിയ ശേഷികളും, നൈപുണികളും ജനിപ്പിക്കുന്ന വിദ്യാഭ്യാസ ആവാസ വ്യവസ്ഥയായി വ്യക്തികളും, സ്ഥാപനകളും ഒരുങ്ങേണ്ടതാണ്.

പുതിയ കാലത്തിന്റെ ആവശ്യങ്ങളോട് സംവദിക്കുന്നതും ലാഭേതരമായ വൈജ്ഞാനിക വ്യവഹാരങ്ങൾ ഉൾക്കൊള്ളുന്നതുമായ പുതിയനയം രൂപപ്പെടട്ടെ. ജ്ഞാനത്തിന്റെ ചക്രവാളം വിപുലപ്പെടുന്നതും എല്ലാ വിഭാഗം ജനങ്ങൾക്കും വളർച്ച നൽകുന്നതുമായ വിദ്യാഭ്യാസ ആവാസ വ്യവസ്ഥിതിയിൽ (Education Eco System) പുതിയ ജ്ഞാനസരണികൾ രൂപപ്പെടട്ടെ.

*(ലേഖകൻ മാവേലിക്കര പീറ്റ് മെമ്മോറിയൽ ട്രെയിനിംഗ് കോളജ് മുൻപ്രിൻസിപ്പലും ഗ്രന്ഥകാരനുമാണ്.)*

● ഫോ: 9847824692



● കവിത ●



കൊല്ലം തുളസി

# വേദനയ്ക്കൊരാമുഖം



സൂര്യതാപം വിഴുങ്ങി,പകലിന്റെ
നെഞ്ചുപൊട്ടിത്തകരുന്ന വേദന!
മേഘകൊടികളിറ്റിറ്റുവീഴ്ത്തുന്ന
നീരു താങ്ങും കടലിന്റെ വേദന!

സർവഭാരവും പേറിത്തളർന്നങ്ങു
വിണ്ടുകീറിയ ഭൂമിതൻ വേദന!
പേറ്റുനോവിന്റെ കാണാപ്പിടച്ചിലിൽ
കത്തി നീറി പുകയുന്ന വേദന!

അന്ത്യശ്വാസം വലിക്കുമ്പോഴുള്ളത്തിൽ
പ്രാണൻ നൊന്തു പിടയുന്ന വേദന!
കണ്ടുതീരാത്ത കുഞ്ഞിൻ വിരഹത്തിൽ
നീറിനീറിയമരുന്ന വേദന!

സ്നേഹവായു ശ്വസിക്കാൻ കഴിയാത്ത
ഹൃത്തടത്തിന്റെ തീരാത്ത വേദന

ദാഹനീരുകുടിക്കാൻ ലഭിക്കാതെ
തൊണ്ടവറ്റി വരളുന്ന വേദന!

സർവ്വകാലവും സർവ്വഭൂതങ്ങളും
സർവ്വരും നെഞ്ചിലേറ്റുന്ന വേദന!
മണ്ണിലെ സർവ്വജീവജാലങ്ങളും
ജന്മനാ തൊട്ടറിയുന്ന വേദന!

മോഹമാണ് ചരങ്ങൾക്ക് വേദന–
വേണ്ടുവോളം ചുരത്തുന്ന സ്രോതസ്സ്!

സ്നേഹമില്ലാത്ത ജീവിതം ഭൂമിയിൽ
വായുവില്ലാത്ത ഭൂമണ്ഡലം പോലെ

ആത്മജ്ഞാനം പഠിക്കുകിൽ മർത്യന്
മോഹമൊക്കെയും വ്യർത്ഥമായ് തോന്നീടും

സ്നേഹിച്ചു നിങ്ങൾ തളർന്ന് വളരുക.
സ്നേഹിച്ചു നിങ്ങൾ വളർന്ന് തളരുക.

സ്നേഹിച്ചു സ്നേഹിച്ചു സ്നേഹമായ്ത്തീരുക
സ്നേഹിച്ചു തീരാത്ത മാനവരാകുക.

● *ഫോ: 9447127171*



● സുനിൽ.സി.ഇ



നസീർ

# മലയാളസിനിമയും പോലീസ് വേഷത്തിന്റെ സൗന്ദര്യസംഹിതകളും

അഭിനയിച്ചു തെളിയാത്ത ഒരുടലിൽ നിന്ന് പുറപ്പെടുന്ന ദൃശ്യഉച്ചാരണത്തിന് സ്ഫുടതയുണ്ടാകില്ലെന്നും അത് കാഴ്ചയിൽ മുറിഞ്ഞുമാറാത്ത മൂടലുകൾ സൃഷ്ടിക്കുമെന്നും ആർക്കാണ് അറിഞ്ഞുകൂടാത്തത്. മലയാളസിനിമയിലെ പോലീസ് വേഷങ്ങളുമായി ബന്ധപ്പെട്ട് ഇപ്പോൾ ഈ സന്ദേഹത്തിനും ആശങ്കയ്ക്കും പ്രസക്തിയുണ്ട്. നമ്മുടെ ഓർമ്മയിലേക്കുള്ള ഒന്നാം പ്രവേശത്തിൽ ഇന്നും നസീറും ജയനും ഒക്കെ അവതരിപ്പിച്ച പോലീസ് വേഷങ്ങൾ ഉണ്ടാവും. സുകുമാരന്റെയും ഒടുവിൽ ഉണ്ണികൃഷ്ണന്റെയും ഒക്കെ ചൈതന്യവത്തായ അഭിനയസ്ഫുരണങ്ങൾ നമുക്കു മുമ്പിലുണ്ടാവും. പക്ഷെ അത്തരം ഒരു ഉടലുച്ചാരണത്തിന്റെ കലയെ വികൃതമാക്കിയിട്ടുള്ള പോലീസ് വേഷങ്ങളും നമുക്ക് സുപരിചിതമാണ്. വിഘടനദൃശ്യങ്ങൾ കൊണ്ട് നമ്മുടെ കാഴ്ചയെ വിഘടിപ്പിച്ച പോലീസ് വേഷങ്ങളാണ് ഹരിശ്രീ അശോകനും ധർമ്മജൻ ബോൾഗാട്ടിയും ഒക്കെ കാഴ്ചവച്ചിട്ടുള്ളത്. പോലീസ് വേഷങ്ങളിലെ ഈ വയസ്സൻ കാഴ്ചകളിൽ നിന്ന് മലയാളി പ്രേക്ഷകർ പെട്ടെന്ന് എത്തിപ്പെടുന്നത് സുരേഷ് ഗോപി,പൃഥ്വിരാജ്,ദിലീപ് തുടങ്ങിയവരുടെ ശ്രദ്ധേയമായ പോലീസ് വേഷങ്ങളിലേക്കാണ്. ഈവിധം പല തലമുറകളുടെ പോലീസ് വേഷം പരിശോധിച്ചാൽ അതു സിനിമയിലെതന്നെ ഒരു സൗന്ദര്യതത്വമാണെന്ന് കാണാൻ കഴിയും. ഹാസ്യതാരങ്ങളുടെ പോലീസ് വേഷങ്ങൾ പലപ്പോഴും ജാഗ്രത്തായ ഒരു ജീവിതത്തെ പ്രതിനിധാനപ്പെടുത്തുന്നില്ല എന്നത് ഒരു അതിശയോ



ജയൻ



സുകുമാരൻ



ഒടുവിൽ
ഉണ്ണികൃഷ്ണൻ



ഹരിശ്രീ
അശോകൻ



ധർമ്മജൻ



സുരേഷ് ഗോപി



പൃഥ്വിരാജ്



ദിലീപ്

ക്തിയല്ല. ജയറാം, ജഗതി ശ്രീകുമാർ തുടങ്ങിയവരുടെ പോലീസ് വേഷങ്ങൾ ചഞ്ചലപ്പെടുകയും വിഘടിച്ചുനിൽക്കുകയും ചെയ്യുന്നത് ശ്രദ്ധയോടെ വീക്ഷിച്ചാൽ നമുക്ക് ബോദ്ധ്യപ്പെടും. പോലീസ് വേഷങ്ങൾക്ക് ചെത്തിത്തേച്ച ഒരു ശരീരം ആവശ്യമാണെന്ന് ജയസൂര്യയുടെയും ടൊവീനോയുടേയുമൊക്കെ പോലീസ് വേഷങ്ങൾ നമുക്ക് പറഞ്ഞുതരും. അത്തരത്തിൽ സ്ഫുടം ചെയ്തെടുത്ത ഒരു പോലീസ് ശരീരമാണ് മമ്മൂട്ടിയുടേത്. ഒരിക്കലും ഒരു പോലീസ് വേഷത്തെയും തെറ്റായ ചാലുകളിലൂടെ അനാവശ്യമായ ശരീരഭാഷാ നിർമ്മിതികളിലേക്ക് നയിക്കാതിരിക്കുക എന്ന ലക്ഷ്യത്തോടെയാണ് മമ്മൂട്ടി തന്റെ ഓരോ പോലീസ് വേഷത്തെയും കൈകാര്യം ചെയ്യുന്നത്. മമ്മൂട്ടി തന്റെ വേഷങ്ങൾ ചെയ്യുമ്പോൾ അത്യന്തം നാടനായ പോലീസ് ഉദ്യോഗസ്ഥനെ നമുക്ക് കണ്ടെടുക്കാം. അത് ജീവസാന്ദ്രമായ ശീലുകളിൽ ചടുലമായി ഉൾച്ചേർന്നുകിടക്കുന്ന ഒരു നടനശരീരത്തിന്റെ വ്യക്തസത്തയാണ്. മമ്മൂട്ടിയുടെ പോലീസ് വേഷങ്ങളെല്ലാംതന്നെ കേരളപോലീസിനുള്ള ഇന്ധന പിൻബലമാണ്. അനിവാര്യമായ ചലനവേഗങ്ങൾകൊണ്ട് പണിതീർത്ത ഈ പോലീസ് ശരീരത്തിൽ നിന്നും അത്ര പെട്ടെന്ന് പാലായനപ്പെടാൻ കേരളപോലീസിന് സാധിക്കില്ല. പോലീസ് വേഷങ്ങൾ ചെയ്യുമ്പോൾ മമ്മൂട്ടിയുടെ അഭിനയകല എന്നുപറയുന്നത് ഇടത്തരം മിച്ചമൂല്യമല്ല. മറിച്ച് എല്ലാ നടന്മാരുടെയും സാധാരണ കൃത്യങ്ങളിൽ നിന്ന് വ്യത്യസ്തമായി ഉരുക്കിയെടുത്ത ഒരു

പോലീസ് ഭാഷ മമ്മൂട്ടിക്കുണ്ട്. അപ്പോഴും മലയാളസിനിമയിലെ ഒരു പോലീസ് വേഷങ്ങളും പൊറുക്കാനാവാത്ത കുസൃതിയായി കാണേണ്ടതില്ല. അങ്ങനെയെങ്കിൽ മമ്മൂട്ടി എന്ന നടനശരീരത്തിന്റെ പോലീസ് വേഷങ്ങളുടെ തിരിച്ചിട്ടിട്ടുള്ള വായന ഇപ്പോൾ ആവശ്യമാണ്. കേരളാ പോലീസിന്റെ മുന്നോട്ടുള്ള ഗമനത്തിന് അത്യാവശ്യമായ തയ്യാറെടുപ്പുകളുടെ മാതൃകകൾ തീർക്കാൻ മമ്മൂട്ടിയുടെ നടനകലയ്ക്കാകുന്നുണ്ട്.അതുകൊണ്ടുതന്നെ മമ്മൂട്ടിയുടെ അത്തരം വേഷങ്ങളെ അതിന്റെ ഉപരിതലത്തിൽ മാത്രം പരിചരിച്ചുകൊണ്ടിരുന്നാൽ തെറ്റിദ്ധാരണാജനകമായ ചില നിഗമനങ്ങളിലേക്ക് നാം എത്തിച്ചേരാൻ സാധ്യതയുണ്ട്. അന്വേഷണങ്ങളുടെ സർഗാത്മകവികാസത്തിലൂടെ മാത്രമേ മമ്മൂട്ടി എന്ന നടനശരീരത്തിന്റെ പോലീസ് വേഷങ്ങളിലെ സത്യത്തിന്റെ ധ്വനിയെ നമുക്ക് തെളിയിച്ചെടുക്കാനാവൂ. മമ്മൂട്ടിയുടെ പോലീസ് ശരീരത്തിന് നിർവ്വചനങ്ങൾക്കതീതമായ ഒരു സുതാര്യഘടനയുണ്ട്. നടനശരീരത്തിന്റെ



ജയറാം



ജഗതി


വിളക്കുകണ്ണി പോലീസ് കോസ്റ്റ്യൂം മാത്രമല്ലെന്ന വസ്തുത നാം ഗ്രഹിച്ചെടുക്കുന്നത് മമ്മൂട്ടിയുടെ നടനശരീരത്തിൽ നിന്നാണ്. മമ്മൂട്ടിയുടെ പോലീസ് അഭിനയത്തിന്റെ കൊച്ചു തരിപോലും നമ്മുടെ പോലീസ്സേനയ്ക്കുള്ള ഉത്തേജനമായി മാറുന്നുവെന്നതാണ് ശ്രദ്ധേയമായ കാര്യം. പോലീസ് വേഷങ്ങളിലെ പൊതുഭാഷാ സംസ്കാരത്തോടുള്ള എല്ലാ വിയോജിപ്പുകളും മമ്മൂട്ടി എന്ന നടനശരീരം ചുമലിൽ വഹിക്കുന്നുണ്ട്. കേരളത്തിലെ പോലീസ് സേനയ്ക്ക് കപടപരിഹാരങ്ങൾ മെനയാൻ വേണ്ടി നടത്തിയ വെറുമൊരു എൻഡവറായി മമ്മൂട്ടിയുടെ പോലീസ് വേഷങ്ങളെ നമുക്ക് മൊഴി

മാറ്റം ചെയ്യാൻ കഴിയില്ല.

**ജൈവബന്ധങ്ങളടങ്ങിയ പോലീസ് ഭാഷ്യങ്ങൾ**

മലയാളസിനിമയിലെ പോലീസ് വേഷങ്ങൾ കേരളത്തിന്റെ സാംസ്കാരികവ്യവസ്ഥയുമായി ഒരു നാഭീനാളബന്ധം നേടിയെടുക്കുന്നത് ജയറാമിന്റെയോ സായ്കുമാറിന്റെയോ സുധീർ കരമനയുടെയോ ഒക്കെ പോലീസ് വേഷങ്ങളിലൂടെയല്ല. അവരുടെ പോലീസ് വേഷങ്ങൾ സിനിമയിലെ വാണിജ്യപരമായ തസ്തികയെ മാത്രമേ തൃപ്തിപ്പെടുത്തുന്നുള്ളു. കേരളത്തിന്റെ പോലീസ് സേനയ്ക്കുവേണ്ടിയുള്ള ചില മുന്തിയ ഇനം ദീർഘവീക്ഷണങ്ങൾ പക്ഷെ നമുക്ക് സമ്മാനിക്കുന്നത് മമ്മൂട്ടിയുടെ പോലീസ് വേഷങ്ങൾ തന്നെയാണ്. പുരോഗമനചായ്വുകളെ പിന്താങ്ങുമ്പോഴും അതു വലിയ ഒരു ചലഞ്ച് കേരളത്തിലെ പോലീസ് സേനയ്ക്ക് മുമ്പിലേക്ക് പൊതിയഴിച്ചുവയ്ക്കുന്നു. കേരളത്തിന്റെ പോലീസ് സേനയുടെ ഭാവനാശൂന്യതകളെയാണ് മമ്മൂട്ടിയുടെ പോലീസ് വേഷങ്ങൾ പരിഹരിക്കുന്നത്. കേരളത്തിന്റെ സാംസ്കാരിക-സാമൂഹിക ഉൽക്കണ്ഠകളെ ഒരു പരിധിവരെ ചോദ്യം ചെയ്യാൻ സിനിമയിലെ പോലീസ് സൗന്ദര്യശാസ്ത്ര പരീക്ഷണങ്ങൾക്കു കഴിഞ്ഞുവെന്നതാണ് വാസ്തവം.

ടി.ദാമോദരൻ തിരക്കഥയെഴുതി ഐ.വി.ശശി സംവിധാനം ചെയ്ത 'ആവനാഴി' എന്ന ചിത്രത്തിലെ സർക്കിൾ ഇൻസ്പെക്ടർ ബൽറാമിനെ നമുക്ക് മറക്കാനാവില്ല. കേരളത്തിലെ പോലീസ് വേഷങ്ങൾ സൂപ്പർ ഹീറോയിസവും ആക്ഷൻ ത്രില്ലറുമായി മാറിയിരിക്കുകയാണിപ്പോൾ. ഈ വിധം പരിണാമപ്പെടുന്നതിനു മുമ്പ് നിർമ്മിക്കപ്പെട്ട ചിത്രമാണ് 'ആവനാഴി' . ഇതിലെ ബൽറാമിന്റെ വേഷം പരുക്കനായിരുന്നപ്പോഴും മനുഷ്യനന്മയുടെ പ്രതീകമായി നിലനിൽക്കുകയാണ്. ഈ സിനിമയെ നമുക്ക് ഒരു ഫാന്റസിയായി കണ്ട് തിയേറ്റർ വിട്ടുപോകാനാവില്ല. മലയാളത്തിലെ ഏറ്റവും മികച്ച റിയലിസ്റ്റിക് പോലീസ് സിനിമയാണ് 'ആവനാഴി'. ലൈംഗികതൊഴിലാളിയിൽ പ്രണയം കണ്ടെത്തുന്ന ബൽറാമിനെ ചൂണ്ടി ചില ചലച്ചിത്രനിരൂപകർ ഉന്നയിക്കുന്ന ഒരു ചോദ്യം ബാലിശമാണ്. ഇത്തരം അസന്മാർഗ ദൃശ്യങ്ങളുള്ള ഒരു സിനിമ പോലീസ് സേനയ്ക്ക് എന്ത് മൂല്യങ്ങളാണ് കൈമാറുന്നതെന്ന്? അക്ഷരാർത്ഥത്തിൽ ഒരു റിയൽ സിനിമയിൽ വേണ്ടുന്ന സംഗതികളെ 'ആവനാഴി'യിൽ ഉണ്ടായിരുന്നുള്ളൂ. പോലീസ് വേഷങ്ങളുടെ പ്രേതസൃഷ്ടികൾക്കുള്ള മറുപടിയായി 'ആവനാഴി'യിലെ ബൽറാം ഇപ്പോഴും പ്രേക്ഷകമനസ്സുകളിൽ കുറുങ്ങിനിൽപ്പുണ്ട്. ആവനാഴിയിലെ മമ്മൂട്ടിയുടെ കണ്ണഞ്ചിപ്പിക്കുന്ന ദൃശ്യ-ശബ്ദ പ്രകടനങ്ങൾ പല ഭാഷകളിലേക്ക് ആ സിനിമയെ എത്തിച്ചു. "കടമൈ കന്നിയം കാത്തു പാടു" എന്ന പേരിൽ തമിഴിലും "സത്യമേവ ജയതേ" എന്ന പേരിൽ ഹിന്ദിയിലും "മരണശാസനം" എന്ന പേരിൽ തെലുങ്കിലും "ആവനാഴി"ക്കു റീമേക്കുകൾ ഉണ്ടായി. അത്തരം ഒരു പോലീസ് ഭാഷ്യത്തിൽ നിന്നാണ് അതിന്റെ രണ്ടും മൂന്നും ഭാഗ



ജയസൂര്യ



ടൊവിനോ



മമ്മൂട്ടി



റ്റി.ദാമോദരൻ



ഐ.വി.ശശി

ങ്ങൾ ഉണ്ടാകുന്നത്. "ഇൻസ്പെക്ടർ ബൽറാം" എന്ന മമ്മൂട്ടി-ഉർവശി-മുരളി മൂവർ വേഷത്തിൽ പ്രേക്ഷകനെ ഇന്നും പിൻതുടരുന്നത് മമ്മൂട്ടി അവതരിപ്പിച്ച ഇൻസ്പക്ടർ ബൽറാം എന്ന കഥാപാത്രം തന്നെയാണ്. അതിന്റെ മൂന്നാം ഭാഗമാണ് മമ്മൂട്ടി ഇരട്ടവേഷത്തിലെത്തുന്ന "ബൽറാം വേഴ്സ് താരാദാസ്". കത്രീനകൈഫ് അഭിനയിച്ച ഈ ചിത്രത്തിലെ മമ്മൂട്ടിയുടെ ഇരട്ടകഥാപാത്രങ്ങളിലൊന്നായ താരാദാസ് അധോലോക നായകനായിട്ടാണ് അഭിനയിക്കുന്നത്. ഒരു കേവല മനുഷ്യനുള്ളിലെ ദൃശ്യവും അദൃശ്യവുമായ രണ്ടുഭാവങ്ങളെയാണ് ഇതിലെ ബൽറാമും താരാദാസും കാഴ്ചവയ്ക്കുന്നത്. ഒരു മനുഷ്യനിലെ നന്മയുടെയും തിന്മയുടെയും ശേഖരത്തെ പുറത്തെടുത്തുകാണിക്കുന്ന ഈ സിനിമയിലെ ബൽറാമിനെയും (താരാദാസ്) അവതരിപ്പിച്ച മമ്മൂട്ടി സത്യത്തിൽ ഒരു കേവല മനുഷ്യന്റെ രണ്ടുപ്രതീകങ്ങളെയാണ് അവതരിപ്പിക്കുന്നത്. ഈ സിനിമകളൊന്നും കച്ചവടവസ്തുമാത്രമായിരുന്നില്ല. ദൃശ്യമോടികൊണ്ടും ശബ്ദഗാഭീര്യം കൊണ്ടും പോലീസ് വേഷങ്ങളെ അനശ്വരമാക്കാനുള്ള മമ്മൂട്ടിയുടെ ശരീരഭാഷയെ നമുക്ക് നിരാകരിക്കാനാവില്ല. കാരണം അതിന്റെ നിർവഹണരീതികൊണ്ട് അതു നമ്മുടെ കാലവുമായി സമഭാവപ്പെടുന്നുവെന്നതാണ് വാസ്തവം.

ആവനാഴിക്കും മുമ്പ് ജേക്കബ് ഈരാളി എന്ന പോലീസ് കഥാപാത്രത്തെ മമ്മൂട്ടി അവതരിപ്പിച്ചിട്ടുണ്ട്. കെ.ജി.ജോർജ്ജ് സംവിധാനം ചെയ്ത'യവനിക' എന്ന സിനിമയിലെ ആ ശ്രദ്ധേയമായ പോലീസ് വേഷമാണ് "ആവനാഴിയിലേക്ക് മമ്മൂട്ടിയെ എത്തിച്ചത്. പത്മരാജൻ എഴുതി ജോഷി സംവിധാനം നിർവ്വഹിച്ച 'ഈ തണുത്ത വെളുപ്പാൻ കാലത്തി'ലെ ഹരിദാസും സിബി മലയിൽ ചിത്രമായ 'ആഗസ്ത് 1' ലെ പെരുമാളും വിനയന്റെ 'രാക്ഷസരാജാവി'ലെ രാമനാഥനും രഞ്ജി പണിക്കരുടെ 'രൗദ്ര'ത്തിലെ നരേന്ദ്രനും രഞ്ജിത്തിന്റെ 'ബ്ലാക്കി'ലെ കാരിക്കാമുറി ഷൺമുഖനും നിഥിൻ രഞ്ജിപണിക്കരുടെ 'കസബ'യിലെ സഖറിയയും 'അബ്രഹാമിന്റെ സന്തതി'കളിലെ ഡെറിക്ക് എബ്രഹാമും അജയ് വാസുദേവിന്റെ 'മാസ്റ്റർ പീസി'ലെ എഡ്വേർഡ് ലീവിങ്സ്റ്റണും മമ്മൂട്ടി കാഴ്ചവച്ച പോലീസ് വേഷങ്ങൾ തന്നെയാണ്. ഒരു തനി മലയാളി പോലീസുകാരന്റെ ജീവിതത്തിലെ നിഗൂഢമായ ഉത്കണ്ഠകളെയാണ് ഓരോ വേഷവും പകർത്തിവെച്ചത്. പോലീസിന്റെ ശരീരം എപ്പോഴും ഒരു 'എതിരഭിപ്രായ'മായിരിക്കുമെന്ന ഈ ധാരണയെ പൊളിയ്ക്കാൻ ഈ വ്യത്യസ്തവേഷങ്ങൾക്കായതുകൊണ്ടാണ് മമ്മൂട്ടി കൈകാര്യം ചെയ്യുന്ന പോലീസ് വേഷങ്ങളൊക്കെയും ഒരേ സമയം യാഥാർത്ഥ്യവും ജൈവബന്ധങ്ങളുടെ ഭാഷ്യവുമായി നമുക്കനുഭവപ്പെടുന്നത്. പോലീസ് എന്ന സേവനശരീരത്തെ കേവലം നിയമശരീരമായി മാത്രം സംരക്ഷിച്ചു നിർത്തുന്ന ഒരു പ്രവണതയെ അട്ടിമറിക്കുകയും, പോലീസിന്റെ ശരീരത്തെ അത്തരത്തിലുള്ള ഒരു ഭൗതികപദാർത്ഥം എന്നതിൽ കവിഞ്ഞ് മനുഷ്യഗണത്തിലെ അംഗമായി കാണേണ്ടതിന്റെ ആവശ്യകതകൾ ഉന്നയിക്കാൻ മമ്മൂട്ടി അവതരിപ്പിച്ച ഈ കഥാപാത്രങ്ങൾക്കൊക്കെയും കഴിയുന്നുവെന്നത് ശ്രദ്ധേയമായ കാര്യമാണ്. കേവലമായ ദൃശ്യ-ശബ്ദബന്ധങ്ങളുടെ സൃഷ്ടികളായിരുന്നില്ല മമ്മൂട്ടി പോലീസ്



സായ്കുമാർ



സുധീർ



മുരളി

വേഷത്തിലെത്തിയ ഒരു സിനിമകളും. മമ്മൂട്ടിയുടെ ഒരു പോലീസ് വേഷവും വെറും പുരുഷക്കാഴ്ചകളായിരുന്നില്ല. പോലീസ് വേഷങ്ങളൊക്കെയും നയനഭോഗത്തിന്റെ ഉപാധികളായി മാറിക്കൊണ്ടിരിക്കുന്ന ഒരു കാലത്ത് സാമ്പ്രദായിക പോലീസ് മൂല്യങ്ങളെ ചെറിയ തോതിലെങ്കിലും പരിരക്ഷിച്ചു നിർത്താൻ അത്തരം വേഷങ്ങൾക്കാവുന്നു.



ഉർവ്വശി



കത്രീന കൈഫ്


*ഫോ: 9940556918*

**മമ്മൂട്ടിയിലെ ജൈവപോലീസും ഉണ്ടയുടെ സമകാലിക രാഷ്ട്രീയവും**

'യവനിക' മുതൽ 'ഉണ്ട' വരെ എത്തിനിൽക്കുന്ന മമ്മൂട്ടിയുടെ പോലീസ് കഥാപാത്രങ്ങളെ നിരീക്ഷിച്ചാൽ അതിനുള്ളിൽ നിന്നും കടഞ്ഞെടുക്കാവുന്ന ഒരു ജൈവതാളമുണ്ട്. പുതിയ സിനിമകളിലെ പോലീസ് ശരീരങ്ങളുടെ വേലിചാടലുകളെ നാലാളറിയാതെ തന്ത്രപരമായി ഒതുക്കിത്തീർക്കുന്ന ഒരു കാലത്ത് മമ്മൂട്ടിയുടെ പോലീസ് കഥാപാത്രങ്ങളെ വീര്യം കൂട്ടി വീർപ്പിക്കാനല്ല ഈ ലേഖകൻ ശ്രമിക്കുന്നത്. മറിച്ച് അതിന്റെ സമകാലിക പ്രസക്തിയെ ചൂണ്ടികാണിക്കാനാണ് (ശ്രമിക്കുന്നത്). മമ്മൂട്ടിയുടെ മാനറിസങ്ങളെ മുഴുവനും ഊറ്റിയെടുത്ത് പോലീസ് സേനയെ നവീകരിക്കാമെന്ന വ്യാജദർശനവുമല്ല ഞാൻ മുന്നോട്ടു വയ്ക്കുന്നത്. മമ്മൂട്ടി കടുത്ത തോതിൽ പോലീസ് വേഷത്തെ അവതരിപ്പിച്ച 'ആവനാഴി'യിലെ ശരീരപ്രകടനങ്ങളല്ല 'ഉണ്ട'യിലുള്ളത്. 'ഉണ്ട' കൈകാര്യം ചെയ്യുന്നത് സമകാലിക ഇന്ത്യൻ രാഷ്ട്രീയമായതുകൊണ്ടുതന്നെ അതു കൈമാറുന്നത് ഏറ്റവും അസ്വസ്ഥകരമായ ദൃശ്യസ്ഫുരണങ്ങളാണ്. അത്രയും ഗൗരവതരമായ ഒരു രാഷ്ട്രീയത്തെ അവതരിപ്പിക്കുമ്പോഴും മമ്മൂട്ടിയുടെ നടനശരീരത്തിനകത്ത് രാഷ്ട്രസ്നേഹം എന്ന വികാരം തിടംവച്ചു വളരുന്നതുകൊണ്ടാണ് ഒരു പോലീസ് ശരീരത്തിന്റെ തനതു ജൈവികതയിലേക്ക് എത്താൻ മമ്മൂട്ടിക്ക് കഴിയുന്നത്. മലയാളിയുടെ രാഷ്ട്രീയഭാവനകളല്ല ഹിന്ദിക്കാരന്റേത്. അവന് രാഷ്ട്രീയം ഒരു ശാരീരികോപയോഗത്തിന്റെ പദാർത്ഥം മാത്രമാണ്. മലയാളിയുടെ രാഷ്ട്രീയബോധത്തിന് കുറേക്കൂടി ജൈവികനന്മയുണ്ടെന്ന് 'ഉണ്ട'യിലെ മമ്മൂട്ടിയുടെ പോലീസ് വേഷം പറയാൻ ഉദ്യമിക്കുന്ന കുറേ രംഗങ്ങൾ നമുക്ക് കാണാം. ഒരേ രാജ്യത്തിലെ ഒരിക്കലും കൂട്ടി മുട്ടാൻ ഇടയില്ലാത്ത രണ്ടു രാഷ്ട്രീയ സംസ്കാരങ്ങളെ അനാവരണം ചെയ്യാനാണ് 'ഉണ്ട'യിലെ പോലീസ് വേഷം ശ്രദ്ധവയ്ക്കുന്നത്.

സിനിമയുടെ അടിവളമാണ് ഡയലോഗുകൾ എന്നു പറയാറുണ്ട്. പക്ഷെ 'ഉണ്ട'യിലെ ഡയലോഗുകളെക്കാൾ പ്രാധാന്യത്തിൽ കാണേണ്ടത് മമ്മൂട്ടി എന്ന പോലീസ് വേഷത്തിന്റെ ഭാവങ്ങളെയാണ്. ഭാവങ്ങളുടെ ജൈവികതയാണ് ഒരു ഡയലോഗ് കേട്ടപ്പോൾ അതിനെ തെറിയായി ചിത്രീകരിക്കുന്നതിനു പകരം ശരിയായി നാം പരിഭാഷപ്പെടുത്തിയത്.കേരളത്തിൽനിന്ന് 'ഉണ്ട'കൾ കൊണ്ടുവരുന്നതും കാത്തുകഴിയുന്ന സഹപ്രവർത്തകരായ പോലീസുകാരിൽ ഒരാൾ ചോദിക്കുകയാണ് 'ഉണ്ട' എത്തിയോ എന്ന്. അപ്പോൾ മമ്മൂട്ടി പറയുന്ന ഒരു മറുപടിയുണ്ട്. അതിങ്ങനെയാണ്– "ഉണ്ടയുമില്ല ഒരു അണ്ടിയുമില്ല". ഒരു പ്രത്യേക സാഹചര്യത്തിൽ പോലീസ് സേനയുടെ ജീർണതയെയും ഗൗരവക്കുറവിനെയും പ്രതീകാത്മകമായി ചിത്രീകരിക്കാനുള്ള ഇമേജറിയായി ആ ഡയലോഗിനെ പ്രേക്ഷകൻ ന്യായീകരിക്കുകയായിരുന്നു. നാം വെച്ചുപുലർത്തുന്ന പ്രബുദ്ധജീവിതത്തിന്റെയും സദാചാര്യനാട്യങ്ങളുടെയും മുനയൊടിക്കുന്ന ഈ ഡയലോഗ് പുതിയ പോലീസ് ശരീരത്തിന്റെ സാധ്യമാകേണ്ടുന്ന ഭാഷയായി പ്രേക്ഷകർ അംഗീകരിക്കുകയാണ്. 'ഉണ്ട' എന്ന സിനിമ പറയാൻ ശ്രമിക്കുന്നതുപോലും കേരളമൊഴികെയുള്ള സംസ്ഥാനങ്ങളിലെ രാഷ്ട്രീയനിരക്ഷരതയാണ്.

ഛത്തീസ്ഗഡ് എന്ന സംസ്ഥാനത്തിലേക്ക് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കേരളത്തിൽ നിന്നും ഒരു സംഘം പോലീസുകാർ എസ്.ഐ.മണികണ്ഠന്റെ നേതൃത്വത്തിൽ പുറപ്പെടുന്നതും,നക്സൽ ഭീഷണി നേരിടുന്ന ഈ സ്ഥലത്തേക്കുള്ള ഈ സംഘത്തിന്റെ യാത്രയും എത്തിയതിനു ശേഷം അവർ നേരിടുന്ന പ്രതിസന്ധികളും പ്രശ്നങ്ങളുമാണ് 'ഉണ്ട' എന്ന സിനിമ പങ്കുവയ്ക്കുന്നത്. നോർത്ത് ഇന്ത്യൻ സംസ്ഥാനങ്ങളിൽ വോട്ടിംഗ് യന്ത്രത്തെ പ്രോഗ്രാം ചെയ്ത് ഒരാൾ തന്നെ ഒരേ ചിഹ്നത്തിലേക്ക്(ലോക്കൽ നേതാക്കൾ) വോട്ട് ചെയ്ത് പോളിംഗ് ശതമാനം ഉയർത്തുന്ന പുതിയ പ്രവണതയെ മമ്മൂട്ടി അവതരിപ്പിക്കുന്ന എസ്.ഐ.മണികണ്ഠനും സംഘവും ചെറുത്തുതോൽപ്പിക്കുന്നതിന്റെ ദൃക്സാക്ഷ്യങ്ങളാണ് സിനിമയിലുള്ളത്. അതിന്റെ റിയലിസ്റ്റിക്കായ ദൃശ്യപശ്ചാത്തലങ്ങളാണ് 'ഉണ്ട'യിൽ ഉള്ളത്. ഖാലിദ് റഹ്മാൻ എന്ന സംവിധായകൻ 'രാക്ഷസരാജാവി'ലെ പോലെ നെഗറ്റീവ് ഷെയ്ഡുള്ള ഒരു പോലീസ് വേഷത്തെ കൗണ്ടർ ചെയ്യുന്നതാണ് ഉണ്ടയിൽ നാം കാണുന്നത്. 'ഉണ്ട' പോലീസിന്റെ സഹായഹസ്തങ്ങളെ ഒളിച്ചു കടത്തുന്നതിനു പകരം പ്രകീർത്തിക്കുന്ന



കെ.ജി.ജോർജ്ജ്



പത്മരാജൻ



ജോഷി



സിബി മലയിൽ



രഞ്ജി പണിക്കർ




മമ്മൂട്ടി ചിത്രമായ ഉണ്ടയിൽ

താണ് നാം കാണുന്നത്. ഇതിലെ ഒരു ഡയലോഗും പോലീസ് സേനയ്ക്കുള്ള വ്യാജ പ്രശംസാ വചനങ്ങളല്ല. സത്യത്തിൽ 'ഉണ്ട'പോലൊരു സിനിമ ഇന്ത്യയിലെ അന്യഭാഷകളിൽ റീമേക്കിൽ എത്തിയാൽ രാഷ്ട്രീയ നിരക്ഷരതനിവാരണ കേന്ദ്രമായി അന്യസംസ്ഥാനങ്ങളിലെ സിനിമാശാലകൾ പരിണമിക്കുമായിരുന്നു. മമ്മൂട്ടിയുടെ 'ഉണ്ട'യിലെ പോലീസ് വേഷം വലിയ ഒരു ഉത്തരവാദിത്ത ചിന്താഗതി കേരളത്തിലെ പോലീസ് സേനയ്ക്ക് കൈമാറുന്നുണ്ട്. കൃത്രിമമായ ഉത്തരവാദിത്വം ഉദ്ദീപിപ്പിക്കുന്ന ഒരു പിന്തിരിപ്പൻ പോലീസ് സേനയെ മൗനമായി എതിർക്കുന്ന ചിത്രം കൂടിയാണ് 'ഉണ്ട'. നിയമത്തെ കാഴ്ചവസ്തുവായി വൽക്കരിക്കാനുള്ള ലോക്കൽ മനുഷ്യരുടെ ആലോചനകളെപ്പോലും ഒരു രണ്ടാം വിചിന്തനത്തിനു പ്രേരിപ്പിക്കുന്ന ചില ദൃശ്യങ്ങൾ അതിലുള്ളതുകൊണ്ടാണ് 'ഉണ്ട' സാംസ്കാരിക നവീകരണത്തിന്റെ പാഠശാലയായി മാറുന്നത്. 'ഉണ്ട'യിലെ രാഷ്ട്രീയ മുഹൂർത്തങ്ങളൊന്നും ജുഗുപ്സാവഹമായ മറിമായങ്ങളല്ല. താരതമ്യേന യാഥാർത്ഥ്യനിഷ്ഠമായ സമീപനങ്ങൾ സിനിമയിൽ വെച്ചു പുലർത്താനാണ് ഖാലിദ് റഹ്മാൻ ശ്രമിക്കുന്നത്. അതുകൊണ്ടുതന്നെ മമ്മൂട്ടി അവതരിപ്പിക്കുന്ന പോലീസ് വേഷത്തിന് നിർണ്ണയിച്ചെടുക്കാനാവാത്ത ഒരു ജൈവികതയുണ്ട്.


**അനുബന്ധക്കുറിപ്പുകൾ**

സമകാലിക മലയാള സിനിമയുടെ കഥാഘടന തന്നെ നാം ജീവിച്ചുകൊണ്ടിരിക്കുന്ന ജീവിതമുഹൂർത്തങ്ങളുടെ സമകാലിക മുഹൂർത്തങ്ങളാണ്. 'തമാശ' എന്ന സിനിമ കഷണ്ടിയും അമിതവണ്ണവും വെച്ചു തരുന്ന മാനസിക സംഘർഷങ്ങളാണ്. 'വൈറസ്' നിപ്പ എന്ന രോഗത്തിന്റെ കാരണമാത്രപ്രസക്തമായ ചില വിവരണങ്ങളാണ്. 'ഇഷ്ക് 'എന്ന സിനിമ സദാചാരഗുണ്ടായിസത്തിനെതിരെയുള്ള ചോദ്യശരങ്ങളാണ്. 'ചിൽഡ്രൻസ് പാർക്ക്' അനാഥാലയ തട്ടിപ്പിനെതിരെയുള്ള പ്രതിഷേധശബ്ദമാണ്. അങ്ങനെ നോക്കുമ്പോൾ താരാധിപത്യത്തിനപ്പുറമുള്ള ഒരു സിനിമാ സംസ്കാരത്തിലേക്ക് നാം പ്രവേശിച്ചിരിക്കുന്നുവെന്നതിന്റെ തെളിവും സാക്ഷ്യവുമായി മാറുകയാണ് 'ഉണ്ട'യും. 'യവനിക 'യിൽ തുടങ്ങി 'ഉണ്ട'യിൽ എത്തിനിൽ ക്കുന്ന മമ്മൂട്ടിയുടെ പോലീസ് വേഷങ്ങളും മലയാളസിനിമയുടെ പുതിയ സൗന്ദര്യ സംഹിതകളെയാണ് നിർമ്മിക്കുന്നത്. എന്തെങ്കിലും പറയാനുണ്ടെങ്കിൽ മാത്രം സിനിമ ചെയ്യുക, താരാധിപത്യത്തെക്കാൾ കഥാപാത്രാധിപത്യത്തിന് പ്രാധാന്യം കൊടുക്കുക, സിനിമയെ സാക്ഷരതയ്ക്കുള്ള എളുപ്പ ചവിട്ടു പടിയാക്കുക, രാ ഷ്ട്രീയ പ്രബുദ്ധത ഉറപ്പുവരുത്തുക തുടങ്ങി എത്രയോ ലക്ഷ്യഉദ്ദേശ്യങ്ങളാണ് മലയാളസിനിമ ഇപ്പോൾ ഡിസൈൻ ചെയ്തു വച്ചിരിക്കുന്നത്. സാമ്പ്രദായിക പോലീസ് വേഷങ്ങളെ നിരാകരിക്കുന്ന മമ്മൂട്ടി എന്ന നടനശരീരത്തിന്റെ ഉണ്ടയിലെ പോലീസ് വേഷവും സിനിമയിലേതെന്നല്ല, സമാന്തര ജീവിതത്തിലെയും (ഇവിടുത്തെ) പോലീസ് സേനയുടെ തന്നെയും ഏറ്റവും പുതിയ സൗന്ദര്യസംഹിതയായി മാറുകയാണ്. പോലീസ് വേഷങ്ങൾകൊണ്ട് സമ്പന്നമായ മലയാളസിനിമയുടെ പാഠശാലയാണ് മമ്മൂട്ടിയുടെ പോലീസ് വേഷങ്ങൾ!

● *ഫോ: 8281165047*



വിനയൻ



രഞ്ജിത്ത്



അജയ് വാസുദേവ്



നിധിൻ രഞ്ജി പണിക്കർ



ഖാലിദ് റഹ്മാൻ

**കഥ**



രായമംഗലം
ജയകൃഷ്ണൻ

# ആറ് പൊറോട്ട

**ആമുഖം 2019**

ജനുവരി 22 ന് വൈകിട്ട് 5 മണിക്ക് അയ്യായിരത്തഞ്ഞൂറോളം അടി ഉയരത്തിൽ അവരെത്തിയിരിക്കുകയാണ്. കാറോടിക്കുന്ന ആൾ എന്തൊക്കെയോ രസമുള്ള വർത്തമാനങ്ങൾ അവരോട് പങ്കുവയ്ക്കുന്നുമുണ്ട്. ഇതുപോലെക്കെയുള്ള സംസാരപ്രിയരായ ഡ്രൈവർമാർ ദീർഘദൂരയാത്രകളിൽ കൂട്ടിനുണ്ടെങ്കിൽ നേരം പോകുന്നതറിയില്ല.

കഴിഞ്ഞ നാല്പത് വർഷത്തിനിടയ് ക്ക് ഇങ്ങനൊരു തണുപ്പ് മൂന്നാറിലുണ്ടായിട്ടില്ലായെന്നാണ് അയാൾ അവർക്ക് പറഞ്ഞു കൊടുത്തുകൊണ്ടിരുന്നത്. നേരം വെളുക്കുമ്പോൾ മുറ്റം മുഴുവൻ മഞ്ഞുകട്ടകളാണ്. ഇലയുടേയും വെള്ളമടിക്കുന്ന പച്ച ഹോസിന്റേയും പുറത്തെല്ലാം പഞ്ചസാരത്തരികൾ പോലെ മഞ്ഞുകട്ടകൾ പറ്റിച്ചേർന്നിരിക്കും. ഒൻപതു മണിയാകാതെ പുറത്തിറങ്ങിയാൽ വലിയ കിടുകിടുപ്പായിരിക്കും.സുധനും,ഭാര്യയ്ക്കും തണുപ്പിനോട്പൊരുതി നിൽക്കാൻ പറ്റാത്ത ശാരീരികാവസ്ഥയാണുള്ളത്. അതുകൊണ്ടാണ് ഈ വരുന്ന ജനുവരി മുപ്പതിന് അവർ നടത്താനിരിക്കുന്ന ഡെൽഹിയാത്രയിൽനിന്നും സുധനും അംബികാമ്മയും പിന്മാറിയിരിക്കുന്നത്. പക്ഷേ മൂന്നാറിനേക്കാൾ തണുപ്പു കുറവായതുകൊണ്ടാണ് യാത്ര മറയൂർക്ക് മാറ്റിയത് എന്ന കാര്യത്തിൽ അടിസ്ഥാനമില്ല.സുധൻ അങ്ങോട്ട് പോകണമെന്ന് മോഹം പ്രകടിപ്പിച്ചു. അല്ലെങ്കിൽതന്നെ കണ്ണൊള്ള ഏതു മനുഷ്യർക്കാണ് മറയൂർ ഇഷ്ടപ്പെടാതിരിക്കുന്നത്. പച്ചമലകളാൽ ചുറ്റപ്പെട്ട പച്ചിലകളുടെ വെള്ളപ്പൊക്കമാണ് മറയൂർ! വിരൽപ്പാടുള്ള തേനൂറും മറയൂർ ശർക്കരയും പിന്നെ ചന്ദനമരങ്ങളുടേയും സുന്ദരഭൂമി; അവിടത്തെ ആളുകളെപ്പോലെതന്നെ!

മൂന്നാറിൽനിന്നും മറയൂർക്കുള്ള യാത്രമദ്ധ്യേ ചില്ലിക്കൊമ്പനും കൂട്ടരും തകർത്തിട്ട വഴിയോര കടകൾ കണ്ടു. തണുപ്പു സഹിക്കവയ്യാതായപ്പോൾ പ്രേമേട്ടന്റെ വഴിയരുകിലുള്ള പെട്ടിക്കടയിൽ ചായ കുടിക്കാൻ നിറുത്തി. ചില്ലു ഭരണിയിലിരിക്കുന്ന ചെറിയ നുറുക്ക് കഴിച്ച് ആഴ്ന്നു കിടക്കുന്ന പ്രകൃതിയുടെ മനോഹാരിത ആസ്വദിച്ച് സെൽഫിയെടുത്തു. മഞ്ഞിന്റെ കുത്ത് മേത്തേക്ക് ആശ്ലേഷിച്ചു കയറുകയാണ്. പടയപ്പ വരാറുണ്ടോയെന്ന ഡ്രൈവറുടെ ഒരൊറ്റ ചോദ്യംകൊണ്ട് അണപൊട്ടിയപോലെ ചായക്കടക്കാരൻ പടയപ്പയെ വിവരിക്കാൻ തുടങ്ങി. അവന്റെ സങ്കേതം മാട്ടുപ്പെട്ടിയിലാണെങ്കിലും ഇങ്ങോട്ടൊക്കെ വന്നു പൈനാപ്പിൾ കിട്ടിയാൽ അതെടുത്ത് അവൻ പൊയ്ക്കൊള്ളും. ഒരു ഉപദ്രവകാരിയല്ലെന്ന് പ്രേമേട്ടൻ പറയുന്നു. മൂന്നു മീറ്ററോളം കൊമ്പിനു നീളമുള്ള പടയപ്പയെന്ന മനുഷ്യസ്നേഹിയായ ഭയങ്കര വലുപ്പമുള്ള ആനയെ കാണാൻ ഡ്രൈവർ ചുറ്റും കുറച്ചുനേരം നോക്കിനടന്നെങ്കിലും കണ്ടെത്താനായില്ല. അങ്ങനെയൊന്നും അവനെ കാണാൻ സാധിക്കില്ല. അ തിനൊക്കെ ഒരു ഭാഗ്യം വേണം. പടയപ്പ എന്ന സിനിമയിലെ രജനീകാന്തിന്റെ പ്രകടനമാണ് അവന് ഈ പേരു വീഴാൻ കാരണമത്രെ! പിന്നീട് മുന്നോട്ടുള്ള യാത്രയിൽ പലയിടത്തും ആനപ്പിണ്ടം കണ്ടപ്പോൾ അവരുടെയെല്ലാംഉള്ളൊന്നു നടുങ്ങി. മുന്നിൽ വന്നു നിന്നാൽ എന്തു ചെയ്യും? അവന് തോന്നുന്നത് ചെയ്യാമല്ലോ, ആരും ചോദിക്കാൻ വരില്ല. ആനയെ വഴിയില്ലെങ്ങും കാണല്ലെയെന്ന പ്രാർത്ഥനയോടെ ഗണപതി ഭഗവാനായിരുന്നു അംബികാമ്മയുടെ മനസ്സുനിറയെ.അവനും അവളും മറ്റൊരുരസത്തിന്റെ ലോകത്താണ് യാത്ര ചെയ്തുകൊണ്ടിരുന്നത്.

ഈ കഴിഞ്ഞ ഡിസംബർ 25-നാണ് അവരുടെ കല്യാണം കഴിഞ്ഞത്. വനവാസകാലംപോലെ കഴിഞ്ഞ ഏഴു വർഷത്തിനുശേഷം നാട്ടിലെത്തിയപ്പോൾ കുലീനത്വമുള്ള ഒരു പെൺകുട്ടിയെ കണ്ടെത്തി വിവാഹം നടത്തിക്കൊടുത്തത് സുധനായിരുന്നു. ഇനി അവർ അബുദാബിക്ക് പോയിക്കഴിഞ്ഞാൽ അവൾക്ക്

നഴ്സായി ആസ്ട്രേലിയയിൽ രണ്ടുവർഷം കഴിഞ്ഞാൽ ജോലികിട്ടും. ഒപ്പം അവനും പോകും. പിന്നെ എപ്പോഴെങ്കിലും നാട്ടിൽ വന്നാലായി. ഇവിടെ ആരെക്കാണാൻ വരണം; അവന് ഞങ്ങളാണുള്ളത്. പത്തു വർഷം കഴിഞ്ഞാൽ ഞങ്ങൾ ഈ ഭൂമിയിൽ ഉണ്ടാകുമെന്നതിന് എന്തുറപ്പാണുള്ളത്. പത്തുവർഷം പോയിട്ട് നാളെ ഉണ്ടാകുമെന്ന തിന് എന്തുറപ്പുണ്ട്.


അവർ മറയൂരിലെ ചന്ദന റോയൽ റിസോർട്ടിലെത്തി. നല്ല രസമുള്ള പരിസരം.മഞ്ഞിൽ കുളിച്ചുനിൽക്കുന്ന മരങ്ങൾ. കരിമ്പോലകൾ കാറ്റിൽ ചാഞ്ചാടിക്കൊണ്ടിരിക്കുന്നു. കുളിര് തന്ന ആ കാറ്റ് അവരെയെല്ലാം കെട്ടിപ്പിടിച്ചു. മറയൂർ കേരളത്തിന്റെ ഒരു ഭാഗ്യമാണ്.

തൊട്ടടുത്തുള്ള ഒരു ശർക്കര ആലയിൽ അവരെല്ലാം പോയി കരിമ്പിൻ ജൂസ് കുടിച്ച് ശർക്കരയുരുട്ടി നോക്കി. പിന്നെ ഉച്ചയൂണ് മണിയുടെ വീട്ടിലായിരുന്നു. സുധൻസാറിന്റെ സുഹൃത്താണ്. അദ്ദേഹത്തിന് എം.ആർ.സ്റ്റീൽ എന്നൊരു സ്ഥാപനമുണ്ട്. രാത്രി ഭക്ഷണം ചന്ദന റോയൽ റിസോർട്ടിൽ നിന്നും തന്നെ കഴിക്കാൻ തീരുമാനിച്ചപ്പോൾ അതിനെല്ലാ സഹായങ്ങളും സുധന്റെ സുഹൃത്തുകൂടിയായ അവിടത്തെ ഡയറക്ടർ സജി ചെയ്തുകൊടുത്തു. എല്ലാവരും ഡൈനിംഗ് ടേബിളിനുചുറ്റും ഇരുന്നു.

'എടാ മോനേ നീ ഡെൽഹിയിലെത്തി വിളിക്കണം കേട്ടോ.'

'വിളിക്കാം പ്രോഗ്രാം കുറച്ച് നീളും ഞങ്ങൾക്ക് ചാണ്ടിഗഢിലേക്ക് കൂടി പോകണം. ഇവൾക്ക് ഗോതമ്പ് തോട്ടം കാണാൻ വാക്കുള്ള്.'

'നീ കൊണ്ടോയി കാണിക്ക്. പിന്നെ ഏതെ



ങ്കിലും ഒരു നിരാംലംബയായ സ്ത്രീയെ സഹായിക്കണമെന്ന് നീ പറഞ്ഞിരുന്നില്ലേ? അങ്ങനൊരാൾ ഈ മറയൂർ തന്നെയുണ്ട്. ഇന്നലെ നമ്മള് പോയ ശർക്കര ആലയിലെ ഒരു സ്ത്രീയുണ്ട് നമ്മുടെയൊക്കെ നാട്ടുകാരി ഒരു മലയാളി.'

'ഹൊ എങ്ങനെ കണ്ടെത്തുന്നു ഈ സുധൻസാറ് ഇവരെയൊക്കെ..... ചേച്ചി... അംബികേച്ചി എനിക്കൊന്നു പറഞ്ഞുതരാമോ ഈ സാറ് എങ്ങനെ ഇവരെയൊക്കൊ കണ്ടുപിടിക്കുന്നെന്ന്...' യാന്ത്രീകതയോടെയുള്ള അവന്റെ ചിരി ഉച്ചത്തിലായിപ്പോയി.

അപ്പോൾ അംബികാമ്മ കൈമലർത്തി ആഴത്തിൽ ചിരിച്ചു.

'എടാ അവരെ സഹായിക്കാൻ ഈ ലോകത്ത് ഏറ്റവും അർഹതപ്പെട്ടത് നീ തന്നെയാണ്. അവരുടെ ജീവിതം കഷ്ടമാണ്. അവരുടെ ഭർത്താവ് ആന തട്ടി കുറച്ചുനാളുമുൻപേ മരിച്ചുപോയി. ഇപ്പോൾ ഒറ്റപ്പെട്ട് ജീവിക്കുന്നു.' അയാൾ വീണ്ടും പറയാൻ തുടങ്ങി.

'ഇതിപ്പോ എനിക്കു തോന്നുന്നേ അവരുടെ മകനുവേണ്ടി വഴിവിട്ട എന്തൊക്കെയോ സാമ്പത്തികതിരിമറികൾ നടന്നിട്ടുണ്ട്. നാട്ടിൽ നിൽക്കാൻ പറ്റാതായി. ഒരു ഷീറ്റുവച്ചു മേഞ്ഞ ചെറിയൊരു പുരയാണിപ്പോഴുള്ളത്. കുറച്ചു തമിഴത്തി സ്ത്രീകളുടെ നന്മകൊണ്ട് ജീവിച്ചുപോണു. ഇവരെ നീ ചെന്നു സഹായിക്കണം.'

'സഹായിക്കാം.'

'അവരുടെ വീടുവരെ നീയൊന്നു വരുന്നുണ്ടോ.ഒന്നു നേരിട്ട് കാണാം. ഞാനെല്ലാം അവരോട് പറഞ്ഞു.'

'വേണ്ട സുധൻ സാറേ അങ്ങനൊന്നും വേണ്ട. എനിക്കെല്ലാം മനസ്സിലായി. ഞാൻ പ്രോമിസ് ചെയ്ത ഏഴു ലക്ഷം ട്രാൻസ്ഫർ ചെയ്യാം. ഇവിടെ ഇപ്പോൾ എന്റെ ഫോണിന് റേയ്ഞ്ച് ഇല്ല. ഞാൻ നാളെത്തന്നെ സുധൻസാറിന് ഫണ്ട് ട്രാൻസ്ഫർ ചെയ്യാം. ചെറിയൊരു രണ്ടുനില വീടുണ്ടാക്കണം. എന്നിട്ട് മുകളിലത്തെ നിലയിലെ സിറ്റൗട്ടിൽ ഒരു ചൂരൽ കസേരയിടണം. എന്നിട്ട് അവരെ അവിടെ ഇരുത്തണം. പൈസ തികഞ്ഞില്ലെങ്കി പറഞ്ഞാ മതി' അവൻ ആർദ്രതയോടെ സുധൻസാറിനോട് പറഞ്ഞപ്പോൾ അയാൾ തിരിച്ചു ചോദിച്ചു.

'അവരുടെ ഫോട്ടോ നിനക്ക് വാട്ട്സാപ്പിൽ അയച്ചു തരണോ?'

'ഇപ്പോൾ വേണ്ട സുധൻസാറെ ചൂരൽക്കസേരയിൽ ഇരുത്തിയിട്ട് അയച്ചുതന്നാൽ മതി.'

'നിന്നെ മോനെയെന്നൊന്നു വിളിക്കണമെന്ന് അവർക്കാഗ്രഹമുണ്ട്. ഞാനൊന്ന് അവരെ വിളിച്ചു തരട്ടെ.'

'സാറിന് നിർബന്ധമാണെങ്കിൽ സംസാരിക്കാം.'

'നിന്റെ മനസ്സ് എത്ര വിശാലമാണ് മോനെ. നീ ഇനിയും ഉയരങ്ങളിലേക്കെത്തും.'

അപ്പുറത്തുനിന്നു ഹലോയെന്ന വിളികേട്ടപ്പോൾ സുധൻ അവന് ഫോൺ കൈമാറി.

'മോനേ എന്റെ മോനേ നിനക്ക് കൈകൂപ്പി പ്രണാമം'

'ശരി അമ്മേ നന്നായി ജീവിക്കൂ.'

'ഞാൻ മോനുവേണ്ടി പ്രാർത്ഥിക്കാം.'

'എന്റെ അമ്മയും ഇതുപോലൊക്കെ ഒരിക്കൽ നിങ്ങളെ പ്രാർത്ഥനയിൽ ഉൾപ്പെടുത്തിയത് ഞാനിപ്പോ ഓർത്തുപോയി അമ്മേ.'

ഫോണിലൂടെ ഒരു തേങ്ങൽ കേട്ടു.

വെജിറ്റബിൾ സൂപ്പും ചിക്കൻസൂപ്പും മട്ടൻ റോസ്റ്റും ചിക്കൻ ഫ്രൈയും എല്ലാവരും കഴിച്ചുകൊണ്ടിരുന്നപ്പോൾ ഒരു നാരങ്ങാവെള്ളം കുടിച്ചുകൊണ്ടിരുന്ന അവനോട് സുധൻ ചോദിച്ചു.

'നിന്റെ ഓർഡർ പറയൂ. നിനക്കെന്താ മോനേ കഴിക്കാൻ വേണ്ടത്?'

'എനിക്ക് രണ്ട് ചപ്പാത്തിയും ഒരു ഡാൽ ഫ്രൈയും മതി.'

അപ്പോൾ ചടുലതയോടെ സുധൻ പറഞ്ഞു.

'എനിക്ക് ഒരു ആറ് പൊറോട്ട വേണം.'

അവന്റെ ഇരു കവിളുകളും തോടുകളായൊഴുകി. ആ കണ്ണീർതോടുകൾ സുധൻ വകഞ്ഞുമാറ്റി അവനെ ചിരിപ്പിച്ചു. തന്നെ ഇതുവരെയെത്തിച്ച സുധൻ സാറിന്റെ സ്നേഹം അവൻ തിരിച്ചറിയുന്ന നിമിഷങ്ങളായിരുന്നു കടന്നുപോയിക്കൊണ്ടിരുന്നത്.

ഒരു ആറു പൊറോട്ടയുടെ കഥ

സുധനും അംബികാമ്മയും ഇനിയങ്ങോട്ട് പറയാൻ പോകുന്നത് ഒരു ചരിത്രമാണ്. കുറേ വർഷങ്ങൾക്കു മുൻപ് തന്റെ വീട്ടിൽ സംഭവിച്ച ആ സംഭാഷണം അവർ ഓരോന്നോർത്തോർത്തു പറയട്ടെ.

നോവൽ ആരംഭിക്കുന്നു 1988

ബേക്കറിയിൽ നിന്നും വാങ്ങിച്ച മിക്ചർ തിന്ന് കട്ടൻകാപ്പി ഊതിക്കുടിച്ചു ടിവി കണ്ടുക്കൊണ്ടിരിക്കുന്നതിനിടയിലാണ് അവൻ വീട്ടിലേക്ക് കയറിവന്ന് സുധൻസാറുണ്ടോയെന്ന് അവളോട് ചോദിച്ച് ഒരു മര്യാദയുമില്ലാതെ അവരുടെ ആ പുതിയ ചൂരൽ കസേരയിലേക്ക് അവന്റെ ഊരയമർത്തിയത്. ഭായികളെ ജോലിക്കു നിർത്തി കുരിയാക്കോസേട്ടൻ ഉണ്ടാക്കിത്തന്ന ചൂരൽക്കസേര ഞങ്ങളുടെ പരാധീനതകളും സാമൂഹ്യസേവനങ്ങളുമൊക്കെപ്പറഞ്ഞു പേശിപ്പേശി കഴിഞ്ഞ ശനിയാഴ്ച ആയിരത്തി അറുന്നൂറ്റി അൻപത് രൂപക്ക് വാങ്ങിച്ചുകൊണ്ടുവന്ന് സ്വീകരണ മുറിയിൽ കൊണ്ടന്നിട്ടേയുള്ളു. അവന്റെ മുഖത്തേക്ക് ഒന്നുകൂടി അംബികാമ്മ തെളിമയോടെ നോക്കി.

'ചായ എടുക്കട്ടെ.'

'ങ്ഹാ ...തന്നേക്ക്'

സുധേട്ടൻ വരുമ്പോൾ കൊടുക്കാനായി തിളപ്പിച്ച് മിൽട്ടന്റെ തെർമോസ്റ്റീൽ ഫ്ളാസ്ക്കിലാക്കി വച്ചിരിക്കുന്ന ചായ ഒരു ഗ്ലാസെടുത്ത് കൊടുത്തു. നല്ല ചൂടുണ്ട്. ഊതിക്കുടിക്കട്ടെ. ആനക്ക് പനങ്കൈ ഇട്ടു കൊടുക്കുന്നതുപോലെ മിക്ചറും കപ്പ വറുത്തതും അവന്റെ മുന്നിലേക്ക് നീട്ടിവച്ച് കൊടുത്തു. ജനലും വാതിലുകളുമെല്ലാം തുറന്നിട്ടു. ഇനി എപ്പോഴാണ് ഇവന്റെയൊക്കെ മനസ്സ് മാറുന്നതെന്ന് എങ്ങനറിയാം. ഒന്നു വിളിച്ചു കരഞ്ഞാൽ നാലാൾക്കാര് കേൾക്കണമെങ്കിൽ വാതിലും ജനലും തുറന്നിടണം. അവനെ അകത്തിരുത്തി

● കവിത ●



ശ്യാം ഏനാത്ത്

# വിശ്വാസിയുടെ കുമ്പസാരം



**അ**ക്ഷരങ്ങൾക്ക് അകം പിടയുകയായിരുന്നു
വാക്കുകളെക്കുറിച്ചോർത്ത്!
'പട്ടിണിയും പൊങ്കാല'യുമായിരുന്നു
ആ വാക്കുകൾ
വാക്കുകൾക്ക് വകതിരിവില്ലെന്ന് ചിലർ!
ചില വാക്കുകൾ ചിലർക്കങ്ങനെയാണല്ലോ!
അക്ഷരങ്ങൾ വരിക്ക് പുറത്തേക്ക്
പോകുംപോലെ-
പൊങ്കാലക്കലങ്ങൾ റോഡിലേയ്ക്ക്!
അങ്ങനെ ചില റോഡുകൾ,ചില നേരങ്ങളിൽ
പുണ്യസ്ഥാനമായി മാറുന്നു!

അടുപ്പിൽനിന്ന് ഉയരുന്ന പുകച്ചുരുളിൽ
യുദ്ധക്കെടുതിയിൽ വലയുന്ന കറുത്ത-
മക്കളുടെ ദൈന്യമുഖം;
അതു പറയുന്നു: ദൈവം അന്നമാകുന്നു!
ഉമിനീർ വറ്റിയോർക്ക് ആശ നൽകുന്നത്
പാപമല്ലെ? അവരിത് കാണാതിരിക്കട്ടെ...!
ഓർക്കുക! ഉള്ളവനേയും ഇല്ലാത്തവനേയും
അറിയുവാൻ വിശ്വാസി
ഇനിയുമെത്ര അകലെയെന്ന്...! ●
*(സ്നേഹം കറുപ്പാകുന്നു)*

അംബികാമ്മ പുറത്തെ അരപ്ലേസിലായി കുത്തിയിരുന്നപ്പോൾ പണ്ട് കള്ളുകുടിക്കാൻവേണ്ടി കുറുപ്പംപടി ഷാപ്പിലേക്ക് അവളുടെ അച്ഛൻ കയറിപ്പോകുമ്പോൾ ബീഡി തെറുപ്പുകാരൻ ഔസേപ്പട്ടന്റെ കടയിലെ വളഞ്ഞുപുളഞ്ഞു പൊട്ടുവീണുതുടങ്ങിയ സിമന്റ് ചാന്തിട്ട അരപ്ലേസിൽ കപ്പലണ്ടി മിഠായി തിന്ന് അച്ഛൻ വരുന്നതും കാത്തിരിക്കുന്നതുപോലെത്തെ ഒരു ഇരിപ്പായിരുന്നു ഇപ്പോഴത്തെ അംബികാമ്മയുടെ ഇരിപ്പിന്റെയൊരു ശേല്തന്നെ! രക്ഷപ്പെട്ടു പുള്ളി വരുന്നുണ്ട്. വന്നപാടെ തന്നെ ഒണക്ക നാളികേരമിട്ടിരിക്കുന്നതിന്റെയും പഴയ മോഡൽ ഹോണ്ടസിറ്റി പാർക്ക് ചെയ്തിരിക്കുന്നതിന്റേയും ഇടയിലായി അയാൾ ബൈക്ക് കേറ്റിവച്ചു. അതാണ് അതിന്റെ സ്ഥാനവും.
'ദേ ഒരു പയ്യൻ വന്നേക്കണു?'
'നീ എപ്പോ വന്നു? ചായ കുടിച്ചോ?'
'ഞാൻ അന്ന് നിന്റെ അനുജനെന്ന് പറഞ്ഞ് തന്നുവിട്ട പൊറോട്ട നീ തിന്നത് ശരിയായോ നീയത് മുഴുവനും എന്തിന് തിന്നു ഒരെണ്ണമെങ്കിലും കൊടുക്കാമായിരുന്നില്ലെടാ.'
'വെറുതെ വഴക്കുണ്ടാക്കരുത്ട്ടോ.നിങ്ങടെ വർത്താനങ്ങൾതന്നെ ആരേം വെറുപ്പിക്കും. എന്നെപ്പോലെയാ എല്ലാവരുമെന്ന് കര്തേണ്ട.'
അംബികാമ്മയുടെ താക്കീത് കേട്ടപ്പോൾ അയാൾ മുഖത്ത് ഭാവാഭിനയം വരുത്തി അംബികാമ്മയുടെ മുഖത്തു നോക്കി പല്ലിളിച്ചു.
'പൊറോട്ട നീ എന്തുകൊണ്ട് കൊടുത്തില്ല നിനക്കെന്തെങ്കിലും പറയാനുണ്ടോ? കാഴ്ചയില്ലാത്ത നിന്റെ അനുജന് വാങ്ങി

ത്തന്നുവിട്ട പൊറോട്ട നിന്റെ കൊതിമൂത്ത് ആ പാവത്തിന് കൊടുക്കാതെ വണ്ടിയിൽവച്ച് നീ തിന്നുതീർത്തു. എന്താ നീ എന്റെ മുഖത്തേക്ക് നോക്കിക്കൊണ്ടിരിക്കണേടാ.'

'വിശപ്പ് വലിയൊരു നിലവിളിയാണ് സാറേ. എന്റെ വയറ് കത്തിക്കാളി. എനിക്കത് സഹിക്കാൻ കഴിഞ്ഞില്ല.' അവൻ കണ്ണുനിറച്ചുകൊണ്ട് വീണ്ടും പറഞ്ഞു.

'ഞാൻ സാറിനെപ്പോലെയല്ലല്ലോ പത്തിരുപത്തിനാല് വയസ്സ് കഴിഞ്ഞ ഒരു ചെറുപ്പക്കാരനല്ലേ. ഞാനൊരു സത്യസന്ധനായതുകൊണ്ടാണ് അനിയന് കൊടുത്തില്ലെന്ന് പറഞ്ഞത്. കൊടുത്തു എന്നു പറഞ്ഞാലും സാറ് വിശ്വസിക്കാതിരിക്കില്ലല്ലോ. കാരണം എന്റെ അച്ഛനൊരു സത്യസന്ധനായിരുന്നു. ഈ പെരുമ്പാവൂരീന്ന് കോട്ടയം കുറിച്ചി ഔട്ട് പോസ്റ്റ് വരെ ഞാൻ വിശപ്പ് സഹിക്കണം. അല്ലേ? ഇതൊന്നും എന്റെ അമ്മ അറിഞ്ഞാൽ സഹിക്കില്ല.'

'എന്തു സഹിക്കില്ല?'

'ഞാനിങ്ങനെ വിശപ്പ് സഹിച്ചാണ് യാത്ര ചെയ്തെന്നറിഞ്ഞാൽ.'

'ഓഹോ നീ ഭഗവാൻ ശ്രീകൃഷ്ണനെ അറിയുമോ? ക്ഷേത്രത്തിലൊക്കെ പോകാറുണ്ടോ?'

'ഞാനും അമ്മയും അമ്പലത്തിൽ പോകുന്നതേ എനിക്കും അനുജനും നന്മകളും ഐശ്വര്യവും വരാൻവേണ്ടിയാണ്. പിന്നെ ആ പ്രിൻസിപ്പാലിനും അവരുടെ ഭർത്താവിനും ആയുസ്സിനുവേണ്ടി അമ്മ എന്നും കൈകൂപ്പി നിന്ന് തൊഴും. അപ്പോഴൊക്കെ അമ്മയുടെ കണ്ണുകൾ നിറഞ്ഞൊഴുകും. എല്ലാ സങ്കടങ്ങളും അവിടെപോയി അമ്മ പറയും. വീട്ടിലെത്തിയാൽ പിന്നെ എന്റെ അമ്മ ഏറെ സമാധാനത്തിലും സന്തോഷത്തിലുമായിരിക്കും. തിരുമേനി തരുന്ന ചന്ദനം നെറ്റിയിൽ തൊടുമ്പോൾ മേലാസകലം ദേവന്റെ അനുഗ്രഹത്തിന്റെ ഒരു തണുത്ത സ്പർശം കിട്ടുമെന്നൊക്കെ അമ്മ പറയാറുണ്ട്. പക്ഷേ എനിക്ക് കടുംപായസത്തിലും തൃമധുരത്തിലുമാണ് കണ്ണ്. പിന്നെ വെളുപ്പിനെയുള്ള ഗണപതി ഹോമത്തിന്റെ പ്രസാദമില്ലേ? എനിക്കെന്തൊരിഷ്ടാണെന്നറിയോത്. ആരെങ്കിലും പ്രസാദം വാങ്ങിക്കൊണ്ടുപോകാത്തവരുണ്ടോയെന്ന് അമ്മയെക്കൊണ്ട് തിരുമേനിയോട് ചോദിപ്പിക്കും. മിക്കദിവസങ്ങളിലും രണ്ട് പട ഉണക്കച്ചോറും കൂട്ടുപായസോം കിട്ടും. കൂട്ടുപായസം കുറവാ കിട്ടണതേ. ഭാഗ്യത്തിന് ചെലപ്പോ കടും പായസം കിട്ടിയ ദിവസങ്ങളുണ്ടായിട്ടുണ്ടേ.'

'നിന്റെ വർത്താനം അവസാനം വന്നു നിക്കണത് തീറ്റയിൽത്തന്നെയാണല്ലോടാ. നീ എന്റെ ചോദ്യം കേട്ടായിരുന്നോ? ഞാൻ ചോദിച്ചതിന് നീ ഉത്തരം പറാ. ഇതൊക്കെയാ നിനക്ക് പറ്റിയപ്പറ്റെന്ന് പറയുന്നതേ. പരീക്ഷയ്ക്കും നീ ഇങ്ങനൊക്കെയല്ലേ കാട്ടിക്കൂട്ടി വയ്ക്കുന്നത്. ചോദിക്കുന്ന ചോദ്യത്തിന് ഏതെങ്കിലും ഉത്തരമെഴുതിയാൽ പോരാം. ശരിയായതെഴുതണം. വേണ്ടേടാ? നീ പള്ളിക്കൂടത്തി പഠിക്കുമ്പൊ സാറിന്റെ പിച്ചും കൊണ്ട് കാണാപാഠം പഠിച്ച ഒരു പദ്യമില്ലേ...'

'പറഞ്ഞതങ്ങനെതന്നെ പാതിരാവായല്ലോ പത്നി കുറഞ്ഞൊന്നുറങ്ങട്ടെ ഞാനുലകീരേഴും.'

'കേട്ടിട്ടുണ്ടോ നീ ഈ പദ്യം? കുചേലവൃത്തം വഞ്ചിപ്പാട്ട് എന്ന ഒറ്റകൃതികൊണ്ട് മലയാളസാഹിത്യത്തെ അനശ്വരമാക്കിയ ഒരു കവിയുണ്ട് മലയാളത്തില് .രാമപുരത്തുവാര്യരെക്കുറിച്ച് നീ കേട്ടിട്ടുണ്ടോ? പഠിക്കാനെ സ്കൂളിലേക്ക് കാർന്നോന്മാര് വിട്ടപ്പഴേ കാളകളിച്ച് കലങ്കിന്റെ അടിപ്പോയി പറ്റിയിരുന്നിട്ട് കാര്യമുണ്ടോ? പഠിക്കണായിരുന്നു. എങ്കിലേ ഞാൻ പറഞ്ഞു തരാം. ശ്രീകൃഷ്ണൻ ഗുരുകുലത്തിൽ പഠിക്കണ സമയത്ത് അദ്ദേഹത്തിനൊരു കൂട്ടുകാരനുണ്ടായിരുന്നു. ആ കഥ നിനക്കറിയുമോ? നിന്നോടതൊന്നും പറഞ്ഞിട്ട് കാര്യമില്ല. മറ്റൊരാൾക്ക് കൊടുക്കണമെന്നേല്പിച്ച ഭക്ഷണം കട്ട് തിന്നരുത്. അതിനിപ്പോ നീ എന്താ ഇങ്ങനെ ഏങ്ങിക്കരയണത് ഞാൻ നിന്നെ തല്ലിയൊന്നുമില്ലല്ലോ.'

'ഞങ്ങൾ മൂന്നുപേരും ഒന്നിച്ചിരുന്നാ ചോറ് തിന്നാറ്. എനിക്കൊരിക്കലും ചോറ് മതിയാകാറില്ല. എന്തോരം തിന്നാലും മതിവരാറില്ലാന്നേ.എന്റെ അമ്മക്ക് എന്നെ തീറ്റിപ്പോറ്റുകയെന്നതാണ് ഏറ്റവും പ്രയാസം. എല്ലാ ദിവസങ്ങളിലും അമ്മയുടെ പിഞ്ഞാണത്തിലെ പകുതിചോറ് വലതു കൈകൊണ്ട് വാരി അമ്മ എന്റെ കിണ്ണത്തിലേക്കിട്ട് തരും. എന്നിട്ട് മിക്ക ദിവസങ്ങളിലും അമ്മ കഞ്ഞിവെള്ളത്തി ഉപ്പിട്ടാ കുടിക്കണതേ.'

'നിനക്ക് നാണമുണ്ടോടാ അതു വാങ്ങിതിന്നാൻ. അന്തിവരെ റബ്ബർ മരത്തീന്ന് പാലെടുക്കാനും കിളയ്ക്കാനുമൊക്കെ പോയല്ലേ നിനക്ക് കൊണ്ടുതരണത് അല്ലേടാ? '

'അമ്മ എപ്പോഴും പറയും സുധൻ സാറേ, എന്നെ തീറ്റിപ്പോറ്റാനാണ് അമ്മക്ക് വിഷമമെന്ന്. അനിയന് കൊറച്ച് ചോറ് മതി. ഒരു കലം വച്ച അത് മുഴോൻ എനിക്ക് തിന്നാൻ ഇച്ചിരിക്ക് മോരും കാന്താരിമുളകും മതിന്നേ. ചെലപ്പോ അനിയന് ചോറ് വേണ്ടാന്ന് പറഞ്ഞാ അതും ഞാൻ തിന്നാറുണ്ട്.'

'നിന്റെ കൂട്ടുകാരൻ പ്രവീൺ പറഞ്ഞത് നീ ഒരു ജോലിക്ക് പോയിത്തുടങ്ങിയെന്ന്.എന്നിട്ട് അത് എന്തായി.' 'അത് ശരിയാണ് സാറേ, ആ കമ്പനിക്കാരും ഞാനുമായി ഉച്ചക്ക് ഊണുകഴിക്കാൻ ഹോട്ടലിൽ കയറിയതാ. കൊഴുവ വറുത്തതും കക്കാ ഫ്രൈയും വലിയ പ്ലേറ്റിൽ മുമ്പിൽ കൊണ്ട് വച്ചു. എന്റെ ആദ്യമേ ഞാൻ തിന്നു തീർത്തു. എന്നിട്ട് അവരുടെ പാത്രത്തീന്ന് കൊഴുവ വറുത്തതും കക്കായിറച്ചിയും ഞാൻ കൈകൊണ്ട് വാരിയെടുത്തു തിന്നു.'

'കൈയിട്ടുവാരി തിന്നുന്നത് തെറ്റല്ലേ. നിന്നെ ഇതൊന്നും അമ്മ പഠിപ്പിച്ചിട്ടില്ലേ?'

'വീട്ടിൽ അനിയന്റേതിൽനിന്നും അമ്മയുടേതിൽ നിന്നും കൈയിട്ടു വാരിതിന്നാറുണ്ട്. പിന്നെ, അനിയന്റെ കൈയിട്ട് വാരിതിന്നാലും അവന് കണ്ണില്ലേലും അറിയാൻ സാധിക്കും. അവൻ എന്റെ പൊറത്തിനിടിക്കും. ഇടികൊണ്ടാലും തല്ലിയാലും കൊഴപ്പോല്യാ. എനിക്കെന്റെ വിശപ്പ് മാറ്റണ്ടേ

സാറെ. ഒരുദിവസം ദേഷ്യംവന്നപ്പോൾ ഞാനുമൊരു ഇടി കൊടുത്തു. എന്റെ ഇടിയുടെ ആഘാതത്തിൽ ചോറും കിണ്ണത്തിലേക്ക് മൂക്കുംകുത്തി അവന്റെ തല കുമ്പിട്ടുപോയി. അവൻ എഴുന്നേറ്റിട്ട് ഒരൊറ്റയടി കരണത്തിന് തന്നു. പ്ലാസ്റ്റിക് കൂട് വായുനിറച്ച് വലിച്ചടിച്ചു പൊട്ടിക്കുന്നതുപോലത്തെ ഒച്ചയായിരുന്നു. ഞാൻ വീട്ടീന്നെറങ്ങി ഓടി. എന്റെ കഴുത്ത് അവന്റെ കൈയീ കിട്ടിയിരുന്നെങ്കി എന്നെ ഞെക്കിക്കൊന്നേനെ. നല്ല ശക്തിയാ. ഈർക്കിലിപോലെയാ ഇരിക്കണേങ്കിലും നല്ല ബലമുണ്ട്. അതിന് ഞാൻ നന്നായി പകരം വീട്ടി. ഞങ്ങടെ വീട്ടിൽ നാടൻ കോഴീണ്ടേ. അത് മൊട്ടയിടും. ഒരു ദിവസത്തെ മൊട്ട എനിക്കാണെങ്കി അടുത്ത ദിവസത്തെ അനിയനാണ്. കോഴി മുട്ടയിടാനിരിക്കുന്നതൊക്കെ എനിക്കറിയാം. അതു മുട്ടയിട്ടു കഴിഞ്ഞാൽ ചൂടാറുന്നതിനു മുമ്പേ ഞാനതു പൊട്ടിച്ച് വായിലേക്കൊഴിക്കും. അടുത്ത ദിവസം അനിയനു കൊടുക്കണമെന്ന് എനിക്കറിയാം. ഞാനതും പൊട്ടിച്ച് കുടിക്കും. അവൻ തപ്പാൻ വരുമ്പോൾ അവന് കൃത്യമായി അടയാളങ്ങളുണ്ടേ. അതൊക്കെ ഞാൻ മാറ്റി വയ്ക്കും. അപ്പോൾ അടയാളങ്ങൾ തപ്പി കോഴി ഇരിക്കുന്ന സ്ഥലം അവന് കണ്ട് പിടിക്കാൻ കഴിയാതെ വരും. അവൻ മറ്റെവിടെയെങ്കിലും തപ്പിക്കൊണ്ടിരിക്കുമ്പോഴേക്കും മൊട്ട എന്റെ വയറ്റീച്ചെന്നു ദഹിച്ചിട്ടുണ്ടാകും. അവിടെന്നവൻ തിരിച്ചുപോയി പൂച്ചേ താലോലിച്ചോണ്ടിരിക്കും.'

'അടുക്കളയിൽ മൊട്ട പൊരിക്കുന്നുണ്ടോയെന്ന് അവൻ മണത്ത് കണ്ട് പിടിക്കാൻ വരും. മൊട്ടകിട്ടുന്ന ദിവസം ചുവന്നുള്ളിയും പച്ചമുളകും നല്ലപോലെ വെളിച്ചെണ്ണയും ഒഴിച്ച് ഞാൻ പൊരിച്ച് തിന്നും. അങ്ങനെ പൊരിക്കുമ്പോൾ അതിന്റെ ഗന്ധം മുഴുവൻ വീടിനകത്തേക്ക് നിറയും. അനിയന്റെ രണ്ട് പൂച്ചകളും ഓടിവരും.ഞാനതിന് കൊടുക്കാറില്ല. അനിയൻ വാസനിച്ച് അവന്റെ കട്ടിലിൽ എണീറ്റിരിക്കും.'

'ചേട്ടാ മൊട്ട പോരിച്ചോ നല്ല മണം വന്നു.'

'ഞാൻ തിന്നു കഴിഞ്ഞൂടാ എന്ന് അവനോട് പറയും. അപ്പോൾ അവൻ

● കവിത ●



●ഡോ. ചേരാവള്ളിശശി

## നവോത്ഥാനദൃശ്യങ്ങൾ

**ക**വിതാരചനതൻ മത്സരം-ഹൈന്ദവ
സുകൃതികൾക്കായ് മാത്രമെന്നു വാർത്ത!
കഥതന്റെമത്സരം-ക്രിസ്തുമാർഗ്ഗത്തിലെ
മികവാർന്ന കുഞ്ഞാടുകൾക്ക്;നേർച്ച!
നവനാടകസൃഷ്ടി മത്സരം-ഇസ്ലാമിൻ
അനുചരന്മാർക്കെന്നുമിന്നു തീർച്ച.
"വളരുന്നു നാട്ടിൽ നവോത്ഥാനം"- അന്ധമായ്
അലറുന്ന നേതൃത്വമിന്നു കാഴ്ച!! ●

---

### സാലറി ചാലഞ്ച് സമ്മതപത്രം നൽകിയവർക്ക് പിന്മാറാനാവില്ല

പ്രളയകാലത്ത് സർക്കാർ ആവിഷ്കരിച്ച സാലറി ചാലഞ്ച് ക്യാമ്പയിനിൽ പങ്കെടുക്കാൻ സമ്മതപത്രം ഒപ്പിട്ട് നൽകിയവർക്ക് പിന്നീട് പിന്മാറാനാവില്ല. സംസ്ഥാനധനകാര്യവകുപ്പ് പുറത്തിറക്കിയ പുതിയ മാർഗ്ഗനിർദ്ദേശത്തിലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്. സർക്കാർ ജീവനക്കാർ പരമാവധി ഒരു മാസത്തെ ശമ്പളം 10 മാസഗഡുക്കളായി പ്രളയദുരിതാശ്വാസഫണ്ടിലേയ്ക്ക് നൽകുന്നതാണ് പദ്ധതി.

സാലറി ചാലഞ്ചിൽ പങ്കാളികളാകുന്നതിന് സമ്മതപത്രം ഒപ്പിട്ട് നൽകുകയും അതിനനുസൃതമായി ഇപ്പോൾ ശമ്പളത്തിൽനിന്ന് തുക പിടിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ജീവനക്കാർ പിന്മാറാൻ അപേക്ഷ നൽകിയാലും പരിഗണിക്കേണ്ടതില്ലെന്നാണ് സർക്കാർ തീരുമാനം.

പുതിയതായി ചേരാൻ ആഗ്രഹിക്കുന്ന ജീവനക്കാർക്ക് അതിനുള്ള അവസരമൊരുക്കാനും നിർദേശിച്ചിട്ടുണ്ട്. നടപടികൾ സ്വീകരിക്കാൻ സ്പാർക്കിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ള്. പദ്ധതിയിൽ പങ്കാളികളായ ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് സാലറി ചാലഞ്ചിനായി തുക ഈടാക്കുകയോ ചെയ്യരുത്. അതുമായി ബന്ധപ്പെട്ട പരാതികൾ വന്നാൽ അതത് ഓഫീസുകളിലെ ശമ്പളവിതരണ ഉദ്യോഗസ്ഥൻ(ഡി.ഡി.ഒ) സ്പാർക്കിന് സമർപ്പിക്കണം. പ്രശ്നത്തിന് ഉടൻ പരിഹാരമുണ്ടാക്കണമെന്നും ധനകാര്യവകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്.

സാലറി ചാലഞ്ചിനായി ജീവനക്കാരിൽനിന്ന് ഓരോ മാസവും കുറവുചെയ്യുന്ന തുകയെ സംബന്ധിച്ചുള്ള വിവരങ്ങൾ ബന്ധപ്പെട്ട ഡി.ഡി.ഒ.മാർ പ്രത്യേകമായി അക്കൗണ്ട് ചെയ്ത് സൂക്ഷിക്കണമെന്നും ആവശ്യപ്പെടുമ്പോൾ ലഭ്യമാക്കണമെന്നും ധനകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി എസ്.വി.കല പുറത്തിറക്കിയ മാർഗനിർദ്ദേശത്തിൽ പറയുന്നു.

മനോരമ 24/06/19

മലർന്നുകിടന്നു റേഡിയോ ഓണാക്കും. അവന്റെ രണ്ട് പൂച്ചകളും വലതും ഇടതും ചെരിഞ്ഞുകിടന്ന് അവന്റെ മേത്തിട്ടുരുമ്മി അവരുടെ പരിഭവങ്ങൾ പറയും. ഇതൊക്കെ കാണുമ്പോൾ വീടിന്റെ ചെറിയ വാതിൽ ചാരി ഞാൻ പുറത്തേക്കിറങ്ങിപ്പോകും.'

'ഹൊ നീയെന്തൊരു ദുഷ്ടനാടാ.'

'ഞാൻ തിന്നുന്നത് മാത്രമേ സാറ് കണ്ടോളൂ. എനിക്കവനോടുള്ള സ്നേഹം സാറിന് മനസ്സിലായിട്ടുണ്ടോ?'

'എന്തോന്നു സ്നേഹം നിനക്കോ.'

'അനിയനുള്ള പാലൊഴിച്ച ചായ അവന്റെ കട്ടില് കെടക്കണ കിഴക്കുവശത്തെ മരസ്റ്റൂളിൽ വച്ചിട്ടാണ് അമ്മ പണിക്കു പോകാറ്. അതിന്മേൽ പൂച്ച കേറി പകുതി കുടിക്കും. പിന്നെയാ അവന് കുടിക്കാൻ കിട്ടാറ്. അടുപ്പത്തിരിക്കണ ചീനച്ചട്ടിയിൽ കിണ്ണം ഇട്ട് മൂടി വറുത്തുവച്ചേക്കണ വട്ടംകുറിച്ചി പൂച്ച മൊഖോട്ട് ഉരുമ്മി അത് തിന്ന് ചെലദിവസം വാലിന്റെ അറ്റാണ് അവന് കിട്ടാറേ. അവൻ എന്നെ തമ്മിത്തല്ലിയ ദിവസമാണെങ്കിൽ ഞാൻ പൂച്ചയെ ഓടിക്കാൻ പോവില്ല. തിന്നട്ടെയെന്ന് വിചാരിക്കും. പിന്നെ പട്ടികേറി ചോറ് ഒരു ദിവസം തിന്നുന്നതുകണ്ടപ്പോൾ അമ്മ അടുക്കളയിൽ വച്ചേക്കണ റബ്ബറിന്റെ കനമുള്ള ചുള്ളിക്കമ്പെടുത്ത് അതിന്റെ കഴുത്തുനോക്കി ഒരു പെടവെച്ചുകൊടുത്തു. ഇതൊക്കെ ഞാൻ ചെയ്യുന്നതേ അവനോടുള്ള സ്നേഹം കൊണ്ടാ സാറേ.'

'അമ്മ രാവിലെ എട്ട് മണിക്ക് ജോലിക്ക് പോയ പിന്നെ വരുന്നതേ ആറ് മണിക്കാ. വന്നിട്ട് വേണം അമ്മക്ക് അരി വയ്ക്കാനും കൂട്ടാനുണ്ടാക്കാനും.ഞാൻ വീട്ടിലിരിക്കാൻ കാരണം ഇതൊക്കെ തന്നെയാ അവൻ തനിച്ചാ.ആരെങ്കിലും വന്ന് കൊന്നിട്ട്പോയ ആരാ ഞങ്ങക്കൊക്കെ ചോദിക്കാനുള്ളത്?'

'അനിയന്റെ കഴുത്തിൽ ചെറിയൊരു സ്വർണ്ണമാല കെടപ്പുണ്ട്. അവന്റെ ഇരുപത്തെട്ടിനും ഒന്നാം പിറന്നാളിനും കിട്ടിയതൊക്കെ ഉരുക്കിയുണ്ടാക്കിയതാണ്. എത്ര കഷ്ടപ്പാടുവന്നിട്ടും അമ്മ അതെടുത്ത് വിറ്റില്ല. വിൽക്കാൻ അനിയൻ സമ്മതിക്കുകയുമില്ല. അവൻ കിടന്നുറങ്ങുമ്പോഴും വലതു കൈ മാലയിൽ മുറുകെപ്പിടിക്കും. ബലമുള്ള പിടുത്തമാണത്. കണ്ണു തുറക്കുമ്പോൾ അതാണ് അവൻ ആദ്യം നോക്കുന്നത്.ഞാനതൊന്നു പൊട്ടിക്കാൻ നോക്കി. നടന്നില്ല. അവന്റെ കണ്ണോപ്പറേഷൻ നടത്തുമ്പോൾ വിൽക്കാമെന്നു പറഞ്ഞാ സ്വർണ്ണമാലേ കെട്ടിപ്പിടിച്ചിരിക്കുന്നതേ. അവന് ഓരോ കാര്യങ്ങളേയും കുറിച്ചും നല്ല കണക്കാ. ഓരോന്നും എവിടൊക്കെ ഇരിക്കുന്നെന്ന് നല്ല നിശ്ചയമുണ്ട്. ചോറ് അമ്മ എവിടെ വയ്ക്കും. കൂട്ടാനെവിടെ വച്ചേക്കും വട്ടംകുറിച്ചി വറുത്തത് അടുപ്പിന്റെ ഏതു ഭാഗത്തു ഇരിക്കുമെന്നും കുടിക്കാനുള്ള വെള്ളത്തിന്റെ സ്ഥാനം, കക്കൂസ്, ഉടുക്കാനുള്ള തുണിയിട്ടിരിക്കുന്നത്, മുഷിഞ്ഞ ഷഡ്ഡിയും മുണ്ടും അഴിച്ചിടേണ്ട മൂല, പുതിയവ ഇട്ടിരിക്കുന്ന അഴയേതെന്നുമെല്ലാം. ആ വീട് അവന്റെ സ്വർഗ്ഗമാണ്. സ്ഥാനങ്ങൾ മാറിയാൽ അവന് ദേഷ്യമാകും. ഞങ്ങളുടെ വീട് വിട്ട് ഒരിടത്തും അവൻ പോകില്ല. ഞങ്ങൾ കിടക്കുന്ന കിടക്കയിലാണ് പൂച്ചകൾ അവന്റെ അരിക്ചേർന്ന് കിടക്കുന്നതെന്ന് ഞാൻ നേരത്തെ പറഞ്ഞല്ലോ. പക്ഷേ എനിക്കതിഷ്ടമല്ല. ഞാനെടുത്ത് എറിഞ്ഞു കളയും.'

തുടരും...

*ഫോ: 9544666729*

**ഹൈക്കുകവിതകൾ**



## പേരില്ലാതെ മരിക്കുന്നവർ

ജിനീഷ് കുഞ്ഞിലിക്കാട്ടിൽ

**രാ**ത്രിയിലെ പാതിമയക്കത്തിലെപ്പോഴോ
ഗർഭം പൂണ്ട സൃഷ്ടികളായിരുന്നവയത്രയും
നേരം വെളുത്ത് പേനയെടുത്തിട്ടെത്ര
കുടഞ്ഞിട്ടുമുഴിഞ്ഞിട്ടും ഒരുതുള്ളിപോലും പുറത്തുവന്നില്ല
വൈകിയാണറിയാൻ കഴിഞ്ഞത് ആ കവിതകളത്രയും
ഗർഭമലസിപ്പോയെന്ന്!

ഫോ:8547859079



## മണ്ണിര

പ്രമോദ് പുനലൂർ

**ഭൂ**തകാലത്തിന്റെ
അടരുകളെ വിടർത്തി
മണ്ണിൽ വർത്തമാനത്തിന്റെ
ഗന്ധം വിരിയിക്കുന്നു.

ഫോ:9746363220



● പി.ആർ.ശിവപ്രസാദ്

# ഉറപ്പാക്കണം വിദ്യാർത്ഥിസുരക്ഷ

മധ്യവേനലവധികഴിഞ്ഞ് സ്കൂളുകളും കോളേജുകളും തുറന്നപ്പോൾ നമ്മുടെ നഗരങ്ങളിലും ഗ്രാമങ്ങളിലും സൂര്യോദയം മുതൽ ആരംഭിക്കുന്ന ഒരു പതിവു കാഴ്ചയുണ്ട്. നഗരവീഥികളും ഗ്രാമീണപാതകളും സ്കൂൾ ബസ്സുകളുടെയും വിദ്യാർത്ഥികളെ കുത്തിനിറച്ച് പായുന്ന പലതരം വാഹനങ്ങളെയും കൊണ്ട് തിങ്ങിനിറഞ്ഞിരിക്കയാണ്. ഭൂരിപക്ഷം സ്കൂളുകളിലും രാവിലെ 8 മണി മുതൽ തന്നെ ക്ലാസ് ആരംഭിക്കുന്നതിനാൽ ഈസ്കൂൾ വാഹനങ്ങൾ അതിരാവിലെ 6 മണി മുതൽ തന്നെ കുട്ടികളെ സ്കൂളുകളിലെത്തിക്കാൻ ഓട്ടംതുടങ്ങും. പ്രഭാതങ്ങളിൽ കേരളത്തിൽ പൊതുവെ കാണുന്ന ഒരു കാഴ്ചയാണ് വഴിയോരങ്ങളിൽ സ്കൂൾ വാഹനങ്ങൾ കാത്തു കുട്ടികളെയുമായി നിൽക്കുന്ന അമ്മമാരും അച്ഛൻമാരും മുത്തശ്ശിമുത്തച്ഛൻമാരും അവരുടെ സഹായം ആവശ്യമില്ലാത്ത മുതിർന്ന കുട്ടികളും. രാവിലത്തെ തിരക്കു കഴിഞ്ഞാൽ വീണ്ടും ഉച്ചക്കും വൈകുന്നേരവുമായി കുട്ടികളെ തിരിച്ചു വീടുകളിലെത്തിക്കാൻ ഈ വാഹനങ്ങൾ വീണ്ടും നെട്ടോട്ടം തുടങ്ങും. എല്ലായ്പ്പോഴും സ്കൂൾ കോളേജ് യൂണിഫോമിൽ എവിടെ നോക്കിയാലും വിദ്യാർത്ഥിവിദ്യാർത്ഥിനികളെ സമയവും കാലവുമില്ലാതെ എവിടെയും കാണാൻ കഴിയും. നാട്ടിൽ കാണുന്ന യുവസാന്നിധ്യത്തിന്റെ ഈ സജ്ജീവത മൊത്തത്തിൽ നാടിന് ഉണർവുണ്ടാക്കുന്ന ഒരനുഭവംതന്നെയാണ്. എന്നാൽ ഈ കാഴ്ചകൾക്കപ്പുറം പൊതുജനങ്ങളിൽ പ്രത്യേകിച്ച് രക്ഷകർത്താക്കളിൽ വളരെയധികം ഉത്കണ്ഠയും ആകാംക്ഷയും ഉളവാക്കുന്നതും വിദ്യാർത്ഥികളുടെ ജീവനും ജീവിതത്തിനും ഭീഷണിയായിട്ടുള്ളതുമായ കുറേ സാമൂഹ്യപ്രശ്നങ്ങൾ നിലനിൽക്കുന്നതും അതിനുള്ള പരിഹാരങ്ങളൊന്നും തന്നെ ക്രിയാത്മകമായി നടപ്പിലാകുന്നില്ല എന്നതുകൊണ്ടും രക്ഷകർത്താക്കൾ കടുത്ത സമ്മർദ്ദത്തിലുമാണ് ഓരോ സ്കൂൾ ദിനങ്ങളേയും തള്ളിനീക്കുന്നത് എന്ന് പൊതുവെ നിരീക്ഷിച്ചാൽ മനസ്സിലാക്കാം.



സ്വന്തം വാഹനങ്ങളിൽ കുട്ടികളെ സ്കൂളുകളിലും ട്യൂഷൻ സെന്ററുകളിലും കോച്ചിംഗ് സ്ഥാപനങ്ങളിലും കൃത്യമായി എത്തിക്കാൻ ഒരു ചെറിയ ശതമാനം രക്ഷകർത്താക്കൾക്കേകഴിയൂ. ഭൂരിപക്ഷം വരുന്നസാധാരണ കുട്ടികൾ സ്കൂൾ ബസ്സുകളേയും ചെറുകിട കോൺട്രാക്റ്റ് വാഹനങ്ങളേയും സർവീസ്സ് ബസ്സുകളേയുമാണ് ആശ്രയിക്കുന്നത്. ഇങ്ങനെ കുട്ടികളെ സ്കൂളിൽ അയയ്ക്കുന്ന രക്ഷകർത്താക്കൾ അവരുടെ കുട്ടികൾ തിരിച്ചു വീട്ടിലെത്തുന്നതുവരെ കടുത്ത സമ്മർദ്ദത്തിലാണ്. കാരണം കൊച്ചുകുട്ടികളെ അപഹരിച്ചു കടത്തുന്ന യാചകസംഘങ്ങളും കൗമാരപ്രായമായ പെൺകുട്ടി

കളെ പ്രലോഭിപ്പിച്ചും, ഭീഷണിപ്പെടുത്തിയും ആക്രമിച്ചും തട്ടിക്കൊണ്ടുപോകുന്ന പെൺവാണിഭസംഘങ്ങളും മുതിർന്ന ആൺകുട്ടികളേയും പെൺകുട്ടികളേയും വരുതിയിലാക്കി മയക്കുമരുന്നിനും കഞ്ചാവിനും അടിമകളാക്കുന്ന മയക്കുമരുന്നുമാഫിയകളേയും മദ്യപിച്ച് സ്കൂൾബസ്സ് ഓടിക്കുന്ന ഡ്രൈവർമാരേയും വീട്ടുകാരറിയാതെ ആർഭാടജീവിതം ആസ്വദിക്കാൻ കുറുക്കുവഴിയിലൂടെ പണമുണ്ടാക്കാൻ കുട്ടികളെ ആൺപെൺ വ്യത്യാസമില്ലാതെ സ്വാധീനിക്കുന്ന സാമൂഹ്യവിരുദ്ധസംഘങ്ങളേയും അതിജീവിച്ചു വേണം തങ്ങളുടെ കുട്ടികൾ തിരിച്ചെത്തേണ്ടതെന്ന അറിവാണ് രക്ഷിതാക്കളെ സമ്മർദ്ദത്തിലാക്കുന്നത്.

വിദ്യാഭ്യാസരംഗത്ത് പരിഷ്കാരങ്ങൾ വരുത്താൻ സർക്കാർ നയങ്ങൾ രൂപികരിക്കുന്നുണ്ട്. അധ്യാപകരുടെ സുരക്ഷക്കുവേണ്ടി അധ്യാപകസംഘടനകൾ ബദ്ധശ്രദ്ധരാണ്. പുതിയ പുതിയ സ്കൂളുകളും കോളേജുകളും തുടങ്ങുന്നതിനും നിലവിലുള്ളവയിൽ സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനും അംഗീകാരമില്ലാത്തവയ്ക്കു



പോലും അംഗീകാരം നേടാനും മാനേജ്മെന്റുകളും മതസംഘടനകളും സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നു. പുതിയ കെട്ടിടങ്ങൾ പണിയുന്നു അതിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നു. വാഹനങ്ങൾ വാങ്ങികൂട്ടുന്നു. പുസ്തകവും നോട്ടുബുക്കുകളും യൂണിഫോമും കച്ചവട അടിസ്ഥാനത്തിൽ സ്കൂളിൽനിന്നും വിതരണം ചെയ്യുന്നു. ഗവൺമെന്റും സ്കൂൾ മാനേജ്മെന്റുകളും വിദ്യാഭ്യാസരംഗം വികസിപ്പിക്കാൻവേണ്ടി ധാരാളം പരിഷ്കാരങ്ങൾ കൊണ്ടുവരുന്നു. അതെല്ലാം നല്ലതോ മോശമോ എന്നൊന്നും തർക്കിക്കുന്നില്ല. എന്നാൽ ഭൗതികപരിഷ്കാരങ്ങളോടൊപ്പം വിദ്യാർത്ഥികളുടെ സുരക്ഷക്കുവേണ്ടി നൂതനസംവിധാനങ്ങൾ ഒരുക്കുന്നതിലും അവരിൽ മൂല്യാധിഷ്ഠിത ചിന്തകളും പ്രവർത്തികളും വളർത്താൻ ആവശ്യമായ പരിശീലന വേദികളും വേണം. ക്ലാസ് മുറികളിലെ പഠനത്തിനപ്പുറം കുട്ടികളിൽ സാമൂഹിക പ്രതിബദ്ധത വളർത്തുന്നതിനും തിന്മകളെ ശാരീരികമായും



മാനസികമായും നേരിടുന്നതിനും പ്രതിരോധിക്കുന്നതിനും ആവശ്യമായ പരിശീലനങ്ങളും കൂടി നൽകാൻ വേണ്ട പദ്ധതികൾ നടപ്പിലാക്കാൻ അധികൃതരുടെ പ്രത്യേകശ്രദ്ധ പതിയേണ്ടതുണ്ട്.

രക്ഷകർത്താക്കളും അദ്ധ്യാപകരും തമ്മിൽ മാത്രമല്ല രക്ഷകർത്താക്കൾ തമ്മിലും നല്ല ബന്ധവും സമ്പർക്കവും ഉണ്ടാവണം. സ്കൂളിനുള്ളിലും വീടിനുള്ളിലും അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും കുട്ടികളെ ശ്രദ്ധിക്കാൻ ഒരു പരിധിവരെ കഴിയുമെങ്കിലും

**റെസ്റ്റോറന്റുകളിലും കോഫിഹൗസുകളിലും ഐസ്ക്രീം പാർലറുകളിലും കുട്ടികൾ ഒത്തുകൂടി സമയം ചെലവഴിക്കാനുള്ള സൗകര്യങ്ങൾ ഒരുക്കികൊടുക്കുന്നതിനാൽ ക്ലാസ് കട്ട്ചെയ്ത് കുട്ടികൾക്ക് പുകവലി കഞ്ചാവ് മയക്കുമരുന്നുകൾ മദ്യപാനം തുടങ്ങിയ ദുശ്ശീലങ്ങൾ ആരംഭിക്കുന്നതിന് അവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു. സ്കൂൾ പരിസരങ്ങളിലെ ഇത്തരം സങ്കേതങ്ങളും പെട്ടികടകളും പോലീസിന്റെയും എക്സൈസിന്റെയും നിരന്തരപരിശോധനകൾക്കു വിധേയമായിരിക്കണം.**

വീടിനും വിദ്യാലയത്തിനും പുറത്ത് അവരെ ശ്രദ്ധിക്കാനും നിരീക്ഷിക്കാനും പരിമിതികൾ ഉണ്ട്. അതിനാൽ ഇപ്പോഴുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തി പോലീസ്,എക്സൈസ്,വെഹിക്കിൾ ഡിപ്പാർട്ടുമെന്റുകൾ കുട്ടികളുടെ കാര്യത്തിൽ കർശനമായ നിലപാടുകൾ സ്വീകരിക്കണം.



ഒട്ടുമിക്ക സ്കൂൾ പരിസരങ്ങളിലും ഉള്ള ചെറിയ റെസ്റ്റോറന്റുകളിലും കോഫീഹൗസുകളിലും ഐസ്ക്രീം പാർലറുകളിലും കുട്ടികൾ ഒത്തുകൂടി സമയം ചെലവഴിക്കാനുള്ള സൗകര്യങ്ങൾ ഒരുക്കികൊടുക്കുന്നതിനാൽ ക്ലാസ് കട്ട്ചെയ്ത് കുട്ടികൾക്ക് പുകവലി കഞ്ചാവ് മയക്കുമരുന്നുകൾ മദ്യപാനം തുടങ്ങിയ ദുശ്ശീലങ്ങൾ ആരംഭിക്കുന്നതിന് അവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു. സ്കൂൾ പരിസരങ്ങളിലെ ഇത്തരം സങ്കേതങ്ങളും പെട്ടികടകളും പോലീസിന്റെയും എക്സൈസിന്റെയും നിരന്തരപരിശോധനകൾക്കു വിധേയമായിരിക്കണം.

**മൊബൈൽഫോണിന്റെ ഉപയോഗം, പണത്തിന്റെ അനാവശ്യ ലഭ്യത വിദ്യാലയങ്ങൾക്കു പുറത്ത് മുതിർന്ന ആൾക്കാരുമായി വഴിവിട്ട സൗഹൃദങ്ങൾ തുടങ്ങിയവയെല്ലാം നിരീക്ഷിക്കപ്പെടേണ്ടതാണ്. എത്ര ഗുരുതരമെന്നോ തെറ്റെന്നോ കുട്ടികൾ ധരിക്കുന്ന കാര്യങ്ങൾപോലും രക്ഷകർത്താക്കളോടും അദ്ധ്യാപകരോടും തുറന്നുപറയാനുള്ള ധൈര്യം അവർക്കുണ്ടാക്കിതീർക്കുന്ന രീതിയിൽ ഒരു സൗഹൃദബന്ധം വളർത്തിയെടുക്കുന്നതിൽ രക്ഷകർത്താക്കളും അദ്ധ്യാപകരും ശ്രദ്ധിക്കേണ്ടതാണ്.**



വിദ്യാർത്ഥികളോട് ബസ്ജീവനക്കാരുടെ മോശമായ സമീപനവും പെരുമാറ്റങ്ങളും ഉണ്ടാവാതിരിക്കണം. റാഗിംഗിന്റെ പേരിൽ ക്രിമിനൽ സ്വഭാവമുള്ള മുതിർന്ന കുട്ടികൾ കാട്ടികൂട്ടുന്ന മൃഗീയതകൾക്ക് കടുത്ത ശിക്ഷതന്നെ ലഭിക്കാൻ സ്കൂൾ അധികൃതരും അദ്ധ്യാപകരും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കണം.

നിയന്ത്രണങ്ങൾ ഇല്ലാത്ത മൊബൈൽഫോണിന്റെ ഉപയോഗം, പണത്തിന്റെ അനാവശ്യ ലഭ്യത വിദ്യാല



യങ്ങൾക്കു പുറത്ത് മുതിർന്ന ആൾക്കാരുമായി അതിരുകടന്നുള്ള വഴിവിട്ട സൗഹൃദങ്ങൾ തുടങ്ങിയവയെല്ലാം നിരീക്ഷിക്കപ്പെടേണ്ടതാണ്. എത്ര ഗുരുതരമെന്നോ തെറ്റെന്നോ കുട്ടികൾ ധരിക്കുന്ന കാര്യങ്ങൾപോലും രക്ഷകർത്താക്കളോടും അദ്ധ്യാപകരോടും തുറന്നുപറയാനുള്ള ധൈര്യം അവർക്കുണ്ടാക്കിതീർക്കുന്ന രീതിയിൽ ഒരു സൗഹൃദബന്ധം വളർത്തിയെടുക്കുന്നതിൽ രക്ഷകർത്താക്കളും അദ്ധ്യാപകരും ശ്രദ്ധിക്കേണ്ടതാണ്.

മാധ്യമങ്ങളിൽ നിരന്തരം കണ്ടുവരുന്ന ചിലവാർത്തകളുണ്ട്. കുട്ടികളെ കാണാതാവുന്നതും കഞ്ചാവുകേസുകളിലും മയക്കുമരുന്നു കേസുകളിലും സ്കൂൾ കോളേജ് വിദ്യാർത്ഥികൾ അറസ്റ്റുചെയ്യപ്പെടുന്നതും. മദ്യശാലകളിലും സ്വകാര്യകൂട്ടായ്മകളിലും പെൺകുട്ടികളും ആൺകുട്ടികളും ചേർന്ന് കുടിച്ച് കൂത്താടുന്നതും, ലൈസൻസ് പോലും ഇല്ലാതെ റോഡ് നിയമങ്ങളൊന്നും പാലിക്കാതെ സ്വന്തം ജീവനും നിരപരാധികളായ വഴിയാത്രക്കാർക്കും നിരത്തിലോടുന്ന മറ്റുവാഹനങ്ങൾക്കും ഭീഷണിയും ശല്യവുമായി പൊതുനിരത്തുകളിൽ ഭ്രാന്തമായി വാഹനമോടിക്കുന്നതും, കൊട്ടേഷൻ സംഘങ്ങളിലെ വിദ്യാർത്ഥികളുടെ സാനിധ്യങ്ങളും മറ്റും. വിദ്യാഭ്യാസകാലഘട്ടത്തിൽ ഇത്തരം സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങളാണ് ഹീറോയിസം എന്നു വിശ്വസിക്കുന്ന ഒരു വിഭാഗം വിദ്യാർത്ഥികളും,അവരിൽ യാതൊരു നിയന്ത്രണങ്ങളും ചെലുത്താൻ ശേഷിയില്ലാത്ത കുറെ രക്ഷകർത്താക്കളും ആണ് ഈ ദുഃസ്ഥിതിക്ക് കാരണം. ഇത്തരക്കാർ അച്ചടക്കമുള്ള കുട്ടികളെകൂടി അവരുടെ താൽക്കാലിക വീരസ്യം കാട്ടി പല വഴിവിട്ട രീതിയിലും സ്വാധീനിക്കുന്നു. ഈ സാഹചര്യമാണ് അവസാനിപ്പിക്കേണ്ടത്. എത്ര ഉന്നതരുടെ മക്കളാണെങ്കിലും ഇത്തരക്കാരെ കണ്ടുപിടിച്ച് ബോധവൽകരിച്ച് നിയന്ത്രിച്ച് നേർവഴിക്ക് കൊണ്ടുവരാൻ രക്ഷകർത്താക്കളുടെയും അദ്ധ്യാപകരുടെയും ഉദ്യോഗസ്ഥരുടെയും സമൂഹത്തിലെ എല്ലാ തുറയിലുമുള്ള പൊതുജനങ്ങളുടെയും കൂട്ടായ പ്രവർത്തനം ആവശ്യമാണ്. അത് എങ്ങനെ സാധ്യമാക്കാം എന്നാണ് ഭരണകർത്താക്കൾ ശ്രമിക്കേണ്ടത്.

കടമകളെക്കുറിച്ചു ധാരണയില്ലാതെ അവകാശങ്ങളെക്കുറിച്ചുമാത്രം പറയുന്നവരാണ് ജനങ്ങളെന്നാണ് അവകാശം നിഷേധിക്കുന്നതിന് ഭരണാധികാരികൾ പറയുന്ന ന്യായീകരണം. അവകാശങ്ങൾ എന്നു പറയുമ്പോൾ ഭരണഘടന അനുശാസിക്കുന്ന

ജീവനും സ്വത്തിനുമുള്ള സംരക്ഷണം മാത്രമല്ല ആരോഗ്യവും വിദ്യാഭ്യാസവും താമസസൗകര്യവുമെല്ലാം പൗരന്റെ ജന്മാവകാശം തന്നെയാണ്. പരാശ്രയമില്ലാതെ സ്വതന്ത്രമായി സ്വൈര്യമായി ജീവിക്കുവാനുള്ള അവകാശമാണ് ജന്മാവകാശമെന്ന് ഭരണഘടന വിവക്ഷിക്കുന്ന സ്വാതന്ത്ര്യം. എന്നാൽ തന്റെ ആ സ്വാതന്ത്ര്യങ്ങൾ തനിക്കും സമൂഹത്തിനും അഹിതമാകുമ്പോൾ നിയമം കർക്കശമായി നടപ്പാക്കേണ്ടി വരും.

മാറിമറിഞ്ഞു വരുന്ന സർക്കാരുകൾ ജനങ്ങളുടെ എല്ലാ അവകാശങ്ങളും സംരക്ഷിക്കുവാനുള്ള ഉത്തരവാദിത്വം സമൂഹത്തിനൊ വ്യക്തികൾക്കു തന്നെയോ എൽപിച്ചു കൊടുക്കുകയാണ് ചെയ്യുന്നത്. വീട്ടിൽ നിന്നു സ്കൂളിലേക്കു പോകുന്നതുവരെയുള്ള മുഴുവൻ ഉത്തരവാദിത്വവും രക്ഷകർത്താക്കളുടേതാണ്. ആഹാരമുണ്ടോ വസ്ത്രമുണ്ടോ ആരോഗ്യമുണ്ടോ ശാരീരികമാനസിക പീഡനങ്ങളുണ്ടോ ഇതൊന്നും സമൂഹത്തിന്റെ ഉത്തരവാദിത്വത്തിൽ



പെടുന്നില്ല. സ്കൂളിൽ പോയാൽ പിന്നെയുള്ള ഉത്തരവാദിത്വം അധ്യാപകർക്കാണ്. സ്കൂളുകളിലേക്കും തിരിച്ചുമുള്ള യാത്രകളിൽ ഇവർക്ക് എന്തു സംഭവിക്കുന്നു എന്നത് അറിയാതെ പോകുന്നു. പലപ്പോഴും പുറത്തുപറയാനാവാത്ത ശാരീരികപീഢനങ്ങൾക്ക് യാത്രാവേളകളിലും സ്കൂളുകളിൽപോലും വിധേയരാകുന്ന കുട്ടികളിൽ പലരും മാനസിക രോഗികളാവുകയോ മയക്കുമരുന്നിനടിമപ്പെടുകയോ ആത്മഹത്യ ചെയ്യുന്നതിനോ ഇടയാകുന്നു. മദ്യവും മയക്കുമരുന്നും യഥേഷ്ടം ലഭ്യമാകുന്നതിനെ നിയന്ത്രിക്കേണ്ടവർ ഇതെല്ലാം ഒറ്റപ്പെട്ട സംഭവങ്ങളുടെ പട്ടികയിൽ പെടുത്തുന്നു. കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നതിന്റെ വാർത്തകൾ മാതാപിതാക്കളിൽ ഭീതിപരത്തിക്കൊണ്ടിരിക്കുമ്പോഴും ചൈൽഡ് മിസ്സിംഗിന്റെ ഗണത്തിൽപ്പെടുത്തി ഉത്തരവാദിത്വത്തിൽ നിന്നും ബന്ധപ്പെട്ടവർ കൈകഴുകുന്നു

അണുകുടുംബങ്ങളിൽ ഒറ്റപ്പെട്ടുപോകുന്ന ഇന്നത്തെ കുട്ടികൾ സ്വയം ഒതുങ്ങിക്കൂടുന്ന



തിന് സോഷ്യൽമീഡിയയുടെ സഹായം ഉപയോഗപ്പെടുത്തുന്നു. നല്ലതും ചീത്തയുമായ വിവര സ്വാംശീകരണത്തിൽ പലപ്പോഴും മുൻകൈ ലഭിക്കുന്നത് തെറ്റായ അറിവുകൾക്കാവുക സ്വാഭാവികമാണ്. തെറ്റും ശരിയും തിരുത്തിക്കൊടുക്കേണ്ട മാതാപിതാക്കൾ അവരുടേതായ സൈബർലോകത്ത് വിഹരിക്കുമ്പോൾ സുഹൃത്തുക്കളിൽനിന്ന് ലഭിക്കുന്ന ഉപദേശങ്ങൾക്കു പിന്നാലെ പോകുന്ന കുട്ടികൾ ഏതൊക്കെ മാഫിയകളുടെ കൈകളിലാണ് ചെന്നുപെടുക എന്നത് നമ്മുടെ ധാരണകൾക്കൊക്കെ അപ്പുറമാണ്. സമൂഹത്തിന് മൊത്തമുള്ള ബാധ്യതയാണ് സമൂഹത്തിലെ അംഗങ്ങളുടെ സംരക്ഷണമെന്നുള്ളത്. അതു ലഭിക്കാതെവരുന്നതോടെ പലരും സമൂഹത്തിന്റെ ഭാഗമല്ലാതാവുകയും സമൂഹഉത്തരവാദിത്വം എന്നത് അന്യംനിന്നുപോകുകയും ചെയ്യുന്നു.

ചെറിയചെറിയ തുരുത്തുകളായി ഒരേ ചിന്താഗതികളുള്ളവർ ഒത്തുചേർന്ന് അവരുടേതായ ലോകം സൃഷ്ടിച്ചെടുക്കുന്നത് സമൂഹത്തിൽ അനാരോഗ്യകരമായ ചേരിതിരിവുകൾക്കും സാമൂഹ്യഅസന്തുലിതാവസ്ഥക്കും കാരണമാവുകയും ചെയ്യുന്നു.

ഈ കാര്യങ്ങളെല്ലാം പ്രത്യേകം പ്രതിപാദിക്കാതെ തന്നെ പ്രബുദ്ധരായ മലയാളിസമൂഹത്തിനറിയാം എന്നുതന്നെയാണ് കരുതുന്നത്. എങ്കിലും ഒരോർമ്മപ്പെടുത്തൽ നമ്മുടെ കുട്ടികളുടെ ജീവനും ജീവിതവും നഷ്ടമാകാതിരിക്കാൻവേണ്ടി മാത്രം.

● *ഫോ:9388602223*



● കവിത ●



പുരുഷോത്തമൻ



# സാക്ഷി

**സാ**ക്ഷിയാണ് ഞാൻ സാക്ഷി
എൻ ചോരയിൽ പിറന്നോരു
കുഞ്ഞിന്റെ സാക്ഷി
നെഞ്ചിലെ നഖക്ഷതം നോവിന്റെ നേരാ
സ്നേഹമായി മാറിൽ തിമിർക്കുമ്പോൾ പൊന്നേ
നീയെൻ കണ്ണിനു സാക്ഷിയായി
ദിനങ്ങളെണ്ണവെ പാൽ
കുടിച്ചോരു മുലക്കണ്ണിലെ വേദന
ശമിക്കവെ ഞാനൊരു സാക്ഷി...
രക്തഭ്രാന്തർ മതഭാന്ത്രർ തെരുവിലെ ചുടു
മണ്ണിൽ ഞെരുക്കി മാറിടം
കുത്തിപ്പൊളിക്കവെ ഇറ്റിറ്റു വീഴും
രക്തക്കറകളെന്റെ തുടിക്കും ജീവന് സാക്ഷിയായി
ചക്രവ്യൂഹം തീർത്ത്
ചക്രവർത്തിയായി
നാട്ടിന്നഭിമാനമായ്
ത്തീരേണ്ടോരുണ്ണി നീ അഭിമന്യുവായി
പൊലിഞ്ഞുവെന്തിനോവേണ്ടി എന്റെ
രക്തത്തിന്റെ സാക്ഷി യുവചേതനയുടെ രക്തസാക്ഷി മരി
ക്കില്ല നീ മറക്കില്ല ഞാൻ പെറ്റമകനെ
നിന്നുയിരുറങ്ങും മണ്ണിലായിരം മൺതരികൾ
മൂടിയാലും വസന്തങ്ങൾ വിരിഞ്ഞാലും
"എന്റെ ഗർഭപാത്രത്തിനേക സാക്ഷി
യെന്നുണർവിലെ ജീവന്റെ സ്മരണയിലെന്നും മരിക്കാത്ത
മൂകസാക്ഷി....!"

● ഫോ: 9846437445

● യാത്ര ●



കാരൂർ സോമൻ

# തേംസിന് കുറുകെ ഒരു തുരങ്കയാത്ര

തുടർച്ച



ഇൻഡ്യയിൽ റയിൽഗതാഗതത്തിന് വഴി തുറന്ന ബ്രിട്ടീഷുകാർ അവരുടെ നാ ട്ടിൽ ഭൂഗർഭറയിൽവേലൈൻ നിർമ്മിച്ചതായി ലണ്ടനിലെത്തുംമുന്നെ ഞാൻ കേട്ടിട്ടുണ്ട്. 1863 ജനുവരി 10ന് ലോകത്താദ്യമായി ഭൂമിക്കടിയിലൂടെ ലണ്ടനിൽ 402 കിലോമീറ്റർ ദൂരത്തിൽ അവർ ട്രെയിൻ ഓടിച്ചു. ഇവിടുത്തെ 45 ശതമാനം ട്രെയിനുകളുമോടുന്നത് ഭൂമിക്കടിയിലൂടെയാണ്. ഇവിടെയെത്തിയപ്പോൾ അത്തരം തുരങ്കപാതയിലൂടെ ട്രെയിൻ യാത്ര നടത്താൻ അവസരങ്ങളുണ്ടായി. അതുകൊണ്ടുതന്നെ ഈസ്റ്റ് ലണ്ടനിൽ തേംസ് നദിയുടെ കുറുകെ അതിനടിയിലൂടെ നിർമ്മിച്ചിരിക്കുന്ന തേംസ് ടണൽ അഥവാ തുരങ്കം വലിയ അദ്ഭുതമായി കരുതിയതുമില്ല. എന്റെ ആദ്യയാത്ര സെൻട്രൽ ലണ്ടനിലെ ലണ്ടൻബ്രിഡ്ജ് ഭൂഗർഭ സ്റ്റേഷനിലൂടെയായിരുന്നു. ഭൂമിക്കടിയിൽ നിന്ന് കൺവെയർബൽറ്റിലൂടെ ഭൂമിക്ക് മുകളിലെത്തുമ്പോൾ ഒരദ്ഭുതമായി തോന്നി.

1825–1843 കാലഘട്ടത്തിൽ നിർമ്മിച്ച ഈ തുരങ്കപാത കാണാൻ വർഷംതോറും 20 ലക്ഷം വിനോദസഞ്ചാരികൾ എത്തുമെന്നു കേട്ടപ്പോൾ എനിക്കും ആകാംക്ഷ തോന്നി. റോതർഹീത്തെയും വാപ്പിങ്ങും തമ്മിൽ ബന്ധിപ്പിക്കുന്ന തുരങ്കപാതയിലൂടെ സഞ്ചരിക്കാൻ എന്നെപ്പോലെ മറ്റുള്ള യാത്രികരും ആകാംക്ഷഭരിതരായി വന്നുകൊണ്ടിരുന്നു.

വേലിയേറ്റ സമയത്ത് തേംസ്നദിയ്ക്ക് 25 മീറ്റർ ആഴം വരാറുണ്ടെങ്കിലും സാധാരണ ആഴം കണ

ക്കാക്കിയിരിക്കുന്നത് 20 മീറ്റർ ആണ്. മാർക്ക് ബ്രൂവെൽ, ഇസാംബാർഡ്, തോമസ് കോഷ് റേൻ തുടങ്ങിയവരാണ് തുരങ്ക നിർമ്മാണത്തിനുപിന്നിലെ പ്രധാനികൾ എന്നു മനസ്സിലാക്കി. ലോകപ്രശസ്തരായ ശിൽപികളുടെ വൈദഗദ്ധ്യം പോലെയാണ് എഞ്ചിനീയറിംഗ് മികവും, ഭാവനയും, ദീർഘ വീക്ഷണവും ബുദ്ധിയുമെല്ലാം സമന്വയിക്കുന്നത്.



ഇ.ശ്രീധരൻ

ഇൻഡ്യയിൽ മലയാളിയായ ഇ.ശ്രീധരൻ എന്ന മെട്രോമാൻ താരമായ കഥകേട്ടിട്ടുണ്ട്. കൊങ്കൺ റയിൽപാതയും ഡൽഹി മെട്രോ യും രൂപകല്പന ചെയ്ത ആ എൻ ജിനിയറിംഗ് വിദഗ്ദ്ധൻ ഒടുവിൽ കേരളത്തിന്റെ മെട്രോ സ്വപ്നങ്ങളും യാഥാർത്ഥ്യമാക്കി. ഡി.എം.ആർ.സി എന്ന ഡൽഹി മെട്രോറയിൽ കേർപറേഷൻ വിശ്വാസ്യതയുടെ പര്യായമായതിനു പിന്നിലും ശ്രീധരൻ തന്നെ. നൂറ്റാണ്ടുകൾക്കു മുൻപ് ആയതിനാൽ ഇവിടെ പല ശ്രീധരൻമാരുടെ ആത്മസമർപ്പണം വേണ്ടി വന്നു തേംസ് ടണൽ യാഥാർത്ഥ്യമാക്കുവാൻ. രാജ്യസ്നേഹവും ദീർഘവീക്ഷണവുമുള്ള ഭരണാധികാരികൾ സ്വന്തം രാജ്യത്തിന്റെ വളർച്ചയ്ക്കായി കരയിൽ മാത്രമല്ല കടലിലും തുരങ്കം തീർക്കുന്നവരാണ്. അവരുടെ മുന്നിൽ വികസനം മാത്രം. വിവാദങ്ങളില്ല. എല്ലാ വികസിത രാജ്യങ്ങളിലും ഭൂഗർഭ ട്രെയിനുകൾ ധാരാളമുണ്ട്. നമ്മുടെ കൊച്ചു കേരളവും ഇൻഡ്യ മഹാരാജ്യവും എന്നായിരിക്കും ഇതിനെപ്പറ്റി ചിന്തിക്കുക.

ഈസ്റ്റ്ഹാമിൽ നിന്ന് ബസ്സിൽ കാനിംഗ് ടൗൺ റയിൽവേ സ്റ്റേഷനിലെത്തി. അവിടെ നിന്നും ജൂബിലി ട്രെയിനിൽ കാനഡാ വാട്ടർ സ്റ്റേഷനിലിറങ്ങി ഏതാനും മിനിറ്റ് നടന്നാൽ റോത്തർഹിത്തെ സ്റ്റേഷനിലെത്തും അവിടെ നിന്നും ടണൽ തേടി നടന്നു. മുതിർന്നവരുടെ കൂട്ടത്തിൽ സ്ക്കൂൾ കുട്ടികളുമുണ്ട്. ഞങ്ങളേക്കാൾ താൽപ്പര്യം തുള്ളിച്ചാടി നടക്കുന്ന കുട്ടികൾക്കാണ്. അതിനുള്ളിലെത്തിയപ്പോൾ മറ്റൊരു ലോകത്ത് എത്തിയ പ്രതീതി. മുൻപൊരിക്കലും ഇതുപോലെ വെള്ളത്തിനടിയിൽ നീണ്ടു കിടക്കുന്ന ഒരു തു രങ്കം ഞാൻ കണ്ടിട്ടില്ല. ഓരോ സഞ്ചാരിയും കൗതുകപൂർവ്വമാണ് വെണ്മപരത്തി നിൽക്കുന്ന ആ വിശിഷ്ട നിർമ്മിതിയെ നോക്കി കാണുന്നത്. പുതിയ പുതിയ നിർമ്മിതികൾ കാണുമ്പോൾ സമ്പന്ന രാഷ്ട്രങ്ങൾക്ക് ഇതൊരു അലങ്കാരമാണോയെന്ന് തോന്നും. ആ നിർമ്മിതികൾ ഓരോന്നും കാഴ്ചക്കാരെ വിസ്മയിപ്പിക്കുന്നു. 19–ാം നൂറ്റാണ്ടിൽ ലോക വിസ്മയങ്ങളിൽ ഇതിന് 8–ാം സ്ഥാനമായിരുന്നു. ടണലിന്റെ നീളം 396 മീറ്ററും വീതി 11 മീറ്ററും ഉയരം 6 മീറ്ററുമാണ്. ലണ്ടൻ കാണാൻ വരുന്നവർ ഈ ടണലിലൂടെ നടക്കാതെ മടങ്ങിപോകാറില്ല. ഇതിനുള്ളിലൂടെ നടക്കുമ്പോൾ സൗദിയിലെ ദമാമിൽ നിന്ന് കടലിന് മുകളിലൂടെ 25 കിലോ മീറ്റർ വരുന്ന ബഹ്റിനിലേക്കുള്ള കിംഗ് ഫഹത് കോസ്‌വേയിലൂടെ കാറിൽ പോയതും ഓർമ്മയിലെത്തി. നീണ്ടുനിവർന്ന് നീലിമയാർന്നു കിടക്കുന്ന കടൽപാലത്തിലൂടെ ലോകമലയാളി കൗൺസിലിന്റെ ഒരു സാംസ്ക്കാരിക യോഗത്തിൽ പങ്കെടുക്കാനാണ് അതിന്റെ ഭാരവാഹികളായിരുന്ന അബ്ദുള്ള മഞ്ചേരിക്കും ദമാം ഇൻഡ്യൻ സ്ക്കൂൾ വൈസ് പ്രിൻസിപ്പൽ എം.സി. സെബാസ്റ്റ്യനുമൊപ്പം പോയത്.

അനന്തമായി തോന്നുന്ന തുരങ്കത്തിന്റെ ഭിത്തിക



ളിൽ വൈദ്യുതി പ്രകാശമുണ്ട്. അതിനുള്ളിൽ നല്ല തണുപ്പാണ്. വൈദ്യതി പോയാൽ ഇതിനുള്ളിലെ ഇ രുട്ടിനെപ്പറ്റിയാണ് ഞാൻ ചിന്തിച്ചത് അങ്ങനെയൊ രു ആശങ്ക വേണ്ട. കഴിഞ്ഞ 20 വർഷമായി ഞാൻ ലണ്ടനിൽ താമസിക്കുന്നു. ഇന്നുവരെ വൈദ്യുതി, വെള്ളം, പാചക ഗ്യാസ് മുതലായവയ്ക്ക് ഒരു ക്ഷാമവും വന്നിട്ടില്ല. സമത്വ സുന്ദര കേരളം എന്ന് പറയുന്ന പോലെ ഇവിടെ എല്ലാ രംഗത്തും പ്രവർത്തിയിൽ സമത്വം ഉണ്ട്. ആ കാര്യത്തിൽ ഭരണാ



ധിപൻമാർ ബോധവാൻമാരാണ്. നൂറ്റാണ്ടുകൾക്കു മുൻപു തന്നെ അസമത്വ അനീതിക്കെതിരെ പോരാട്ടം നടത്തി സമത്വ സുന്ദര രാജ്യങ്ങളായി മാറിയവരാണ് വികസിത രാജ്യങ്ങൾ. ടണലിനുള്ളിലൂടെ നടക്കുന്നവരുടെ ഓരോ ചലനങ്ങളും തേംസ് നദിയുടെ കരയിലിരിക്കുന്നവർ സി.സി ടിവിയിലൂടെ നിരീക്ഷിക്കുന്നുണ്ട്. തേംസ് നദിയുമായി ബന്ധപ്പെട്ട് 200 ൽ അധികം പാലങ്ങളും 27 തുരങ്കങ്ങളുമുണ്ട്. തേംസ് നദി ചരിത്രകഥകൾ പറഞ്ഞ് ഒഴുകുന്നതുപോലെ സഞ്ചാരികളും ആ സ്മരണയിലൂടെ നടക്കുന്നു.

ടണലിലെ യാത്രയ്ക്ക് ശേഷം പോയത് ലണ്ടനിലെ യൂറോസ്റ്റാർ സെന്റ് പാൻക്രാസ് റയിൽവേ സ്റ്റേഷനിലേക്കാണ്. കിങ്ക്രോസ്സ് ഭൂഗർഭ സ്റ്റേഷനും ഇവിടെയാണ്. ഇവിടെ നിന്ന് യൂറോപ്പിലെ പല പ്രമുഖ നഗരങ്ങളിലേക്കും ട്രെയിൻ പോകുന്നുണ്ട്. ഏതാനും മണിക്കൂറുകൾകൊണ്ട് ജർമ്മനി, നെതർലാന്റ് , ബൽജീയം, പാരീസ്, തുടങ്ങിയ നഗരങ്ങളിലേക്കും പോകാം. എയർപോർട്ടിൽ നടക്കുന്ന വിധമുള്ള എല്ലാം സെക്യൂരിറ്റി പരിശോധനകളും ഇവിടെ നടക്കുന്നു. ട്രയിനും ബസ്സും സമാന്തരമായി ഓടുന്നത് നല്ല കാഴ്ചയാണ്. പുറത്ത് നിന്ന് നോക്കുന്നവർക്ക് ഇത്ര വേഗത്തിൽ ട്രെയിൻ ഓടുന്നത് കാണുമ്പോൾ ഒരു മരവിപ്പ് തോന്നും. ബ്രിട്ടന്റെ സംസ് ക്കാര സമ്പന്നത വ്യക്തമാക്കുന്ന വിധമാണ് സെന്റ് പാൻ ക്രാസിന്റെ വാസ്തുശില്പചാതുരി. യുറോസ്റ്റാർ തുടങ്ങുന്നതിനും മുൻപും ഞാനിവിടെ വന്നിട്ടുണ്ട്. ഒറ്റ നോട്ടത്തിൽ ഒരു രാജധാനി പോലെ തോന്നുന്ന നിർമ്മിതികൾ. യൂറോപ്പിലെ പാരിസുപോലുള്ള ട്രെയിൻ സ്റ്റേഷനേക്കാൾ അതി മനോഹരമാണ് സെന്റ് പാൻ ക്രാസ് റെയിൽവേ സ്റ്റേഷൻ. നഗരങ്ങളിൽ മാത്രമല്ല ഉൾനാടുകളിലും ആ വാസ്തു ചാതുരി കാണാൻ സാധിക്കും. നൂറ്റാണ്ടുകൾ പഴക്കമുള്ള ക്രൈസ്തീയ ദേവാലയങ്ങൾ, ചരിത്രസ്മാരകങ്ങൾ,കെട്ടിടങ്ങൾ,വിപണികൾ എല്ലാം ഇവിടെയുണ്ട്. അവർ ആധുനികരെങ്കിലും പൗരാണികത മറക്കുന്നില്ല.

ഏത് പുരാതന ചരിത്രകെട്ടിടം കാണാനെത്തുമ്പോഴും അന്തരീക്ഷം സംഗീത സാന്ദ്രമാണ്. സംഗീതത്തെ ഇഷ്ടപ്പെടുന്നവർക്ക് അതൊരു നിർവൃതിയുടെ അനുഭവമാണ്. ഇംഗ്ലണ്ടിൽ മാത്രമല്ല യുറോപ്പിലെ എല്ലാ പ്രമുഖ നഗരവീഥികളിലും ഇതൊരു ദൃശ്യവിരുന്നാണ്. വർണ്ണപകിട്ടാർന്ന നഗര കാഴ്ചകൾക്ക് സംഗീതം അകമ്പടി നൽകുന്നു. തെരുവോരങ്ങളിലും ട്രെയിൻ സ്റ്റേഷനുകളിലും സംഗീതം പൊഴിച്ചും പാട്ടുപാടിയും പണം സമ്പാദിക്കുന്നവർ ധാരാളമാണ്. ഞാനും ഒരു പാട്ടുകാരന്റെ പാട്ടിൽ ലയിച്ചു നിന്നു. ഗിത്താറിൽ നിന്നുള്ള സംഗീതവും പാട്ടും നമ്മേ സംഗീതത്തിന്റെ ലോകത്തേക്ക് കൊണ്ടുപോകുന്നു. പാട്ടുകാരൻ ഒരു ധ്യാനത്തിലെന്നവണ്ണം കണ്ണടച്ചിരുന്നു പാടുന്നു. കണ്ണുകൾ തുറക്കുന്നില്ല. നാണയത്തുട്ടുകൾ അയാളുടെ പാത്രത്തിൽ വീഴുന്ന ശബ്ദം കേൾക്കുന്നുണ്ട്. അവിടെ എത്ര പേർ നിൽക്കുന്നുവെന്നോ എത്ര പേർ പണമിട്ടെന്നോ പാട്ടുകാരനറിയുന്നില്ല. പാട്ട് തീരുമ്പോൾ മാത്രമാണ് കണ്ണു തുറക്കുന്നത്. മനുഷ്യർ നടക്കുന്ന പാതകളുടെ മൂലകളിൽ ഒതുങ്ങി കൂടുന്നവർ തികച്ചും സംഗീതത്തിന്റെ ലോകത്താണ്.

ബാറത്താങ്ങ് ജെട്ടി

ഈ നഗരം ഒരു അദ്ഭുതമാണ്. എങ്ങും കണ്ണഞ്ചിപ്പിക്കുന്ന

കാഴ്ചകൾ. എത്ര കണ്ടാലും എത്ര എഴുതിയാലും തീരാത്ത കാഴ്ചകൾ. ലണ്ടന്റെ ഏതൊരു കോണിൽ ചെന്നാലും റെയിൽവേ സ്റ്റേഷനുകളുണ്ട്. യാത്രക്കാർക്ക് ബുദ്ധിമുട്ടുവരാത്ത വിധം രണ്ടും മൂന്നും മിനിറ്റുകൾക്കിടയിൽ ട്രെയിനുകൾ വന്നു പോകുന്നു. ഭൂഗർഭ പാളത്തിലൂടെ ചീറിപ്പാഞ്ഞു പോകുമ്പോൾ ഒരല്പം ഭയം തോന്നാം. നിത്യവും പതിനായിരകണക്കിന് സഞ്ചാരികളെ വഹിച്ചുകൊണ്ടോടുന്ന ട്രയിനുകൾ ആരേയും ആശ്ചര്യപ്പെടുത്തുന്നു. റെയിൽവേ യൂണിയനുകൾ അവരുടെ ആവശ്യങ്ങൾക്കായി സമരം പ്രഖ്യാപിച്ചാലും ട്രയിനുകൾക്ക് പകരം ധാരാളം ബസ്സുകൾ ഓരോരോ സ്റ്റേഷനുകൾക്കു മുന്നിലായി നിരന്നു കിടക്കുന്നത് കാണാം. യാത്രക്കാർക്ക് യാതൊരുവിധ ബുദ്ധിമുട്ടുകളുമില്ല. ഇവിടുത്തെ സർക്കാർ സമരക്കാരെ നേരിടുന്നത് ഇത്തരത്തിലാണ്. ഇത് മറ്റ് രാജ്യക്കാർക്കും മാതൃകയാക്കാവുന്നതാണ്. ഞാൻ കിംഗ് ക്രോസ് ഇന്റർ നാഷണലിൽ നിന്നും താഴെക്കിറങ്ങി ഈ സ്റ്റ്ബൗണ്ട് ഫ്ലാറ്റ് ഫോം രണ്ടിലെത്തി. അവിടെ നിന്ന് ഈസ്റ്റ് ഹാമിലേക്കുള്ള ഹാമോഴ്സ് സ്മിത്തും, ഡിസ്ട്രിക്ക് ട്രെയിനും കിട്ടും. ലണ്ടനിലെ പല ഭാഗങ്ങളിലേക്ക് പോകാൻ സെൻട്രൽ, ജൂബിലി, പിക്കാഡിലി, ഓവർ ഗ്രൗണ്ട്,ഡ്രൈവറില്ലാതെയോടുന്ന ഡി.എൻ.ആർ ഏറ്റവും വേഗത്തിൽ ഏറ്റവും ദൂരമോടുന്ന സി.ടു.സി അങ്ങനെ പല പേരിലും നിറത്തിലും ധാരാളം ട്രെയിനുകൾ ഓടുന്നു.

മുന്നോട്ട് നടക്കുന്നതിനിടയിൽ അടുത്തൊരു ഭാഗത്ത് നിന്ന് ഒരു പാട്ടുകാരിയുടെ മധുരനാദം കേട്ടു. മുന്നോട്ട് നടന്ന് ആൾക്കൂട്ടത്തിനൊപ്പം ഞാനും ചേർന്നു. പാട്ടിനനുസരിച്ച് കാലുകളുയർത്തിയും താഴ്ത്തിയും കൊഴുത്തു തടിച്ച ഒരു കുതിര താളം ചവിട്ടുന്നത് ഞാൻ ആദ്യമായി കാണുകയാണ്. കുതിരയുടെ നിറം ഒറ്റ നോട്ടത്തിൽ മനസ്സിലാകില്ല. കാരണം അതിന്റെ ശരീരമാകെ വിവിധ നിറത്താൽ മനോഹരമാക്കിയിരിക്കുന്നു. കുതിരയെ കണ്ടാൽ ചായം പൂശിവരുന്ന ഒരു നർത്തകിയെപ്പോലെയുണ്ട്. ആരേയും ആകർഷിക്കുന്ന കാഴ്ച. കുതിരയുടെ കാലുകൾ കൊണ്ടുള്ള ഓരോ ചേഷ്ടകൾ എല്ലാവരും ആസ്വദിക്കുന്നു. മനസ്സ് നിറഞ്ഞ ആ നിമിഷങ്ങളിൽ പാട്ട് നിന്നു. എന്റെ കുതിരയുടെ കാലുകൾക്ക് വിശ്രമം വേണം അതാണ് പാട്ട് നിർത്തിയത്. നിങ്ങളുടെ സഹകരണത്തിന് നന്ദി. പാട്ടുകാരി പറഞ്ഞു. അവിടെ നിന്നവർ ഓരോരുത്തരായി അവിടെ വിടർത്തിയിട്ട വെള്ളതുണിയിൽ നാണയതുട്ടുകളും നോട്ടുകളുമിട്ടു. തുണിയിലിട്ട പണം അതുപോലെ മടക്കിയെടുത്തു അവളുടെ ബാഗിൽ വെച്ച് നിറപുഞ്ചിരിയോടെ അവിടെ നിന്നവരോട് നന്ദി പറഞ്ഞ് സന്തോഷവതിയായി കുതിരപ്പുറത്ത് കയറിപ്പോയി. വളരെ ആരാധനയോടെയാണ് ആ യുവ സുന്ദരിയായ ഗായികയെ ഞാൻ കണ്ടത്. പാട്ടിന്റെ താളത്തിനനുസരിച്ച് അസാമാന്യ ബുദ്ധിയോടെ താളംപിടിച്ച കുതിര ഏറെ നേരം മനസ്സിൽ നിന്ന് മായാതെ നിന്നു. ●



karoorsoman@gmail.com

● ലേഖനം ●



● ജോർജ്ജ് ജോസഫ് മണ്ണൂശ്ശേരി

# ആലുവ കൂട്ടക്കൊലക്കേസ്

...തുടർച്ച

ചെറുപ്പത്തിൽ ഒരു ബ്രാണ്ടിക്കടയിലെ ജീവനക്കാരനായിരുന്നു ജയ്മി. മദ്യപാനം ശീലിക്കുന്നത് അവിടെവെച്ചാണ്. ചെറിയ ചെറിയ കുറ്റകൃത്യങ്ങളുടെ പേരിൽ എറണാകുളം സബ്ജയിലിൽ കിടന്നു. പിന്നീട് അതൊരു ശീലമായി നല്ല വരുമാനം കിട്ടുമെന്നു കണ്ടപ്പോൾ പല ക്വട്ടേഷനും ഏറ്റെടുത്തു. പലതവണ പിടിക്കപ്പെട്ടു. നിരവധി പണമിടപാട് സ്ഥാപനങ്ങൾ ജയ്മിയെ ഉപയോഗിച്ചു ജയിലിലായപ്പോൾ അവർ നിഷ്കരുണം കൈയൊഴിഞ്ഞു.

ഓർക്കാപ്പുറത്തുള്ള ഒരാക്രമണത്തിൽ ജയ്മിക്ക് വെട്ടേറ്റു. ഗുരുതരാവസ്ഥയിൽ ആശുപത്രിയിലായ ജയ്മിയെ എറണാകുളം പി.വി.സിയിലെ ഫാദർ അലക്സാണ്ടറാണ് ചികിത്സിപ്പിച്ചത്. അദ്ദേഹം അവനെ കൂട്ടിക്കൊണ്ടുപോയി നല്ലവനാക്കാൻ നോക്കി. കുറേക്കാലം കുറ്റകൃത്യങ്ങളുടെ ലോകത്തുനിന്ന് അകന്നുനിന്ന ജയ്മി വീണ്ടും പഴയ മേഖലയിലേക്കു തിരിച്ചുപോയി. ഇതിനിടയിൽ ജയ്മിയുടെ വിവാഹം കഴിഞ്ഞു. പ്രണയിച്ച പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയി രഹസ്യമായി വിവാഹം ചെയ്യുകയായിരുന്നു. ജയ്മിയെ വളരെ വിശദമായിത്തന്നെ ഞാൻ ചോദ്യം ചെയ്തു.ആലുവാ കൂട്ടക്കൊലയുമായി അയാൾക്ക് യാതൊരു ബന്ധവുമില്ലെന്നു വ്യക്തമായി. എന്നിട്ടും ജയ്മി എന്ന കച്ചിത്തുരുമ്പിൽ പിടിച്ചുകയറാൻ വല്ല സാധ്യതയുമുണ്ടോയെന്നു നോക്കി. ആലുവയിലും എറണാകുളത്തുമുള്ള ക്വട്ടേഷൻസംഘങ്ങളെപ്പറ്റിയും കൊലക്കേസിന് ശിക്ഷിക്കപ്പെട്ടവരെക്കുറിച്ചും കൂട്ടക്കൊല ചെയ്യാൻ സാധ്യതയുള്ളവരുടെയും ബൃഹത്തായ ഒരു ലിസ്റ്റുതന്നെ ജയ്മി തന്നു. കാസർകോടു സ്വദേശികൾ മുതൽ നെയ്യാറ്റിൻകര സ്വദേശികൾ വരെ അക്കൂട്ടത്തിലുണ്ടായിരുന്നു. ജയ്മി നല്കിയ വിവരങ്ങളുമായി ഞാൻ കണ്ണൂരിൽനിന്നും മടങ്ങി. ഈ സന്ദർഭത്തിൽ എസ്.പി.പി.സി ജോർജ് എന്നെ വിളിച്ച് ചില കാര്യങ്ങൾ സൂചിപ്പിച്ചു. കൊല്ലപ്പെട്ട 'ക്ലാര' അദ്ദേഹത്തിന്റെ ബന്ധുവായിട്ടും അന്വേഷണം ഒരു കരപറ്റാത്തതിൽ അദ്ദേഹത്തെക്കാൾ വിഷമമുണ്ടായിരുന്നു എനിക്ക്.

"കേസ് തെളിയാൻ ഇത്രയും കാലതാമസം നേരിടുന്നത് എന്തുകൊണ്ടും നല്ലതല്ല. മാത്രമല്ല കേസ് തെളിയാൻ ഇനിയും സമയമെടുത്താൽ വിലപ്പെട്ട പല തെളിവുകളും നശിക്കാനും സാധ്യതയുണ്ട്. ലോക്കൽ പോലീസിന്റെ അന്വേഷണം എങ്ങും എത്തിയിട്ടില്ല. അതുകൊണ്ട് നമ്മുടെ കൈയിലുള്ള 'ക്ലൂ' ലോക്കൽ പോലീസിന് കൊടുക്കുന്നതാവും നല്ലത്." പി.സി.ജോർജ് പറഞ്ഞു.



ഇപ്പോഴത്തെ നിലയിൽ ഉടനെയെങ്ങും അന്വേഷണം ലോക്കൽ പോലീസിൽനിന്നും ക്രൈംബ്രാഞ്ചിലേക്കു മാറ്റാൻ സാധ്യതയില്ല."

ഡി.ജി.പി. മുഷാഗരി അഭിപ്രായപ്പെട്ടു. ഞാൻ എനിക്കു കിട്ടിയ വിവരങ്ങൾ അനുസരിച്ച് സംശയത്തിന്റെ നിഴലിൽ വരുന്ന വ്യക്തിയെക്കുറിച്ചുള്ള വിശദാംശങ്ങൾ ലോക്കൽ പോലീസിന് കൈമാറാൻ തീരുമാനിച്ചു. ഈ കേസിൽ മാഞ്ഞൂരാൻ കുടുംബത്തിന്റെ ഒരു ബന്ധുവായ മിസ്റ്റർ X എന്ന യുവാവിനെ (സാങ്കേതിക കാരണങ്ങളാൽ പ്രതിയുടെ യഥാർത്ഥ പേര് ചേർക്കാൻ സാധിക്കാത്തതിൽ ഖേദിക്കുന്നു.) ഞാൻ സംശയിക്കുന്നുവെന്നും കൂട്ടക്കൊലയിൽ അയാൾക്കുള്ള പങ്ക് ശാസ്ത്രീയമായി തെളി

യിക്കപ്പെടണമെന്നുമുള്ള വിവരം ഞാൻ ഡി.വൈ.എസ്. പി.ശശിധരന് കൈമാറി. അങ്ങനെ അന്വേഷണം മിസ്റ്റർ X ലേക്കു കേന്ദ്രീകരിച്ചു.

അപ്പോഴും പോലീസ് ഉദ്യോഗസ്ഥർ അടക്കം ഒരു വിഭാഗം ശക്തമായി ഒരു സംശയം ഉന്നയിച്ചു. അഗസ്റ്റിന്റെ ബദ്ധശത്രുക്കളായ സഹോദരൻമാർ, ജോസിനും ജോർജിനും ഇതിൽ പങ്കുണ്ടാവില്ലേ?

എന്തായാലും ആ വഴികൂടി വിശദമായി അന്വേഷിക്കാൻ തീരുമാനിച്ചു. അവരുടെയും കൊല്ലപ്പെട്ട കുടുംബത്തിന്റെയും ബന്ധുവായ എസ്.പി.പി.സി ജോർജ് തന്നെ അതിനുള്ള അവസരം ഒരുക്കിത്തന്നു.

രഹസ്യങ്ങൾ വേഗം ചോർന്നു കിട്ടാനുള്ള ഉപാധി കുടുംബത്തിലെ സ്ത്രീകൾ വഴി ശ്രമിക്കുക എന്നതാണ്.



പി.സി.തോമസ്

മാഞ്ഞൂരാൻ ജോർജിന്റെ ഭാര്യ ഷൈനി, മകൾ സഹി എന്നിവരോട് ഞാൻ വിശദമായി സംസാരിച്ചു. ആ കുടുംബത്തെ ഒട്ടും സംശയിക്കുന്നില്ലെന്നമട്ടിൽ സൗഹാർദ്ദപരമായാണ് ഞാൻ സമീപിച്ചത്. ഞാനവരോടു ചോദിച്ചു.

“എന്തൊക്കെ പിണക്കമുണ്ടെങ്കിലും കൊല്ലപ്പെട്ടത് നിങ്ങൾക്കേറ്റവും വേണ്ടപ്പെട്ടവർ തന്നെയാണ്. ആ നില യ്ക്ക് ഇതിന്റെ സത്യാവസ്ഥ പുറത്തുവരേണ്ടത് എന്നേക്കാൾ നിങ്ങളുടെ ആവശ്യമാണ്. അതുകൊണ്ട് ഒരു സഹോദരനെപ്പോലെ വിശ്വാസത്തിലെടുത്ത് എന്നോട് എന്തും തുറന്നുപറയാം. ഞാനായിട്ട് നിങ്ങൾ വെളിപ്പെടുത്തുന്ന കാര്യങ്ങൾ പുറത്തുപറയില്ല. നിങ്ങൾ ആരെക്കുറിച്ചു പറഞ്ഞാലും ഒരു കൂട്ടിച്ചോദ്യമോ വിചാരണയോ ഒന്നും ഉണ്ടാവില്ല. നിങ്ങളെ വിഷമവൃത്തത്തിൽ അകപ്പെടുത്തുന്ന ഒരു നീക്കവും എന്റെ ഭാഗത്തുനിന്നുണ്ടാവില്ല.”

പാതി ആശ്വാസം കൈവന്നതുപോലെ ആ അമ്മയും മകളും മുഖാമുഖം നോക്കി. ഞാൻ തീരെ ശബ്ദം താഴ്ത്തി ചോദിച്ചു. “ഈ സംഭവവുമായി ബന്ധപ്പെട്ട് എന്തെങ്കിലും അസാധാരണമായ നീക്കമോ സംശയമോ പ്രത്യേകതയോ നിങ്ങളുടെ അനുഭവത്തിൽ നിന്നും പറയാമോ? സംഭവം അറിഞ്ഞതിനുശേഷമോ മുൻപോ എപ്പോഴെങ്കിലും ഉണ്ടായ കാര്യമാണെങ്കിലും മതി. ഒരു ചെറിയ സൂചനയാണെങ്കിൽപ്പോലും... ഒരുപക്ഷേ അതൊരു വഴിത്തിരിവായേക്കാം.”

ഷൈനി പെട്ടെന്നു മറുപടി പറഞ്ഞില്ല. പക്ഷേ എന്തോ പറയാനുണ്ടെന്ന് ആ മുഖം വിളിച്ചുപറയുന്നുണ്ടായിരുന്നു. ഞാൻ വീണ്ടും വീണ്ടും ധൈര്യം കൊടുത്തപ്പോൾ ഷൈനിയും സഹിയും ചേർന്ന് ആ സംഭവം വിവരിച്ചു. ആലുവ കൂട്ടക്കൊലക്കേസിന്റെ ഗതി കൃത്യമായ ദിശയിലേക്കു തിരിച്ചുവിട്ട സംഭവം.

2001 ജനുവരിമാസം ഏഴാം തീയതി അന്നൊരു ഞായാറാഴ്ചയായിരുന്നു. ജോർജിന്റെ മകൾ സഹിക്ക് പി.സി.തോമസിന്റെ അക്കാദമിയിൽ എൻട്രൻസ് പരീക്ഷാപരിശീലനക്ലാസിൽ പോവണം.എല്ലാ ഞായാറാഴ്ചയും പതിവുള്ളതാണ് ആ യാത്ര. രാവിലെ ആറുമണിക്ക് ആലുവയിൽനിന്നും പുറപ്പെടുന്ന ട്രെയിനിൽ തൃശൂരിലെ കോച്ചിംഗ്സെന്ററിലെത്തണം.

ആ ഞായാറാഴ്ചയും സഹി അമ്മ ഷൈനിയോടൊപ്പം റെയിൽവേ സ്റ്റേഷനിലേക്കു പുറപ്പെട്ടു. സ്റ്റേഷൻവരെ ഷൈനി മകളെ കൊണ്ടാക്കുക പതിവുള്ളതാണ്. സ്റ്റേഷനിലേക്കു പോവുംമുൻപ് പള്ളിയിൽ കയറിയിട്ടുവരാമെന്ന ധാരണയിലാണ് അമ്മയും മകളും ഇറങ്ങിയത്.

വീട്ടിൽനിന്നും റോഡിലേക്കിറങ്ങാൻ ഒരുങ്ങിയതും മാഞ്ഞൂരാൻ കുടുംബത്തിന്റെ ഒരു ബന്ധുകൂടിയായ മിസ്റ്റർ X ജയിൽ റോഡിൽനിന്നും വളരെ വേഗതയിൽ റെയിൽവേ സ്റ്റേഷൻ ഭാഗത്തേക്കു നടന്നുപോവുന്നതു കണ്ടു.

അവർ Xനെ വിളിച്ചു. സാധാരണഗതിയിൽ തമ്മിൽകണ്ടാൽ നിന്നു കുടുംബകാര്യങ്ങളും കുശലപ്രശ്നങ്ങളും പറയുന്നതാണ് Xന്റെ പതിവ്. നമ്മൾ കണ്ടില്ലെങ്കിലും ഇങ്ങോട്ടുവന്ന് വിശേഷങ്ങൾ അന്വേഷിച്ചു പോവും. പക്ഷേ, അന്ന് ഷൈനിയും സഹിയും പലതവണ വിളിച്ചിട്ടും എക്സ് കേൾക്കാത്തമട്ടി ൽ ധൃതിയിൽ നടന്നുപോയി. അങ്ങനെയൊരു പെരുമാറ്റം ഇന്നേവരെ Xന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. അസാധാരണമായ ആ പ്രതികരണം എന്തുകൊണ്ടാണെന്ന് എത്ര ചിന്തിച്ചിട്ടും ഷൈനിക്കും സഹിക്കും പിടികിട്ടിയില്ല. മാത്രമല്ല X ഇന്ന് ഗൾഫിൽ പോകേണ്ട ദിവസമാണ്. ബന്ധുവീടുകളിലെല്ലാം പലതവണ വന്ന് യാത്ര പറഞ്ഞുപോയതാണ് X വിളിച്ചിട്ട് നില്ക്കാത്തതുകൊണ്ട് അമ്മയും മകളും നടപ്പിന് വേഗതകൂട്ടി. അവന്റെ അടുത്തെത്താൻ ശ്രമിച്ചു. പിടിക്കപ്പെടുമെന്നു ഭായന്നാവാം X അതിവേഗതയിൽ ഓടുന്നമാതിരി നടന്നു.

ആലുവ റെയിൽവേസ്റ്റേഷന് അടുത്താണ് വലിയപള്ളി X ധൃതിപ്പെട്ട് എവിടേക്കെങ്കിലും പോവുകയാണെങ്കിൽ ബുദ്ധിമുട്ടിക്കേണ്ടെന്നു കരുതി അയാളെ പിൻതുടരുന്നത് മതിയാക്കി ഷൈനിയും സഹിയും പള്ളിയിലേക്കു നടന്നു.

ഒരു നല്ലകാര്യത്തിന് (എൻട്രൻസ് കോച്ചിംഗ്) പുറപ്പെടുംമുൻപ് പള്ളിയിൽ കയറി പ്രാർത്ഥിച്ചേക്കാം എന്ന ലളിതമായ ഉദ്ദേശ്യം മാത്രം.

ആ സമയത്ത് സഹിക്കുവേണ്ടി ട്രെയിൻടിക്കറ്റ് എടുക്കാൻ റെയിൽവേ സ്റ്റേഷനിൽ നില്ക്കുകയായിരുന്ന മാഞ്ഞൂരാൻ ജോർജ് X സ്റ്റേഷനിലേക്കു നടന്നുവരുന്നതു കണ്ടു.

എന്താണ് എവിടെപ്പോവുന്നു? എന്ന അർത്ഥത്തിൽ ജോർജ് ആംഗ്യഭാഷയിൽ Xനോടു ചോദിച്ചു. അതിനു മറുപടി പറയാതെ ഒന്നു നോക്കിയിട്ട് എക്സ് തിരിഞ്ഞുനടന്നു. പള്ളിയിൽനിന്നും റെയിൽവേസ്റ്റേഷനിലെത്തിയ ഷൈനിയും സഹിയും എക്സിനെ കണ്ടകാ

ര്യം ജോർജുമായി പങ്കുവെച്ചു. തങ്ങൾ വിളിച്ചിട്ടും അവൻ നില്ക്കാതെ കടന്നുകളഞ്ഞതായി ഷൈനിയും സഹിയും പറഞ്ഞു.

വിചിത്രമായ ആ പെരുമാറ്റത്തിൽ മൂന്നുപേർക്കും അദ്ഭുതംതോന്നി. ഇങ്ങോട്ടുവന്നുകണ്ട് വാചാലമായി സംസാരിക്കുന്ന പതിവുള്ള ഈ ചെറുപ്പക്കാരന് ഇതെന്തുപറ്റി? പ്രത്യേകിച്ചും ജോർജിനെ കണ്ടാൽ മിണ്ടാതെ പോവാൻ യാതൊരു സാധ്യതയുമില്ല.

കൗതുകകരമായ ഒരുകാര്യംകൂടി സംഭവിച്ചു. ജോർജിനെക്കണ്ട് സംസാരിച്ചാൽ എവിടെപ്പോയതാണെന്ന ചോദ്യത്തിന് മറുപടി പറയേണ്ടി വരുമെന്ന് ഭയന്ന് വഴിമാറി പള്ളിയിൽ ചെന്നുകയറിയ 'X' ഷൈനിയും സഹിയും പള്ളിമുറ്റത്തേക്കു വരുന്നതുകണ്ട് ധൃതിയിൽ പള്ളിയുടെ വശത്തെ വാതിലിൽക്കൂടി ഇറങ്ങിപ്പോകുന്നത് അവർ കണ്ടു. കുർബാന കഴിഞ്ഞ് മകളെ ട്രെയിനിൽ കയറ്റി അയച്ചിട്ട് ഷൈനി വീട്ടിൽ മടങ്ങിയെത്തി.

തലേന്ന് ശനിയാഴ്ച രാത്രിയിലാണ് അഗസ്റ്റിന്റെ വീട്ടിൽ കൂട്ടക്കൊല നടന്നത്. പിറ്റേന്നു വെളുപ്പാൻകാലത്ത് സംശയാസ്പദമായ സാഹചര്യത്തിൽ പരിസരത്തുവെച്ച് Xനെ കാണപ്പെടുകയും ബന്ധുക്കളായ ജോർജിനെയും കുടുംബത്തെയും മുഖാമുഖം കണ്ടിട്ടും X ഒഴിഞ്ഞുമാറുകയും ചെയ്തതിൽനിന്നും അന്വേഷണത്തിന്റെ സൂചിമുന Xലേക്കു കേന്ദ്രീകരിക്കപ്പെട്ടു.

സംഭവത്തിനുശേഷം ' X' നേരെ പോയത് മുംബൈയിലേക്കായിരുന്നു. അവിടെനിന്നും ഗൾഫ് രാജ്യമായ ദമാമിലേക്കു കടന്നു. അറബിയായ ഡോക്ടറുടെ കുടുംബത്തിൽ ഡ്രൈവറായി ഒരാളെ ആവശ്യമുണ്ടായിരുന്നു. അറബിയുടെ ഭാര്യയെ ഷോപ്പിംഗിന് കൊണ്ടുപോവുക, കുട്ടികളെ സ്കൂളിൽ എത്തിക്കുക മറ്റു വീട്ടുകാര്യങ്ങൾക്കായി പോവുക എന്നിവയായിരുന്നു ഡ്രൈവറുടെ ജോലി.

അറബിക്കു വിസാ തരപ്പെടുത്താനും ഏജന്റിന് കമ്മീഷൻ ഇനത്തിലുമായി ദമാമിൽ എത്തിച്ചേർന്നപ്പോൾ 'X'ന് ഒന്നരലക്ഷം രൂപയോളം ചെലവായിരുന്നു. X നെ ഡോക്ടറുടെ വീടിനോടു ചേർന്നുള്ള ഔട്ട്ഹൗസിലായിരുന്നു താമസിപ്പിച്ചിരുന്നത്. പക്ഷേ, ഡോക്ടർ തന്റെ കാർ 'X' നെക്കൊണ്ട് ഓടിപ്പിച്ചു നോക്കിയപ്പോൾ ഡ്രൈവിംഗിൽ അവന് വേണ്ടത്ര വൈദഗ്ദ്ധ്യമില്ലെന്നു വ്യക്തമായി. പ്രധാനമായും 'X' വണ്ടിയോടിക്കുമ്പോൾ അതിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയുന്നില്ല. മനസ്സ് വേറേതോ ലോകത്തിൽ വ്യാപരിക്കുന്നതു പോലെ....

ഡ്രൈവിംഗിൽ പരിചയസമ്പന്നനാണെന്ന് ഉറപ്പുപറഞ്ഞാണ് ഏജന്റ് എക്സിനെ ദമാമിലെത്തിച്ചത്.നാട്ടിൽ തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ ഡ്രൈവറായി ജോലി ചെയ്തിരുന്നയാളാണ് X. ഗൾഫിലേക്ക് അയയ്ക്കുന്നതിന് മുന്നോടിയായി മുംബൈയിൽ നടന്ന ടെസ്റ്റ് ഡ്രൈവിംഗിലും X വൈദഗ്ദ്ധ്യം കാട്ടിയിരുന്നു. എന്തായാലും Xന്റെ ഡ്രൈവിംഗിൽ അതൃപ്തി തോന്നിയ ഡോക്ടർ ഏജന്റിനെ വിളിച്ചു പരാതിപ്പെട്ടു. "ഇയാൾക്ക് നിങ്ങൾ പറഞ്ഞതുപോലെ വേണ്ടത്ര പരിചയമില്ലല്ലേ?" ജോലിയിൽ തീരെ ശ്രദ്ധയും കാണുന്നില്ല.

എന്റെ അന്വേഷണത്തിലും ടെസ്റ്റിലും അങ്ങനെയായിരുന്നില്ല സർ എന്താണ് കാരണമെന്ന് ഞാൻ അയാളോടുതന്നെ സംസാരിക്കാം.

ഏജന്റ് X മായി ഫോണിൽ ബന്ധപ്പെട്ടശേഷം ഡോക്ടറെ വിളിച്ചു.

സർ ഞാനയാളുമായി സംസാരിച്ചു. ആദ്യമായാണ് ഭാര്യയെയും മക്കളെയും ബന്ധുക്കളെയും വിട്ടുനില്ക്കുന്നത്. അതിന്റെ വിഷമംകൊണ്ടാണ് സർ ഒരാഴ്ചക്കൊണ്ട് എല്ലാം ശരിയാകുമെന്ന് അയാൾ ഉറപ്പുതന്നിട്ടുണ്ട്.

ഏജന്റ് അങ്ങനെയൊക്കെ പറഞ്ഞെങ്കിലും കാര്യങ്ങൾ ഉദ്ദേശിക്കുന്ന വഴിക്ക് നീങ്ങില്ലെന്ന് ഡോക്ടർക്ക് ഏതാണ്ട് ഉറപ്പായി. Xന്റെ മനസ്സിന് ഏതോ വിഭ്രാന്തിയുള്ളതായി അദ്ദേഹത്തിനുതോന്നി. സദാസമയവും ഏതോ ഭയവും ആശങ്കയും ആകാംക്ഷയുമുള്ളതുപോലെ അതു മനസ്സിലാക്കി ഡോക്ടർ Xനെ സമാധാനിപ്പിച്ചു.




ഏതോ പ്രശ്നം നിന്നെ അലട്ടുന്നുണ്ടെന്ന് എനിക്കറിയാം. തുറന്നുപറയാൻ ബുദ്ധിമുട്ടാണെങ്കിൽ വേണ്ട. തല്ക്കാലം ഒരാഴ്ച നീ ജോലിയൊന്നും ചെയ്യാതെ വിശ്രമിക്ക്. എല്ലാം ശരിയായിക്കൊള്ളും.

ഇതിനിടയിൽ X ന്റെ ഭാര്യ നാട്ടിൽനിന്നും ഭർത്താവിനെ ഫോണിൽ വിളിച്ചു. ഡോക്ടറുടെ വീട്ടിലേക്കാണ് ഫോൺ വന്നത്. അതു കണ്ടപ്പോൾ ഡോക്ടർ സമാധാനിച്ചു. ഒരുപക്ഷേ ഭാര്യയുമായി സംസാരിച്ചുകഴിയുമ്പോൾ Xന്റെ വിഷമങ്ങൾ മാറിയെങ്കിലോ?

പക്ഷേ ഭാര്യയും എക്സും തമ്മിലുള്ള സംഭാഷണം അത്ര പന്തിയല്ലെന്ന് ഭാഷ അറിയാഞ്ഞിട്ടും മുഖഭാവത്തിൽനിന്നും ഡോക്ടർക്കു വ്യക്തമായി. മാഞ്ഞൂരാൻ അഗസ്റ്റിന്റെ വീട്ടിൽ കൂട്ടക്കൊല നടന്ന വിവരം X അറിഞ്ഞോ എന്ന് ഭാര്യ ചോദിച്ചപ്പോൾ അയാൾ നടുങ്ങുന്നത് ഡോക്ടർ ശ്രദ്ധിച്ചു. എന്താണ് ഭാര്യ പറഞ്ഞതെന്ന് ഡോക്ടർക്ക് മനസ്സിലായില്ലായെങ്കിലും എന്തോ.

## യോഗയുടെ ഉദ്ദേശ്യം എന്ത്?

ആത്മജ്ഞാനവിഷയത്തിൽ ചിത്തശുദ്ധി അതിപ്രധാനമായൊരു സംഗതിയാണ്. ചിത്തം സംശുദ്ധമാവാതെ ഒന്നും സാദ്ധ്യമല്ല. അതിനാൽ വേദാന്തശ്രവണം വരെയുള്ള സാധനകളൊക്കെ ഒരുപ്രകാരത്തിൽ ചിത്തശുദ്ധിക്കുമാത്രമുള്ളവയാണ്. ചിത്തം സംശുദ്ധമായി കഴിഞ്ഞാൽ പിന്നെ മറ്റൊന്നും വേണമെന്നുതന്നെയില്ല; തത്ത്വം താനേ പ്രകാശിക്കും. ചളിപുരണ്ട കണ്ണാടിയിൽ വസ്തുക്കൾ പ്രതിബിംബിക്കാത്തതുപോലെയാണ് നാമരൂപങ്ങളെക്കൊണ്ടും കർമ്മവാസനകളെക്കൊണ്ടും വൃത്തികളെക്കൊണ്ടും മലിനമായിരിക്കുന്ന ചിത്തത്തിൽ വസ്തുതത്ത്വം പ്രകാശിക്കാത്തത്. കണ്ണാടിയിലെ ചളി തുടച്ചു കളയുംപോലെ ചിത്തത്തിന്റെ അശുദ്ധിയെ സാധനകളെക്കൊണ്ടു തുടച്ചു ശുദ്ധിവരുത്തണം. ചിത്തശുദ്ധിയാണ് യോഗയുടെ ലക്ഷ്യം.

അറിഞ്ഞു. ബോംബെയിൽവെച്ച് മലയാളം ടി.വിയിൽ ആ വാർത്ത കണ്ടിരുന്നു. എന്താ നീ ചോദിച്ചത്? പരിഭ്രമത്തിനിടയിൽ X ഭാര്യയോടു ചോദിച്ചു

ചേട്ടൻ ശനിയാഴ്ച രാത്രി ആ വീട്ടിൽ പോയിരുന്നോ?

ഭാര്യയുടെ ചോദ്യംകേട്ട് X വെട്ടിവിയർക്കുന്നതും കൈയിലെ റിസീവർ ചെറുതായി വിറയ്ക്കുന്നതും ഡോക്ടർ ശ്രദ്ധിച്ചു. ആകെ ഭയന്നുപോയ അവസ്ഥ. മറുപടിക്ക് വാക്കുകൾ കിട്ടാതെ നിന്ന Xനെ ഡോക്ടർ സംശയദൃഷ്ട്യാ സൂക്ഷിച്ചുനോക്കി.

സ്തബ്ധനായിനിന്ന X നോട് ഭാര്യ തുടർന്നുപറഞ്ഞു.

ചേട്ടാ... പോലീസ് വീട്ടിൽ വന്നിരുന്നു.എന്നെ ചോദ്യംചെയ്തു ശനിയാഴ്ച രാത്രി ചേട്ടൻ എപ്പോഴാണ് വീട്ടിൽ വന്നതെന്ന് ചോദിച്ചു.

ഭാര്യ കരഞ്ഞുകൊണ്ട് ഫോൺവെച്ചതും X തളർന്ന് കസേരയിലേക്കിരുന്നതും ഒരുമിച്ചായിരുന്നു.


തുടരും........

## യെസ്പ്രസ് പബ്ലിക്കേഷൻസിന്റെ
## ●പുതിയ പുസ്തകങ്ങൾ ●




**പൂ വിരിയുംപോലെ ജീവിതം**
ശോഭന വെങ്ങോല
വില: 80 രൂപ

നിത്യജീവിതത്തിൽ കുട്ടികൾക്ക് കൊടുക്കാൻ കഴിയാത്ത മൂല്യബോധവും ആത്മവിശ്വാസവും ക്യാപ്സൂൾ പരുവത്തിൽ കൊടുക്കുന്ന ഇടങ്ങൾ തേടി നെട്ടോട്ടമോടുന്ന ഇക്കാലത്ത് രക്ഷിതാക്കൾക്കും അധ്യാപകർക്കും തീർച്ചയായും ഇതൊരു കൈപ്പുസ്തകമായിരിക്കും. സ്വസ്ഥതയും സമാധാനവും ജീവിതവിജയവും എത്താക്കൊമ്പുകളലേക്കുയർന്നു പൊയ്ക്കൊണ്ടിരിക്കുമ്പോൾ ഇത്തരം ഏണിപ്പടികൾ അനിവാര്യമാകുന്നു. അത്രയേറെ കാലിക പ്രസക്തിയുള്ളതാകുന്നു ഈ പുസ്തകം.





**മല മുകളിലെ ദേവി**
എ.കെ.ശശി വെട്ടിക്കവല
വില: 70 രൂപ

ആധുനികതയിൽ സമയം കണ്ടെത്താൻ കഴിയാത്തവർക്കായി കഥാകൃത്ത് തന്റെ ആശയങ്ങൾ കൊച്ചുകൊച്ചു കഥകളായാണ് ഈ സമാഹാരത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അവയിൽ പലതും ഉൾക്കാഴ്ചയിൽ ചെറുതീപ്പൊരികൾ ഉതിർക്കുന്നവയുമാണ്.




**ഒരു പെൺകുട്ടി മാത്രമുള്ള വീട്**
സ്വാമിയാർ
വില: 100 രൂപ

പ്രതിദിനം അരാഷ്ട്രീയവത്കരിക്കപ്പെടുന്ന ഒരു ലോകത്ത് ഒരു കാലത്ത് എഴുത്തുകാരന്റെ ദൗത്യം ലോകത്തെ കാലത്തെ കൺതുറന്നു കാണുക എന്നതാണ്. കണ്ടകാഴ്ചകൾ സത്യസന്ധമായി അടയാളപ്പെടുത്തുക എന്നതാണ്. അതാണ് എഴുത്തുകാരന്റെ രാഷ്ട്രീയം. ആ രാഷ്ട്രീയദൗത്യം സ്വാമിയാർ കൃത്യമായി നിർവ്വഹിച്ചിരിക്കുന്നു.




**അപ്പൂപ്പൻ താടി**
കുഞ്ഞുമോൾ സി.എൻ
വില: 70 രൂപ

ബാലമനസ്സുകളിൽ ആഹ്ലാദവും കൗതുകവും ഭാവനയും ഉണർത്തുന്ന നല്ല കവിതകളാണ് ഈ സമാഹാരത്തിലുള്ളത്. ലളിതമായ ഭാഷ, ഹൃദ്യമായ ശൈലി, ബാലമനസ്സുകളെ ഉണർത്തുന്ന അവതരണരീതി, പ്രമേയവൈവിദ്ധ്യംതുടങ്ങിയ ഗുണങ്ങ ൾകൊണ്ട് 'അപ്പൂപ്പൻതാടി' നല്ല നിലവാരം പുലർത്തുന്നു.

**വീടിനെക്കാൾ വലിയ പടിപ്പുരയെന്ന് ഒരു പുസ്തകത്തിന്റെ അവതാരികയെക്കുറിച്ച് പറഞ്ഞത് സാഹിത്യലോകത്ത് ഏറെ ചർച്ചാവിഷയമായിരുന്നു. എഴുത്തുകാരനെ ഇകഴ്ത്തുവാനോ അവതാരകനെ പുകഴ്ത്തുവാനോ ആയിരുന്നില്ല ആ പ്രസ്താവനയെന്നത് സത്യം.**
**വായനയ്ക്കു വയ്ക്കുന്ന പല പുസ്തകങ്ങളെക്കുറിച്ചുമുള്ള ചർച്ചകൾ പലപ്പോഴും പുസ്തകത്തിന്റെ അവതാരികയെ ചുറ്റിപ്പറ്റിയാണ് നടക്കുക. എഴത്തുകാരന് അവതാരികകൾ പലപ്പോഴും ഗുണംചെയ്യാറുണ്ടെങ്കിലും ഒരു മുൻവിധിയോടുകൂടി പുസ്തകത്തെ സമീപിക്കുവാൻ ഇതു കാരണമാകുന്നുവെന്നത് ദോഷകരം തന്നെയാണ്. പുസ്തകം വായിച്ചശേഷം അവതാരിക വായിക്കുന്നത് പുതിയ വായനാഗുണം നൽകുമെന്നു തോന്നുന്നു. ചില അവതാരികകൾ ഇവിടെ പരിചയപ്പെടുത്തുന്നു.**

# കവിതയല്ലാതായി മാറുന്ന കവിതകൾ

**തസ്മിൻ ഷിഹാബിന്റെ 'തലതെറിച്ചവളുടെ സുവിശേഷം' എന്ന പുസ്തകത്തിന് പി.എം.നാരായണന്റെ അവതാരിക**

എട്ടിലോ ഒമ്പതിലോ പഠിക്കുമ്പോൾ വിനീത എന്ന പെൺകുട്ടി കവിതയെക്കുറിച്ച് ഇങ്ങനെ എഴുതി.

'കവിത കവിതയാവുന്നത്/കവിതയല്ലാതാവുമ്പോഴാണ്/ഈണത്തിനും താളത്തിനും പുറമെ/വൃത്തത്തിനും പ്രാസത്തിനും പുറമേ/ഉപമയ്ക്കും ഉൽപ്രേക്ഷയ്ക്കും പുറമേ/കവിത കവിതയാവുന്നത്/അത് പൊള്ളുന്ന/പച്ച ജീവിതയാഥാർത്ഥ്യമാവുമ്പോഴാണ്.'

വിനീതയേക്കാൾ പ്രായത്തിൽമൂത്ത തസ്മിൻ ഷിഹാബിന്റെ കവിതകളെക്കുറിച്ച് എഴുതുമ്പോഴും വിനീതയുടെ ഈവരികൾ തന്നെയാണ് മനസ്സിൽ നിറഞ്ഞുനിൽക്കുന്നത്. പച്ച ജീവിതയാഥാർത്ഥ്യങ്ങളെ ഉള്ളിൽത്തട്ടുംവിധം പലതരത്തിൽ പറയാൻ ശ്രമിക്കുമ്പോൾ, കവിത മനസ്സിൽനിന്ന് ഒഴുകിയെത്തി വാക്കുകളായി വാക്യങ്ങളായി പരക്കുന്നു. അവ നമ്മെ കൊതിപ്പിക്കുന്നു, കരയിക്കുന്നു, തളർത്തുന്നു, ഒടുവിൽ വായനക്കാരുടെ മനസ്സിലേക്ക് അലിഞ്ഞിറങ്ങി നിറയുന്നു. മുപ്പത്തിയെട്ട് രചനകളുള്ള ഈ സമാഹാരത്തിലെ ഒട്ടേറെ കവിതകൾ കവിതയല്ലാതായി മാറുന്ന കവിതകളാണ്.



തസ്മിൻ ഷിഹാബ്

സ്ത്രീയുടെ ചിന്തകൾ, മനസ്സ്,ശരീരം,സ്ത്രീ നിലകൊള്ളു ന്ന സമൂഹം, അവളെ ചുറ്റിപ്പറക്കുന്ന കഴുകക്കണ്ണുകൾ, അവൾ മോഹിക്കുന്ന സ്വർഗ്ഗം ഇവയെല്ലാം ആവിഷ്കരിക്കുന്ന ഒട്ടേറെ കവിതകളുണ്ട് ഈ കൂട്ടത്തിൽ.


'ഒരു കുന്നു കയറുന്നത്ര എളുപ്പമല്ല/പെണ്ണിനെ അറിയാൻ/ ഒരുപാട് കയറ്റിറക്കങ്ങളുള്ള/ഗർത്തങ്ങളുള്ള വനസ്ഥലികളിലൂടെ/സഹജമായ യാത്രപോലെ/അതൊരാണിനെ മദിപ്പിക്കുകയും/കുഴപ്പിക്കുകയും തളർത്തുകയും ചെയ്യും' എന്ന് തസ് മിൻ എഴുതുമ്പോൾ പെണ്ണിനെ മാത്രമല്ല, കവിതയെക്കൂടി അതു ൾക്കൊള്ളുന്നുണ്ട്. യഥാർത്ഥത്തിൽ പെണ്ണിനെപ്പോലെതന്നെ അറിയാൻ ഒട്ടും എളുപ്പമല്ലാത്ത, വായനക്കാരനെ മദിപ്പിക്കുകയും കുഴപ്പിക്കുകയും സുഖകരമായ ഒരു തളർച്ചയിലേക്കു നയിക്കുകയും ചെയ്യുന്ന കവിതയെക്കൂടി ഈ രചനയിലൂടെ അവർ ആവിഷ്കരിക്കുന്നുണ്ട്.

'എന്റെ തൂവലുകളിൽ നീ തന്ന ആകാശം/ആരും കാണാതെ ഞാൻ ഒളിച്ചുവച്ചിട്ടുണ്ട്.

എന്ന് കുട്ടിത്തം വിട്ടുമാറാത്ത വാക്കുകളിൽ നമ്മെ കൊതിപ്പിക്കുകയും അതേസമയം പുസ്തകത്താളിൽ പേറ്റുനോവാൽ പിടയുന്ന മയിൽപ്പീ

ലിയെ കാണിച്ചുതന്ന് പേടിപ്പിക്കുകയും മഞ്ഞുമണക്കുന്ന ഭ്രാന്തൻചിന്തകൾ പങ്കിടുകയും ചെയ്യുന്നു തസ്മിന്റെ കവിത. ഒരേസമയം കുട്ടിയായും പെണ്ണായും ഭ്രാന്തിയായും പ്രവാചകനായും രൂപം മാറുന്ന കവിതയുടെ മുഖങ്ങൾ എന്റെ മനസ്സിൽ മിന്നിമായുകയാണ്.

ചിത്രങ്ങളെക്കുറിച്ച്. ചിത്രവായന കേന്ദ്രബിന്ദുവായെടുത്ത് എഴുതിയ മൂന്നു കവിതകൾ(സൂര്യകാന്തി ചിരിക്കുന്നു, ചിത്രം വായിക്കുമ്പോൾ,ചിത്രപ്രദർശനം)ഇതിലുണ്ട്. വാൻഗോഗിന്റെ സൂര്യകാന്തിയെക്കുറിച്ചു ള്ള കവിത, ആ അനശ്വരചിത്രകാരന്റെ ചിത്രങ്ങളെക്കുറിച്ചെഴുതിയ ഒന്നാംതരം ആസ്വാദനമാണ്. ചായ്പിന്റെ മൂലയിൽ പൊടിപിടിച്ച് ചിന്നിച്ചിതറിയ ഒരു ചിത്രത്തിലൂടെ നമുക്ക് പ്രിയതരമായ,എന്നാലും നമ്മൾ അവഗണിച്ച ഒരു ജീവിതത്തെയാണ് തസ്മിൻ വരച്ചുകാണിച്ചിട്ടുള്ളത്. ചിന്നിച്ചിതറലുകൾക്കിടയിലും വാടാത്ത കരൾപ്പൂവുള്ള ജീവിതങ്ങളാണ് നമ്മെ ഇതുവരെ നയിച്ചതും ഇനിയും മുന്നോട്ടു കൊണ്ടുപോകുന്നതും എന്ന തിരിച്ചറിവ് ഈ കവിത നമുക്ക് നൽകുന്നു.



വാൻഗോഗ്

ഒരു സർഗാത്മക രചനയിലൂടെ വർണ്ണമേളവും അതിനുപിന്നിലെ ധ്യാനവും അതിന്റെ വായനയും ഒരുപോലെ നമ്മെ അനുഭവിപ്പിക്കുന്ന രചനയാണ് 'ചിത്രപ്രദർശനം'.

നീലി ഈ സമാഹാരത്തിലെ ശ്രദ്ധേയമായ ഒരു രചനയാണ്. നെറുകയിൽ ഇന്നും ആണി തറച്ചുകേറുന്ന സ്ത്രീയെ നമുക്ക് ആ കവിതയിൽ കാണാം. തിരിവിൽ വഴി ചൂണ്ടുന്ന അമ്മമരം മാതൃത്വത്തെക്കുറിച്ച് ഉള്ളിൽ തട്ടുന്ന ചിന്തകൾ പങ്കുവെക്കുന്നു. അമ്മയെക്കുറിച്ചു മാത്രമല്ല അച്ഛനെക്കുറിച്ചും തസ്മിന് പറയാനുണ്ട്. കവലയിൽ ഓരം ചേർന്ന് ഒരു ചെറു ഉരുളയ്ക്കായി കാത്തിരിക്കുന്ന അച്ഛന്റെ ചി ത്രം വരച്ചുവെച്ചിരിക്കുന്നു.'തന്തത്താഴ്' എന്ന കവിതയിൽ.




'തലതെറിച്ചവളുടെ സുവിശേഷം' എന്നാണ് ഈ സമാഹാരത്തിന്റെ പേര്. എന്തുകൊണ്ട് ആ പേര് എന്ന ചോദ്യത്തിനുത്തരമാണ് 'തെറിച്ചവൾ' എന്ന കവിത. ഉടലായ്,അറിവായ്,അഴകായ്,ആനന്ദമായ്,മുഖമറ പറിച്ചെറിഞ്ഞ് കുന്നിൻമുളിലേക്ക് ഓടുന്ന ആ തെറിച്ച പെണ്ണിനെ നനവൂറുന്ന കണ്ണുകൾകൊണ്ട് നോക്കിക്കാണാൻ നമുക്ക് കഴിയുന്നുണ്ട്.

തന്റെ ചിന്തകളെ കണ്ടെത്താൻ തസ്മിൻ കണ്ടെത്തുന്ന, അല്ലെങ്കിൽ താനേ വെളിവാകുന്ന, ബിംബങ്ങളുടെ ധാരാളിത്തം ഈ കവിതകളിൽ കണ്ടെടുക്കാം. ഇടയ്ക്കിടെ അവ നമ്മെ വിഭ്രമിപ്പിക്കുകയും ചെയ്യുന്നു. തന്നെയും താൻ ജീവിക്കുന്ന ചുറ്റുപാടിനെയും പരമാവധി കരുത്തും അഴകുമുള്ള വാക്കുകളിലൂടെ പകർത്താൻ ശ്രമിക്കുന്ന തസ്മിൻ ഷിഹാബ് അതിൽ വിജയിക്കുന്നുമുണ്ട്. ഈ വായന നൽകുന്ന സന്തോഷവും ഉള്ളെരിച്ചിലും പങ്കിട്ടുകൊണ്ട് ഇതിവിടെ നിർത്തട്ടെ.

● കഥ ●



കൃപാ അനിൽകുമാർ

# കാമുകി

അയാളെക്കുറിച്ചു ചോദിച്ചാൽ അവൾ പറയും "പ്രണയത്തേക്കാൾ അനിശ്ചിതത്വം ഉള്ളവനും മരണത്തോളം ശാന്തനും' എന്ന് "കുറച്ചു കാലത്തേക്ക് എന്നെ സ്നേഹിക്കാമോ". മാസങ്ങൾ മാത്രം പഴക്കം ഉള്ള സൗഹൃദത്തിനിടയിൽ ഒരിക്കൽ അയാൾ ചോദിച്ചു എത്ര കാലത്തേക്ക് അത് കാലത്തിനു തീരുമാനിക്കാൻ വിട്ടേക്കു നാളെയും കാണാം എന്നുറപ്പു തരാതെ അയാൾ പിരിഞ്ഞു പോകും. പിന്നെയും അവളിലേക്ക് മടങ്ങി വന്ന് അവളെ വിസ്മയിപ്പിക്കും. അയാൾ പുതുമയുടെ അന്വേ ഷിച്ചാണെന്ന് അവൾക്കു തോന്നി മൗനം തളംകെട്ടി നിന്ന ആ മുറിയിൽ അയാളുടെ വിയർപ്പിലേക്ക് ഉരുകിച്ചേർന്നു കിടക്കുമ്പോൾ അയാൾ അവളോട് ചോദിച്ചു നീ എന്തു കണ്ടിട്ടാണ് പെണ്ണേ ഇങ്ങു കൂടെ പോന്നത് അവൾ കണ്ണ് ചിമ്മാതെ മറുപടി കൊടുത്തു. നിന്റെ വാക്കുകൾ കണ്ടിട്ട് ഹ! വാക്കുകളെ വിശ്വസിക്കാമോ!! ഞങ്ങൾ കഥാകാരന്മാർക്കിടയിൽ ഒരു അടക്കം പറച്ചിൽ ഉണ്ട് വാക്കുകൾ എന്നത് വായിൽ തോന്നിയത് എന്നതിന്റെ ചുരുക്കം ആണെന്ന് അയാൾ അങ്ങനെ ഒക്കെ ആണെന്ന് പറയാം. പ്രണയത്തെ ചുമ്മാ ഒഴുകാൻ വിട്ട്... ഒരു കാര്യത്തിൽ മാത്രം അയാൾ സത്യം പുലർത്തി ഇന്ന് ഈ നിമിഷം ഞാൻ നിന്നെ സ്നേഹിക്കുന്നു. അവൾക്കും അതുതന്നെ ആയിരുന്നു ആവശ്യം. ഇന്ന് ഈ നിമിഷം മണ്ണിനോട് കടമെടുത്ത ശരീരം വച്ച് ഉറപ്പില്ലാത്ത നാളയെകുറിച്ച് അയാൾ സംസാരിക്കുവാൻ തയ്യാറായില്ല. ഒരിക്കൽ ഇരുട്ട് പുതഞ്ഞ ആകാശത്തു നക്ഷത്രങ്ങളെ നോക്കി കണ്ണ് ചിമ്മി അവൾ ജനലരികിൽ നിൽക്കുമ്പോൾ അയാൾ പുറകിൽ കൂടി വന്ന് കൈ ചുറ്റി ആലിംഗനം ചെയ്തു പറഞ്ഞു.

ആഹാ പെണ്ണേ നീയും ഒരു നക്ഷത്രം ആയല്ലോ. എങ്ങനെ അവൾ കൗതുകം മറക്കാതെ ചോദിച്ചു. മണ്ണിൽ ഉള്ളവർ താരങ്ങൾ ആകുന്നതു അങ്ങനാണ്. കണ്ണ് ചിമ്മുമ്പോൾ കവി വലയത്തിലെ അടക്കം പറച്ചിലാകും. അവൾ ഒരു പരിഹാസച്ചിരിയോടെ ചോദിച്ചു.അതിനു മറുപടി കൊടുക്കാൻ മുതി



രാതെ അയാൾ ശ ക്തയായി അവളെ തിരിച്ചു നിർത്തി തന്റെ മുഖത്തോടു ചേർത്ത് പിടിച്ചു. ചൂണ്ടുവിരലിൽ ലാഘവമായ് കറക്കുന്ന ഒരു മോതിരം അവൾക്കു നേരെ നീട്ടി. ഒരു ആയുഷ്കാല കോൺട്രാക്ട് അന്ന് ആദ്യമായി അവൾക്കു മുന്നിൽ വെച്ചു. കൈയിൽ നിന്നും കുതറി മാറി തിരിഞ്ഞു നടക്കുമ്പോൾ സാരിത്തുമ്പിൽ കുരുങ്ങി നിലത്തു വീണുരയുന്ന മോതിരത്തിന്റെ ശബ്ദമാണ് അയാളെ കുറിച്ചുള്ള അവളുടെ അവസാനത്തെ ഓർമ്മ. അയാളുടെ ചൂരിൽ നിന്ന് ദൂരേക്ക് നടന്നു നീങ്ങുമ്പോൾ അവൾ സ്വയം വിശേഷിപ്പിച്ചു. പ്രണയത്തേക്കാൾ അനിശ്ചിതത്വം ഉള്ളവൾ... മരണത്തോളം ശാന്തയായവൾ. ●

● ലേഖനം ●



ഹരിദാസ് ബാലകൃഷ്ണൻ



# എം.എസ്. സുബ്ബുലക്ഷ്മി ഭാരതത്തിന്റെ സുപ്രഭാതം

ഭാരതത്തിന്റെ സംഗീതപാരമ്പര്യം ഭക്തിപാരമ്പര്യവുമായി അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നു. കർണാടകസംഗീതവും നൂറ്റാണ്ടുകളായി ഭക്തിസാന്ദ്രമായി ഒഴുകികൊണ്ടിരിക്കുന്നു. പുരന്ദരദാസൻ തൊട്ട് ഇങ്ങോട്ടുള്ള ചരിത്രം പരിശോധിച്ചാൽ അതു ബോധ്യപ്പെടും. കർണ്ണാടകം എന്ന വാക്കിനർത്ഥം വളരെ പഴയത് (very old) എന്നാണ്. കർണത്തിന് ആനന്ദമായ സംഗീതം അഥവാ കർണത്തിന് അടകമായ സംഗീതം കർണ്ണാടക സംഗീതം എന്നു പറയുന്നതിൽ അതിശയോക്തി ഇല്ല. ഭക്തി ആയിരുന്നു കർണ്ണാടക സംഗീതത്തിന്റെ ജീവൻ. കർണ്ണാടക സംസ്ഥാനത്തുള്ള സംഗീതമാണ് കർണ്ണാകട സംഗീതം എന്നൊരു തെറ്റിദ്ധാരണ പരക്കെയുണ്ട്. അതു തിരുത്തുന്നതിന് കൂടിയാണ് ഇത്രയും ആമുഖമായി പറഞ്ഞത്.

കർണ്ണാടക സംഗീതത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ആദ്യം വരുന്ന പേര് പുരന്ദരദാസന്റേതാണ് (1484 - 1564) കർണ്ണാടകത്തിലെ ഹംപി എന്ന പട്ടണത്തിലെ പുരന്ദരഘട്ടിൽ ജനിച്ച അദ്ദേഹം ഒരു രത്നവ്യാപാരിയുടെ മകനും തരക്കേടില്ലാത്ത ഒരു ചട്ടമ്പിയുമായിരുന്നു. പിന്നീട് വ്യാസരായർ എന്ന ഒരു ബ്രാഹ്മണ പണ്ഡിതന്റെ ഉപദേശപ്രകാരം ഭക്തിമാർഗ്ഗത്തിലേക്കും സംഗീതത്തിലേക്കും തിരിയുകയായിരുന്നു. ഭാരതത്തിൽ ആദ്യമായി സംഗീതവിദ്യാർത്ഥികൾക്ക് പാഠ്യക്രമം ചിട്ടപ്പെടുത്തിയത് പുരന്ദരദാസനാണ്. അതു കൊണ്ടു തന്നെ അദ്ദേഹം കർണ്ണാടക സംഗീതത്തിന്റെ പിതാവായി അറിയപ്പെടുന്നു. സ്വരാവലി, ജെണ്ടവരിശകൾ, ഗീതം,നാട്ടുവരിശകൾ, പല്ലവിവരിശകൾ, വർണ്ണം തുടങ്ങിയവ ക്രമമായി ചിട്ടപ്പെടുത്തി അദ്ദേഹം ശിഷ്യന്മാർക്ക് പകർന്നു കൊടുത്തു. സംഗീതചരിത്രത്തിലെ ത്രിമൂർത്തികളായ ത്യാഗരാജസ്വാമികൾ മുത്തുസ്വാമിദീക്ഷിതർ, ശ്യാമശാസ്ത്രികളും ചേർന്ന് കർണ്ണാടക സംഗീതത്തെ വാനോളം ഉയർത്തി.


സദാശിവവുമായുള്ള വിവാഹവേളയിൽ

കർണ്ണാടക സംഗീതത്തിന്റെ ഭക്തിസാന്ദ്രമായ ഉയരത്തിന്റെ പേരാണ് എം.എസ്. സുബ്ബുലക്ഷ്മി. ഭാരതത്തിന്റെ സുപ്രഭാതം. സ്വരത്തിന്റേയും രാഗത്തിന്റേയും അമൃതരസം കലർത്തിയ ഭക്തിയാണ് സമർപ്പണമാണ് എം.എസ്. സുബ്ബുലക്ഷ്മി. സുപ്രഭാതവും സഹസ്രനാമവും നമ്മുടെ ജീവിതത്തിന്റെ ആത്മീയ അനുഭൂതികളുടെ ഭക്തിസാന്ദ്രമായ ധ്യാന അനുഭവങ്ങളായി നിറഞ്ഞു നിൽക്കുന്നു. മധുര മീനാക്ഷിയുടെ കടാക്ഷങ്ങളേറ്റ് വളർന്ന കുഞ്ചമ്മ എന്ന സുബ്ബുലക്ഷ്മിക്ക് സംഗീതമായിരുന്നു എല്ലാം. 1916 സെപ്തംബർ മാസം പതിനാറാം തീയതി മധുരയിലാണ് കുഞ്ചമ്മ എന്ന എം.എസ്. സുബ്ബുലക്ഷ്മി ജനിച്ചത്. വീണാവിദുഷിയായ ഷൺമുഖവടിവിന്റെ മൂന്നു മക്കളിൽ രണ്ടാമത്തേതായിരുന്നു കുഞ്ചമ്മ. കുഞ്ചമ്മയുടെ മൂത്ത സഹോദരൻ ശക്തിവേൽ മൃദംഗത്തിലും ഇളയസഹോദരി വടിവംബാൾ വീണയിലും കഴിവു തെളിയിച്ചിരുന്നു. അമ്മ വഴി കിട്ടിയതായിരുന്നു സുബ്ബുലക്ഷ്മിയുടെ സംഗീതപാരമ്പര്യം. അവരുടെ മുത്തശ്ശിയുടെ അമ്മ ഒരു നർത്തകിയും മുത്തശ്ശി അക്കമ്മ ഒരു വയലിൻ വാദകയുമായിരുന്നു.അഞ്ചാം ക്ലാസോടുകൂടി ഔപചാരിക വിദ്യാഭ്യാസം അവസാനിപ്പിച്ച കുഞ്ചമ്മ സംഗീതത്തിലേക്ക് തിരിയുകയായിരുന്നു. മധുര ശ്രീനിവാസ അയ്യങ്കാർ ആയിരുന്നു ആദ്യത്തെ ഗുരു. പക്ഷേ പെട്ടെന്നായിരുന്നു ശ്രീനിവാസ അയ്യങ്കാരുടെ മരണം. അതു കുഞ്ചമ്മയെ തളർത്തിയെങ്കിലും കുഞ്ചമ്മ സാത്തൂർ സുന്ദരേശ പട്ടരുടെ ശിഷ്യയായി സംഗീതാഭ്യാസം തുടർന്നു. സാത്തൂർ ഒരു വയലിൻ വാദകനും സാത്തൂർ കൊട്ടാരത്തിലെ വിദ്വാനുമായിരുന്നു. തുടർന്ന് എം.എസ്. മായാവരം കൃഷ്ണയ്യരുടെ ശിഷ്യയായി ഇതിനെല്ലാം പുറമേ അന്നത്തെ പേരുകേട്ട സംഗീതജ്ഞന്മാരെല്ലാം എം.എസിന്റെ വീട്ടി ലെ നിത്യസന്ദർശകരായിരുന്നു. മഴവരായനേന്തൽ സു ബ്ബരാമഭാഗവതർ, പൊന്നുസ്വാമി പിള്ള, അരിയക്കുടി രാമാനുജ അയ്യങ്കാർ എന്നിവരുടെ പ്രോത്സാഹനവും ശ്രദ്ധയും കുഞ്ചമ്മയുടെ സംഗീതസിദ്ധിക്ക് മാറ്റുകൂട്ടി.

കുഞ്ചമ്മയ്ക്ക് പത്തു വയസ്സുള്ളപ്പോൾ കൊളംബിയ ഗ്രാമഫോൺ കമ്പനി അവരുടെ സംഗീതം റിക്കോർഡ് ചെയ്തു. ഈ സംഭവം എം.എസിന്റെ സംഗീതജീവിത്തിന് വഴിത്തിരിവായി. മദ്രാസിലെ റിക്കോർഡു ചെയ്യപ്പെട്ട ആ സംഗീതത്തിന്റെ മാസ്മരിക പ്രഭാവം സംഗീതലോകത്തെ അത്ഭുതപ്പെടുത്തി. സുബ്ബലക്ഷ്മി 1932 ൽ മദ്രാസ് സംഗീത അക്കാദമിയിൽ സംഗീതകച്ചേരി അവതരിപ്പിച്ചു. മദ്രാസ് മ്യൂസിക്ക് അക്കാദമിയിൽ സംഗീതം അവതരിപ്പിക്കാൻ ഭാഗ്യം കൈവന്ന ആദ്യത്തെ വനിത


പുരന്ദരദാസൻ


ത്യാഗരാജസ്വാമി


മുത്തുസ്വാമിദീക്ഷിതർ



ശ്യാമശാസ്ത്രികൾ



സുബ്ബരാമ ഭാഗവതർ



അരിയക്കുടി രാമാനുജൻ അയ്യങ്കാർ



ടൈഗർ വരദാചാരി



ചെമ്പൈ വൈദ്യനാഥ ഭാഗവതർ



കാരക്കുടി സാമ്പശിവായ്യർ



കൽക്കി കൃഷ്ണമൂർത്തി




എൻ.സി. വസന്തകോകിലം




എന്ന ബഹുമതിയുംഎം.എസിന് സ്വന്തം. അതോടെ എം.എസിന്റെ പേര് സംഗീതലോകത്തിൽ ചിരപ്രതിഷ്ഠനേടി. വെറും പതിനേഴു വയസ്സിൽ എം.എസ്. സുബ്ബുലക്ഷ്മി സംഗീതതാരാപഥത്തിലെ സുവർണ്ണ നക്ഷത്രമായി ഉദിച്ചുയർന്നു. മ്യൂസിക് അക്കാദമിയിൽഎം.എസിന്റെ സംഗീതം ശ്രവിക്കാൻ കാതോർത്തിരുന്ന പ്രൗഢ സദസ്സിന് ഉണ്ടായിരുന്നത് അന്നത്തെ സംഗീത ലോകത്തിലെ മഹാരഥന്മാരായ ടൈഗർ വരദാചാരി ഹരികേശനല്ലൂർ മുത്തയ്യഭാഗവതർ,ചെമ്പൈ വൈദ്യനാഥ ഭാഗവതർ, കാരൈക്കുടി സാംബശിവ അയ്യർ എന്നിവരായിരുന്നു തുടർന്ന് എം.എസ്. മധുരയിൽ നിന്നും മദ്രാസിലേക്ക് താമസം മാറ്റി. അത് ആ സംഗീതപ്രതിഭയുടെ ജീവിത ത്തിലെ മറ്റൊരു വഴിത്തിരിവായി ആ വഴിത്തിരിവിന്റെ പേര് ത്യാഗരാജ സദാശിവം എന്നായിരുന്നു. ആരാണീ ത്യാഗരാജ സദാശിവം? സ്വാതന്ത്ര്യസമര സേനാനിയും വിപ്ലവകാരിയും ഗാന്ധിയൻ തുടങ്ങിയ പട്ടങ്ങൾ സദാശിവത്തിന് സ്വന്തം. മഹാത്മാഗാന്ധി, സി രാജഗോപാലാചാരി, കൽ ക്കി കൃഷ്ണമൂർത്തി എന്നിവർ സദാശിവത്തിന്റെ സുഹൃത്തുക്കളായിരുന്നു.

സദാശിവം സുബ്ബുലക്ഷ്മിയെ പരിചയപ്പെടുമ്പോൾ വിവാഹിതനും രണ്ടു പെൺമക്കളുടെ പിതാവുമായിരുന്നു. പക്ഷേ അവർ തമ്മിലുള്ള പ്രണയത്തിന് ഇതൊരു തടസ്സമായില്ല. അധികം താമസിയാതെ സദാശിവവുമായുള്ള ജീവിതം തന്റെ സംഗീത ജീവിതത്തിന് വിഹരിക്കാനുള്ള ആകാശവീഥിയാണെന്ന് എം.എസ്. മനസ്സിലാക്കി. തുടർന്ന് എല്ലാ എതിർപ്പുകളേയും അവഗണിച്ച് സ്വന്തം അമ്മയേയും ഉപേക്ഷിച്ച് എം.എസ്. സദാശിവത്തിനൊപ്പം ജീവിക്കുവാൻ തീരുമാനിച്ചു. 1940 ൽ സി രാജഗോപാലാചാരിയുടെ അനുഗ്രഹത്തോടുകൂടി സദാശിവം എം.എസിനെ കല്യാണം കഴിച്ചു. ആ ദാമ്പത്യബന്ധം 1997 വരെ സദാശിവത്തിന്റെ മരണം വരെ നീണ്ടു നിന്നു. എം.എസിന് സംഗീതമായിരുന്നു എല്ലാം. സദാശിവത്തെ സംബന്ധിച്ചിടത്തോളം എം.എസ് ആയിരുന്നു എല്ലാം.

സമർപ്പണമായിരുന്നു എം.എസിന്റെ സംഗീതത്തെ വ്യത്യസ്തമാക്കിയത്. സംഗീതത്തിനായി സ്വയം സമർപ്പിക്കുക അത് ആഴത്തിലുള്ള തന്റെ ഭക്തിയിലൂടെ പൂർണ്ണമാക്കുക. അതായിരുന്നു എം.എസിന്റെ രീതി. എം.എസിനു മുന്നേ കർണാടക സംഗീതത്തിലെ പുരുഷാധിപത്യത്തിനെ വെല്ലുവിളിച്ചു കൊണ്ട് സ്ത്രീകളുടെ പ്രൗഢമായ ഒരു നീണ്ട നിരതന്നെ ഉണ്ടായിരുന്നു. എൻ.സി വസന്തകോകിലം, കെ.ബി. സുന്ദരാംബാൾ, ഡി.കെ. പട്ടമ്മാൾ, എം.എൽ. വസന്തകുമാരി (സിനിമാനടി ശ്രീവിദ്യയുടെ അമ്മ) എൻ.എൽ. ഗാനസരസ്വതി, എന്നിവർ എന്നിട്ടും എം.എസിന്റെ ശബ്ദം വ്യത്യസ്ത അനുഭവമായി, അനുഭൂതിയായി ഓരോ പ്രേക്ഷകന്റേയും ഹൃദയങ്ങളേയും കീഴടക്കി സംഗീതത്തിലെ ദേവദാസിയായിരുന്നു എം.എസ്. ദൈവം എവിടെ ഉണ്ടോ അവിടെയൊക്കെ സംഗീതം ഉണ്ടെന്ന് എം.എസ് വിശ്വസിച്ചിരുന്നു. ആ വിശ്വാസം അവരെ സംഗീതത്തിന്റെ സമാനതകൾ ഇല്ലാത്ത ഉയരങ്ങൾ കീഴടക്കാൻ സഹായിച്ചു. അടിതൊട്ടു മുടിയോളം സംഗീതത്തിൽ ആറാടിയ അത്ഭുത പ്രതിഭയായിരുന്നു എം.എസ്. ഹിന്ദുസ്ഥാനി സംഗീതത്തിലും സുബ്ബല





സി.രാജാഗോപാലാചാരി മഹാത്മഗാന്ധി

ക്ഷ്മി പ്രാവിണ്യംനേടി പണ്ഡിറ്റ് നാരായണറാവു വ്യാസന്റെ ശിഷ്യത്വം സ്വീകരിച്ചുകൊണ്ടു അവർ കുറച്ചുകാലം ഹിന്ദുസ്ഥാനി സംഗീതം അഭ്യസിച്ചു. ഇത് അവർക്ക് മീരാഭജനുകൾ ഹൃദയാർജ്ജവമായി ആലപിക്കാൻ സഹായിച്ചു. കൽപ്പിത സംഗീതവും മനോധർമ്മ സംഗീതവും എം.എസിൽ ഒരുപോലെ ലയിച്ചൊഴുകി. കൃതിയുടെ നിരവൽ സമ്പ്രദായത്തിലും എം.എസ് തന്റെ കഴിവു തെളിയിച്ചു. ശങ്കരാഭരണം കല്യാണി എന്നീ രാഗങ്ങൾ എം.എസ്. ആലപിക്കുമ്പോൾ നമ്മൾ സ്വയം മറന്നിരുന്നുപോകും. ഈ മഹാസംഗീതജ്ഞക്ക് രാഷ്ട്രം ഭാരതരത്നം നൽകി ആദരിച്ചു. 1968 ൽ മദ്രാസ് മ്യൂസിക് അക്കാദമിയുടെ സംഗീത കലാനിധി പട്ടവും എം.എസിന് ലഭിച്ചു. മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, സി രാജഗോപാലാചാരി തുടങ്ങിയ മഹാരഥന്മാർ എം.എസിന്റെ സംഗീതം ഹൃദയത്തിൽ ഏറ്റുവാങ്ങി എം.എസിന്റെ വളർച്ചക്ക് നിസ്തുലമായ പങ്കു വഹിച്ചു. എം.എസിന്റെ സംഗീതം ദൈവത്തിന്റെ സ്വന്തം സംഗീതമായി ഭാരതത്തിന്റെ സുപ്രഭാതമായി ലോകത്തിന്റേയും.

ഫോ: 9495032952



കെ.ബി. സുന്ദരാമ്മാൾ



എം.എൽ. വസന്തകുമാരി



കെ.എൻ.രഘുനാഥ്

# കിച്ചൺ മ്യൂസിക്

**അ**ടുക്കളയിൽ
അമ്മിയുടേയും അരകല്ലിന്റേയും താളക്രമമില്ല,
മിക്സിയുടെ അലർച്ച.

ആട്ടുകല്ലിന്റെ ഈണവും രാഗവുമില്ല,
ഗ്രൈന്ററിന്റെ മുരൾച്ച.

തുടിയുടെ സംഗീതമില്ല,
മോട്ടോറിന്റെ ഇരമ്പം.

അരി തിളയ്ക്കുന്ന ശബ്ദമില്ല,
കുക്കറിന്റെ കൂക്കിവിളി.

രാഗമേത്?
താളമേത്?
എനിയ്ക്കറിയില്ല.



# ലഹരിക്കെതിരെ

*വൃത്തം: വസന്തതിലകം*

*അയിരൂർ സുകുമാരൻ നായർ*

**മാ**റാത്ത രോഗമണയും പലകാലമായി
നാറിത്തുടങ്ങുമുടലിൽ ചില ഭാഗമെല്ലാം
മാറത്തറഞ്ഞു നയനാംബുപൊഴിച്ചു ദുഃഖാൽ
നീറിത്തകർന്നുദിനരാത്രികൾ തള്ളിനീക്കും.

കാൻസർവരും കഠിനവേദനയാൽക്കുഴങ്ങി
ശ്വാസം ശരിക്കു വിടുവാൻ വിഷമിക്കുമേറ്റം
മാസങ്ങളീനിലകളിൽ ക്കഴിയുമ്പൊഴേക്കും
മാസസ്ഥലം പണയമായെഴുതിത്തുലയ്ക്കും

വീട്ടിൽമുറയ്ക്കു കലഹം പ്രിയഭാമിനിയ്ക്കു
തട്ടും ചവിട്ടുമിടിയെന്നിവവേണ്ടുവോളം
കുട്ടിക്കുചീത്തവിളി പട്ടിണിയൊന്നുമിച്ചം
ഒട്ടേറെയെന്തിനിവിടെ പ്പറയുന്നിതെല്ലാം.

മദ്യം വിഷം മനുജനോർക്കുക സർവകാലം
മദ്യം കൊചും ചതിയിലങ്ങറിയാതെ വീഴ്ത്തും
മദ്യം മനോ ഗുണഗണങ്ങളശേഷനാശം
ചെയ്തീടുമെന്നറിയണം നരജാതിയെല്ലാം.

ആറ്റിങ്ങലിൽ പൊതുജനോത്തമനാം മണിച്ചൻ"
ചാരായമേകി തൊഴിലാളികളൊട്ടനേകം
കാലന്റെ ദണ്ഡിനിരയായി ദിവം ഗമിച്ചു
കഷ്ടം! മണിച്ചനു ജയിൽ സുഖമായിരിക്കാം! ●

● അക്ഷരശ്ലോകക്കളരി ●

**പ്രൊഫ.ശ്രീലകം വേണുഗോപാൽ**

**അ**ടുത്തുവന്നു ചൊല്ലിടുന്ന നേരമെന്റെയാഗ്രഹം
കടുത്തവാക്കിനാലെയൊക്കെ നീക്കിടുന്ന ശുംഭ നീ
മടുത്തു നിന്റെ നാട്യവും മനസ്സിലുള്ള ജാഡയും
പടുത്തുവെച്ചൊരാക്കിനാക്കളൊക്കെ ഞാൻ ത്യജിച്ചിടും.
- പഞ്ചചാമരം

മരിച്ചുപൊമെന്നൊരു ചിന്ത വന്നാൽ
സ്മരിക്ക കാലാന്തകപാദപത്മം
ഒരിറ്റുനേരം മനസാ സ്മരിച്ചാൽ
വരിച്ചിടാം ശാന്തി,യതാണു മോക്ഷം
- ഉപേന്ദ്രവജ്ര

ഒരുപിടിയവിൽമാത്രം നിന്നെ സംപ്രീതനാക്കാൻ
മതി,യതു തെളിയിച്ചു നീ കുചേലന്റെ തോഴൻ
അതിനൊരു ഗതിയില്ലാത്തോനിവൻ നിന്റെ മുന്നിൽ
വരുവതിനൊരു സൂത്രം ചൊല്ലുമോ സൂത്രശാലി?
- മാലിനി

ആ രാമമന്ത്രമൊരു പത്തുരു ചൊല്ലിടുമ്പോൾ
നേരാണു ശാന്തിവരുമെന്നതിലില്ല മായം
ആ രാവണന്നു ഗതിയേകിയ രാമചന്ദ്രൻ
പാരാതെ വന്നു വരമേകിടുമിന്നു നൂനം.
- വസന്തതിലകം

ആറാണു നിൻ തലയിലെന്നൊരു കേൾവി,തൂവെ-
ണ്ണീറാണു ദേഹിമുഴുവൻ വരഭൂഷണം,ഹായ്
തീറാണു പാതിയുടൻ പെണ്ണിനു നിത്യമായി-
മ്മാറാണു നിന്റെ ഗതി,ദുർഗ്ഗതിയോ ഗിരീശാ?
- വസന്തതിലകം

തരേണം ഭവാനീ വരം നിത്യവും
വരേണം മൃഡാനീ ദിനം ഹ്ലാദമായ്
അതിന്നായിയെന്നും ശുഭം നിൻപദേ
കരം കൂപ്പിനിൽക്കാം ഭവം നൽക നീ,
- കുമാരി

അരിയുടെ വിലപൊങ്ങുന്നിന്നു വാണംകണക്കേ
തെരുതെരെ സമരങ്ങൾ,ബന്ദു,ഹർത്താലതൊക്കേ
പൊതുജനമിതുതന്നേയോർപ്പു ദുഃഖംപെരുത്തീ-
ഭരണവുമൊരു ശാപം തന്നെയാണെന്നു വന്നു.
-മാലിനി

പാടാണു കാവ്യങ്ങളിതേ വിധത്തിൽ
പാടാനസാദ്ധ്യം കരുതും സുഹൃത്തേ
പാടാതെ മാറീട്ടു സദസ്സു വിട്ടാൽ
പാടായി മാറീടുമതെന്തു കഷ്ടം.
- ഇന്ദ്രവജ്ര

പാഷാണഖണ്ഡങ്ങളിലാർത്തലച്ചു
മുന്നോട്ടുപായും നദിയൊന്നു കാൺകേ
വിഘ്നങ്ങളെത്തച്ചുതകർത്തു പായും
ധീരൻഗമിക്കും ഗതിയോർത്തിടുന്നേൻ
- ഇന്ദ്രവജ്ര

വസന്തകാലത്തു സൂനങ്ങളാലേ
ധരിത്രിയോലുന്ന ഭാവങ്ങൾ വശ്യം
പെരുത്ത മോഹങ്ങളിന്നെന്റെ ഹൃത്തിൽ
കൊരുത്തുനൽകുന്നു മാല്യങ്ങൾ ഹൃദ്യം.
● - കേരളി

സമ്പാദകൻ: സതീഷ്കാവ്യധാര



● ആറന്മുള സത്യവ്രതൻ
(1927–1993)

# ചന്ദ്രലേഖയ്ക്കൊരു സന്ദേശം ...തുടർച്ച

കാടും മേടും പുഴയുമകലെ
ച്ചന്ദനത്തോപ്പുമോരോ-
പാതക്കോണും കടവുമരികിൽ
പ്പൂത്തിറങ്ങും തലപ്പും
പൈമ്പാൽത്തൂകിത്തെളിയുമൊളിയാൽ
വാർത്തപോലല്ലി വെള്ളി-
ക്കാളം താനോ! കുയിലുകളുണർ
ന്നൊത്തു കൂവുന്ന നാദം.

പണ്ടൊക്കും പോർമുലകളിലഴി
ഞ്ഞുള്ള ചേലാഞ്ചലത്തിൻ
ചുറ്റും നീക്കിപ്പതിയെ സുരതം
കൊണ്ടുറക്കിക്കഴിഞ്ഞാൽ
മന്ദം മന്ദം മണിയറവെടി-
ഞ്ഞിഷ്ട തോഴന്റെ മാറിൽ
സ്പന്ദിക്കും പെൺകൊടികളവിടു
ണ്ടർദ്ധരാത്രിക്കു ശേഷം

പിൻപേ ചെന്നും ചെവിയിലരുതാ-
തുള്ളതെന്തോ പറഞ്ഞും
ചുറ്റും നോക്കീട്ടിടയിലറിയാ
തെന്നപോൽ തൊട്ടു നിന്നും
പിറ്റേന്നാളൊത്തിതളു വിടരാ-
നുള്ള പൂമൊട്ടു തോറും
മുത്തം ചാർത്തിക്കുളിരിലിളകും
തെന്നലേല്ക്കുന്നു സൗഖ്യം.

ചന്ദ്രൻ താരാവലികളിരുളിൽ
പ്പെട്ടു നിൽക്കും വിഹായ-
സ്സല്ലിക്കാണും പ്രകൃതി,യണിയും
നൽക്കുളിർക്കുന്തളത്തിൽ
മന്ദാരപ്പൂ നിരകളഴകിൻ
തൂമുഖം മിന്നിനില്ക്കും
മന്ദസ്മേരം തെളിയുമഖിലം
ചന്ദ്രലേഖാ വിലാസം.

ഒന്നായൊന്നിൽത്തിരിയുമൊരുപോ-
ലേഴുതട്ടായതിൽ പി-
ന്നെണ്ണം തൊണ്ണൂറകമുറി വരും
ശൈലനാക'ത്തിൽ മൊത്തം
മദ്ധ്യേകാണും മണിമയ മഹാ-
സൗധമൊന്നുണ്ടു വേറി-
ട്ടന്നം പേടയ്ക്കരികിലൊരുകാൽ
കുത്തിനില്ക്കുന്ന പോലെ.







മിന്നും വെള്ളിപ്പടികളണിയായ്
ചുറ്റിയേറും തളത്തിൽ
ത്തങ്ങും ദീപാവലികളിലിളം
ദീപ്തി കൊള്ളുന്ന ഗേഹം
കണ്ടാൽ ശ്വേതത്തളിരിലുടയാ-
താട ചാർത്തി ശിരസ്യം
തന്നിൽപ്പൂവും തിരുകി മലമാ-
തിങ്ങു വന്നെന്നു തോന്നും.

അക്കോവിൽപ്പൂന്തൊടിയുടരികിൽ
ച്ചേർന്നിരിക്കും ഗവാക്ഷം
രത്നാശ്മത്തിൻ ചുവരിലുയരും
ചൈത്രി നില്ക്കുന്ന പോലേ
മുന്നിൽക്കാണാം മണിയറയക-
ത്തുണ്ടുരത്നാങ്കമേ! നീ
ശങ്കിക്കേണ്ടങ്ങവിടെയണയാ
മെന്റെ ലേഖയ്ക്കടുത്തായ്.

പൊങ്ങിക്കാണും മുഴുമതിമലർ
ക്കാവുറങ്ങാതിരിക്കും
മുന്നിൽപ്പാറും പറവ പകലെ-
ന്നോർത്തു നീഢത്തിൽ നിന്നും
തെറ്റിപ്പോകും മലരുകളിതൾ
പ്പോള പൊക്കും നിലാവിൽ
പറ്റും പൈമ്പാൽ നുകരുവതിനായ്
പൂച്ച നക്കും തലത്തിൽ

എന്നോടൊന്നിച്ചലിവിലിതു പോ-
ലുള്ള രാവിൽക്കുളിർക്കും
പൂൽപ്പൂമെത്തത്തളിരിലമിതാ-
സക്തിയിൽച്ചന്ദ്രലേഖ
പുൽകിപ്പുൽകിപ്പവിഴ സമമാം
ചുണ്ടിൽ ദന്തക്ഷതത്താ-
ലിഷ്ടം ചോർത്തും തുഹിന മഹിമാ-
വോർത്തു വാതുക്കൽ നിൽക്കാം.

കണ്ണീർതൂകിക്കലുഷ മിഴിയോ-
രങ്ങൾ വീർത്തും കപോലം
മങ്ങിത്താണും ചികുരമിളകി
ക്കാറ്റിലാടിപ്പറന്നും
മുത്തം വെയ്ക്കും ചൊടിയിട തളർ
ന്നാഭയറ്റും വിഷാദം
കൊണ്ടും പ്രാണപ്രണയ സഖിയെ
ന്നാഗമത്തെക്കൊതിക്കാം.

● നോവൽ ●

# അദ്ധ്യായം 13

# കാറ്റു പറഞ്ഞ കഥ

*ആകാശത്ത് വടക്കേ ചെരുവിൽ മങ്ങിയ സപ്തർഷികളും അരുന്ധതിയും ഒരു കറുത്ത കാറ്റ് അരയാലിനു ചുറ്റും പറന്നിട്ട് അരയാലിൽ ചേക്കേറാനൊരിടം കിട്ടാതെ വന്ന വഴിയെ പോയി.*



● മാത്യു കെ. മാത്യു



**2015 ഏപ്രിൽ 15**

രാത്രി ഞാൻ, ജോൺ സാമുവേലും നീ, സുനിതാ സാമുവേലും നാടു വിടുകയാണ്.എനിക്ക് നീയും നിനക്കു ഞാനും മാത്രമാകാൻ. രക്ഷകന്റെ പള്ളിയുടെ ചാരെയുള്ള നടപ്പാത വന്നു ചേരുന്ന ടാറിട്ട റോഡിൽ രാത്രി 11 മണിക്ക് കാത്തു നിൽക്കുക. ഞാനെത്തും. പറഞ്ഞുറപ്പിച്ചതാണെങ്കിലും ആദ്യമാദ്യം സംശയങ്ങളൊന്നു മില്ലാതിരുന്നെങ്കിലും നേരം വെളുത്തപ്പോൾ മുതൽ എന്തെന്നില്ലാത്തൊരു മ്ലാനതയും മൗഢ്യവും ഒരുന്മേഷമില്ലായ്മയും അവളറിഞ്ഞിരുന്നു.

വരാതിരിക്കുമോ...

"എന്നിലെ എന്നെ നീ തടവിലാക്കി. എല്ലാം സ്വന്തമാക്കി" ഇടയ്ക്കിടെ അതവൾ ആവർത്തിച്ചുകൊണ്ടിരുന്നു. മനസ്സു പറഞ്ഞത് "ഒരുങ്ങാം, ഒരുങ്ങുക" എന്നായിരുന്നു. ഒന്നും വേണ്ട നീ മാത്രം മതി. ഒരു രാജകുമാരിയെപ്പോലെ അല്ലെങ്കിൽ അതിനും മേലെയായി ഞാൻ നോക്കിക്കൊള്ളാം.

ഇതു വാക്കാണ്. ജോൺ സാമുവേലിന്റെ വാക്കാണ്. വാക്ക് മാറില്ല.

മുത്തിയമ്മയുടെ ഒരു ഫോട്ടോ മാത്രം കൊണ്ടു പോയാലോ എന്നവൾ ആഗ്രഹിച്ചു. പിന്നെ അതും വേണ്ട എന്നു വച്ചു. ഓർമ്മകളൊന്നുമില്ലാത്ത പുതു ജീവിതം. അതാണ് അദ്ദേഹം ആഗ്രഹിക്കുന്നത്. അതു പോലെയാകട്ടെ. അടുക്കളയുടെ പുറത്തുള്ള വാതിൽപ്പടിയിൽ എന്തൊക്കെയോ ആലോചിച്ചു നിൽക്കുമ്പോഴാണ് മുത്തിയമ്മയുടെ മൂന്നാമത്തേതും ഇഷ്ടക്കേടുള്ളതുമായ വിളി അവൾ കേട്ടത്

"എന്തോ" എന്നു വിളികേട്ട് അവളവിടെ എത്തുമ്പോൾ മുത്തിയമ്മ എന്തൊക്കെയോ പിറുപിറുക്കുന്നുണ്ടായിരുന്നു.

ചുന്തേ... അവൾ ഒന്നും മിണ്ടിയില്ല. എത്ര വ്ളി വ്ളിക്കണം. ആരെ ഓറുത്ത് നിക്കാരുന്നു. ചീതപ്പെണ്ണിന്റെ വഴി.....എന്നു മാത്രം പറഞ്ഞ് "ങ്ഠാ..." എന്നൊന്നു മൂളിയിരുത്തി ലക്ഷ്മിയമ്മ വിരാമമിട്ടു.

കുളിച്ച് രാവ്ലെ അമ്പ്ലത്തിപ്പോ. ഒരു പുഷ്പാഞ്ജലി നട്ത്തണം.ഒരു നാഗപൂജയും ചെയ്ക്കണം. ഈ ദെവ്സം....എന്നു പറഞ്ഞിട്ട് ലക്ഷ്മിയ മ്മ പെട്ടെന്നു നിർത്തി.

അമ്പലത്തിൽ പോയി പുഷ്പാഞ്ജലിയും നാഗപൂജയും നടത്തുമ്പോൾ അവിടെയുള്ള ദൈവങ്ങളോടെല്ലാം അവൾ യാത്ര പറഞ്ഞു.സുനിത പോകുകയാണ്. ഇനി വരില്ല. ഒത്തിരി പ്രാവശ്യം വന്ന് ഒത്തിരി കാര്യം ചോദിച്ചില്ലേ. ഒന്നും ചെയ്തുതന്നില്ലല്ലോ.ഈ പുഷ്പാഞ്ജലിയും നാഗപൂജയും എനിക്കല്ല. മുത്തിയമ്മയ്ക്കാണ്. എനിക്ക് നിങ്ങളുടെ ഔദാര്യം വേണ്ട.

സന്ധ്യക്ക് മുത്തിയമ്മയോടൊപ്പം അത്താഴം കഴിക്കാനിരിക്കുമ്പോൾ അവൾക്കു സങ്കടമായിരുന്നു. പാവം മുത്തിയമ്മ.

എല്ലാവരും തനിച്ചാക്കിപ്പോയി. അവസാനമായി ഈ ഞാനും. പെട്ടെന്നവൾ ഓടിച്ചെന്ന് മുത്തിയമ്മയെ ഉമ്മ

വച്ചിട്ട്, ഒരുരുളച്ചോറ് മുത്തിയമ്മയുടെ വായിൽ വച്ചു.

എന്താ ചുന്തെയ്ത്. അങ്ങനെ തോന്നി എന്നു മാത്രമവൾ പറഞ്ഞു. അവൾ കിടക്കാനായി പാ വിരിക്കുമ്പോൾ മുത്തിയമ്മ പറഞ്ഞു. ചുന്തേ, ഈ ലാത്തിരി മുത്ത്യമ്മേടെ കൂടെ കെട്ന്നാ മതി. അതെന്താ മുത്തിയമ്മേ... ഈ ലാത്തിരി മുത്ത്യമ്മേടെ കൂടെ കെടന്നാ മതി. എന്നു പറഞ്ഞ് ലക്ഷ്മിയമ്മ നിർത്തി.അതെന്താണെന്ന് പിന്നെ അവളും ചോദിച്ചില്ല.

മുത്തിയമ്മയെ കെട്ടിപ്പിടിച്ച് കിടക്കുമ്പോൾ, ജോൺ സാമുവേൽ സമ്മാനിച്ച, ഇരുളിൽ തെളിയുന്ന വാച്ച്, അവൾ കൈയ്യിൽ കെട്ടിയിരുന്നു. എന്തൊക്കെയോ പിറുപിറത്തുകൊണ്ട് ലക്ഷ്മിയമ്മ ഉറക്കത്തിന്റെ താഴ്‌വരയിലേക്കിറങ്ങിയപ്പോൾ അവൾ സമയം നോക്കി 10 മണി. മെല്ലെ അവൾ മുത്തിയമ്മയെ ചുറ്റിയിരുന്ന കൈ ഉയർത്തി,. ഉറപ്പാക്കി മുത്തിയമ്മ ഉറക്കത്തിലാണ്. പിന്നെ ഒന്നു തിരിഞ്ഞുകിടന്ന് ഉറപ്പിച്ചു. "മുത്തിയമ്മ നല്ല ഉറക്കത്തിലാണ്". തറയിലെ ഒരു മണൽത്തരി പോലുമറിയാതെ അവൾ മെല്ലെ എഴുന്നേറ്റ്, തറയിൽ കുത്തിയിരുന്നു. മുത്തിയമ്മ ഉറക്കത്തിൽ തന്നെയാണോ. ആണെന്ന് ഉറപ്പാക്കിയ നിമിഷം അവൾ എഴുന്നേറ്റ്, പാദസരങ്ങൾ ഊരിമാറ്റി വച്ചിരുന്ന പാദങ്ങൾ നിലത്തൂന്നി, പതിയെ ഓലവാതിലിനടുത്തെത്തി, വാതിൽ മെല്ലെ മാറ്റി, കാത്തു നിന്നു. മുത്തിയമ്മയിൽ നിന്നും പ്രതികരണം ഒന്നുമില്ലെന്ന കണ്ട, അവൾ പുറത്തിറങ്ങി, ഓലവാതിൽ ചാരി വാതിലടച്ചു.



പിന്നെ നടപ്പ് വളരെ വേഗത്തിലായിരുന്നു. അള്ളാപ്പാറയുടെ നെറുകയിൽ നിന്നിറങ്ങി, രക്ഷകന്റെ പള്ളിയുടെ ചാരെയുള്ള നടവഴിയിലൂടെ ടാർ റോഡിലേക്കെത്തുമ്പോൾ സമയം 10.45. ചുറ്റും ഒരാശ്വസത്തോടെ അവൾ നോക്കി. ഒന്നും കാണാനില്ല. എങ്ങും കട്ടപിടിച്ച ഇരുട്ട്. ഈ ഇരുളിൽ ഇവിടെയെങ്ങനെയെത്തി എന്നത് അവൾക്കുപോലും ഒരത്ഭുതമായിരുന്നു. "ഓ 11 മണി വരെ ഇനി കാത്തു നിൽക്കണം..."

കാലുകളിൽ ഒരു നേരിയ വിറയലും, ശരീരമാകെ ഒരു പനിച്ചൂടും ഉള്ളതുപോലെ അവൾക്കു തോന്നി. രാത്രി, അപ്പോഴവൾക്ക് ശാന്തമായിരുന്നു. ഒച്ചയില്ല, ഒലിയില്ല, അനക്കമില്ല. പെട്ടെന്നൊരു പക്ഷി അവളുടെ തലയ്ക്കു മുകളിലൂടെ വല്ലാത്തൊരു ശബ്ദത്തിൽ ചിലച്ചുകൊണ്ടു പറന്നു പോയി. അവൾക്കു വല്ലാത്ത പേടി തോന്നി. അപ്പോൾ സമയം 11.30 ആയിരുന്നു. വഴി വിജനവും ഇരുൾ വന്യവും മനം വ്യഥിതവുമാണെന്നവൾ അറിഞ്ഞു. ചിന്തകളുടെ സ്വഭാവം മാറുന്നതവൾ അറിഞ്ഞു.

എല്ലാം കവർന്നെടുത്തിട്ട്....ഞാൻ ചതിക്കപ്പെടുകയാണോ....ഞാൻ ഉപേക്ഷിക്കപ്പെടുകയാണോ...എന്റെ വാക്കു വാങ്ങിയിട്ട് വാക്കു മാറുകയാണോ...മുമ്പേ പറന്ന പക്ഷി വീണ്ടും ഒരു വികൃത ശബ്ദം പുറപ്പെടുവിച്ച് തലയ്ക്കു മുകളിലൂടെ പറന്നപ്പോൾ ഭയന്നുപോയ അവൾ മെല്ലെ മുന്നോട്ടു നടക്കാൻ തുടങ്ങി. വരുമെങ്കിൽ ഈ വഴിയെ വരുകയുള്ളു. വഴിയിൽ വച്ച്.... അതവൾക്കൊരു പ്രത്യാശയായിരുന്നു.

സുനിതയ്ക്ക് മുന്നോട്ടു പോകണം. തീർച്ചയായും പോകണം. മുന്നിലുള്ളത് മരണമോ.... ജീവിതമോ എന്തു തന്നെയായാലും സുനിതയ്ക്ക് പോകണം. അവൾ നടന്നെത്തിയത് അരയാലിന്റെ ചുവട്ടിലായിരുന്നു. അവൾ വഴിയിലേക്കു നോക്കി. സമയം 11.45 ഇനി നടന്നാൽ പത്തു മിനുറ്റുകൊണ്ട് വാഴക്കുളം മൂവാറ്റുപുഴ റോഡിലെത്തും. അതപകടമാണ്. മുന്നോട്ടുള്ള യാത്ര ഒഴിവാക്കി, അവൾ അരയാലിന്റെ പൊട്ടിപ്പൊളിഞ്ഞ തറയിലിരുന്നു. സമയം 11.50. അവൾ വിളിച്ചു: ജോൺ സാമുവേൽ, ഇതാ ഞാൻ. നിന്റെ സ്വന്തം.

കാലിലൂടെ ഒരു തണുപ്പ് മുകളിലേക്കു കയറുന്നതവൾ അറിഞ്ഞു. ഇഴഞ്ഞിഴഞ്ഞു കയറുന്ന തണുപ്പ്. അപ്പോൾ അവൾ ജോൺ സാമുവേലിനെ ഓർത്തു. "ആരും കാണാത്ത, ആരും കാണരുതാത്ത നിന്റെ മനോഹമായ ഈ തുടയിൽ ഒരു മുറിവ് എന്റെ ഓർമയ്ക്കായി ഞാൻ നൽകട്ടെ. എന്റെ അടയാളം. നിത്യ അഭിജ്ഞാനം. ഇഴഞ്ഞിഴഞ്ഞ് തണുപ്പ് അവിടോളമെത്തിയപ്പോൾ അവൾ പുളകിതയായി. പെട്ടെന്ന് രണ്ടു പല്ലുകൾ ആഴ്ന്നിറങ്ങി. അവിടെ നിന്ന് ചോര ചെറുതായി പൊടിയാൻ തുടങ്ങി. പിന്നെ അവളിലേക്കി

ഴഞ്ഞു കയറിയ തണുപ്പ് അവളുടെ സ്ത്രൈണതയോളമെത്തി തല ഉയർത്തി.

അവൾ ചെവിയോർത്തു. ശബ്ദങ്ങളെല്ലാം നിലച്ച ഒരു വിശുദ്ധ നിശബ്ദതയിൽ, ഒറ്റ സീൽക്കാരത്തിൽ അവളുടെ സ്ത്രൈണതയിൽ അത് ആഞ്ഞു കൊത്തിയപ്പോൾ അവൾ വിളിച്ചു "ജോൺ..."

അരയാലിന്റെ പൊട്ടിയ തറയിലേക്കവൾ തളർന്നു വീഴുമ്പോൾ, ഒരു തണുത്ത തലം അവിടെയുണ്ടായിരുന്നു. അരക്കെട്ടൊതുങ്ങി സ്നിഗ്ദ്ധമായ വയറിന്റെ നടുവിലെ പൊക്കിൾച്ചുഴിയിൽ പിളർന്ന നാവുകൾ ഇക്കിളി കൂട്ടുമ്പോൾ അവൾ ജോണിനെ ഓർത്തു. ഓർമ്മയിൽ സൂക്ഷിച്ചു വച്ചൊരു ആദ്യാനുഭവത്തേയും.

ചുരുട്ടിക്കൂട്ടിയ ശരീരത്തിൽ നിന്നും സ്വതന്ത്രമായിരുന്ന തലയുടെ നീളം ചുണ്ടുകളോളമെയുണ്ടായിരുന്നുള്ളു. തണുക്കാൻ തുടങ്ങിയ മാറിലെ ധാരാളിമയിൽ തെല്ലുനേരം തലചേർത്തു വച്ച് നാവുകൊണ്ടുഴിഞ്ഞിട്ട്, മുകളിലേക്കു തലയുയർത്തി ചുണ്ടുകളോളമെത്തി, കീഴ്ച്ചുണ്ടിന്റെയുള്ളിൽ ജോൺ സമ്മാനിച്ച മുദ്രയിലേക്ക് തലതാഴ്ത്തി ആഞ്ഞുകൊത്തി. പിന്നെ സ്വസ്ഥനായി, അവൻ അവളുടെ മേൽ ശയിച്ചു.

തണുക്കാൻ തുടങ്ങിയ അവളുടെ ശരീരത്തിനൊപ്പം വിടർത്തി, ആവൃതിയിലാക്കിയ ഫണം അവളുടെ ശിരസ്സിനു മേലെ വിരിച്ചു വച്ച്, അവളെ ഒരു അനന്തശയനത്തിലാക്കി, അവനും തണുത്തുകൊണ്ടിരുന്നു. തണുത്ത്, മരച്ച്, മരവിച്ച്....

അരയാൽ ചോദിച്ചു : ജോൺ സാമുവേൽ വന്നില്ല, അല്ലേ.

കാറ്റ് : വന്നോ എന്നു ചോദിച്ചാൽ വന്നില്ല. വന്നില്ലേ എന്നു ചോദിച്ചാൽ വന്നു.

അരയാൽ : എനിക്കു മനസ്സിലായില്ല.

കാറ്റ് : എല്ലാത്തിനും ഒരു കാലവും സമയവുമുണ്ട്.

അരയാൽ : എന്നാലും ജോൺ സാമുവേൽ ചെയ്തത്... ചതിയായിപ്പോയി

കാറ്റ് : ചതിയല്ല. ചതിക്കപ്പെട്ടതാണ്.

അരയാൽ : മനസ്സിലായില്ല.

കാറ്റ് : ദാ കേട്ടോളൂ

ആലോചന സഭയിൽ അവർ മൂന്നു പേർ മാത്രമേ ഉണ്ടായിരുന്നുള്ളു. എല്ലാമറിയുന്ന സൂസന്നയും റീത്തയും റീത്തയുടെ സഹോദരനും. എനിക്കിതിലൊന്നും വിശ്വാസമില്ലെന്നു പറഞ്ഞ റീത്തയുടെ സഹോദരനെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കാൻ അവർക്കാ രഹസ്യം പറയേണ്ടി വന്നു. അങ്ങനെ ആ എഴുത്തിനെപ്പറ്റി അറിയാവുന്ന മൂന്നാമത്തെ ആള്, റീത്തയുടെ സഹോദരനായി. സൂസന്ന തുടർന്നു: ഞാൻ പറഞ്ഞിട്ടാണ് റീത്ത, ജോൺ സാമുവേലിനെ ക്ലോസായി വാച്ചു ചെയ്യാൻ തുടങ്ങിയത്. അതു കൊണ്ടെത്തിച്ചത് ഒരു കത്തിലും.

2015 ഏപ്രിൽ 15

രാത്രി ഞാൻ, ജോൺ സാമുവേലും നീ, സുനിതാ സാമുവേലും നാടുവിടുകയാണ്. എനിക്കു നീയും നിനക്കു ഞാനും മാത്രമാകാൻ. രക്ഷകന്റെ പള്ളിയുടെ ചാരെയുള്ള നടപ്പാത ചെന്നു ചേരുന്ന ടാറിട്ട റോഡിൽ രാത്രി 11 മണിക്ക് കാത്തു നിൽക്കുക. ഞാനെത്തും.

കാര്യങ്ങളുടെ ഗൗരവംമനസ്സിലാക്കിയ റീത്തയുടെ സഹോദരൻപറഞ്ഞു. എങ്ങനെ വായിച്ചു, എന്തിനു വായിച്ചു, എപ്പോൾ വായിച്ചു എന്നൊന്നും പ്രസക്തമല്ല. 2015 ഏപ്രിൽ 15.. ദിനരാത്രങ്ങൾ ജോൺ സാമുവേൽ നമ്മുടെ കൈയ്യിൽ നിന്നും പുറത്തു പോകരുത്.

പിന്നെ സൂസന്നയാണു പറഞ്ഞത് റീത്താ...നിന്റെ സകല കഴിവുകളും എടുക്കേണ്ട ദിവസമാണിന്ന്. മറ്റൊരാദ്യ രാത്രിപോലെ...എന്തിനും ഏതിനും തയ്യാറായി വണ്ടിയുമായി ഞങ്ങൾ റോഡിലുണ്ടാകും.

"അവരുടെ പദ്ധതി നടപ്പായോ" അരയാൽ ചോദിച്ചു. പൂർണമായും കാറ്റു പറഞ്ഞു. പിന്നെ കാറ്റു തുടർന്നു. ഒരു സ്മോൾ നിർബന്ധിച്ചു കഴിപ്പിക്കാൻ റീത്തയുടെ സഹോദരന് ഒത്തിരി പാടുപെടേണ്ടി വന്നു. പക്ഷേ, പിന്നെ ജോൺ സാമുവേൽ ചോദിച്ചു വാങ്ങുകയായിരുന്നു. രണ്ട്, മൂന്ന്, നാല്.. ആടിയുലഞ്ഞ് റീത്തയുടെ തോളിൽചാരി കിടപ്പറയിലേക്ക് ജോൺ സാമുവേൽ പോകുമ്പോൾ റീത്തയുടെ ആങ്ങള പറഞ്ഞു. "ഇനിയൊന്നും പേടിക്കാനില്ല" രണ്ടുപേരും ചിരിച്ചു മുറിക്കകത്തു കയറി പുറത്തു നിന്നും അകത്തുനിന്നും വാതിൽ പൂട്ടി.

റീത്തയിൽ ഒരു ആദ്യ രാത്രി പൂത്തുലയുകയായിരുന്നു. സ്വയം നഗ്നയായി ജോണിന്റെ മുന്നിലിരിക്കുമ്പോൾ അവൾക്കൊരു സംശയമുണ്ടായിരുന്നു. ഒരുസ്മോളുപോലും കഴിച്ച ഭാവമില്ലല്ലോ. അതോർത്തപ്പോൾ ഇത്തിരി പരിഭ്രമവും. അവൾ വിളിച്ചു, "ജോൺ... പിന്നെ ഭിത്തിയിലെ ക്ലോക്കിലേക്കവൾ നോക്കി. 10.30 ഈ രാത്രി ഒന്നു കഴിഞ്ഞു കിട്ടിയാൽ.... തടിച്ചുരുണ്ട മാറ് ജോണിന്റെ നെഞ്ചിൽ ചേർത്തു വച്ച് അവൾ പിന്നെയും വിളിച്ചു: ജോൺ... മെല്ലെ അവളുടെ മുഖം അവന്റെ ചുണ്ടുകൾക്കു മേലെ കൊണ്ടു വന്നു ആദ്യ ചുംബനം പോലെ അവൾ അവനെ ആഴമായി ചുംബിച്ചു. പതുക്കെ വലതു കൈ കൊണ്ട് അവനെ വിവസ്ത്രനാക്കുമ്പോൾ, അവൾ പേടിയോടെ ക്ലോക്കിൽ നോക്കുന്നുണ്ടായിരുന്നു. 11.40. അവന്റെ നഗ്നമേനിയിൽ കമിഴ്ന്നു കിടന്നിട്ട്, അവൾ അവന്റെ ചെവിയിൽ കടിച്ചിട്ടു വിളിച്ചു

ജോൺ....അവൻ മെല്ലെ കൈകൾ അവളുടെ നഗ്നമേനിയിൽ എടുത്തു വച്ചു. അപ്പോൾ അവൾക്കു വല്ലാത്ത ആശ്വാസമായി. ജോൺ പ്രതികരിക്കുന്നുണ്ട്. സഹകരിക്കുന്നുണ്ട്. കൈകൾ കിടക്കയിൽ കു ത്തി അവന്റെ നഗ്നതയിലേക്ക് അവളുടെ നഗ്നത ചേർത്തമർത്തി അവൾ അവന്റെ കവിളുകളിൽ ഉമ്മവച്ചു. പിന്നെ മെല്ലെ ഊർന്ന് കിടക്കയിൽ കിടന്നിട്ട് ജോണിന്റെ പ്രതികരണമറിയാൻ കാത്തു കിടന്നു.

സമയം 11.45 ജോൺ പതിയെ അവളുടെ നഗ്നമേനിയിൽ വിരലോടിച്ചു. ഒന്നു പുളകിതയായി അവൾ ക്ലോക്കിലേക്കു നോക്കി 11.50. ഓ ഇനി പത്തു മിനിറ്റു കൂടിയെ ഉള്ളു. ഒരാശ്വസത്തിന്റെ നിശ്വാസം അവളിൽ നിന്നുയർന്നു. ജോൺ സാമുവേലിന്റെ ശരീരത്തിൽ ഉറങ്ങിക്കിടന്നിരുന്ന കോടാനുകോടി ജീവാണുക്കൾ ഉണർന്ന് ഊർജ്ജമായി ഒഴുകി. ശരീരമാകെ ചൂടിലുണർന്നു പുളഞ്ഞു, അവൻ ഉണർന്ന് ഇഴയാൻ തുടങ്ങി. അവ

## ഒറ്റവരിക്കഥകൾ

രാജു പാമ്പാടി



**ആ**കാശം തീറുവാങ്ങിയ വിമാനസർവീസുകളെ ഭയന്ന് കുഞ്ഞുകിളികൾ മരച്ചില്ലകളിൽ പോയൊളിച്ചു.




**വ**ല്ലാതെ മുഷിഞ്ഞുപോയ ജീവിതത്തെ അലക്കിവെളുപ്പിച്ച് ഇളംവെയിലി മുറ്റത്തെ അയയിൽ ഉണക്കാനിട്ടു.



**ആ**ത്മഹത്യ ചെയ്ത് നരകത്തിലെത്തിയ കമിതാക്കളുടെ ആത്മാക്കൾ സ്വർഗ്ഗത്തിലേയ്ക്ക് ഒളിച്ചോടി



**ഏ**കാന്തതയുടെ ആരാധകനായ കവി ജനക്കൂട്ടത്തിന്റെ ആവേശകരമായ സ്വീകരണത്തിന്റെ നടുക്കുനിന്ന് വിയർത്തു



**തേ**ഞ്ഞു തീർന്ന ചെരുപ്പഴിച്ചുവെച്ച് ഒടിയാറായ ഊന്നുവടി ചാരി വെച്ച് പകൽ കടലിന്റെ ചുമലിലേറി അക്കരയ്ക്കു യാത്രയായി. ●

---

ളുടെ പാദത്തിൽ മുഖം ചേർത്തിട്ടു, മുകളിലേക്കിഴഞ്ഞു.ആ മുറിവെവിടെ. ഏതു മുറിവ്

ആരും കാണാത്ത, ആരും കാണരുതാത്ത നിന്റെ മനോഹരമായ ഈ തുടയിൽ ഒരു മുറിവ് ഞാൻ എന്റെ ഓർമ്മയ്ക്കായി നൽകട്ടെയെന്നു പറഞ്ഞു സമ്മാനിച്ച ആ മുറിവ്. ഒരു മറുപടി ഉണ്ടാകുന്നതിനു മുൻപേ അവൻ അവളുടെ തുടയിൽ പല്ലുകൾ ചേർത്തമർത്തി. ഓ... എന്നു പറഞ്ഞ് റീത്ത വേദനിച്ചെങ്കിലും ഒച്ച പുറത്തു വിടാതെ ഉള്ളിലൊതുക്കിപ്പറഞ്ഞു "എന്തു വേണമെങ്കിലുമായിക്കോട്ടെ," ഒരു പത്തു മിനിറ്റു കഴിഞ്ഞുകിട്ടാൻ....അവൾ പതിയെ തപ്പിനോക്കി. അവിടെ നിന്നും ചോരപൊടിയുന്ന നനവവൾ വേദനയിലറിഞ്ഞു. അവളുടെ സ്ത്രൈണതയിൽ മുഖം ചേർത്തിട്ടവൻ പറഞ്ഞു. "ഞാനൊന്നു മുഖം ചേർക്കയാണിവിടെ. ഞാനറിഞ്ഞ കന്നിമണ്ണിന്റെ ഗന്ധം.

പിന്നെ അവൻ മുഖമുയർത്തി ആ സ്ത്രൈണതയിലേക്ക് പല്ലുകളാഴ്ത്തിയപ്പോൾ വേദനിച്ച് റീത്ത വിളിച്ചു.ജോൺ..

നിറഞ്ഞമാറിലെ ദൃഢതയിൽ തല ചേർത്തു വച്ച് ഇത്തിരി നേരം കിടന്നിട്ട് തല വളരെ വിഷമിച്ച് ചുണ്ടുകളോളമെത്തിച്ചിട്ട് കീഴ്ച്ചുണ്ടിൽ എന്തോ പരതാൻ തുടങ്ങി. പിന്നെ ചുണ്ടിന്റെ ഉൾഭാഗത്ത് അടിയിലായി പല്ലുകളാഴ്ത്തി അവളുടെ മേൽ ചാഞ്ഞുനിന്ന് അവളുടെ സമതലങ്ങളിലേക്ക് ചാലു കീറി.

ഒരു മയക്കത്തിലേക്ക് താഴുമ്പോഴും റീത്ത ഓർത്തു: ജീവിതത്തിൽ ഇത്രയുംനാൾ ഇങ്ങനെയൊരു രതി നിവൃതി... ഈ ജോൺ ഇത്രയുംനാൾ എവിടെയായിരുന്നു.

അവൾ 2015 ഏപ്രിൽ 15 ന് നന്ദി പറഞ്ഞു. അപ്പോൾ ഭിത്തിയിലെ ക്ളോക്കിൽ 2015 ഏപ്രിൽ 16 ന്റെ കിളി ചിലച്ചു. സന്തോഷത്തോടെ ഞെട്ടിയുണർന്ന അവൾ ജോണിന്റെ ശരീരത്തിൽ തൊട്ടു നോക്കി. ശരീരം തണുക്കാൻ തുടങ്ങിയിരുന്നു. അവൾ കൈ ഉയർത്തി മെല്ലെ ജോണിന്റെ കൈയെടുത്തു. വാടിത്തളർന്ന കൈകൾ. ധൃതിയിൽ ജോണിനെ ശരീരത്തിൽ നിന്നും വേർപെടുത്തി കിടക്കയിൽ കിടത്തിയിട്ടവൾ ശരീരമാകെ തൊട്ടു നോക്കി തണുപ്പേറിക്കൊണ്ടിരിക്കുന്ന ശരീരം. ഒരു വിധത്തിൽ തപ്പിതടഞ്ഞ് ഹൃദയത്തിലവൾ കൈചേർത്തു വച്ചു. ഹൃദയമിടിപ്പു നിലച്ചഹൃദയം അകത്തേക്കും പുറത്തേക്കും വായു പ്രവാഹമില്ലാത്ത നാസികകൾ

അവൾ ഉറക്കെ വിളിച്ചു ജോൺ...എന്റെ പ്രിയപ്പെട്ട ജോൺ...

കാറ്റ് ആരോടും യാത്ര പറഞ്ഞില്ല. കൂടെ കൊണ്ടുപോകാൻ ഒന്നുമെടുത്തില്ല. എല്ലാം പരീക്കപ്പീടികയിലിട്ടിട്ട് യാത്രയായി. മൂവാറ്റുപുഴയാറിലിറങ്ങി കുളിച്ച് ഓർമ്മകൾ അവിടെയിറക്കി വച്ച്, മനസ്സും ശരീരവും ശുദ്ധിമാക്കി യാത്രയായി.

യാത്ര...യാത്രയാണ് സത്യം...യാത്ര മാത്രമാണ് സത്യം.

യാത്ര മാത്രമാണ് നിത്യ സത്യം.

● അവസാനിച്ചു ........

# ബ്രിട്ടീഷുകാരുടെ ഗുണദോഷം

ബി.സി.പ്രസന്നപുരി

ഇംഗ്ലീഷുകാരുടെ ഏറ്റവും വലിയ ഗുണം ഒരാളും ഒരു മിനിറ്റും വെറുതെയിരിക്കില്ല എന്നതാണ്. ഓഫീസിൽ നിന്ന് മടങ്ങി വീട്ടിലെത്തിയാൽ പൂന്തോട്ടത്തിൽ പണിക്കിറങ്ങും അല്ലെങ്കിൽ ചുമരിന് ചായമിടും അതുമല്ലെങ്കിൽ പൈപ്പ് നന്നാക്കും ഒന്നുമില്ലെങ്കിൽ ലൈറ്റിന്റെ അറ്റക്കുറ്റപ്പണി തീർക്കും.

വൃത്തി അവരുടെ പ്രധാന മൂല്യമാണ്. വൃത്തിയുള്ള ജീവിതം എന്നതാണ് അവരിൽ നിന്ന് പഠിച്ച പ്രധാനപ്പെട്ട പാഠം. അതു സാധ്യമാകണമെങ്കിൽ എപ്പോഴും എവിടെയും മടികൂടാതെ എന്തും ചെയ്യാൻ സന്നദ്ധരാകണം. ഇത്തരം പാഠങ്ങളൊക്കെ ഗാന്ധിജിക്കും കിട്ടിയത് ഇംഗ്ലീഷുകാരിൽ നിന്നാകണം. അദ്ദേഹം പഠിച്ചത് ലണ്ടനിലാണല്ലോ.

ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ ഇന്ത്യയിൽ നിന്ന് കെട്ടുകെട്ടിച്ച മഹാത്മജിയുടെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന ശ്രീ.കല്യാണം (കാരശ്ശേരി മാഷ് നടത്തിയ അഭിമുഖം ഭാഷാപോഷിണിയിൽ) പറയുന്നത് "ഇംഗ്ലീഷുകാരുടെ" ചിട്ടയും അദ്ധ്വാനവും കണ്ടുപഠിക്കണം. തിങ്കളാഴ്ച രാവിലെ മുതൽ വെള്ളിയാഴ്ച വൈകുന്നേരം വരെ കഠിനമായി ജോലി ചെയ്യും. ശനി ഞായർ ദിവസങ്ങളിൽ വിശ്രമവും വിനോദവുമാണ്. അന്നു ജോലിയൊന്നും ചെയ്യില്ല. നമ്മൾ ഇന്ത്യക്കാരെപ്പോലെയല്ല സായ്പന്മാർ ശാരീരികമായ പണികളൊന്നും ചെയ്യാൻ മടിയില്ല. അവർക്ക് യാതൊരു മാനക്കേടും തോന്നില്ല. എതിർപക്ഷത്തിന്റെ നല്ല ഗുണങ്ങളെ ആദരിക്കാനുള്ള ഈ വിശാലതയും മാന്യതയും കല്യാണത്തിന് ഗാന്ധിജിയിൽ നിന്ന് കിട്ടിയതാവണം.

സായിപ്പ് ലോകം കീഴടക്കി ഇരുനൂറ് വർഷം ഭാരതം അടക്കിഭരിച്ചതിന്റെ കാരണവും ഇതൊക്കെ തന്നെയാണ്. മേലനങ്ങി പണി ചെയ്യുന്ന എല്ലാവരേയും നികൃഷ്ടജാതിയാക്കിയ ഒരു സംസ്ക്കാരത്തെ കാൽച്ചുവട്ടിലാക്കാൻ ഇംഗ്ലീഷുകാരന് അധികം ബുദ്ധിയും തന്ത്രവും ഒന്നും പ്രയോഗിക്കേണ്ടിയും വന്നില്ല.



ശ്രീ.കല്യാണം

ശാരീരിക അദ്ധ്വാനത്തെ അവമതിച്ചു എന്നതാണ് ആർഷ ഭാരതസംസ്ക്കാരം തലമുറകളോട് ചെയ്ത ഏറ്റവും വ ലിയ ക്രൂരകൃത്യം. അതിവിദഗ്ദ്ധമായ കരവിരുതും കലാവിരുതും സമ്മേളിപ്പിച്ച് സുന്ദരമായ മൺകുടങ്ങളും കലങ്ങളും നിർമ്മിച്ചവൻ വെറും കൊശവൻ. മഹാക്ഷേത്രങ്ങളും കൊട്ടാരങ്ങളും തീർത്ത് അതിശയിപ്പിച്ച തച്ചൻ ജാതിയിൽ നീചൻ. വെട്ടിത്തിളങ്ങുന്ന സ്വർണ്ണാഭരണങ്ങൾ മെനഞ്ഞ തട്ടാൻ പിന്നോക്കം ഇരുമ്പു പണിക്കാരൻ ജാതിയിൽ വെറും തുരുമ്പ്. കോടിയ ചളുങ്ങിയ നമ്മുടെ മുഖങ്ങളെ മിനുക്കി പഞ്ചാരകുട്ടപ്പന്മാരാക്കുന്ന ബാർബർ മ്ളേച്ഛൻ. മലയാളസിനിമയിലെ സ്ഥിരം പരിഹാസപാത്രം, മണ്ണിൽ പണിയെടുത്ത് നൂറുമേനി കാർഷിക വിപ്ളവം നടത്തിയ പുലയൻ ദൃഷ്ടിയിൽപെട്ടാൽ ദോഷമുള്ളവൻ. ഒന്നാന്തരം വട്ടിയും കുട്ടയും നെയ്ത് നാട്ടുകാരുടെ ജീവിതം സുഖപ്രദമാക്കിയ പറയൻ അധഃകൃതരിൽ അധഃകൃതൻ. പിന്നെങ്ങനെയാണ് നമ്മൾ ഒന്നിച്ച് നിൽക്കുക.ബ്രിട്ടീഷുകാരുടെ പഴയ ആ ഭിന്നിപ്പിച്ചു നിർത്തൽ തന്നെയാണല്ലോ സ്വതന്ത്രഭാരതത്തിലെ ഭരണാധികാരികളും തുടർന്നുപോരുന്നത്. ●



എം.എൻ.കാരശ്ശേരി

● ലേഖനം ●

**സുധീഷ്. എസ്.എൽ,**
സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്,
കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷൻ.

# കുടുംബങ്ങളിൽ എങ്ങിനെ ഗുണ്ടകളെ സൃഷ്ടിക്കാം?



കഴിഞ്ഞദിവസം ഒരു വീട്ടിൽ ചെന്നപ്പോൾ നിക്കറുപോലും ഇടാത്ത ഒരു ചെറിയ കുട്ടി മേശപ്പുറത്തുകയറിനിന്ന് അപ്പാപ്പനെ പച്ചത്തെറി വിളിയ്ക്കുന്നു... എന്നെ കണ്ടപ്പോൾ ജാള്യതയോടെ അവന്റെയമ്മ പറഞ്ഞു.“ അവനിങ്ങനാ ചേട്ടാ, ദേഷ്യം വന്നാൽ അപ്പാപ്പനെ തെറിവിളിക്കും. എന്നാ ചെയ്യാനാ..ഈ ചെറുക്കനെക്കൊണ്ടു തോറ്റു.”

അവനെ നോക്കി ഞാൻ ചെറുതായൊന്ന് നാക്കുകടിച്ചതും അവന്റെയമ്മ പറഞ്ഞതും ഒന്നിച്ച് “ദേ ഈ മാമൻ പോലീസാ...ഇങ്ങനെ പറഞ്ഞാൽ കുഞ്ഞിനെ പിടിച്ചോണ്ടുപോകും.” അതോടെ ചെക്കൻ അടങ്ങി.

തള്ളയുടെ സന്തോഷം കളഞ്ഞ് എന്റെ കുരുത്തംകെട്ട നാക്ക് ചോദിച്ചു. “ഇത്തിരിപ്പോന്ന ഇവനെ നിങ്ങൾക്ക് ഇപ്പോൾ കൺട്രോൾ ചെയ്യാൻ പറ്റീല്ലേൽ ഇനി എപ്പോൾ അത് നടക്കും?”

ഈ ചോദ്യം മിക്കവാറും രക്ഷകർത്താക്കളോടും ചോദിക്കേണ്ട ഒന്നാണ്. കൊച്ചുകുട്ടികളുടെ വികൃതി, കാണുന്നവർക്കു മുഴുവൻ അരോചകമായാലും പല വീട്ടുകാരും കല്ലിനു കാറ്റു പിടിച്ചപോലെ അനങ്ങാതിരിക്കും. ഒരു വാക്കു കൊണ്ടുപോലും തടയില്ല.

കുട്ടികൾ ശല്യമുണ്ടാക്കാതിരിക്കാൻ കുറേ ന്യൂഡിൽസും പുഴുങ്ങി കോഴിക്കറിയുമായി ടി.വി.യുടേയോ കമ്പ്യൂട്ടറിന്റെയോ മുന്നിൽ കൊണ്ടിരുത്തും. അവനവിടിരുന്ന് അതിമാനുഷ്യരായ കാർട്ടൂൺ കഥാപാത്രങ്ങളെക്കണ്ട് അവരെ അനുകരിക്കും. വാശിപിടിച്ച് അവരുടെ വേഷംധരിച്ച് നടക്കും. മൊബൈൽഫോണിലോ കമ്പ്യൂട്ടറിലോ ഉള്ള ഗെയിമിലൂടെ ബാങ്ക് റോബറിയും മോട്ടോർറെയ്സും കളിക്കും. അതിലൂടെ തനിക്കു ജയിക്കണമെങ്കിൽ മറ്റുള്ളവരെ കൊല്ലുകയോ നശിപ്പിക്കുകയോ വേണമെന്നു പഠിക്കും. കൂടുതൽ വേഗം കൂടുതലാളെ കൊല്ലുന്നവനാണു വിജയി എന്നു തെറ്റിദ്ധരിയ്ക്കുന്നു.

കഥ പറയാനും ഉപദേശിക്കാനും വീട്ടിൽ കാർന്നോന്മാരില്ല. ഉണ്ടെങ്കിൽ “കൺട്രീസ്, ആ ഓൾഡ് ഫെലോ” യോടു സംസാരിക്കേണ്ടെന്ന് അമ്മ വിലക്കും. പകരം റ്റി.വിയിലെ കാൽക്കാശിനു വിലയില്ലാത്ത തറ സീരിയൽ കാണാനിരുത്തും. അതിലൂടെ കല്യാണം കഴിഞ്ഞാൽ പെൺകുട്ടി ആദ്യം ചെയ്യേണ്ട കർമ്മം അമ്മായിയമ്മ എന്ന സത്വത്തെ അടിച്ചമർത്തണം എന്നും നാത്തൂനെ വീട്ടിലെന്നല്ല വാർഡിൽ പ്പോലും കേറ്റിക്കൂടെന്നും. ആൺകുട്ടിയാണേൽ ഒന്നുകിൽ കുറഞ്ഞതും മൂന്നുനാലു പെണ്ണുങ്ങളെയെങ്കിലും വളയ്ക്കാൻ പറ്റണം. അല്ലെങ്കിൽ തനി മണുക്കൂസനാവണമെന്നും പഠിക്കും.

നിയമാനുസരണം രക്ഷകർത്താക്കൾ കുട്ടിയെ തല്ലിക്കൂട. സ്കൂളിലെ മാഷുമാർ നോക്കാനേ പാടില്ല. പരീക്ഷയെഴുതുന്ന എല്ലാവരും ജയിക്കും. അക്ഷരംപോലും അറിയണമെന്നില്ല. എങ്കിലും

**2030 ൽ ഭാരതം ലോകത്തിലെ ഏറ്റവും വലിയ ശക്തിയാകാൻ കുതിക്കുമ്പോൾ മലയാളി യുവത്വം എല്ലാ മേഖലയിലും പിന്നോട്ടുപോകുന്നു. പുരാതന ഭാരതത്തിന്റെ വിദ്യാഭ്യാസ സാംസ്കാരിക കേന്ദ്രങ്ങളായ പാടലീപുത്രയും നളന്ദയും സ്ഥിതിചെയ്ത ബീഹാറിന്റെ ഇന്നത്തെ അവസ്ഥയാവും നാളെ കേരളത്തിനും.**

ഒരു ത്രില്ലിനു കോപ്പിയടിക്കും. പിടിയ്ക്കപ്പെടില്ല. ഇനി പിടിച്ചാൽ പിടിച്ച സാറിന്റെ പണിപോകും. ഇല്ലെങ്കിൽ ചാനലിലെ മാമന്മാരും ആന്റിമാരും കൂടി കളയിച്ചുതരും. പോലീസ് പിടിച്ചാലും തല്ലിക്കൂടാ. തല്ലണമെന്നില്ല, നോക്കിയാലും അവരുടെ പണികളയാം. അ തിനുവേറെ ചില മാമന്മാരും സഹായിക്കും.

മുട്ടേന്ന് വിരിയുംമുമ്പേ കുട്ടിയെ ടൂവീലർ ഓടിക്കാൻ പഠിപ്പിക്കും. കളിക്കാൻ മൊബൈൽ ഫോൺ കൊടുക്കും. എന്നിട്ട് മകന്റെ മിടുക്കുപറഞ്ഞ് നാട്ടുകാരുടെ മുമ്പിൽ ഞെളിയും. പത്താന്തരം കഴിഞ്ഞാൽ ഉടനേ ചെക്കൻ Duke ന്റെ ബൈക്കിന് വാശിപിടിക്കും. വീട്ടുകാർക്ക് ഗതിയില്ലേലും വണ്ടിവേണമെന്ന് 'കുഞ്ഞിന്' വാശി. സമ്മതിച്ചില്ലേൽ ചാകുമെന്ന് ഭീഷണി. പെട്രോൾ വാങ്ങാൻ കാശിന് കഞ്ചാവിന്റെ ബിസിനസ്സ് അല്ലെങ്കിൽ കൈത്തൊഴിലായി മാല പൊട്ടിക്കാം. എല്ലാം കഴിഞ്ഞ് പറന്നുപോകുമ്പോൾ ഒരാക്സിഡന്റ് ...ശല്യം തീർന്നു. പലവീട്ടുകാരും വെക്കേഷനാകുമ്പോൾ പറയുന്നതാ "ഹോ...ഇനി സ്കൂളുതുറക്കും വരെ ഈ ശല്യം സഹിക്കണമല്ലോ"ന്ന്.

നാട്ടിലെ ഫ്രീക്കന്മാരും അവരുടെ ഫ്രണ്ടന്മാരും തകർത്തു തിമിർക്കുകയാണ്. ഇതിനൊക്കെ എരീംപുളീം കൂട്ടാൻ സിനിമേലെ നായകന്മാരും...കടിച്ചാപ്പൊട്ടാത്ത ഡയലോഗും ഫുൾടൈം വെള്ളവും അടിച്ചു കഞ്ചനും പുകച്ച്, 100 ആനയുടെ(ചിലർക്ക് 100JCB യുടെ) കരുത്തുമുള്ള നായകന് പോലീസിനെയോ രാഷ്ട്രീയക്കാരനെയോ പേടിയില്ല...അവരെ തല്ലും തെറിവിളിക്കും. വേണ്ടിവന്നാൽ തന്തയ്ക്കും വിളിയ്ക്കും. ഇതുകണ്ട് ആവേശംമൂത്ത ഫാൻസ് യൂത്തന്മാർ ഇഷ്ടതാരത്തിന്റെ ചിത്രം വന്ന പെട്ടിയുമായി ആനപ്പുറത്ത് ആദ്യഷോ കാണാൻ വരും. താരത്തിന്റെ ഫ്ള ക്സിൽ പാലഭിഷേകം നടത്തും. അങ്ങനെ ചെയ്യുമ്പോൾ താഴെവീണ് ചത്തവന്റെ വീട്ടിലെ പട്ടിണിമാറ്റാൻ ഇഷ്ടതാരം ഒരുരൂപപോലും കൊടുത്തില്ലേലും വിഷമം തോന്നാതെ അദ്ധ്വാനിയ്ക്കുന്ന തമിഴനേയും ബംഗാളിയെയും മണ്ടനെന്നു വിളിയ്ക്കും.

ആരും നിയന്ത്രിക്കാനില്ല....നിയന്ത്രിക്കുന്നത് ഇഷ്ടവുമല്ല. സാമൂഹ്യമര്യാദ തീരെയില്ല. എന്തു പരിപാടി നടന്നാലും അവിടെല്ലാം അലങ്കോലമുണ്ടാക്കുവാൻ കുറേ അലവലാതികൾ വരും. കുളിക്കാതെ മുടിനീട്ടി വളർത്തി ലോവേസ്റ്റ് പാൻസുമിട്ട് ബൈക്ക് ഇരപ്പിച്ചു നടക്കുന്ന കുറെയെണ്ണം.

ആളെക്കൊന്നിട്ടായാലും പ്രകൃതി നശിപ്പിച്ചിട്ടായാലും കുടുംബം കുളംതോണ്ടിയാലും സ്വന്തം കാര്യം നടക്കണം എന്ന രീതിയിൽ മലയാളിയെ മാറ്റിയതാരാണ്....?

2030 ൽ ഭാരതം ലോകത്തിലെ ഏറ്റവും വലിയ ശക്തിയാകാൻ കുതിക്കുമ്പോൾ മലയാളി യുവത്വം എല്ലാ മേഖലയിലും പിന്നോട്ടുപോകുന്നു. പുരാതന ഭാരതത്തിന്റെ വി ദ്യാഭ്യാസ സാംസ്കാരിക കേന്ദ്രങ്ങളായ പാടലീപുത്രയും നളന്ദയും സ്ഥിതിചെയ്ത ബീഹാറിന്റെ ഇന്നത്തെ അവസ്ഥയാവും നാളെ കേരളത്തിനും.

കുടുംബങ്ങളിൽ ചങ്ക്,മുത്ത്,ബ്രോസിനെ വളർത്തി നമ്മളീ നാടിനെ ഗുണ്ടകളുടെ സ്വന്തം നാടാക്കും... ●



### പുതിയ മുത്തലാഖ് ബിൽ വരണം: ജമാ അത്ത് കൗൺസിൽ



ശിക്ഷാവ്യവസ്ഥകൾ ഒഴിവാക്കി പുതിയ മുത്തലാഖ് ബിൽ കൊണ്ടുവരാനും അന്യാധീനപ്പെട്ട കോടിക്കണക്കിന് രൂപയുടെ വക്കഫ് സ്വത്തുക്കൾ വീണ്ടെടുക്കാനാവും വിധം വക്കഫ് നിയമം ഭേദഗതി ചെയ്യാനും കേന്ദ്രസർക്കാർ തയ്യാറാകണമെന്ന് കേരളമുസ്ലീം ജമാ അത്ത് കൗൺസിൽ വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

വക്കഫ് സ്വത്തു തട്ടിയെടുത്തവർക്കെതിരെ ക്രിമിനൽ നടപടിയെടുക്കുന്ന തരത്തിൽ നിയമഭേദഗതി വേണം. എല്ലാ വക്കഫ് സ്ഥാപനങ്ങൾക്കും മുത്തവല്ലിമാരെ തിരഞ്ഞെടുക്കാൻ വോട്ടവകാശം നൽകണം. അഞ്ചുലക്ഷം രൂപവരെ വാർഷികവരുമാനമുള്ള പള്ളികളെയും സ്ഥാപനങ്ങളെയും വിഹിതം അടയ്ക്കുന്നതിൽനിന്ന് ഒഴിവാക്കണം എന്നീ ആവശ്യങ്ങളും ഉന്നയിച്ചു. സംസ്ഥാന പ്രസിഡന്റ് അഡ്വ.എ.പൂക്കുഞ്ഞ്,വർക്കിംഗ് പ്രസിഡന്റ് സി.ഐ.പരീത്,മാവുടി മുഹമ്മദ് ഹാജി,കാരോത്തുകുഴി ഹൈദ്രോസ്,അബ്ദുള്ള മാറമ്പള്ളി എന്നിവർ പങ്കെടുത്തു.

**കൗമുദി 23/06/19**

### എല്ലാം കോടിയേരിക്ക് അറിയാമായിരുന്നു. സിപിഎം നേതൃത്വത്തിനു പരാതി നൽകിയത് ജനുവരിയിൽ കോടിയേരിയുടെ ഭാര്യ ഏപ്രിലിൽ മുംബൈയിലെത്തി യുവതിയെ കണ്ടു

ബിഹാർ സ്വദേശിനിയായ യുവതിയുമായി മകൻ ബിനോയിക്കുള്ള ബന്ധവും അതിൽ ഒരാൺകുട്ടിയുണ്ടെന്ന കാര്യവും സിപിഎം സംസ്ഥാനസെക്രട്ടറി കോടിയേരി ബാലകൃഷ്ണനും അറിയാമായിരുന്നെന്ന് യുവതിയുടെ ബന്ധുക്കൾ. എന്നാൽ ഇക്കാര്യം അദ്ദേഹത്തോടു സംസാരിച്ചിട്ടില്ലെന്ന് അവർ 'മാതൃഭൂമി'യോട് പറഞ്ഞു. അതേസമയം കോടിയേരിയുടെ ഭാര്യ മുംബൈയിലെത്തി സംസാരിച്ചിരുന്നെന്നും അവർ വ്യക്തമാക്കി.

മുതിർന്ന നേതാവ് നീലോത്പൽ ബന്ധുവഴി യുവതിയുടെ പരാതി സി പിഎം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരിക്കു നൽകിയിരുന്നു. ജനുവരിയിലാണു ഡൽഹിയിലെ സിപി എം ആസ്ഥാനത്ത് പരാതി എത്തിച്ചത് പൊളിറ്റ് ബ്യൂറോ യോഗത്തിനെത്തിയ കോടിയേരി ബാലകൃഷ്ണന് ഇക്കാര്യം വ്യക്തമായി അറിയാമായിരുന്നു. പരാതി നേരിട്ട് അദ്ദേഹത്തിന് നൽകിയിട്ടില്ല. ഞങ്ങൾക്കു ഹിന്ദി മാത്രമേ വശമുള്ളു. കോടിയേരിയോട് സംസാരിച്ചെന്ന വാർത്തകൾ വ്യാജമാണ്. അവർ പറഞ്ഞു.

മൂന്നുതവണ യുവതി വക്കീൽ മുഖേന അയച്ച കത്ത് കോടിയേരി താമസിക്കുന്ന എ.കെ.ജി സെന്ററിലെ അപ്പാർട്ട്മെന്റ് മേൽവിലാസത്തിലാണ് കൈപ്പറ്റിയത്. അതുകൊണ്ടുതന്നെ ഇക്കാര്യം അദ്ദേഹത്തിന് അറിയില്ലെന്ന പ്രസ്താവനയിൽ കഴമ്പില്ല. വക്കീൽനോട്ടീസ് കിട്ടിയതിനെത്തുടർന്നാണ് കോടിയേരിയുടെ ഭാര്യ വിനോദിനി പ്രശ്നംതീർക്കാൻ ഏപ്രിലിൽ മുംബൈയിലെത്തിയത്. മുംബൈയിലെ ഇന്ത്യ ലോ.എൽ.എൽ.പി എന്ന സ്ഥാപനത്തിൽവെച്ച് ഇടനിലക്കാരനുമായി സംസാരിക്കുകയും യുവതിയെ കാണുകയുമുണ്ടായി-ബന്ധുക്കൾ അവകാശപ്പെട്ടു.



പിന്നീട് കേരളത്തിൽ ലോക്സഭാ തിരഞ്ഞെടുപ്പ് കഴിഞ്ഞശേഷം മുംബൈയിലെത്തിയ ബിനോയ് കോടിയേരി യുവതിയും കുട്ടിയുമായി സംസാരിച്ചു. ഈ ചർച്ച പരാജയപ്പെട്ടതോടെയാണ് പോലീസിൽ പരാതി നൽകിയത്. കുടുംബാംഗങ്ങൾ പറഞ്ഞു. കഴിഞ്ഞയാഴ്ചയാണ് മുംബൈയിൽ താമസിക്കുന്ന യുവതി ബിനോയ് കോടിയേരിക്കെതിരെ ബലാത്സംഗത്തിനും വഞ്ചനയ്ക്കും പരാതി നൽകിയത്. ശനിയാഴ്ച യുവതി ഓഷിവാരപോലീസ് സ്റ്റേഷനിലെത്തി വിശദമായ മൊഴി നൽകി. ബിനോയ് ഒളിവിലാണ് അദ്ദേഹത്തിന്റെ മുൻകൂർ ജാമ്യാപേക്ഷയിൽ തിങ്കളാഴ്ച മുംബൈയിലെ കോടതി വിധിപറയും.

**മാതൃഭൂമി 23/06/19**

**സർക്കാർ ആശുപത്രികളിൽനിന്നു പുറത്തുവരുന്ന വാർത്തകൾ ഞെട്ടിക്കുന്നത്.**
**രമേശ് ചെന്നിത്തല**

കോട്ടയം കേരളത്തിലെ സർക്കാർ ആശുപത്രികളിൽനിന്നും ദിനംതോറും പുറത്തുവരുന്ന വാർത്തകൾ ഞെട്ടിപ്പിക്കുന്നതാണെന്ന് പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല. കോട്ടയം മെഡിക്കൽ കോളേജിൽ കാൻസർ രോഗമില്ലാത്തയാൾക്കു കീമോതെറാപ്പി ചികിത്സ നടത്തിയവർക്കെതിരേയുള്ള അന്വേഷണം അട്ടിമറിക്കുന്നതിനെതിരേ ജില്ലാ കോൺഗ്രസ് കമ്മിറ്റി കോട്ടയം കളക്ടറേറ്റ് പടിക്കൽ നടത്തിയ ധർണ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

കോട്ടയം മെഡിക്കൽ കോളജിൽ ഉന്നതപദവിയിൽ യോഗ്യതയുള്ളവരെ ഒഴിവാക്കി സിപിഎം നേതൃത്വം നടത്തിയ ബന്ധു നിയമനമാണ് ഇവിടുത്തെ എല്ലാ പ്രശ്നങ്ങളുടെയും അടിസ്ഥാനം. അനധികൃത നിയ




മനവും അഴിമതിയും മെഡിക്കൽ കോളജിനെ തകർത്തതായും പ്രതിപക്ഷ നേതാവ് പറഞ്ഞു. ഡിസിസി പ്രസിഡന്റ് ജോഷി ഫിലിപ്പ് അധ്യക്ഷത വഹിച്ചു. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം എൽ എ ലതികാ സുഭാഷ് കുര്യൻ ജോയി ടോമി കല്ലാനി ഫിലിപ്പ് ജോസഫ് പി എ സലിം പി എസ് രഘുറാം ജോസി സെബാസ്റ്റ്യൻ സണ്ണി പാമ്പാടി പി ജെ വർക്കി ജി ഗോപകുമാർ എ കെ ചന്ദ്രമോഹൻ മോഹൻ കെ നായർ ബിജു പുന്നത്താനം ജോമോൻ ഐക്കര എന്നിവർ പ്രസംഗിച്ചു.

**ദീപിക 23/06/19**

**കേരളം വ്യവസായസൗഹൃദമല്ല**
സാജൻ പാറയിലിന്റെ അഭിമുഖം പുറത്ത്

കേരളത്തിലെ വികസനത്തിന് തടസ്സം സർക്കാർ മേഖലയിൽനിന്നുള്ള സഹകരണക്കുറവാണെന്ന അനുഭവം പങ്കുവെക്കുന്ന സാജൻ പാറയിലിന്റെ അഭിമുഖം പുറത്ത്. ആന്തൂർ നഗരസഭാ പരിധിയിലെ ബക്കളത്ത് സംരംഭങ്ങൾ തുടങ്ങുന്ന കാലത്ത് പ്രാദേശിക ചാനലിന് നൽകിയ അഭിമുഖത്തിലാണ് അദ്ദേഹം ചുവപ്പുനാടയെക്കുറിച്ച് പറയുന്നത്.

കണ്ണൂർ വിമാനത്താവളവും അതിന്റെ ഭാഗമായി അടിസ്ഥാനസൗകര്യവികസനവും വരുന്ന സാഹചര്യത്തിൽ കണ്ണൂരിൽ നിക്ഷേപത്തിന് നല്ല സാധ്യതയുണ്ട്. കെട്ടിട നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭകർക്ക് സർക്കാർ മേഖലയിൽനിന്ന് പിന്തുണ കിട്ടുന്നില്ല. വളരെ മോശമായ അനുഭവമാണിക്കാര്യത്തിൽ, സർക്കാർ ഓഫീസിലെ സഹകരണക്കുറവ് പരിഹരിച്ചാൽ മതി, വികസനം വരുമെന്നും അദ്ദേഹം അഭിമുഖത്തിൽ പറയുന്നു.



നിർമാണ സാമഗ്രികളുടെ ക്ഷാമവും പ്രശ്നമാണ്. ചിലപ്പോൾ മണൽ കിട്ടില്ല മണൽ കിട്ടുമ്പോൾ കല്ല് കിട്ടില്ല കല്ല് കിട്ടുമ്പോൾ പണിക്കാരെ കിട്ടില്ല. ഈ പ്രശ്നങ്ങൾ പരിഹരിക്കുകയും സർക്കാർ ഓഫീസുകളെ വ്യവസായ സൗഹൃദമാക്കുകയും ചെയ്താൽ നിർമാണ മേഖലയടക്കം വ്യവസായ–വാണിജ്യ മേഖലയിൽ വികസനമുണ്ടാകുമെന്നും സാജൻ പറയുന്നു.

നൈജീരിയയിൽ നടത്തുന്ന വ്യവസായ–വാണിജ്യ സംരംഭങ്ങൾ തുടർന്നുകൊണ്ടു തന്നെ കണ്ണൂരിൽ വിദ്യാഭ്യാസ മേഖലയിലുൾപ്പെടെ സംരംഭങ്ങൾ തുടങ്ങാൻ ആലോചനയുണ്ടെന്നും സാജൻ അഭിമുഖത്തിൽ പറഞ്ഞിരുന്നു.

**മനോരമ 24/06/19**

**മദ്യപാനം: വാക്കു പാലിക്കാത്ത ഭർത്താവിൽ നിന്ന് വൃക്ക തിരികെ വേണമെന്ന് യുവതി**

ഭർത്താവിനു നൽകിയ വൃക്ക തിരിച്ചു നൽകണമെന്നാവശ്യപ്പെട്ട യുവതിയുടെ പരാതിയിൽ കുഴങ്ങിയത് സാത്പൂർ പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥർ . വൈശാലി (28) എന്ന യുവതിയാണ് വിചിത്രമായ പരാതിയുമായി സ്റ്റേഷനിലെത്തിയത്.

വിവാഹം കഴിഞ്ഞ് ഒരു വർഷമായപ്പോൾ മദ്യപാനിയായ ഭർത്താവിന്റെ വൃക്കകൾ തകരാറിലായി. മദ്യപാനം ഉപേക്ഷിക്കുമെന്ന ഉറപ്പിൽ ഭർത്താവിനു വൈശാലി വൃക്ക നൽകി. കുടുംബാംഗങ്ങളുടെ എതിർപ്പിനെ മറികടന്നായിരുന്നു യുവതിയുടെ ധീരമായ നടപടി.





# അരുത്!

## കുട്ടികൾക്ക് ജങ്ക്ഫുഡ്...

കേരളത്തിലെ പ്രധാനനഗരങ്ങളിലൊന്നിലെ പ്രശസ്തമായ വെജിറ്റേറിയൻ ഹോട്ടലിലെ പാചകം ചെയ്യുന്ന എണ്ണ പതിനാലു വർഷത്തിലേറെ പഴക്കമുള്ളതായിരുന്നു എന്ന് ഈയിടെ ഒരു പരിശോധനയിൽ തെളിഞ്ഞത്രെ. എണ്ണ കുറയുമ്പോൾ പുതിയ എണ്ണ പഴയതിലേക്ക് ഒഴിച്ചു കൊണ്ടിരുന്നു. അങ്ങനെ 14 വർഷം പൂർത്തിയാക്കിയ ഒരു വലിയ വറചട്ടിയും അതിലെ എ ണ്ണയും അതിൽ വറുത്ത രുചിയേറിയ പലഹാരങ്ങളും ആ നഗരത്തിലെ ജനങ്ങൾ ആവേശത്തോടെ കഴിച്ചുകൊണ്ടിരുന്നു!

മനോഹരമായ പായ്ക്കറ്റുകളിൽ സിനിമാതാരത്തിന്റെ അകമ്പടിയോടെയെത്തുന്ന പലഹാരങ്ങൾ കൊഴുപ്പും പഞ്ചസാരയും ഉപ്പും ഏറെകൂടിയതും നാരുകൾ ഏറെ കുറഞ്ഞവയുമാണ്. ബേക്കറി പലഹാരങ്ങളിൽ രുചിക്കും മണത്തിനും ആസക്തിക്കും നിറത്തിനും ഒക്കെ നിരവധി രാസവസ്തുക്കളാണ് ചേർത്തുകൊണ്ടിരിക്കുന്നത്.

നമുക്ക് ലഭിക്കുന്ന പഴം പച്ചക്കറി പാൽ മാംസം മത്സ്യം ബ്രെഡുൾപ്പെടെയുള്ള ബേക്കറി പലഹാരങ്ങൾ ഇവയൊക്കെ മാരകവിഷം നിറഞ്ഞതും കീടനാശിനികളിൽ സമൃദ്ധവും ആണ്. ഫലമോ സ്കൂൾ കുട്ടികൾക്ക് വരെയാണിന്ന് ഹൃദയാഘാതവും കാൻസറും പ്രമേഹവും രക്തസമ്മർദ്ദവും. ഒരു കാലത്ത് ആരോഗ്യമേഖലയിൽ ഒന്നാംസ്ഥാനത്തുനിന്ന കേരളം ഇന്ന് ആരോഗ്യരംഗത്ത് അനുദിനം താഴേയ്ക്കു കൂപ്പുകുത്തുകയാണ്.പകർച്ചവ്യാധികളും മാറാവ്യാധികളും കൊണ്ട് കേരളം ഒരു “രോഗളം” ആയി മാറിയിരിക്കുന്നു.

ചെറുപ്രായത്തിൽ ഒരാൾക്ക് ലഭിക്കുന്ന ഭക്ഷണവും പരിചരണവും ഒരു വ്യക്തിയുടെ ജീവിതത്തിന്റെ അടിത്തറയാണ്. കുട്ടികൾക്ക് സമീഹൃതആഹാരം ലഭ്യമാകണം. ഭക്ഷണം കൂടുതൽ സന്തുലിതവും വൈവിധ്യവും പോഷക സമൃദ്ധവും ആകണം. തിരക്കുപിടിച്ച ജീവിതത്തിനിടയിൽ സൗകര്യാർത്ഥം മാതാപിതാക്കൾ ടിൻഫുഡും ജങ്ക് ഫുഡും ബേക്കറി സാധനങ്ങളും ഒക്കെ നിരന്തരം കുട്ടികൾക്ക് നൽകുമ്പോൾ ഓർക്കുക; നിങ്ങൾ നിങ്ങളുടെ കുട്ടികളെ മരണത്തിലേക്ക് വേഗം എത്തിക്കുകയാണ്.

ആരോഗ്യം എന്നത് രോഗം ഇല്ലാത്ത അവസ്ഥ മാത്രമല്ല. മനുഷ്യന്റെ ശാരീരികവും മാനസികവും സാംസ്കാരികവുമായ വളർച്ചയുടെ പരിപൂർണതകൂടിയാണ്.

കൊച്ചുകുട്ടികളുടെ ആഹാരരീതി ഏറെ ശ്രദ്ധിക്കേണ്ടതാണ്. ജങ്ക് ഫുഡുകൾ പരമാവധി ഒഴിവാക്കണം..

കൃത്രിമനിറം ചേർന്ന ഭക്ഷ്യവസ്തുക്കൾ ഉച്ചഭക്ഷണം ആയി കൊടുത്തുവിടരുത്. കേരളത്തിലെ സ്കൂളുകളിൽ  മുഴുവൻ കുട്ടികൾക്കും ശ്രദ്ധാപൂർവ്വം പാചകംചെയ്ത ചൂടുഭക്ഷണം വിളമ്പണം. വിഷമയമില്ലാത്ത പച്ചക്കറിയും മറ്റും മുൻകൂട്ടി പാചകത്തിനായി തെരഞ്ഞെടുക്കണം.


നല്ല ആഹാരം ചൂടോടെ സ്കൂളുകളിൽ കുട്ടികൾക്ക് നൽകുന്നതിലൂടെ നല്ല ആരോഗ്യം മാത്രമല്ല കുട്ടികളിൽ ഉണ്ടാകുന്നത്. ആഹാരശീലവും ആഹാരസാക്ഷരതയും കുട്ടികളിൽ സൃഷ്ടിക്കപ്പെടും.

● ഡോ.എം.ആർ.ഗോപാലകൃഷ്ണൻനായർ.


● കഥ ●

രഞ്ചി ഐസക്ക്

# ഹൃദയഭിത്തി



അവനും അവളും ഇഷ്ടത്തിലായിരുന്നു. സ്നേഹമായിരുന്നു. ഉള്ളും ഉടലും ഒന്നു ചേർന്ന പ്രണയം. ഒരു മയിൽപ്പീലിപോലെ അവരാ പ്രണയം സൂക്ഷിച്ചു.ഒരിക്കൽ അവളെ മായാമോഹങ്ങളുടെ കണ്ണഞ്ചുന്ന കെണിയിൽ ചെകുത്താൻ കുടുക്കി. അവളവന്റെ ഹൃദയഭിത്തി ചവിട്ടിക്കീറി പുറത്തിറങ്ങി. അഹങ്കാരത്തോടെ തലയുയർത്തി നിന്നവളെ രക്തഗന്ധം തേടിയെത്തിയ വിശന്നു നടന്ന തെരുവ് നായ്ക്കൾ കടിച്ചുകീറി. പ്രാണരക്ഷാർത്ഥം ഓടിയവൾ നിണം കഴുകാൻ നദിയിലിറങ്ങി. അവിടെ കാത്തിരിക്കുന്ന മുതല അവളെ പിടിച്ചുതിന്നു




# ആരാണ് അധ്യാപകൻ

ആരാണ് അധ്യാപകൻ എന്താണ് അധ്യാപനം എന്നീ ചോദ്യങ്ങൾ കാലമേറെയായി അനേകസംവാദങ്ങൾക്കും ചർച്ചകൾക്കും വഴിവെച്ചിട്ടുണ്ട്. കുട്ടികളുടെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം പറയുന്നവനാണോ അധ്യാപകൻ? അല്ലേയല്ല! (ഒരധ്യാപകനും സഞ്ചരിക്കുന്ന വിജ്ഞാനകോശമല്ലല്ലോ. അങ്ങനെ ആയിത്തീർന്നാൽ നന്ന്. അത്തരക്കാരെ നമിക്കുന്നു. എന്നാൽ അറിയാത്ത കാര്യങ്ങളിൽ തട്ടിക്കൂട്ടി ഉത്തരം മെനയുന്നതിനേക്കാൾ അറിഞ്ഞും പഠിച്ചും പിന്നീട് വ്യക്തമായി പറയുന്നതാവും ശരിയെന്ന് പറഞ്ഞാൽ ആരും അലോസരപ്പെടരുത്) പിന്നെയോ? ഇത്തരം പറയാൻ വിഷമമുള്ള അനേകം ചോദ്യങ്ങൾ ചോദിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുന്നവനാണ് ഉത്തമാധ്യാപകൻ. എണ്ണിയാലൊടുങ്ങാത്ത ചോദ്യങ്ങളിലൂടെ സംശയങ്ങളിലൂടെ സഞ്ചരിച്ച് കണ്ടെത്തലിന്റെ പുതിയ തീരമണയാൻ ഉത്തമാധ്യാപകൻ കുട്ടികളെ പ്രേരിപ്പിക്കുന്നു.




വിജ്ഞാനത്തിന്റെ മോക്ഷലബ്ധിയിലേക്കുള്ള ആ പരിണാമ പ്രക്രിയയിൽ താങ്ങും തണലുമായി സഹയാത്രികനും സഹായിയുമായി വഴിവെട്ടം തെളിച്ച് അധ്യാപകനുണ്ടാവണം.

A usual teacher only teaches...
An excellent teacher inspirs...

ചില അടിസ്ഥാനാശയങ്ങൾ അരക്കിട്ടുറപ്പിക്കുന്നതിന് അപ്പുറത്തേക്ക് പഴയ തത്തമ്മേ പൂച്ച പൂച്ച എന്ന അധ്യാപനശൈലി വലിച്ചിഴക്കപ്പെടരുത്. താല്പര്യം ഉണർത്തുകയും ഉന്മേഷം വളർത്തുകയും ചെയ്യുകയാണ് വിജയകരമായ അധ്യാപനത്തിനുള്ള ശരിയായ വഴി. ആ വഴി നടന്നാൽ നമ്മുടെ കുഞ്ഞുങ്ങൾ കൂടെയുണ്ടാവും... വഴി തെറ്റാതെ!

ഒന്നുകൂടി പറഞ്ഞ് അവസാനിപ്പിക്കാം.

അധ്യാപനം വിജ്ഞാനസമ്പാദനത്തിനുള്ള ഉത്തമ മാർഗ്ഗംകൂടിയാണ്. അങ്ങനെയാവുകയും വേണം. നിരന്തരമായ സാധനയിലൂടെ അറിവിന്റെ സീമകൾ വികസിപ്പിച്ചുകൊണ്ടേയിരിക്കണം. അഭ്യസനം കൂടാതെയുള്ള അധ്യാപനം അർത്ഥശൂന്യവും അരോചകവുമായിരിക്കും നൂതനവും പ്രായോഗികവുമായ ബോധന രീതികളുടെ പ്രയോഗം കാലികവിഷയങ്ങളെ തികഞ്ഞ ശ്രദ്ധയോടെ പരിചയപ്പെടുത്തൽ വാത്സല്യവും സ്നേഹബഹുമാനങ്ങളും നിലനിർത്തിക്കൊണ്ടുള്ള ഇടപഴകൽ രക്ഷിതാക്കളുമായും സമൂഹവുമായും ആരോഗ്യകരമായ ബന്ധം നിലനിർത്താൻ നാളെ തന്റെ കുട്ടികളുടെയും വിദ്യാലയത്തിന്റെയും അതുവഴി സമൂഹത്തിന്റെയും ഉയർച്ചയ്ക്കുവേണ്ടി എന്തു ചെയ്യാം എന്ന നിരന്തരമായ ചിന്തയും അതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കലും... ഇതൊക്കെയാണ് പുതിയ കാലവും തലമുറയും അധ്യാപകരിൽനിന്ന് പ്രതീക്ഷിക്കുന്നത്.




പുതിയ അധ്യയനവർഷം അതിനുള്ള രംഗവേദിയാകട്ടെ! അധ്യാപനം കേവലമൊരു തൊഴിലല്ല; അതൊരു തപസ്യയാണ് ഈശ്വരസേവയാണ്. ●

ഡോ.പൗസ് പൗലോസ്

## ഹൃദയകവാടങ്ങളുടെ തമ്പുരാൻ എന്നറിയപ്പെടുന്ന

# ഡോ.എം.എസ്.വല്യത്താനും ആയുർവേദവും

സീതാറാം ആയുർവേദ സ്പെഷ്യാലിറ്റി ഹോസ്പിറ്റർ,തൃശ്ശൂർ

ആധുനിക വൈദ്യശാസ്ത്രത്തിലെ സ്ഥാപിത താൽപര്യങ്ങൾ ഉള്ള ചില ഡോക്ടർമാരും ഞങ്ങൾ ഒരു സംഭവമാണ് എന്ന് കരുതുന്ന ഒരു കൂട്ടം ബുദ്ധിജീവികളും ഫേസ്ബുക്കിലൂടെയും യൂട്യൂബിലൂടെയും മറ്റു സാമൂഹ്യമാധ്യമങ്ങളിലൂടെയും ആയുർവേദത്തിനെതിരെ ഉറഞ്ഞുതുള്ളുന്ന ഈ കാലഘട്ടത്തിൽ ഡോ.എം.എസ്.വല്യത്താൻ എന്നു പറയുന്ന ഒരു മഹത് വ്യക്തിയെ നിങ്ങൾക്ക് പരിചയപ്പെടുത്തി തരാൻ ഞാൻ ആഗ്രഹിക്കുന്നു..

ഒരുപക്ഷെ നിങ്ങൾ ഈ അതുല്യ പ്രതിഭയെ കുറിച്ച് കേട്ടുകാണും എന്നാൽ നിങ്ങൾ കേൾക്കാത്ത ഒരു മുഖമുണ്ട് ഈ മഹത് വ്യക്തിക്ക് . പ്രശസ്ത ഹൃദ്രോഗ വിദഗ്ദ്ധനാണ് മാർത്താണ്ഡ വർമ്മ ശങ്കരൻ വല്യത്താൻ. 1934 മെയ് 24ന് മാർത്താണ്ഡവർമ്മയുടെയും ജാനകിയുടേയും മകനായി മാവേലിക്കരയിലാണ് മാർത്താണ്ഡവർമ്മ ശങ്കരൻ വല്യത്താൻ എന്ന ഡോ.എം.എസ്.വല്യത്താൻ ജനിച്ചത്.

തിരുവനന്തപുരം മെഡിക്കൽ കോളജ് ഇംഗ്ലണ്ടിലെ ലിവർപൂൾ സർവ്വകലാശാല, എഡിൻബറോയിലെയും ലണ്ടനിലേയും റോയൽ കോളജ് ഓഫ് സർജൻസ് എന്നിവിടങ്ങളിലായി പഠനം പൂർത്തിയാക്കിയ അദ്ദേഹം അമേരിക്കയിലെ ജോൺ ഹോപ്കിൻസ്, ജോർജ് വാഷിങ്ടൺ, ജോർജ് ടൗൺ യൂണിവേഴ്സിറ്റി ആശുപത്രികളിൽ നിന്നായി വിദഗ്ദ്ധപരിശീലനം നേടി. തിരുവനന്തപുരത്തെ ശ്രീചിത്തിര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്സിന് തുടക്കമിട്ടത് ഇദ്ദേഹമാണ്. ഇരുപത് വർഷത്തോളം മേധാവിയായും ഹൃദയശസ്ത്രക്രിയയുടെ പ്രഫസറും ആയും സേവനമനുഷ്ഠിച്ചു. മണിപ്പാൽ സർവ്വകലാശാലയുടെ മുൻ വൈസ് ചാൻസലർ ആയും അഞ്ചു വർഷം പ്രവർത്തിച്ചിട്ടുണ്ട്.

കൃത്രിമ ഹൃദയവാൾവ് നിർമ്മാണത്തിന് നേതൃത്വം നൽകിയതും അദ്ദേഹമായിരുന്നു. ഹൃദ്രോഗ ചികിത്സ, ഹൃദയ ശസ്ത്രക്രിയ മേഖലകളിൽ വല്യത്താൻ നല്കിയ സംഭാവനകളും അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകളും വൈദ്യശാസ്ത്ര,സാങ്കേതിക മേഖലകൾക്ക് മുതൽക്കൂട്ടായി മാറി. ശ്രീചിത്തിര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജിയുടെ സ്ഥാപക ഡയറക്ടർ എന്ന നിലയിൽ ചിലവുകുറഞ്ഞ ചികിത്സയ്ക്കു സഹായകമായ ഗവേഷണത്തിൽ മുഴുകാൻ പ്രാപ്തരായ ശാസ്ത്രജ്ഞരുടെയും എൻജിനീയർമാരുടെയും സർജന്മാരുടെയും മികച്ച സംഘം ഉണ്ടാക്കാൻ ഡോ. വല്യത്താനു കഴിഞ്ഞു.

രാജ്യത്തെ ആധുനിക വൈദ്യശാസ്ത്ര മേഖലയ്ക്കു വൻ കുതിപ്പ് നടത്താൻ ഈ സംഘത്തിനു സാധിക്കുകയും ചെയ്തു. ഇനി അദ്ദേഹം എങ്ങനെയാണ് ആയുർവേദം പഠിക്കാൻ



ഡോ.എം.എസ്.വല്യത്താൻ

കാരണമായത് എന്ന് വ്യക്തമാക്കാം. ഒരിക്കൽ വളരെ യാദൃച്ഛികമായാണ് ഒരു പ്രഭാഷണത്തിനായി ഒരുങ്ങുന്ന സമയത്ത് ഇദ്ദേഹം ഇന്ന് ആധുനികവാദികൾ ഘോരഘോരം വിമർശിക്കുന്ന ചരകസംഹിത വായിക്കാൻ ഇടയായി. പിന്നീട് ബാക്കിയുള്ളതെല്ലാം ചരിത്രത്തിലെ ഏടുകൾ ആയി മാറി.

അതിനു ശേഷമാണ് അദ്ദേഹത്തിന് ആയുർ വേദം പഠിക്കണമെന്ന മോഹം ഉണ്ടായത്. അതിനുവേണ്ടി അദ്ദേഹം എന്താണ് ചെയ്തതെന്നാണ് ഈ ആധുനിക വാദികൾ അറി

ഞ്ഞിരിക്കേണ്ടത്. ആയുർവേദശാസ്ത്രം ആധികാരികമായി പഠിക്കുവാൻ ഡോ. വല്യത്താൻ പോയത് മഹാനായ ആയുർവേദ ആചാര്യനും ഭാരതം പത്മഭൂഷൺ നൽകി ആദരിച്ച ആയുർവേദ വൈദ്യനുമായ ഡോ.കെ.രാഘവൻ തിരുമുൽപ്പാട് എന്ന വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാടിന്റെ അടുത്താണ്. ചാലക്കുടി സ്വദേശിയായ തിരുമുൽപ്പാട് ആയുർവേദരംഗത്തെ ആചാര്യന്മാരിൽ ഒരാളാണ്. ചികിത്സകനായും പണ്ഡിതനായും അറിയപ്പെടുന്ന അദ്ദേഹം നിരവധി ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. പ്രശസ്ത ഭിഷഗ്വരൻ ഡോ.എം.എസ്.വല്യത്താൻ തിരുമുൽപ്പാടിനെ അഭിനവ ചരകൻ എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്.




അദ്ദേഹം ആയുർവേദം പഠിച്ചതിന്റെ പ്രധാനമായ ലക്ഷ്യം ആയുർവേദത്തിലെ ശാസ്ത്രീയ സാധ്യതകളെ കണ്ടെത്തുകയും അവയെ ആധുനിക ശാസ്ത്രവുമായി ബന്ധിപ്പിക്കാനുമുള്ള ഗവേഷണങ്ങൾ നടത്താനും ആയിരുന്നു. ഭാരതീയ പൈതൃകത്തിലൂടെ പകർന്നു കിട്ടിയ ചികിത്സാവിധികളെ ലോകത്തിനു മുന്നിലെത്തിക്കാൻ പ്രയത്നിച്ച വൈദ്യപ്രതിഭയാണ് ഡോ. എം.എസ്.വല്യത്താൻ. ആയുർവേദത്തിലെ ബൃഹത് ത്രയികളെ അധികരിച്ച് ലെഗസി ഓഫ് തരക ലെഗസി ഓഫ് സുശ്രുത ലെഗസി ഓഫ് വാഗ്ഭട എന്നീ പുസ്തകങ്ങൾ എഴുതുകയുണ്ടായി. ആയുർവേദ ചികിത്സാരംഗത്തിന് പുതിയ ദിശാബോധം നല്കിയത് ഈ പുസ്തകങ്ങളായിരുന്നു. ഇതിൽ എ.ഡി ഒന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ചരകനെഴുതിയ വിശ്രുത വൈദ്യഗ്രന്ഥമായ ചരകസംഹിതയ്ക്ക് പുതിയൊരു വ്യാഖ്യാനം അദ്ദേഹം നടത്തുകയായിരുന്നു ലെഗസി ഓഫ് ചരക എന്ന പു സ്തകത്തിലൂടെ. ഈ പുസ്തകത്തിന്റെ മലയാള വിവർത്തനമാണ് ചരകപൈതൃകം. കേവലമായ വ്യാഖ്യാനത്തിനപ്പുറം ആധുനികചികിത്സാ ശാസ്ത്രത്തിന് അനുരൂപമായി ആയു ർവേദ ആചാര്യന്മാരുടെ ദർശനങ്ങളെ വിശദീകരിക്കാനുള്ള ശ്രമമാണ് വല്യത്താൻ പുസ്തകങ്ങളിലൂടെ നടത്തിയത്. ആയുർവേദ വിദ്യാർത്ഥികൾക്കെന്ന പോലെ അലോപ്പതി വിദ്യാർത്ഥികൾക്കും പ്രയോജനം ചെയ്യുന്ന ഉത്തമ റഫറൻസ് ഗ്രന്ഥമാണ് ലെഗസി ഓഫ് ചരക.

ആയുർവേദത്തെ ആധുനികവൈദ്യ ശാസ്ത്രവുമായി ബന്ധിപ്പിക്കുക എന്നത് വലിയ വെല്ലുവിളി നിറഞ്ഞ മേഖലയാണ് എന്നത് അദ്ദേഹം തന്നെ സമ്മതിച്ച കാര്യമാണ് അതുമാത്രമല്ല ആയുർവേദത്തിന് ശക്തമായ ഒരു ശാസ്ത്രീയ അടിത്തറ ഉണ്ടെന്നും അദ്ദേഹം അംഗീകരിച്ചിട്ടുണ്ട്. പ ഞ്ചഭൂതങ്ങൾ ഋതുചര്യ ത്രിദോഷങ്ങൾ എന്നിങ്ങനെയുള്ള ആയുർവേദത്തിന്റെ അടിസ്ഥാന തത്വങ്ങളും സിദ്ധാന്തങ്ങളും പരീക്ഷണശാലയിൽ നിരീക്ഷിച്ചും പഠിച്ചും തെളിയിക്കാൻ ശ്രമിക്കുന്നത് ശ്രമകരമായ ഒരു സംഗതിയാണ് എന്ന് അദ്ദേഹം തന്നെ സമ്മതിച്ച കാര്യമാണ്.

ആയുർവേദത്തിന് ശക്തമായ ശാസ്ത്രീയ അടിത്തറ ഉണ്ട് എന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ആയുർവ്വേദത്തിലെ പഞ്ചകർമ്മങ്ങളെ കുറിച്ചും ത്രിദോഷങ്ങളെ കുറിച്ചും അദ്ദേഹം ആറു പ്രോജക്ടുകളായി പഠനം നടത്തികൊണ്ടിരിക്കുകയാണ്. ആധുനിക ചികിത്സാസമ്പ്രദായവുമായി ആയുർവേദത്തെ കൂട്ടിയോജിപ്പിക്കുകയാണ് ലക്ഷ്യം. ആധുനിക ജനിതക ശാസ്ത്രത്തിന്റെ കണ്ടെത്തലുകളാണ് ആയുർവേദത്തിന്റെ സൂക്ഷ്മതത്ത്വങ്ങളെ പ്രകാശിപ്പിക്കാൻ സഹായിച്ചതെന്ന് അദ്ദേഹം ഒരിക്കൽ കോട്ടക്കലിൽ വച്ച് നടത്തിയ ഒരു പ്രസംഗത്തിൽ പറയുകയുണ്ടായി.

അദ്ദേഹം നടത്തിയ വളരെ ശ്രദ്ധേയമായ ഒരു പഠനമാണ് ഡി.എൻ.എ.യും ആയുർവേദവുമായി ബന്ധപ്പെട്ടത്. മനുഷ്യരുടെ ഡി.എൻ.എ പരിശോധന ദോഷപ്രകൃതിയുടെ ജനിതക അടിസ്ഥാന പരിശോധന എന്നിവയിൽ രസായനങ്ങൾക്ക് ചെലുത്താൻ കഴിയുന്ന ഫലത്തെക്കുറിച്ചു നടത്തിയ ശാസ്ത്രീയ പഠനങ്ങൾ സമീപകാലത്ത് വളരെയധികം ശ്രദ്ധിക്കപ്പെട്ടു. ഈ പഠനം അദ്ദേഹത്തിന്റെ സ്വന്തം സംഭാവനതന്നെയാണ്. ആധുനിക വൈദ്യ ശാസ്ത്രരംഗത്ത് പ്രവർത്തിക്കുന്ന ഡോ.എം.എസ്.വല്യത്താനെ പോലെയുള്ള ഒരു അ തുല്യ പ്രതിഭ ആയുർവേദത്തിനുവേണ്ടി നിലനിൽക്കുന്നുണ്ടെങ്കിൽ അത് വൈകിയാണെങ്കിലും ഈ ശാസ്ത്രത്തിനു കിട്ടിയ ഒരു വലിയ അംഗീകാരം തന്നെയാണ്.

നമ്മുടെ രാജ്യം 2005 ൽ ഇന്ത്യയിലെ രണ്ടാമത്തെ വലിയ അംഗീകാരമായ പത്മവിഭൂഷൺ നൽകി ഇദ്ദേഹത്തെ ആദരിച്ചു. ലണ്ടനിലെ റോയൽ കോളജ് ഓഫ് സർജൻസിന്റെയും ഇന്ത്യൻ നാഷണൽ അക്കാദമി ഓഫ് എഞ്ചിനീയറിംഗിന്റെയും ഫെല്ലോയാണ്. റോയൽ കോളജ് ഓഫ് സർജൻസ് ഹണ്ടേറിയൻ പ്രൊ ഫസർഷിപ്പ് നല്കി അദ്ദേഹത്തെ ആദരിച്ചു. കൂടാതെ ആർ.ഡി.ബിർള അവാർഡ് ഓം പ്രകാശ് ഭാസിൻ അ വാർഡ് ജവഹർലാൽ നെഹ്റു അവാർഡ് ഇന്ത്യൻ നാഷണൽ സയൻസ് അക്കാദമിയുടെ ശ്രീ ധന്വന്തരി അവാർഡ് (1991) ആര്യ

ഒറ്റമൂലികൾ

# ത്വക്ക് രോഗങ്ങൾ മാറാൻ

**ആ**ര്യവേപ്പിലയും പച്ചമഞ്ഞളും കൂട്ടി അരച്ച് പുരട്ടി കുളിക്കുക.

പച്ചമഞ്ഞൾ അരച്ച് എരുക്കിലനീരിൽ ചാലിച്ച് പുരട്ടുക.

പച്ചമഞ്ഞളും കൊടവന്റെ ഇലയും കൂട്ടി അരച്ചുപുരട്ടുക.

കറിവേപ്പില അരച്ച് കുഴമ്പാക്കി പുരട്ടുക.

കിഴുകാനെല്ലി അരച്ചുപുരട്ടുക

മഞ്ഞളും കടുകുംകൂട്ടി അരച്ച് പുരട്ടുക.

നറുനീണ്ടി പൊടിച്ച് പതിവായി മൂന്ന് ഗ്രാം വീതം കഴിക്കുക.

ഒരു ഗ്ലാസ് വാഴപ്പിണ്ടിനീര് നേർപ്പിച്ച് ദിവസവും രാവിലെ കുടിക്കുക.

ദിവസവും രാവിലെ ഈന്തപ്പഴം കഴിക്കുക.

തെച്ചിയുടെ വേരിട്ട് തിളപ്പിച്ച വെള്ളത്തിൽ കുളിക്കുക.




കൊന്നയുടെ ഇലയും മഞ്ഞളും കൂടി അരച്ച് പുരട്ടുക.

*മേൽപ്പറഞ്ഞതിൽ ഏതെങ്കിലും ഒന്നുമാത്രം ചെയ്യുക*

---

വാഹക മെഡൽ ജെ.സി.ബോസ് മെഡൽ, ജി.എം.മോഡി അവാർഡ്, എച്ച്.കെ.ഫിറോഡിയ അവാർഡ് എന്നിവയും ഡോ.എം.എസ് വല്യത്താനെ തേടിയെത്തി. അതിനാൽ ആയുർവേദത്തെ കണ്ണടച്ച് വിമർശിക്കുന്ന ആധുനിക വൈദ്യത്തിലെ ചില ഡോക്ടർമാരോടും സ്വയം ഒരു സംഭവം ആണെന്ന് കരുതി യൂട്യൂബിലൂടെയും ഫേസ്ബുക്കിലൂടെയും മറ്റ് സാമൂഹ്യ മാധ്യമങ്ങളുടെയും ആയുർവേദത്തിനെതിരെ ഘോരഘോരം പ്രസംഗിക്കുന്ന ബുദ്ധിജീവികളോടും എനിക്ക് പറയാനുള്ളത് നിങ്ങൾ ആയുർവേദത്തെ അറിയാൻ താൽപര്യപ്പെടുന്നു എങ്കിൽ ഈ വലിയ മനുഷ്യനെപോലെ ആകാൻ ശ്രമിക്കുക. ആയുർവേദത്തെ വിമർശിക്കാൻ വേണ്ടിമാത്രം ആയുർവേദ




പുസ്തകങ്ങൾ വായിക്കുന്ന നിങ്ങൾക്ക് വേണ്ടി ഞാൻ ചൂണ്ടികാണിച്ചു തരാൻ ആഗ്രഹിക്കുന്ന മഹത് വ്യക്തിയാണ് ഡോ.എം.എസ് വല്യത്താൻ. ആയുർവേദശാസ്ത്രം ആഗോളതലത്തിൽ തന്നെ അംഗീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നിങ്ങൾക്ക് ഈ ശാസ്ത്രത്തെ കുറിച്ചുള്ള മുൻവിധിയും തെറ്റിദ്ധാരണ മൂലവും ഈ ശാസ്ത്രത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് ഇടയിൽ തെറ്റിദ്ധാരണ പരത്തി ഈ മഹത്തായ ശാസ്ത്രത്തിന്റെ വളർച്ചയ്ക്ക് തടയിടാൻ ശ്രമിക്കുകയാണ് നിങ്ങൾ ചെയ്യുന്നത്. നിങ്ങൾ അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ അത് നിങ്ങൾ ഈഭാരതത്തിന്റെ പൈതൃകത്തോടും പാരമ്പര്യത്തോടും ചെയ്യുന്ന ദ്രോഹമാണ് എന്ന് മാത്രമേ എനിക്ക് പറയാൻ സാധിക്കുകയുള്ളൂ. ●

● സ്ത്രീപഥം ●



● ഡോ. (മേജർ) നളിനി ജനാർദ്ധനൻ, പൂനെ

**യൗവ്വനം**

യുവതിയായ ഒരു സ്ത്രീയുടെ ജീവിതത്തിൽ വിവാഹം,ഗർഭാധാരണം,പ്രസവം, മാതൃത്വം എന്നിങ്ങനെ സുപ്രധാന പലമാറ്റങ്ങളും സംഭവിക്കുന്നു. വിവാഹശേഷം ഒരു പുതിയ കുടുംബത്തിലേക്കു കടന്നുവരുന്ന ഒരു സ്ത്രീ താൻ ജനിച്ചുവളർന്ന വീടുവിട്ട് തികച്ചും അപരിചിതമായ ഒരന്തരീക്ഷത്തിൽ എത്തിപ്പെടുകയാണു ചെയ്യുന്നത്.

അച്ഛനമ്മമാർ നിശ്ചയിക്കുന്ന വിവാഹമാണെങ്കിൽ തനിക്ക് മുൻപരിചയമില്ലാത്ത ഒരു പുരുഷനെ ജീവിതപങ്കാളിയായി സ്വീകരിക്കേണ്ടിവരുന്ന സ്ത്രീക്ക് ഭർത്താവിന്റെ കുടുംബാംഗങ്ങളോടും ഒത്തിണങ്ങി ജീവിക്കേണ്ടിവരുന്നു. തികച്ചും അന്യവും അപരിചിതവുമായ ഒരു കുടുംബവുമായി സ്വയം പൊരുത്തപ്പെടേണ്ടി വരുമ്പോൾ നവവധുവി ന് ആകാംക്ഷയും ഉൽകണ്ഠയും മാനസികസംഘർഷവും അനുഭവപ്പെട്ടേക്കാം. പുതിയ ജീവിതവുമാ യി ഇണങ്ങിച്ചേരാൻ കാലതാമസമെടുക്കാം. ഇത്തരം അവസ്ഥയിൽ സ്ത്രീക്ക് എന്തെങ്കിലും രഹസ്യരോഗമുണ്ടായാൽ അവളത് മറച്ചുപിടിക്കുന്നതിൽ അത്ഭുതമില്ലല്ലോ.



വിവാഹിതയായ സ്ത്രീക്ക് പല ലൈംഗിക പ്രശ്നങ്ങളും ഉണ്ടാവാം. അവയുടെ കാരണങ്ങൾ ശാരീരികവും മാനസികവുമാവാം.ഭർത്താവുമായി ലൈംഗികബന്ധത്തിലേർപ്പെടുമ്പോൾ വേദനയുണ്ടാവുന്നതിന് പല കാരണങ്ങളുണ്ട്.ലൈംഗികബന്ധത്തെക്കുറിച്ച് ഭയം,ആശങ്ക, അറിവില്ലായ്മ എന്നിവ മൂത്രനാളിയിൽ പഴുപ്പ് യോനിയുടെ മുറുക്കം യോനിയിൽ കുരു മുറിവ് ഉത്തേജനക്കുറവ് എന്നിങ്ങനെ പലതും മറ്റൊരു ലൈംഗികപ്രശ്നമാണ് യോനിയുടെ മുറുക്കം അഥവാ വജൈനിസ്മസ് ലൈംഗികബന്ധത്തെക്കുറിച്ച് അജ്ഞതയോ ഭയമോ തെറ്റായഅറിവോ ഉള്ള ഒരു സ്ത്രീയു ടെ മനസ്സും ശരീരവും ലൈംഗികബന്ധത്തിന് പൂർണ്ണമായി തയ്യാറാവാതിരിക്കുമ്പോൾ പുരുഷൻ വേഴ്ചയ്ക്കു തയ്യാറായാൽ യോനിയിൽ സങ്കോചമുണ്ടാവുകയും ലൈംഗികബന്ധം നടത്താൻ വിഷമവും വേദനയുമുണ്ടാവുന്നു എന്നതാണ് വജൈനിസ്മസ്. മറ്റു പ്രശ്നങ്ങളായ ലൈംഗികമരവിപ്പ് രതിമൂർച്ഛയെത്താൻ വൈ കുക രതിമൂർച്ഛയില്ലാതിരിക്കുക ഉത്തേജനക്കുറവ് എന്നിവയെക്കെല്ലാം മാനസികമായ കാരണങ്ങളുണ്ടാവാം. ലൈംഗികവിരക്തി പങ്കാളിയോട് താല്പര്യക്കുറവ് ദാമ്പത്യ ബന്ധത്തിലെ പൊരുത്തക്കേട് ലൈംഗികബന്ധത്തിന് മാനസികമായി തയ്യാറാവാതിരിക്കുക എന്നിവയെല്ലാം കാരണമാവാം.

ലൈംഗികബന്ധം ഇന്നും സ്വകാര്യമായി കരുതപ്പെടുന്നതുകൊണ്ട് ഭർത്താവിനോട് ഇത്തരം കാര്യങ്ങൾ തുറന്നുപറയാൻ ലജ്ജകാരണം ഭാര്യയ്ക്ക് മടിതോന്നുകയേയുള്ളു.പ്രശ്നങ്ങൾ ഒളിച്ചുവെക്കുകയും പിന്നീട് കൂടുതൽ ശാരീരികപ്രശ്നങ്ങളുണ്ടാവുകയും ചെയ്യുന്നു. ഇതുപോലെയുള്ള ആരോഗ്യപ്രശ്നങ്ങളാണ് വെള്ളപോക്ക് ആർത്തവപ്രശ്നങ്ങൾ ഗർഭാശയപ്രശ്നങ്ങൾ ഗർഭപാത്രം താഴേക്കിറങ്ങി വരിക മൂത്രം അറിയാതെ പോവുക മൂത്രാശയപ്രശ്നങ്ങൾ തുടങ്ങിയവ. ഇത്തരം കാര്യങ്ങൾ ഭാര്യ ഒരിക്കലും ഭർത്താവിൽനിന്നും മറച്ചുപിടിക്കരുത്. നേരത്തെ ഡോക്ടറെ കാണിച്ച് ചികിത്സ തുടങ്ങേണ്ടതാണ്. രോ ഗാണു സംക്രമം കൊണ്ടുണ്ടാവുന്ന വെള്ളപോക്കും ലൈംഗികരോഗങ്ങളും ഭർത്താവിനും ഭാര്യയ്ക്കും ലൈംഗികബന്ധംവഴി പരസ്പരം പകരാനിടയുണ്ട് എന്നോ ർമ്മിക്കുക. ഭർത്താവ് എല്ലാ വിഷമങ്ങളും പ്രശ് നങ്ങളും പങ്കുവെയ്ക്കുന്ന ഒരു നല്ല സുഹൃത്താവുകയാണെങ്കിൽ ഭാര്യ തന്റെ രഹസ്യരോഗങ്ങൾ മറച്ചുപിടിക്കാൻ സാദ്ധ്യത കുറവായിരിക്കും.

**മദ്ധ്യവയസ്സ്**

സ്ത്രീയുടെ ജീവിതത്തിലെ മറ്റൊരു പ്രധാനകാലഘട്ടമായ മദ്ധ്യവയസ്സിലാണ് ആർത്തവവിരാമവും അതോടനുബന്ധിച്ചുള്ള ശാരീരികാസ്വാസ്ഥ്യങ്ങളും മാനസികപ്രശ്നങ്ങളും ഉണ്ടാവുന്നത്. ആർത്തവം നില്ക്കുന്നതോടെ താൻ വൃദ്ധയാവുകയാണോ എന്ന ആകാംക്ഷയും ലൈംഗികബന്ധത്തിലുണ്ടാവുന്ന പ്രശ്നങ്ങളും സ്ത്രീക്ക് മാനസികസംഘർഷമുണ്ടാക്കാനിടയുണ്ട്. ആർത്തവവിരാമത്തോടനുബന്ധിച്ച് ഈസ്ട്രജൻ ഹോർമോൺ കുറയുന്നതിനാൽ ശരീരത്തിൽ ചൂടുപറക്കൽ രാത്രിയിൽ അമിതമായ വിയർപ്പ്,വിഷാദം, ഉറക്കക്കുറവ്,ക്ഷീണം,അസ്വസ്ഥത, വേഗം ദേഷ്യം വരിക എന്നിങ്ങനെ പല പ്രശ്നങ്ങളുണ്ടാവാം. തെറ്റായ ജീവിതരീതിയും വ്യായാമക്കുറവും കൊണ്ട് പൊണ്ണത്തടി പ്രമേഹം ഹൃദയാഘാതം രക്താതിസമ്മർദ്ദം ഉയർന്ന കൊളസ്റ്ററോൾ തുടങ്ങിയ ആരോ

ഗ്യപ്രശ്നങ്ങളും ഉണ്ടാവാം. മദ്ധ്യവയസ്ക്കരായ സ്ത്രീകൾ സ്വന്തം പ്രശ്നങ്ങളും രോഗലക്ഷണങ്ങളും ഭർ ത്താവിനോടോ കുടുംബാംഗങ്ങളോടോ തുറന്നുപറഞ്ഞാൽ ഡോക്ടറെ കാണിച്ച് ചികിത്സ നേ രത്തെ തുടങ്ങാം. രോഗങ്ങൾ തടയാനും ഗുരുതരമാവാതിരിക്കാനും ഇത് സഹായിക്കും. അ സ്ഥിക്ഷയം കാൻസർ ഹൃദ്രോഗം മുതലായ രോ ഗങ്ങൾ മുൻകൂട്ടി കണ്ടുപിടിക്കാനുള്ള പരിശോധനകളും നടത്തേണ്ടതാണ്.

**വാർദ്ധക്യം**

വാർദ്ധക്യകാലത്ത് സ്ത്രീകൾ അനുഭവിക്കുന്ന ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ അനവധിയാണ്. ആർത്തവവിരാമവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കു പുറമെ അസ്ഥിക്ഷയം സന്ധിവാതം അർബ്ബുദം ഓർമ്മക്കുറവ് മൂത്രാശയരോഗം ഗർഭപാത്രരോഗങ്ങൾ എന്നിവയും വാർദ്ധക്യത്തിലുണ്ടാവാം. ഇവയിൽ പലതും തുടക്കത്തിൽ കണ്ടുപിടിക്കാൻ വിഷമമാണ്. വളരെ മെല്ലെ ഉണ്ടാവുന്ന അസ്ഥിദ്രവീകരണം കൊണ്ട് അസ്ഥിസാന്ദ്രത കുറയുകയും അസ്ഥിക്ഷയമുണ്ടാവുകയും ചെയ്യുമ്പോൾ നിസ്സാരമായ വീഴ്ചയോ പരിക്കുകളോ കൊണ്ടുപോലും എല്ലുകൾ പൊട്ടാനിടയുണ്ട്. വിഷാദരോഗവും അൽഷിമേഴ്സ് രോഗംപോലെ സ്മൃതിനാശമുണ്ടാക്കുന്ന അസുഖങ്ങൾക്കു പുറമെ ഭയം ഏകാന്തത ആത്മഹത്യാപ്രവണത മരണഭയം ആകാംക്ഷ എന്നിങ്ങനെ ഒട്ടേറെ മാനസികപ്രശ്നങ്ങളും വാർദ്ധക്യത്തിൽ കാണാറുണ്ട്. അർബ്ബുദം പോലെയുള്ള രോഗങ്ങൾ നേരത്തെ കണ്ടുപിടിച്ചാൽ ചികിത്സ കൊണ്ട് ഭേദപ്പെടുത്താൻ കഴിഞ്ഞേക്കാം. അതുകൊണ്ട് വൃദ്ധരായ സ്ത്രീകൾ തങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾ കുടുംബാംഗങ്ങളിൽ നിന്നു മറച്ചുവെക്കാതെ തുറന്നുപറയുകയും ഡോക്ടറെ കാണിച്ചു ചികിത്സ തുടങ്ങുകയും വേണം.

സ്ത്രീജന്മത്തിന്റെ വിവിധ കാലഘട്ടങ്ങളിലൂടെ (കൗമാരം യൗവ്വനം മദ്ധ്യവയസ്സ്,വാർദ്ധക്യം) ഒരു സ്ത്രീയുടെ ജീവിതം കടന്നുപോവുമ്പോൾ അവൾക്ക് അഭിമുഖീകരിക്കേണ്ടിവരുന്ന ശാരീരികവും മാനസികവുമായ പ്രശ്നങ്ങളിൽ ചിലതാണ് വിവരിക്കാൻ ശ്രമിച്ചത്. ഇവയിൽ പലതും മടിയോ നാണക്കേടോ ലജ്ജ യോ അറിവില്ലായ്മയോ കൊണ്ട് സ്ത്രീകൾ പുറത്തുപറയാതെ മൂടിവെക്കുന്ന രഹസ്യരോഗങ്ങളും മാനസികപ്രശ്നങ്ങളുമാണ്.ഭർത്താവിന്റെയും കുടുംബാംഗങ്ങളുടെയും സ്നേഹസാന്ത്വനങ്ങളും ശ്രദ്ധയും സ്ത്രീകൾ അർഹിക്കുന്നു.



പ്രശ്നങ്ങളിൽ എപ്പോഴും പിന്തുണയും സ്നേഹവും നല്കികൊണ്ട് കൂടെ നില്ക്കുന്ന ഭർത്താവും കുടുംബാംഗങ്ങളുമുണ്ടെങ്കിൽ സ്ത്രീകൾക്ക് സ്വന്തം പ്രശ്നങ്ങൾ മറച്ചുവെയ്ക്കുകയോ മനോവിഷമം കൊണ്ട് നീറിനീറി ജീവിക്കുകയോ വേ ണ്ടി വരില്ല. രഹസ്യരോഗങ്ങൾ മറച്ചുവെയ്ക്കാതെ ഭർത്താവിനോടോ കുടുംബാംഗങ്ങളോടോ തുറന്നുപറയാൻ സ്ത്രീകളും ശ്രദ്ധിക്കേണ്ടതാണ്. എങ്കിൽ മാത്രമേ രോഗങ്ങൾ നേരത്തേ കണ്ടുപിടിച്ച് ചികിത്സ തുടങ്ങാനാവൂ. സ്ത്രീകൾ ഏതു പ്രായത്തിലായാലും തങ്ങളുടെ ശാരീരികവും മാനസികവുമായ ആരോഗ്യം നിലനിർത്താൻ പ്രത്യേകം ശ്രദ്ധിക്കുക. സ്ത്രീ ആരോഗ്യവതിയായാൽ അവളുടെ കുടുംബവും ആരോഗ്യമുള്ളതായിരിക്കും. ●

ഫോൺ:9372001678



● കവിത ●



പൂജ അനീഷ്
VII, G.H.S.S, Kudamaloor

# അല്ലയോ മഹാകവി



**അ**ല്ലയോ മഹാകവി, കാവ്യഹൃദയമേ
എവിടെ മറഞ്ഞിരിക്കുന്നുവോ
കാവ്യത്രിമൂർത്തികളിൽ ഒരുവനോ
കവിത്രയങ്ങളിലെ പണ്ഡിതനോ
മണ്ണിന്റെ കാവ്യമായി അലിഞ്ഞിടുന്നോ
തീരാനോവായി തുടിക്കുന്നുവോ
കഠിനശബ്ദ ഗാഡ്യനോ
അറിവു നിറഞ്ഞൊരു കാവ്യമാണിക്യമോ
ചരിത്രങ്ങൾ കാവ്യമായി സൃഷ്ടിച്ചീടുന്നുവോ
അറിവുകളിൽ കാവ്യം നിറച്ചിടുന്നോ
ചരിത്രമോതും അക്ഷരക്കൂട്ടമോ
കാവ്യമാ ഉമാകേരളമായ് മാറ്റിടുന്നു
എന്തേ ചൊരിഞ്ഞീല ഇനിയുമീ-
യക്ഷരക്കൂട്ടത്തിൻ നിറപ്പെയ്ത്തുകൾ
എന്തേ ഒഴുക്കീല ഇനിയുമീ-
കാവ്യനീർച്ചാലുകൾ നാടിനായി
എങ്കിലും,ഇന്നും,തുടിക്കുന്നു അങ്ങീ
കേരളനാടിൻ മനസ്സിനുള്ളിൽ
മണ്ണിന്റെ കാവ്യമായ് മാറിയിന്നെങ്കിലും
ഇന്നും മരണമില്ലവിടേയ്ക്കീ മനസ്സിനുള്ളിൽ
(*മഹാകവി ഉള്ളൂരിന്റെ ഓർമ്മയിൽ കുറിച്ച വരികൾ*)

---

# മധുരമീ ബാല്യം

### പത്തു വയസ്സുകാരിയുടെ കാവ്യപൂജ




**പൂ**ജ അനീഷിന് കവിതയെഴുത്ത് ഒരു നിയോഗമാണെന്നു തോന്നുന്നു. മൂന്നാം ക്ലാസ്സിൽ പഠിക്കുമ്പോൾ 'മഴവില്ല്' എന്ന പേരിൽ കവിതാ സമാഹാരം പ്രസിദ്ധീകരിക്കുക, ഒട്ടേറെ പുരസ്കാരങ്ങൾ നേടുക ഇതൊന്നും ചെറിയൊരു കാര്യമല്ല. കവിതയെഴുതുവാൻ കഴിയുക എന്നതൊരു ജന്മസിദ്ധമായ വരദാനമാണ്. അതുകൊണ്ടാകാം ആറാം ക്ലാസ്സിലെത്തിയപ്പോൾ അടുത്ത കവിതാസമാഹാരം 'മധുരമീ ബാല്യം' എഴുതുവാൻ കഴിഞ്ഞത്.

ഇതിലെ എല്ലാ കവിതകളും പ്രകൃതിയോടുള്ള സ്നേഹവും അടുപ്പവും പുലർത്തുന്നവയാണ്. അതുകൊണ്ടുതന്നെ ഇവയിലെ പല ചിന്തകളും ആർദ്രത നിറഞ്ഞതാകുന്നത് സ്വാഭാവികംമാത്രം. പൂജയ്ക്ക് പൈതൃകത്തിന്റെ പിൻതുടർച്ച അവകാശപ്പെടാനുണ്ടോ എന്നറിയില്ല. എങ്കിലും ചർച്ചാവിഷയമാക്കാവുന്ന നല്ല നിലപാടുകൾ ഇതിൽ രൂപപ്പെടുത്തിയിട്ടുണ്ട്. പൂജയുടെ ഇനിയുള്ള വളർച്ചയ്ക്ക് ഈ നിലപാടുകൾ ശക്തമായ അടിത്തറയാകുമെന്നുറപ്പ്.

എവിടെയൊക്കെയോ പറന്നെത്തേണ്ട കൊച്ചുകൊച്ചു ചിന്തകൾ അനുഭവങ്ങളുടെ കാറ്റിന് വിധേയമായി പാകപ്പെടുകയും ദൂരങ്ങൾ താണ്ടിപറക്കുകയും ചെയ്യുമെന്നു പ്രതീക്ഷിക്കാം. ഒരു ബാലാമണിയമ്മയോ സുഗതകുമാരിയോ വിജയലക്ഷ്മിയോ ഈ ചെറിയ കവയിത്രിയിൽ ഉറങ്ങിക്കിടക്കുന്നില്ലെന്ന് ആരറിഞ്ഞു. ഒരു കൊച്ചുകുട്ടിയുടേതല്ലാത്ത ശ്രദ്ധ കവിതകളുടെ രൂപഭംഗിയിൽ ഉടനീളം ശ്രദ്ധിച്ചാൽ കാണാം.

ഈ 'മധുരമീ ബാല്യം' വായിച്ചു മടക്കാതെ തുറന്നുവയ്ക്കാം പൂജയുടെ പുതിയപുസ്തകത്തിന്റെ വായനയ്ക്കുള്ള തുടക്കമെന്നപോലെ. കുഞ്ഞുമനസ്സിൽ മൊട്ടിടുന്നതൊക്കെ കവിതയായി വിടർത്താൻ കൊതിക്കുന്ന പൂജയുടെ കുഞ്ഞിളം കവിളിൽ കവിമൊഴിയുടെ സ്നേഹത്തിന്റെ പൊട്ടുകുത്തട്ടെ.



● സി.ആർ.സുകുമാരൻ നായർ

# ജിതേന്ദ്രിയൻ

അവസാനം നടന്ന് തളർന്ന ആ യുവരാജാവ് ഒരു ആശ്രമത്തിൽ എത്തിച്ചേർന്നു. ആശ്രമവാസികൾ അദ്ദേഹത്തിന് ഫലമൂലാദികൾ നൽകി സൽക്കരിച്ചു. യുവരാജാവിന്റെ അപേക്ഷ മാനിച്ച് അദ്ദേഹത്തെ അവർ തങ്ങളുടെ ഗുരുവിന്റെ അടുത്ത് ഹാജരാക്കി.

എന്റെ പേര് ജിതേന്ദ്രിയൻ(സുഖദുഃ ഖങ്ങളെ ജയിച്ചവൻ)ജിതേന്ദ്രിയ എന്ന രാജ്യത്തെ രാജാവായ ജിതേന്ദ്രിയന്റെ മകനാണ് ഞാൻ. യുവരാജാവ് സ്വയം പരിചയപ്പെടുത്തി.

അങ്ങയുടെ രാജ്യത്തെ പ്രജകളെല്ലാം എങ്ങിനെ? അത്ഭുതപരതന്ത്രനായ ഗുരു ചോദിച്ചു. എല്ലാവരും പരമമായ ആനന്ദം അനുഭവിക്കുന്ന ജിതേന്ദ്രിയന്മാർ തന്നെ. യുവരാജാവ് പ്രതിവചിച്ചു.



എല്ലാ ആഗ്രഹങ്ങളേയും ഇന്ദ്രിയങ്ങളേയും നിഗ്രഹിച്ചവനാണ് ജിതേന്ദ്രിയൻ.

ഒരു രാജ്യത്തെ രാജാവും പ്രജകളുമെല്ലാം ജിതേന്ദ്രിയന്മാരാകുന്നതെങ്ങനെ? ഗുരുവിന് സംശയമായി. അതൊന്നു പരീക്ഷിക്കാൻ തന്നെ അദ്ദേഹം തീരുമാനിച്ചു.

അങ്ങ് ഒരുകാര്യം ചെയ്യുക. ഗുരു പറഞ്ഞു അങ്ങ് ഈ രാജകീയ വേഷങ്ങളെല്ലാം എനിക്കഴിച്ച് തന്നിട്ട് തരുന്ന വസ്ത്രങ്ങളണിഞ്ഞ് ഇവിടെ നിൽക്കുക. ഞാനുടനെ തിരിച്ചുവരാം. അങ്ങനെ ജിതേന്ദ്രിയന്റെ വസ്ത്രങ്ങളെല്ലാം എടുത്ത് ഗുരു ജിതേന്ദ്രിയ എന്ന രാജ്യത്തേക്ക് തിരിച്ചു. മാർഗ്ഗമദ്ധ്യേ ജിതേന്ദ്രിയന്റെ വസ്ത്രങ്ങളിലെല്ലാം അദ്ദേഹം രക്തനിറമുള്ള ദ്രാവകം പുരട്ടുകയും ചെയ്തു.

കൊട്ടാരത്തിലെത്തിയ ഗുരു പ്രധാനമന്ത്രിയെ കണ്ട് രക്തക്കറ പുരണ്ടവസ്ത്രം കാണിച്ചുകൊണ്ട് യുവരാജാവിനെ ഒരു കടുവ കൊന്നെന്ന് പറഞ്ഞു.

എന്നാൽ പ്രധാനമന്ത്രിയിൽ യാതൊരു ഭാവഭേദവും കാണാഞ്ഞതിനാൽ രാജാവിനെ നേരിട്ട് കണ്ട് വസ്ത്രം അദ്ദേഹത്തെ കാണിച്ച് ഗുരു പറഞ്ഞു. മഹാരാജാവെ അങ്ങയുടെ പുത്രൻ കൊല്ലപ്പെട്ടു. ഇതുകേട്ട് പുഞ്ചിരിച്ചുകൊണ്ട് രാജാവ് പറഞ്ഞു. ഗുരോ സായാഹ്നനേരത്ത് വൃക്ഷങ്ങളിൽ ധാരാളം പക്ഷിക ൾ ചേക്കേറുന്നു. പ്രഭാതത്തിൽ അവയെല്ലാം ഓരോ ദിശയിലേക്ക് പറന്നകലുന്നു. ഒരു പക്ഷിയും വൃക്ഷത്തിൽ സ്ഥിരമല്ല. ഇതുതന്നെയാണ് കുടുംബബന്ധത്തിന്റേയും കഥ അച്ഛൻ അമ്മ മകൻ ഭാര്യ... എല്ലാം ഓരോ ദിക്കിലേക്ക്പറന്ന് പോവേണ്ട പക്ഷികൾ മാത്രം. ഒരു സ ന്യാസിയായ അങ്ങ് ഇങ്ങനെ വിലപിക്കുന്നതിന്റെ അർ ത്ഥം എനിക്ക് മനസ്സിലാകുന്നില്ല.

സന്യാസിയുടെ അടുത്ത ലക്ഷ്യം മഹാറാണിയായിരുന്നു. അവരോടും അദ്ദേഹം ഇതേ വാ ർത്ത ആവർത്തിച്ച് പറഞ്ഞ് കരയാൻ തുടങ്ങി. അങ്ങ് ഇത്രക്ക് വിലപിക്കേണ്ട ആവശ്യമില്ല.മഹാറാണി പറഞ്ഞു. ഒരു സത്രത്തിൽ രാത്രി തങ്ങുന്നതിനായി പലരും വരുന്നു. നേരം പുലർന്നാൽ അവരെല്ലാം അവരുടെ ലക്ഷ്യം തേടി യാത്രയാവുന്നു. ഈ ലോകവും അതുപോലെതന്നെ. ഇന്ന് എന്റെ മകൻ യാത്രയായി. നാളെ മറ്റരെങ്കിലുമാകാം.

യുവരാജാവിന്റെ പത്നിയെ കൂടി കാണാൻ സന്യാസി തീരുമാനിച്ചു. ഭത്തൃവിയോഗം അവർക്ക് താങ്ങാൻ കഴിയില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ ധാരണ.

കുമാരീ ക്രൂരമായ വിധി നിന്നെ വിധവയാക്കി കഴിഞ്ഞു. രക്തക്കറയുള്ള ഉടയാടകൾ കാട്ടി അലമുറയിട്ടുകരഞ്ഞുകൊണ്ട് സന്യാസി പറഞ്ഞു.

പുണ്യാത്മാവെ മഹാത്മാവായ അങ്ങ് ഇങ്ങനെ വിലപിക്കുന്നതെന്തിന്? നദിക്കരയിലുള്ള വൃക്ഷ ശിഖരങ്ങൾ മാത്രമാണ് ഭാര്യയും ഭർത്താവും. നിസംഗ്ഗതയോടെ കുമാരി മറുപടി പറഞ്ഞപ്പോൾ സന്യാസിക്ക് യുവരാജാവ് പറഞ്ഞ വസ്തുതകൾ വാസ്തവമാണെന്ന് മനസ്സിലായി.

ഏതായാലും തന്റെ ആശ്രമത്തിലിരിക്കുന്ന യുവരാജാവിനെക്കൂടിയൊന്നു പരീക്ഷിക്കാൻ അദ്ദേഹം തീരുമാനിച്ചു.

തിരിച്ച് ആശ്രമത്തിലെത്തിയ അദ്ദേഹം പൊട്ടിക്കരഞ്ഞുകൊണ്ട്

# ഭവാനിക്ക് വര ഒരു വരദാനം

**വര** ഭവാനിക്കൊരു നേരംപോക്കല്ല. വരയ്ക്കുവാൻ നേരം കിട്ടുന്നില്ലെന്നതാണ് ഈ കൊച്ചു ചിത്രകാരിയുടെ പരാതി. എന്തും വരയ്ക്കും എപ്പോ വേണമെങ്കിലും വരയ്ക്കാം, പഠിത്തത്തിനിടയിൽ വീണുകിട്ടുന്ന സമയങ്ങളിൽ വരച്ചു കൂട്ടിയിരിക്കുന്ന ചിത്രങ്ങൾ ആരെയും അത്ഭുതപ്പെടുത്തുന്നതാണ്. പെൻസിൽ ഡ്രോയിഗും വാട്ടർ കളറും ഒരുപോലെയിഷ്ടം. എന്തു വരയ്ക്കാനാണിഷ്ടമെന്നു ചോദിച്ചാൽ എന്തും ഇഷ്ടമാണെന്നു പറയുന്ന കൊച്ചു ചിത്രകാരിയ്ക്ക് ഒരുപാട് ഉയരങ്ങൾ കീഴടക്കാമെന്നുള്ള ആത്മവിശ്വാസം വാക്കുകളിൽ വ്യക്തമാണ്.

വരയുടെ ലോകത്തേക്ക് ചുവടുവയ്ക്കുന്ന ഈ ചിത്രകാരിയുടെ ചിത്രങ്ങളിൽ മഴയിൽ അംഗശുദ്ധി വരുത്തുന്ന പ്രകൃതിയും പ്രകാശമാനമായ പ്രഭാതവും തനിപ്പൊന്നിന്റെ നിറമുള്ള അസ്തമയവും ഒക്കെ കടന്നുവരുന്നത് യാദൃശ്ചികമാണെങ്കിലും പ്രകൃതിയോടുള്ള പ്രണയമാണ് വ്യക്തമാക്കുന്നത്.

ഈ വരച്ചതൊന്നും അത്ര നല്ലതൊന്നുമല്ല വെറുതെ വരച്ചതാണ് എന്ന് ഭവാനി പറയുമെങ്കിലും ഒരു ആറാം ക്ലാസ്സുകാരിയുടെ കരവിരുതല്ല ഈ ചിത്രങ്ങളിൽ കാണുന്നതെന്ന് പറയാതിരിക്കാനാവില്ല. തിരുനക്കര മന്നക്കുന്നത്ത് പ്രകാശിന്റെയും ബിന്ദുവിന്റെയും മകളാണ് ഭവാനി. കോട്ടയം ലൂർദ് പബ്ലിക്ക്സ്കൂൾ ആന്റ് ജൂനിയർ കോളേജിൽ ആറാം ക്ലാസ്സിൽ പഠിക്കുന്നു.





ഭവാനി പ്രകാശ്





രാജകുമാരന്റെ അരികിലെത്തി.

ഹേ, കുമാരാ അങ്ങയുടെ രാജ്യം ശത്രുക്കൾ കീഴടക്കി. അങ്ങയുടെ പിതാവിനേയും മാതാവിനേയും ധർമ്മപത്നിയേയും മറ്റു ബന്ധുക്കളേയും തടവിലാക്കി ക്രൂരമായി പീഡിപ്പിക്കുകയാണ്. ഉടനെ അവിടെ എത്തി അവരെ രക്ഷിക്കൂ

പൊട്ടിച്ചിരിച്ചുകൊണ്ട് യുവരാജാവ് സന്യാസിയോട് ചോദിച്ചു. എന്താണ് രാജ്യം? ആരാണ് രാജാവ്? ദൈവമാണ് എല്ലാത്തിനും ഉടമയായ മഹാരാജാവ്. ഭക്തിയാണ് അദ്ദേഹത്തിന്റെ സാമ്രാജ്യം. ഭക്തരാണ് അദ്ദേഹത്തിന്റെ പ്രജകളും രാജകുമാരന്മാരുമെല്ലാം. ഞാനും എന്റെ അച്ഛനും തമ്മിലുള്ള ബന്ധം ശാരീരികം മാത്രം. ദൈവത്തിന്റെ സാമ്രാജ്യമാണ് യഥാർത്ഥസാമ്രാജ്യം. അതുകൊണ്ട് നമ്മളാരും ഉണ്ണികളെകണ്ടും മാമ്പൂകണ്ടും ഭ്രമിക്കേണ്ട. ജനനമരണമെല്ലാം പ്രകൃതി നിയമം. ഈശ്വരകല്പിതം. സംഭവിക്കുന്നതെന്തും പ്രപഞ്ചസത്യം.

ഇതുകേട്ട് സന്തുഷ്ടനായ സന്യാസി യുവരാജാവിനോട് മാപ്പു പറഞ്ഞ് അദ്ദേഹത്തെ അനുഗ്രഹിച്ച് യാത്രയാക്കി.

**1970 ജൂലായ് 1**
കോഴിക്കോട് വെള്ളയിൽ പ്രദേശത്തെ യുവാക്കൾ സ്ത്രീധന നിരോധന സംഘടന എന്നപേരിൽ ഒരു സംഘടന രൂപികരിച്ചു.

**1970 ജൂലായ് 5**
ഭർത്താവിനോളംതന്നെ വരുമാനമുള്ള ഭാര്യയ്ക്ക് ചെലവിനു കൊടുക്കാൻ ഭർത്താവിന് ബാധ്യതയില്ലെന്ന് കേരള ഹൈക്കോടതി വിധിച്ചു

**1970 ജൂലായ് 8**
തിരുവിതാംകൂർ ദേവസ്വം ബോർഡ് പമ്പാ തീരത്ത് നിർമ്മിച്ച ഗണപതി കോവിലിൽ പ്രതിഷ്ഠ നടത്തി

**1970 ജൂലായ് 10**
കേരളത്തിൽ എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് സംസ്ഥാനസർക്കാർ പെൻഷൻ അനുവദിച്ചു. 1960 ജൂൺ ഒന്നിന്റെ മുൻകാല പ്രാബല്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

**1970 ജൂലായ് 18**
1969ലെ ചകിരി പൂഴ്ത്തൽ ഉത്തരവനുസരിച്ച് ക്ലിപ്തപ്പെടുത്തിയിരുന്ന ലൈസൻസ് ഫീസിൽ കുറവ് വരുത്തിക്കൊണ്ട് കേരള സർക്കാർ കല്പനയായി.

**1970 ജൂലായ് 20**
നേതാജി സുഭാഷ്ചന്ദ്രബോസിന്റെ മരണത്തിന് പിന്നിലെ ദുരൂഹതകളെക്കുറിച്ച് അന്വേഷിക്കുന്നതിന് കേന്ദ്ര സർക്കാർ ജി.ഡി.ഗോസ്ലേയെ ഏകാംഗ കമ്മീഷനായി നിയമിച്ചു.

**1970 ജൂലായ് 21**
കല്ലാർകുട്ടി എസ്റ്റേറ്റിൽ നക്സൈലൈറ്റ് ആക്രമണം ഉടമ പി എം ജോസഫിനെ വെട്ടിക്കൊന്നു.

**1970 ജൂലായ് 23**
പുന്നപ്ര-വയലാർ സമരത്തിൽ ശിക്ഷിക്കപ്പെട്ട് ജയിലിലായവർക്ക് സ്വാതന്ത്ര്യസമരസേനാനികൾക്കുള്ള പദ്ധതിയനുസരിച്ച് ഭൂമി ലഭിക്കുന്നതിന് അർഹതയുണ്ടെന്ന് സംസ്ഥാന സർക്കാർ വ്യക്തമാക്കി. രണ്ടേക്കർ ഭൂമി വീതം ഇവർക്ക് നൽകുന്നതാണ്.

**1970 ജൂലായ് 26**
പ്രമുഖ രാഷ്ട്രീയനേതാവും ഭരണാധികാരിയുമായിരുന്ന പട്ടം താണുപിള്ള അന്തരിച്ചു

**1970 ജൂലായ് 29**
മഹാത്മഗാന്ധിയുടെ ജീവനെതിരായുള്ള ഭീഷണിയെക്കുറിച്ച് വിവരം ലഭിച്ചിട്ടും അന്നത്തെ ബോംബെ സർക്കാർ കരുതൽ നടപടികൾ ഒന്നും സ്വീകരിച്ചില്ലെന്ന് റിട്ടയേർഡ് സുപ്രീംകോടതി ജഡ്ജി ജെ.എൽ.കപൂറിന്റെ ഏകാംഗകമ്മീഷൻ അന്വേഷണത്തിൽ കണ്ടെത്തി.



**1970 ജൂലായ് 30**
കൊങ്ങാട്ട് എ.എം. നാരായണൻകുട്ടി നായരെ നക്സലൈറ്റുകൾ കൊലപ്പെടുത്തി.

**1970 ജൂലായ് 31**
ഇ.എം.എസ്സിനെ കോടതിയലക്ഷ്യക്കേസ്സിൽ ശിക്ഷിച്ച ഹൈക്കോടതി വിധി സുപ്രീംകോടതി ശരിവെച്ചു.പിഴ ആയിരംരൂപയിൽനിന്ന് അമ്പതുരൂപയായി കുറച്ചിട്ടുണ്ട്.

---


## കനിമൊഴി



ശിവാത്മജൻ മെഴുവേലി

*കുട്ടികൾക്കു കമ്പമുള്ള കടങ്കഥകൾ ഇമ്പമുള്ള വാക്കുകളിൽ*

**എൻ**വയറെന്നും നിറച്ചുണ്ടുമക്കള-
ങ്ങൊറ്റെയുമേറെനാൾ ജീവിച്ചിരുന്നിടാ
വായ് ഞാൻ തുറക്കിലോ,ചാടിപ്പുറത്തുവ-
ന്നെൻവയറ്റത്തായുരഞ്ഞു മരിച്ചിടും.
- തീപ്പെട്ടി




**എൻ**വേർതടിയുമിലയും ഫലങ്ങളും
കുടിയൊന്നാന്തരമിന്ധനമാണെടോ
ഭക്ഷണം പാനീയമെണ്ണയും മദ്യവും
ഗ്ലൂക്കോസുമൗഷധം നൽകുമെൻ പേർ പറ.
- തെങ്ങ്

**എൻ**ശരീരത്തിലായ് രണ്ടുണ്ടു കാമറ
പക്ഷേ, ഫിലിം വേണ്ട ഫോട്ടോയെടുക്കുവാൻ
മുന്നിലായെന്തൊരു വസ്തു പെട്ടീടിലും
തൽക്ഷണം ഫോട്ടോയെടുത്തിടുമാരവർ?
- കണ്ണുകൾ

**എൻ**ശരീരത്തിലായന്യർ തൊട്ടീടുകിൽ
എൻവാതരോഗം കലശലാമക്ഷണം
എൻകൈകളൊന്നായ്ക്കുഴഞ്ഞങ്ങു തൂങ്ങിടും
എൻപേരു ചൊല്ലുവാൻ നിങ്ങൾ മിടുക്കരോ?
- തൊട്ടാവാടി

## • അപരിചിതവിസ്മയം •



● ഏഴംകുളം മോഹൻകുമാർ

**ഡോൾഫിന് എത്രപല്ല്**

ഏറ്റവും കൂടുതൽ പല്ലുകളുള്ള ജീവികളിലൊന്നാണ് ഡോൾഫിൻ. ചില ഡോൾഫിനുകൾക്ക് ഇരുന്നൂറിലേറെ പല്ലുകളുണ്ടാകും. മുതലയ്ക്ക് അറുപതുപല്ലുകളാണുള്ളതെങ്കിലും പല്ലുകൾക്ക് ആയുസ്സ് കുറവാണ്. അവ വേഗം കൊഴിയുകയും പുതിയത് ഉണ്ടാവുകയും ചെയ്യും. ഇങ്ങനെ ജീവിതകാലത്ത് മുതലയ്ക്ക് മൂവായിരത്തോളം പല്ലുകൾ ഉണ്ടാകുമത്രേ. ഓരോ ആഴ്ചയും പല്ലുകൾ കൊഴിയുകയും പുതിയത് വളരുകയും ചെയ്യുന്ന ജീവിയാണ് സ്രാവ്. ജീവിതകാലത്ത് സ്രാവുകൾക്ക് 20000 പല്ലുകൾ ഉണ്ടാകുമെന്നാണ് കണക്ക്.

**തുള്ളിയുടെ അളവ്**

ചെവിയിലും മൂക്കിലും തുള്ളിതുള്ളിയായി ഒഴിക്കുന്ന മരുന്നിനെ തുള്ളിമരുന്നെന്നാണ് സാധാരണ വിളിക്കുന്നത്. ഒരുതുള്ളിയുടെ അളവ് എത്രയാണെന്നോ? ഒരു ടീസ്പൂണിൽ കൊള്ളുന്ന ദ്രാവകത്തിന്റെ അറുപതിൽ ഒരു ഭാഗമാണ് യഥാർത്ഥത്തിൽ ഒരുതുള്ളി. പക്ഷേ അതിൽ വളരെക്കൂടുതലാണ് ഒരുതുള്ളി എന്ന അളവുപ്രകാരം നാം ഉപയോഗിക്കുന്നത്.

## ● മയിൽപീലി ●

**കൈനഖമോ കാൽനഖമോ**

കൈനഖമാണോ കാൽനഖമാണോ വേഗം വളരുന്നത്. കൈയിലെ നഖംതന്നെ. വർഷത്തിൽ രണ്ടു സെന്റീമീറ്ററാണ് സാധരണ കൈനഖങ്ങളുടെ വളർച്ചയുടെ തോത്.



**ഭീമൻ ഒച്ചുകൾ**

ലോകത്ത് ഏറ്റവും വലിപ്പമുള്ള ഒച്ചുകൾ ആഫ്രിക്കയിലെ ജയന്റ് ലാൻഡ് സ്നെയിലാണ്. ഇവിടുത്തെ ഒച്ചുകളുടെ പുറന്തോടിന് ഏകദേശം 20 സെന്റീമീറ്റർ നീളമുണ്ടാകും. ഇഴയുമ്പോൾ ഒച്ചിന്റെ നീളം 39 സെന്റീമീറ്ററാണ്. ഭാരം 900ഗ്രാം.

**വിഷംകുത്തും ചെടി**

ക്രിയോസോട്ട് എന്ന മരുഭൂമിച്ചെടി മഹാസൂത്രശാലിയാണ്. തനിക്കുചുറ്റും മറ്റുചെടികൾ വളരാതിരിക്കാൻ ഇവ മണ്ണിൽ വിഷം കുത്തിവയ്ക്കും.

ഫോ: 9447743242

---

## ക്വിസ്സ്

**സൂ**ര്യനിൽ നിന്നും നിരന്തരം ഊർജ്ജം പ്രവഹിക്കുന്നത് ഏതു പ്രതിഭാസം കാരണമാണ്?
**ന്യൂക്ലിയർ ഫ്യൂഷൻ**



ബുലാചൗധരി

സൂര്യനിൽ ഏറ്റവും അധികം കാണപ്പെടുന്ന മൂലകം?
**ഹൈഡ്രജൻ**

ഏഴു കടലും നീന്തിക്കടന്ന ആദ്യ വനിത?
**ബുലാചൗധരി**

ലോക പ്രശസ്തമായ ഡൊണാൾഡ് ഡക്ക് എന്ന കാർട്ടൂൺ ചിത്രം ആരുടേതാണ്?
**വാൾട്ട്ഡിസ്നി**

മിറാഷ് 2000 ഇന്ത്യ ഏത് രാജ്യത്തുനിന്നാണ് വാങ്ങിയത്?
**ഫ്രാൻസ്**

സൂര്യന്റെ ഏറ്റവും അടുത്ത് ഭ്രമണം ചെയ്യുന്ന ഗ്രഹമേത്?
**ബുധൻ**

ഇന്ത്യയിൽ ഏറ്റവും കൂടുതൽ സിൽക്ക് ഉല്പാദിപ്പിക്കുന്ന സംസ്ഥാനം?
**കർണ്ണാടക**

കണ്ണാടി നിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തു?
**മണൽ**

ഭൂമിയുടെ ഉപരിതല വിസ്തീർണ്ണത്തിന്റെ എത്ര ശതമാനമാണ് കരഭാഗം?
**29 ശതമാനം**

വിവാദമായ ബി.ടി.വഴുതന ഏത് ഇന്ത്യൻ കമ്പനിയാണ് വികസിപ്പിച്ചെടുത്തത്?
**മഹീകോ**

● പ്രശസ്തവനിത ●

# മേരി ക്യൂറി

ശാസ്ത്രലോകം ഇന്ന് ഏറെ വികാസം പ്രാപിച്ചിരിക്കുകയാണ്. എങ്കിലും ആദ്യകാല ശാസ്ത്രജ്ഞൻമാരുടെ സംഭാവനകളൊന്നും തന്നെ നിറം മങ്ങാതെ നിലനിൽക്കുന്നു. പഴയകാല ശാസ്ത്രജ്ഞൻമാരുടെ കൂട്ടത്തിൽപ്പെട്ട പ്രമുഖയായൊരു ശാസ്ത്രജ്ഞയാണ് മേരിക്യൂറി. ആധുനിക ഭൗതികശാസ്ത്രത്തിന്റെ മാതാവായി കണക്കാക്കുന്നതും ഇവരെതന്നെ. ആണവ പ്രസരണം എന്ന പ്രതിഭാസം പരിചയപ്പെടുത്തിത്തരികയും രസതന്ത്രത്തിലെ രണ്ട് പ്രധാന മൂലകങ്ങളായ റേഡിയവും പൊളോണിയവും കണ്ടുപിടിക്കുകയും ചെയ്തുകൊണ്ടാണ് മേരിക്യൂറി ഇത്രമാത്രം പ്രശസ്തയായി ത്തീർന്നത്. ഇത് കൂടാതെ രണ്ട് വ്യത്യസ്ത ശാസ്ത്രശാഖകളായ രസതന്ത്രത്തിലും,ഭൗതിക ശാസ്ത്രത്തിലും നോബൽ സമ്മാനം നേടി എന്ന രീതിയിലും ഇവർ ശാസ്ത്ര ലോകത്ത് അറിയപ്പെടുന്ന വ്യക്തിത്വമായി മാറി.



1867 നവംബർ 7ന് ഫ്ളോറൻസിയിലെ ഭൗതിക ശാസ്ത്രദ്ധ്യാപകന്റേയും അദ്ധ്യാപികയുടെയും പുത്രിയായി പോളണ്ടിലെ വാർസോ എന്ന സ്ഥലത്താണ് മറിയ സ്ക്ലെഡോസ്ക ക്യൂറി അഥവാ മേരിക്യൂറി ജനിച്ചത്. പതിനൊന്ന് വയസ്സായപ്പോഴേക്കും അമ്മ മരണപ്പെടുകയും തുടർന്ന് വന്ന ദുരിതത്തിൽ നിന്നും കരകയറാനായി മേരി നിരന്തരം പഠനങ്ങളിൽ മുഴുകുകയും ചെയ്തു. പിന്നീട് പാരീസിലേക്ക് പോയ മേരി അവിടെവെച്ച് ഭൗതികശാസ്ത്രം, രസതന്ത്രം തുടങ്ങിയവയിൽ ബിരുദം നേടുകയും അവിടതന്നെ അദ്ധ്യാപികയായി ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

റേഡിയത്തിന്റെ സ്വഭാവമുള്ള വസ്തുക്കളിലായിരുന്നു ഇവരുടെ ശ്രദ്ധ. കുറേകാലത്തെ പരിശ്രമം കൊണ്ട് ടൺ കണക്കിന് പിച്ച് ബ്ലൻഡ് അയിര് ശുദ്ധീകരിച്ചെടുത്ത അവർ ആദ്യമായി ക്ലൊറൈഡ് ലവണവും മറ്റ് രണ്ട് രാസമൂലകങ്ങളും വികസിപ്പിച്ചെടുക്കുകയും ചെയ്തു. ലൂക്കേമിയ എന്ന മാരകരോഗം മൂലം 1934 ൽ ഈ പ്രശസ്ത ശാസ്ത്രജ്ഞ മരണപ്പെട്ടു. പിന്നീട് കണ്ടുപിടിച്ച പുതിയ രാസമൂലകത്തിന് ഇവരോടുള്ള ആദരസൂചകമായി ക്യൂറിയം എന്ന പേര് നൽകി. ●

---

● എന്തുകൊണ്ട്? ●

# വിരൽ തൊട്ടാൽ ജലത്തിന്റെ പ്രതലസ്തരം അകന്നുമാറുന്നത് എന്തുകൊണ്ട്?

നമ്മുടെ കൈകളിലും ശരീരത്തിലുമെല്ലാം എപ്പോഴും എണ്ണമയമുണ്ടായിരിക്കും. കഴുകിയ ഉടൻ കൈകളിലും മറ്റും ഇതൽപ്പം കുറയുമെന്നുമാത്രം. ഇങ്ങനെ എണ്ണമയമുള്ള വിരൽതുമ്പ് ഒരു പാത്രത്തിലെ വെള്ളത്തിലേയ്ക്ക് സാവധാനം മുക്കുക. ഓളവും ഉലച്ചിലുമൊന്നുമില്ലാതെ ജലസ്തരം പൊട്ടുന്നതും കൈ എടുത്താൽ സാവധാനം ഒന്നിച്ചു ചേരുന്നതും കാണാം.



ജലോപരിതലത്തിൽ പ്രതലസമ്മർദ്ദത്തിന്റെ (Surface Tension) ഫലമായി കാണപ്പെടുന്ന പാടപോലെയുള്ള ഭാഗമാണ് ജലസ്തരം. സ്തരം പോലെ വലിഞ്ഞു നിൽക്കുന്ന ഈ പ്രതലപാളി പൊട്ടിയാൽ പാർശ്വങ്ങളിലേക്ക് അകന്നുപോകും. എണ്ണയും ഗ്രീസും ഡിറ്റർജെന്റും മറ്റും ജലത്തിന്റെ പ്രതല സമ്മർദ്ദം കുറയ്ക്കുന്നവയാണ്. കൈവിരലിൽ സ്വാഭാവിക എണ്ണമയം കൂടുതലായതുകൊണ്ട് വിരൽ തൊടുമ്പോൾ പ്രതലസമ്മർദ്ദം കുറയുകയും ജലസ്തരം പൊട്ടിയകന്നു മാറുകയും ചെയ്യുന്നു.

നോക്കണേ, നമ്മുടെ വിരൽ തുമ്പിൽപ്പോലും എന്തെല്ലാം ശാസ്ത്രസത്യങ്ങളാണ് കുടികൊള്ളുന്നതെന്ന്! ●

# യെസ്പ്രസ് ബുക്സ് നോവൽ പുരസ്കാരം

യെസ്പ്രസ് ബുക്സ് മികച്ച മലയാള നോവലിന് പുരസ്കാരം നൽകുന്നു. പതിനയ്യായിരം രൂപയുടെ ക്യാഷ് അവാർഡും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം. 2016,2017,2018,2019 വർഷങ്ങളിൽ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ച കൃതികളും പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കാത്ത ഡി.ടി.പി ചെയ്ത രചനകളും പരിഗണിക്കും. രചനകളുടെ മൂന്ന്കോപ്പികൾ 2019 ഓഗസ്റ്റ് 31നകം ജോളി കളത്തിൽ, പബ്ലിക്കേഷൻ മാനേജർ, യെസ്പ്രസ് ബുക്സ്, ഔഷധി ജംഗ്ഷൻ,കോർട്ട് റോഡ് പെരുമ്പാവൂർ 683542 എറണാകുളം എന്ന വിലാസത്തിൽ അയയ്ക്കണം. ഫോൺ 9142588887,9142088887 യെസ്പ്രസ് ബുക്സ് നോവൽ പുരസ്കാരം എന്ന് മത്സരത്തിനയയ്ക്കുന്ന കവറിനുപുറത്ത് പ്രത്യേകം രേഖപ്പെടുത്തിയിരിക്കണം. പ്രമുഖ സാഹിത്യകാരൻമ്മാർ അടങ്ങുന്ന ജൂറിയായിരിക്കും പുരസ്കാരാർഹമായ കൃതി തെരഞ്ഞെടുക്കുക. പുസ്തകരൂപത്തിൽ അല്ലാത്ത രചനകൾ പുരസ്കാരാർഹമായാൽ അവയുടെ പ്രസിദ്ധീകരണ അവകാശം യെസ്പ്രസ് ബുക്സിനായിരിക്കും.

മുൻവർഷങ്ങളിൽ പ്രശസ്ത എഴുത്തുകാരായ ബെന്യാമിൻ, റ്റി.ഡി.രാമകൃഷ്ണൻ.കെ.വി.മോഹൻകുമാർ ഐ.എ.എസ് എന്നിവരാണ് അവാർഡ് ജേതാക്കളായ കണക്കൂർ ആർ സുരേഷ്കുമാർ ,വി,എം.ദേവദാസ് പി.കൃഷ്ണനുണ്ണി എന്നിവർക്ക് പുരസ്ക്കാരവിതരണം നിർവ്വഹിച്ചത്. ●




എം. ജോൺസൺ റോച്ചിന്റെ 'മോചനംകാത്ത്' എന്ന കവിതാസമാഹാരം മന്ത്രി കടകംപള്ളി സുരേന്ദ്രൻ,ആൻസലം എം.എൽ.എ ക്ക് നൽകി പ്രകാശനം ചെയ്യുന്നു. എൻ. ബാലഗോപാൽ ജോൺസൺ റോച്ച്, പാലോട് രവി, പന്ന്യൻ രവീന്ദ്രൻ, അഡ്വ: പി. അപ്പുക്കുട്ടൻ എന്നിവർ സമീപം.



**ഡെലീഷ്യ മുരളിക്ക് പുരസ്കാരം**

യുവകവി ഡെലീഷ്യ മുരളിക്ക് പരസ്പരം വായനക്കൂട്ടത്തിന്റെ സാഹിത്യപുരസ്കാരം ലഭിച്ചു.



പ്രസന്നൻ ചമ്പക്കരയുടെ 'പെയ്തൊഴിയാൻ കാർമുകിലുകൾ' എന്ന നോവൽ ഡോ.വിളക്കുടി രാജേന്ദ്രനു നൽകി മുൻ അമ്പാസിഡർ ഡോ.ടി.പി.ശ്രീനിവാസൻ പ്രകാശനം ചെയ്യുന്നു. ഡോ. പി.കെ.സുരേഷ്കുമാർ,സുദർശൻ കാർത്തികപ്പറമ്പിൽ,പ്രസന്നൻ ചമ്പക്കര,ശരത്ചന്ദ്രലാൽ തുടങ്ങിയവർ സമീപം.

## കവിമൊഴി തപാലിൽ ലഭിക്കുന്നതിന്

### വരിസംഖ്യ

ഒരു വർഷം- 250.00

Kavimozhi A/c No. 67172873120,
State Bank of India,Kanjikuzhy Branch
Kottayam686004
IFS Code - SBIN 0070222

ബാങ്കിൽ വരിസംഖ്യ അടയ്ക്കുന്നവർ ദയവായി
ഒരു പോസ്റ്റ് കാർഡിലോ ഇമെയിലിലോ
വിവരം അറിയിക്കുമല്ലോ.

E-mail: kavimozhiktm@gmail.com.

**മണിയോഡർ അയയ്ക്കേണ്ട വിലാസം**
കവിമൊഴി
കേരള കാത്തലിക് ട്രസ്റ്റ് ബിൽഡിംഗ്
മുട്ടമ്പലം പി.ഒ, കഞ്ഞിക്കുഴി, കോട്ടയം-

*സുഹൃത്തേ,*

*താങ്കൾ കവിമൊഴിയുടെ വരിക്കാരനാണോ?*
*പതിനെട്ടാം വയസ്സിലേയ്ക്ക് കടക്കുമ്പോഴും സാമ്പത്തിക ബാലാരിഷ്ടതകളിൽ നിന്ന് കരകയറുവാൻ കവിമൊഴിക്കു കഴിഞ്ഞിട്ടില്ല. കൂടുതൽ ഭംഗിയായി അവതരിപ്പിക്കുവാൻ ആഗ്രഹിക്കുമ്പോൾ ബാധ്യതകൾ ഏറിവരുന്നു. തുടക്കം മുതൽ കവിമൊഴിയോടൊപ്പം നിന്നിട്ടുള്ള നല്ലവരായ താങ്കളെപ്പോലുള്ളവരെ നന്ദിപൂർവ്വം സ്മരിക്കുന്നു . താങ്കളുടെ മാസവരി അയച്ചുതന്നു സഹകരിക്കുമല്ലോ.*

കവിമൊഴിയിലേക്ക് രചനകൾ അയയ്ക്കുന്നവർ പത്രാധിപർ, കവിമൊഴിമാസിക, കേരളകാത്തലിക് ട്രസ്റ്റ് ബിൽഡിംഗ്, കഞ്ഞിക്കുഴി, കോട്ടയം-686004 എന്ന വിലാസത്തിൽ അയ്ക്കുക. ഇമെയിൽ: kavimozhiktm @gmail. com എന്നവിലാസം ഉപയോഗിക്കുക. പൂർണ്ണമേൽ വിലാസവും ഫോൺനമ്പറും നിർബന്ധമായും വയ്ക്കുവാൻ എഴുത്തുകാർ ശ്രദ്ധിക്കണം. പ്രസിദ്ധീകരണക്ഷമമായവയെക്കുറിച്ച് ഒരുമാസത്തിനികം എഴുത്തുകാരെ അറിയിക്കുന്നതായിരിക്കും. അല്ലാത്തവ പ്രസിദ്ധീകരിക്കുന്നതല്ല എന്ന് അനുമാനിക്കാവുന്നതാണ്.

കവിമൊഴിയിലേക്ക് രചനകൾ അയയ്ക്കുമ്പോൾ ദയവായി പേജ്മേക്കറിൽ അടിച്ച് അയയ്ക്കുവാൻ താൽപര്യം. മെയിൽ പേജിൽ അടിച്ച് അയയ്ക്കുന്നവ അക്ഷരത്തെറ്റുകൾ മൂലം സ്വീകരിക്കുവാൻ നിവർത്തിയില്ല. സഹകരിക്കുമല്ലോ. പത്രാധിപർ


കവിമൊഴിയിൽ പ്രസിദ്ധീകരിക്കുന്ന രചനകളുടെ ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്. ആശയമോ അഭിപ്രായമോ പത്രാധിപരുടേതല്ല.

● സാമൂഹ്യപാഠം ●



● ബാലചന്ദ്രൻ അമ്പലപ്പാട്ട്

# വെള്ളത്തിന്റെ മരണാവസ്ഥ




**കോ**ടികൾ വിലമതിക്കുന്ന മണ്ണിൽ ലക്ഷങ്ങൾ മുടക്കി വീടുപണിയുന്നവർ ഭൂമിയ്ക്ക് തണലും മണ്ണിന് തണുപ്പും നൽകുന്ന വൃക്ഷങ്ങളായ വൃക്ഷങ്ങളൊക്കെ വെട്ടിമാറ്റുന്നു. കുടിവെള്ളത്തിന് ഭൂഗർഭജലം ചൂഷണം ചെയ്തെടുക്കുന്നു. തൊട്ടടുത്ത കിണറുകളും വയലുകളും വറ്റിവരളുന്നു. ജീവജാലങ്ങൾ ചത്തൊടുങ്ങുന്നു. എന്നാൽ ഭൂഗർഭജലത്തിന്റെ ലഭ്യതകൂടി ഇല്ലാതായാൽ എന്തുചെയ്യുമെന്ന് അവർ ചിന്തിക്കുന്നില്ല. ഊറ്റിയെടുക്കുന്ന ജലത്തിനുപകരം ജലസംഭരണികളിലൂടെ ഭൂമിയിലേക്ക് ജലം ഇറങ്ങിചെല്ലുവാൻ സംവിധാനമൊരുക്കണമെന്ന് നിർദ്ദേശങ്ങൾ കാറ്റിൽ പറത്തുന്നു. ജലദൗർലഭ്യംമൂലം ഉപേക്ഷിക്കപ്പെടുന്ന കുഴൽക്കിണറുകളുടെ എണ്ണം പെരുകിക്കൊണ്ടിരിക്കുന്നു. ഇവയിൽ പലതും അപകടകരമായ രീതിയിൽ തുറന്നുവച്ചിരിക്കുന്നത് പലപ്പോഴും കുട്ടികളുടെ മരണത്തിന് കാരണമാവുകയും ചെയ്യുന്നു. കുഴൽക്കിണറുകൾ ഗുണകരമല്ലാത്തതുമൂലം ഉപേക്ഷിക്കപ്പെടുമ്പോഴും പുതിയത് നിർമ്മിക്കുന്നതിലും അതിനെ ആശ്രയിക്കുന്നതിലുമാണ് സമൂഹം താൽപര്യം കാണിക്കുന്നത്. ജലസ്രോതസ്സിന്റെ അവസാനവാക്ക് കുഴൽക്കിണറാണെന്ന വിശ്വാസം മാറേണ്ടിയിരിക്കുന്നു. ഈ രീതിയിൽ ചൂഷണം ചെയ്തെടുക്കുന്ന ജലം പലപ്പോഴും മലിനമാണെന്നും ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുമെന്നുമുള്ള ജിയോളജി വകുപ്പിന്റെ മുന്നറിയിപ്പുകൾ അവഗണിച്ചുകൊണ്ടാണ് കിണറുകൾ കുഴിച്ച് ജലം സംഭരിക്കുന്നതിന് പകരം ഭൂഗർഭജലം ഊറ്റിയെടുത്ത് ഭൂമിയെ ഊഷരമാക്കുന്നത്.

കെട്ടിടം പണിയുവാൻ വിനിയോഗിക്കുന്ന ലക്ഷങ്ങളുടെ ഒരു ചെറിയ അംശംപോലും ജലസംഭരണികൾക്കായി നീക്കിവെയ്ക്കാൻ വിമുഖത കാട്ടുന്നവർ തന്നെയാണ് അടുത്തലോകമഹായുദ്ധം ജലത്തിനുവേണ്ടിയുള്ളതാകുമെന്ന് പ്രസാതവനകളിറക്കുകയും കിടപ്പാടംപോലുമില്ലാത്തവരെ ബോധവൽക്കരിക്കാൻ ശ്രമിക്കുന്നതും. ഭൂഗർഭജലം സംഭരണികളിൽ നിത്യേന നിറയ്ക്കുവാൻ കഴിയുന്നതുമൂലം വളർന്നുവരുന്ന ആത്മവിശ്വാസമാണ് പലരെയും അമിതമായി ജലം ഉപയോഗിക്കുന്നതിനും കുടിവെള്ളം വാഹനം കഴുകുന്നതിനും ചെ ടിനനയ്ക്കുന്നതിനും ഒക്കെ ഉപയോഗിക്കുവാനും പ്രേരിപ്പിക്കുന്നത്.

പുറംപോക്കിൽ കൂരക്കെട്ടി കിടക്കുകയും വെളിമ്പ്രദേശത്ത് മലമൂത്രവിസർജ്ജനം നടത്തുകയും ചെയ്യുന്ന പാവങ്ങളോട് ജലദുരുപയോഗത്തിന്റെ ഭീകരതയെക്കുറിച്ച് മുന്നറിയിപ്പു നൽകുന്നവർ ശാസ്ത്രീയ പരിസ്ഥിതി സംരക്ഷണത്തിൽ ഡോക്ടറേറ്റ് നേടിയവരാണെങ്കിലും പൈപ്പുപൊട്ടി സർക്കാർ വെള്ളം ദിവസങ്ങളോളം ഓടകളിൽ നിറയുന്നതു കണ്ടാൽ പ്രതികരിക്കില്ല. സ്വന്തം ഭൂമിയിലേക്ക് ചാലുകീറി ഈ ഒഴുകുന്നജലം കൃഷിക്കുപയോഗിക്കും അല്ലെങ്കിൽ കിണറുകളിൽ സംഭരിക്കും. സാമൂഹ്യപ്രതിബദ്ധതയുള്ളവരുടെ ഗണത്തിൽപെടുന്ന അദ്ധ്യാപകർ ആരോഗ്യരംഗത്തെ പ്രവർത്തകർ സാമൂഹ്യപ്രവർത്തകർ സർക്കാർ ജീവനക്കാർ തുടങ്ങി സമസ്തമേഖലകളിലും പ്രവർത്തിക്കുന്നവർ സ്വാർത്ഥതയുടെ വിളനിലമായി മാറുകയാണ് പതിവ്. വൃത്തിയുടെ പേരിൽ മൂന്നുനേരം കുളിക്കുകയും ജലദൗർലഭ്യംമൂലം അതിനു കഴിയാതെയോ കുളിയ്ക്കാതെയോ ഒരു നേരം കുളിക്കുന്ന വെള്ളം ഏതെങ്കിലും ഒരു ചെടിക്കു ജീവൻ നൽകുന്നതിനുപയോഗിക്കുകയോ ചെയ്യുന്നവരെ പൊതുവിൽ പാണ്ടികളെന്നു വിളിച്ചധിക്ഷേപിക്കുകയും ചെയ്യുന്നു. കാശുകൊടുത്താലും കുടിവെള്ളം കിട്ടാത്ത ഒരവസ്ഥയെക്കുറിച്ച് ഇവർ ചിന്തിക്കുന്നതേയില്ല.




അൻപതുവർഷത്തിനുശേഷം ഇവിടെ നടക്കാവുന്ന പാരിസ്ഥിതികപ്രശ്നങ്ങളെക്കുറിച്ച് എ.പി.ജെ.അബ്ദുൾ കലാം നൽകിയ മുന്നറിയിപ്പുകൾ എവിടെയോ വായിച്ചത് ഓർമ്മിക്കുന്നു. “ഇന്നത്തേതുപോലെ ജലം ധൂർത്തടിച്ചു ജീവിച്ച പിൻഗാമികൾ തനിയ്ക്കുണ്ടായിരുന്നുവെന്ന് വിശ്വസിക്കാനാവാത്ത ഒരു തലമുറയുണ്ടാകും.ജലശോഷണംമൂലം ത്വക്ക് അമിതമായി വരണ്ടുണങ്ങി അൻപതു വയസ്സുതോന്നിക്കുന്ന ഇരുപതുകാരനെയും ഒരുജാർ ജലത്തിനുവേണ്ടി തോക്കുമായി വഴിയിൽ പോരടിക്കുന്ന ജനങ്ങളെയും അന്ന് കാണാനാവും. അരഗ്ലാസ്സ് വെള്ളത്തിൽ കൂടുതൽ ഒരാൾ ഒരുദിവസം കുടിക്കുന്നത് നിരോധിക്കുന്ന നിയമവ്യവസ്ഥയുണ്ടാകും. ശുദ്ധിയാക്കാൻ വെള്ളമില്ലാത്തതുമൂലം ഉപയോഗശേഷം വലിച്ചെറിയാവുന്ന വസ്ത്രങ്ങളുപയോഗിക്കുകയും ഒരിക്കലുംനശിക്കാത്ത ആ വസ്ത്രക്കൂമ്പാരം മൂലം ഭൂമി മാലിന്യക്കൂമ്പാരമാകും. തകർന്ന ഓസോൺപാളികളിലൂടെ വരുന്ന ശക്തമായ റേഡിയേഷൻ മൂലവും ശരീരശുചിത്വമില്ലായ്മ മൂലവും ത്വക്കിലും കുടലിലും മൂത്രസഞ്ചികളിലും ബാധിക്കുന്ന ഗുരുതരമായ രോഗങ്ങളാൽ ജനങ്ങൾ അകാലമൃത്യുവിന് ഇരയാകും. ശരീരത്തിലെ ജലാംശം കുറഞ്ഞതുമൂലം ഗുരുതരമായ ജനിതകപ്രത്യുൽപ്പാദന വൈകല്യങ്ങൾ മൂലം മാനസിക അംഗ വൈകല്യമുള്ള കുട്ടികളെക്കൊണ്ടു സമൂഹം നിറയും. ജല ഉപഭോഗമില്ലായ്മ കാരണം ക്രിയാത്മകത ശോഷിക്കുകയോ ഇല്ലാതാവുകയോ ചെയ്യുന്ന ഒരു സമൂഹമുണ്ടാകും. നദികളും തടാകങ്ങളും തടയണകളും വറ്റിവരളും. ഭൂഗർഭജലത്തിന്റെ അളവ് ഭീകരമായി കുറഞ്ഞുകൊണ്ടിരിക്കും. ഉള്ള ഭൂഗർഭജലം ഉപയോഗയോഗ്യമല്ലാത്തവിധം മലീമസമാകും. അവശേഷിക്കുന്ന ജലസ്രോതസ്സുകൾക്ക് തോക്കേന്തിയ പട്ടാളക്കാർ കാവൽ നിൽക്കും.” അന്തരിച്ച എ.പി.ജെ അബ്ദുൾ കലാമിന്റേതായി എഴുതപ്പെട്ട വാക്കുകൾക്ക് ഇന്ന് ഏറെ പ്രസക്തിയുണ്ട്. അത്രയൊന്നും സംഭവിച്ചില്ലെങ്കിലും അതിനടുത്തേയ്ക്കു തന്നെയാണ് നാം നടന്നടുത്തുകൊണ്ടിരിക്കുന്നതെന്ന സത്യം മറന്നിട്ടുകാര്യമില്ല.



ഭൂമിയുടെ എഴുപത്തിയൊന്നു ശതമാനവും വെള്ളമാണ് അതുകൊണ്ട് ഈ ഭയപ്പെടുന്ന കണക്കുകൾക്ക് ശാസ്ത്രീയമായ പിൻബലമില്ലെന്നു പറയുന്ന ബുദ്ധിജീവികൾ കണ്ണടച്ച് ഇരുട്ടാക്കുകയാണ് ചെയ്യുന്നത്. ഭൂമിയിലെ ജലസമ്പത്തിൽവെറും രണ്ടു ശതമാനം മാത്രമെ മനുഷ്യന്റെ ജീവസന്ധാരണത്തിനുതകുന്നതായുള്ളു. അതും അനുദിനം കുറയുകയാണ്. ഈ വസ്തുത മനസ്സിലാക്കാതെയാണ് ശാസ്ത്രബോധമില്ലാതെ ഭൂമിയിലെ അമിതജലസ്രോതസ്സുകളെക്കുറിച്ച് ചിലർ പ്രസ്താവനകളിറക്കുന്നതെന്ന് തോന്നുന്നു.



മഴയും ഭൂഗർഭജലവും കൊതിപ്പിക്കുന്ന നിധികളായി മാറുന്ന, ശ്വാസവായുവിന്റെയും ശുദ്ധജലത്തിന്റെയും ഉപയോഗം നിയമം


72 കവിമൊഴി മാസിക




മൂലം നിയന്ത്രിക്കപ്പെടുന്ന, വേതനത്തിനൊപ്പം കുടിവെള്ളവും കൂടി നൽകുന്ന ഒരുകാലം വരില്ലെന്നാരുകണ്ടു. പ്രകൃതിയെയും ജീവജാലങ്ങളെയും സംരക്ഷിക്കേണ്ടതിനെയും പരിതസ്ഥിതിയുടെ സന്തുലിതാവസ്ഥ കാത്തുസൂക്ഷിക്കേണ്ടതിനെയും കുറിച്ച് നമുക്കു ലഭിച്ചിരുന്ന മുന്നറിയിപ്പുകൾ തള്ളിക്കളയുന്നതിന് വലിയ വിലകൊടുക്കേണ്ടിവരുന്നത് അടുത്ത തലമുറയാണെന്നത് മറക്കാതിരിക്കാം.



എ.പി.ജെ.അ ബ്ദുൾ കലാം

**മനുഷ്യമാംസം തിന്നുന്ന ബാക്ടീരിയ വ്യാപിക്കുന്നു**

ആഗോളതാപനത്തിന്റെ അപകടങ്ങൾ മനുഷ്യരുടെ ചിന്തകൾക്ക് അപ്പുറമാണെന്ന് വെളിവാക്കുന്നതാണ് വിബ്രിയോ വൾനിഫിക്കസ് എന്ന മനുഷ്യമാംസം ഭക്ഷിക്കുന്ന മാരക ബാക്ടീരിയയുടെ സാന്നിധ്യം. അമേരിക്കയിൽ സമുദ്രജലത്തിന് ചൂടുകൂടിയതോടെ മനുഷ്യമാംസം തിന്നുന്ന ഈ ബാക്ടീരിയകൾ കൂട്ടമായി തീരങ്ങളിലേക്ക് എത്തുകയും ഇരുനൂറ്റമ്പതോളം ആളുകൾ ഇതിന്റെ ആക്രമണത്തിന് വിധേയരാകുകയും ചെയ്തുവെന്നാണ് പറയുന്നത്. മനുഷ്യവാസമുള്ള മേഖലയിലാണ് ഇവയുടെ സാന്നിധ്യം കൂടുതലായി അനുഭവപ്പെടുന്നതെന്ന് ഗവേഷകർ വിശദമാക്കുന്നു. മനുഷ്യശരീരത്തിലെ ചെറിയ മുറിവുകളിലൂടെ ശരീരത്തിലെത്തുന്ന ഇവ വളരെ പെട്ടെന്ന് വലുതാവുകയും മാംസം അഴുകുകയും ചെയ്യുന്നു. അവയവങ്ങൾ മുറിച്ചുമാറ്റുകയോ മരണം സംഭവിക്കുകയോ ചെയ്യുമത്രെ.



വിബ്രിയോ വൾനിഫിക്കസ്

ഈ ബാക്ടീരിയയെ എങ്ങനെ പ്രതിരോധിക്കണം എന്നതിനുള്ള ബോധവൽക്കരണം അമേരിക്ക പോലുള്ള രാജ്യങ്ങളിൽ തുടങ്ങിയെന്നാണ് അറിയുന്നത്. നമ്മുടെ തീരപ്രദേശങ്ങളിലും ഇവയുടെ സാന്നിധ്യം ഉണ്ടായാൽ എങ്ങിനെയെല്ലാം പ്രതിരോധിക്കാം പ്രതികരിക്കാം എന്ന് പഠിക്കുന്നതിനല്ലാതെ ആഗോളതാപനം കുറച്ച് അതിലൂടെ ബാക്ടീരിയയെ എങ്ങനെ ഇല്ലാതാക്കാം എന്നതിനെകുറിച്ചായിരിക്കില്ല ഗവേഷകർ ശ്രദ്ധിക്കുന്നത്. മനുഷ്യന്റെ ആർത്തിമൂലം പ്രകൃതിയെ മാരകമായ രീതിയിൽ ചൂഷണം ചെയ്യുന്നതിലൂടെ സംഭവിക്കുന്ന ഇതുപോലെയുള്ള അപകടങ്ങൾക്ക് ചികിത്സ കണ്ടുപിടിക്കുന്നതിനാണ് ഇപ്പോഴും ലോകം ഒന്നുപോലെ ശ്രദ്ധിക്കുന്നത്. അപകടങ്ങൾ ഉണ്ടാകാതിരിക്കാൻ അവനവന്റെ നിലനിൽപ്പിനാവശ്യമായതു മാത്രം എടുത്ത് തലമുറകൾക്ക് ജീവിക്കാനുള്ളത് അവശേഷിക്കണം എന്ന് ചിന്തിക്കാത്തിടത്തോളം കാലം ഇതിലും വലിയ മാരകമായ അപകടങ്ങളെ കാത്തിരിക്കാം.

ഫോ :9349557272

## ഗവേഷകൻ

**വിശ്വാസികളുടെ വിശ്വാസങ്ങളെ ഹനിക്കുന്ന പ്രവർത്തനം നന്നല്ല – കോടിയേരി**



**ദൈവാധീനം അതാണല്ലേ എല്ലാം**



ദൈവത്തിന്റെ സ്വന്തം നാട്
പാലാരിവട്ടം പാലം
ആന്തൂർ
കെട്ടിടനിർമ്മാണത്തിൽ ചട്ടലംഘനം നടന്നിട്ടുണ്ട്. "എല്ലാവർക്കും വീതം" എന്ന ചട്ടം
പ്രണയം !!
ചെലവായം
PETROL
കണ്ണൂർ ജയിൽ
ഹലോ
31
7
12
ഇതൊക്കെ ചെറുത്